പുതുക്കോട് ഗ്രാമപഞ്ചായത്ത്



സമഗ്ര വികസന രേഖ


109-5

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

പുതുക്കോട് ഗ്രാമപഞ്ചായത്ത്
പാലക്കാട്

സമഗ്ര വികസനരേഖ -1996

കേരളത്തിന്റെ ഭൂപടം.




പാലക്കാട് ജില്ല.


പാലക്കാട്
പൊന്നാർക്കാട്
മലപ്പുറം
ഒറ്റപ്പാലം
പാലക്കാട്
ആലത്തൂർ
തൃശൂർ
പുതുക്കോട്
ചിറ്റൂർ

DISTRICT PALAKKAD

PUDUCODE PANCHAYAT
ADMINISTRATIVE MAP

m125 0 125 250 375 500m




പുതുക്കോട് ഗ്രാമപഞ്ചായത്ത് ഭരണസമിതി




കെ. സി. ഹനീഫ

(പ്രസിഡൻറ്)



എ. കെ. രാധാകൃഷ്ണൻ


(വൈസ് പ്രസിഡൻറ്)



കെ.എൻ. സുകുമാരൻ മാസ്റ്റർ

(ചെയർമാൻ, സ്റ്റാൻറിങ്ങ് കമ്മറ്റി)

1 ടി. എ. അബ്ദുൾഷുക്കൂർ	(മെമ്പർ)	4 എ. രാധ	(മെമ്പർ)
2 പി. മണികണ്ഠൻ	,,	5 പി. വിജയം	,,
3 പി. എ. ഇസ്മയിൽ	,,	6 എം. സൈനബ	,,



വി. എ. നിലാവർണ്ണീസ
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ

എഡിറ്റോറിയൽ ബോർഡ്

കെ. എൻ. സുകുമാരൻമാസ്റ്റർ
ചീഫ് എഡിറ്റർ

കെ. സി. ഹനീഫ

എ. കെ. രാധാകൃഷ്ണൻ

എം. മുഹമ്മദ് ഹുസൈൻ

ആർ. സുകുമാരകുറുപ്പ്മാസ്റ്റർ

വി. എം. മുഹമ്മദ് റഫീക്ക്

എൻ. സുദേവൻ


Printing & Cover Design

M C PRINTERS Puthucode

താളുകൾ മറിക്കുമ്പോൾ.....

1	ആമുഖം	1
2	പഞ്ചായത്ത് പൊതുവിവരണം	5
3	ഭരണചരിത്രം	6
4	സർക്കാർ ഓഫീസുകൾ പൊതുസ്ഥാപനങ്ങൾ	8
5	സാമൂഹിക സാംസ്ക്കാരികചരിത്രം	10
6	ഭൂ പ്രകൃതിയും വിഭവങ്ങളും	18
7	വികസനമേഖലകൾ	
I	പ്രാഥമിക മേഖല	
7. 1	കൃഷിയും ജലസേചനവും	27
7. 2	മൃഗസംരക്ഷണം	39
7. 3	മൽസ്യബന്ധനം	47
7. 4	സാമൂഹ്യ വനവൽക്കരണം	49
II	ദ്വിതീയമേഖല	
7. 5	വ്യവസായം	59
7. 6	ഊർജ്ജം	61
7. 7	ഗതാഗതം	67
7. 8	പാർപ്പിടം	74
III	തൃതീയമേഖല	
7. 9	സേവനങ്ങളും ക്ഷേമപ്രവർത്തനങ്ങളും	
7. 9A	ആരോഗ്യം	78
7. 9B	കുടിവെള്ളം	83
7. 9C	പരിസരശുചിത്വം	88
7. 10	വിദ്യാഭ്യാസം	90
7. 11	സംസ്ക്കാരം	99
7. 12	വനിത	104
7. 13	സാമൂഹ്യക്ഷേമം	109
7. 14	പട്ടികജാതി പട്ടികവർഗക്ഷേമം	112
7. 15	സഹകരണ മേഖല	116
7. 16	വിഭവസമാഹരണം	122
പഞ്ചായത്തിലെ വിവിധ ഇനം രേഖാ ചിത്രങ്ങൾ		129
ജില്ലാതല പരിശീലകർ – വിവരണം		140
ഉപസംഹാരം		141
പഞ്ചായത്ത് ഭരണസമിതിഅംഗങ്ങൾ		143
റിപ്പോർട്ട് തയ്യാറാക്കിയ കോർഗ്രൂപ്പുകൾ		144

1 ആമുഖം



ജനങ്ങളുടെ സർവ്വതോൻമുഖമായ പുരോഗതിയാണല്ലോ വികസനം കൊണ്ട് ഉണ്ടാകേണ്ടത്. ''വികസനം എന്നാൽ ജനങ്ങളുടെ ജീവിതനിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹിക പ്രക്രിയയാണെന്ന് പറയാം..'' അതായത് ദ്രുതഗതിയിലുള്ളതും സ്ഥായിയായതുമായ സാമ്പത്തിക പുരോഗതി കൈവരിക്കുക എന്നതാണ് വികസന ലക്ഷ്യം. അധികാര കേന്ദ്രീകരണം ഈ ലക്ഷ്യം സഫലമാക്കിയില്ല. ഈ ദിശയിൽ ചിന്തിക്കുമ്പോഴാണ് അധികാര വികേന്ദ്രീകരണത്തിന്റെയും ജനകീയ ആസൂത്രണത്തിന്റെയും പ്രസക്തി പ്രകടമാകുന്നത്. അധികാരകേന്ദ്രീകരണത്തിന്റെ കോട്ടങ്ങൾ പദ്ധതിനടത്തിപ്പിൽ ഉണ്ടായ പരാജയം വ്യക്തമാക്കുന്നു. പദ്ധതിക്കുവേണ്ടി നീക്കിവെക്കപ്പെടുന്ന വിഹിതത്തിൽ യഥാർത്ഥ ഗുണഭോക്താവിന് ലഭിക്കുന്നത് വെറും 40% മാത്രമാണ്. 60% തുകയും ചോർന്നുപോകുന്ന സ്ഥിതിയാണ് ദൃശ്യമായത്. ജനപങ്കാളിത്തമില്ലായ്മ, പദ്ധതിയിലെ സുതാര്യത ഇല്ലായ്മ, വിവിധ വകുപ്പുകൾ തമ്മിൽ ബന്ധമില്ലാതുള്ള പദ്ധതി നടത്തിപ്പ് തുടങ്ങിയവയെല്ലാം ഈ കോട്ടങ്ങളുടെ കാരണങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു. അധികാര വികേന്ദ്രീകരണത്തിന്റെയും ജനപങ്കാളിത്തത്തോടുകൂടിയുള്ള ആസൂത്രണത്തിന്റെയും നടത്തിപ്പിന്റെയും ആവശ്യകത വ്യക്തമാക്കുന്നതാണ് ഈ വസ്തുതകൾ.

ജനങ്ങൾ നാടിന്റെ വികസന പ്രശ്നങ്ങൾ പഠിച്ച് അതതുപ്രദേശത്തിന്റെ ആവശ്യങ്ങൾ മുൻഗണനാക്രമം നിശ്ചയിച്ച് വിഭവസാധ്യതയുടെ അളവിനനുസരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുന്ന പ്രക്രിയക്ക് ജനകീയാസൂത്രണം എന്ന് പറയാം. നാളിതുവരെ നടന്ന ആസൂത്രണങ്ങൾ കൊണ്ട് കുറെയേറെ നേട്ടങ്ങൾ ഉളവായെങ്കിലും പ്രദേശത്തിന്റെ പ്രത്യേകതകൾ പൂർണ്ണമായി ഉൾക്കൊള്ളാൻ കഴിയാത്തതായിരുന്നു. കേന്ദ്രീകൃതമായ ആസൂത്രണമായിരുന്നല്ലോ നടന്നിരുന്നത്. തൻമൂലം ഓരോ പ്രദേശത്തിന്റെയും തനത് ആവശ്യങ്ങൾ നിർവഹിക്കാനോ, ദ്രുതഗതിയിലുള്ള വികസനത്തിനോ, സാമ്പത്തിക വളർച്ചക്കോ കഴിഞ്ഞില്ല. ഡൽഹിയിലും തിരുവനന്തപുരത്തുമിരുന്ന് ഭരണകർത്താക്കളും, ഉദ്യോഗസ്ഥമേധാവികളും ശരിയായ വിധത്തിൽ ഗ്രാമങ്ങളെയോ, പട്ടണങ്ങളെയോ മനസ്സിലാക്കാതെ ആസൂത്രണം നടത്തുകയായിരുന്നു. മണ്ണിനെയോ, മനുഷ്യനെയോ മനസ്സിലാക്കാതെയുള്ള ആസൂത്രണം. ഇത് പ്രാദേശികമായ അസന്തുലിതാവസ്ഥക്ക് വഴിയൊരുക്കി കേരളത്തിലെയും വടക്കേഇന്ത്യൻ സംസ്ഥാനങ്ങളിലെയും ഗ്രാമങ്ങളിലെ സ്ഥിതിയിൽ പ്രകടമായ വ്യത്യാസങ്ങൾ ഉണ്ട്. ഈ പ്രത്യേകതകൾ ഉൾക്കൊണ്ട ആസൂത്രണമായിരുന്നില്ല കഴിഞ്ഞ കാലങ്ങളിൽ നടന്നത്.

ഓരോ പഞ്ചായത്തും സ്വയം പര്യാപ്തതയുള്ള ഓരോ ഗവൺമെന്റുകളായിത്തീരണം അപ്പോഴേ മാത്രമേ അധികാര വികേന്ദ്രീകരണം പൂർണ്ണമാവുകയുള്ളൂ. 'ഗ്രാമസ്വരാജ്' എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടുന്നത് അപ്പോഴാണ് മാത്രമായിരിക്കും. 'കേന്ദ്രത്തിൽ നിന്ന് സംസ്ഥാനങ്ങളിലേക്കും സംസ്ഥാനങ്ങളിൽനിന്ന് താഴോട്ടും അധികാരവും ധനവിഭവങ്ങളുമെല്ലാം പകർന്നുകൊടുക്കാനുള്ള അ

ധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമാണ് ജനകീയാസൂത്രണം'. ജനകീയാസൂത്രണ പ്രസ്ഥാനം വികസനരംഗത്ത്, കേരളം മറ്റു പല രംഗങ്ങളിലും മാതൃകയായതുപോലെ ഭാരതത്തിനാകെ ഒരു മാതൃകയാകാൻ പോവുകയാണ്. നാട്ടിലെ വിഭവങ്ങളെ ജനങ്ങളുടെ ഭൗതീകാവശ്യങ്ങളും നിർവ്വഹിക്കാനുതകുംവിധത്തിൽ ശാസ്ത്രീയമായി വിശകലനം ചെയ്ത് ആസൂത്രണം നടത്താൻ ജകനീയാസൂത്രണം കൊണ്ട് കഴിയണം. ഇതോടെ പുതിയൊരു വികസന സംസ്ക്കാരം രൂപപ്പെടുകയാണ്.

ഓരോ പഞ്ചായത്തു പ്രദേശത്തിന്റെയും പ്രത്യേകതകളും ആവശ്യങ്ങളും വിഭവങ്ങളും ഉൾക്കൊണ്ടുകൊണ്ട് പദ്ധതി രൂപപ്പെടുത്തിയാൽ മാത്രമെ അതതു പ്രദേശത്തിന്റെ വികസനം, ജനങ്ങളുടെ സ്ഥായിയായതും ദ്രുതഗതിയിലുള്ളതുമായ സാമ്പത്തിക വളർച്ച തുടങ്ങിയവ പൂർണ്ണമാവുകയുള്ളൂ എന്ന ഉൾകാഴ്ച ഭരണ സാരഥികളിൽ ഉളവായതിന്റെ ഫലമായിട്ടാണ് 9-ാം പഞ്ചവൽസര പദ്ധതി ജനപങ്കാളിത്തത്തോടുകൂടി ആസൂത്രണം ചെയ്യുവാനും നടത്തുവാനും തീരുമാനിച്ചിരിക്കുന്നത്. കേന്ദ്രീകൃതാസൂത്രണത്തിന്റെ നേട്ടങ്ങളെയും കോട്ടങ്ങളെയും വികേന്ദ്രീയാസൂത്രണത്തിന്റെ ഫലപ്രാപ്തിയേയും വസ്തുനിഷ്ഠമായി ചിന്തിച്ചതിന്റെ ഫലമായിട്ടാണ് ഈ തീരുമാനത്തിലേക്ക് കേരള സർക്കാർ എത്തിച്ചേർന്നിരിക്കുന്നത്. ബഹു: മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ അദ്ധ്യക്ഷനായ സംസ്ഥാന ആസൂത്രണ ബോർഡും കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് ചെയർമാനും, മൂൻ മുഖ്യമന്ത്രിമാരായ ശ്രീ. കെ. കരുണാകരൻ, ശ്രീ പി. കെ. വാസുദേവൻനായർ, ശ്രീ. എ. കെ. ആൻറണി (ഇപ്പോൾ പ്രതിപക്ഷനേതാവ്) എന്നിവർ വൈസ് ചെയർമാൻമാരുമായ മാർഗ നിർദ്ദേശകസമിതിയും ഈ ദിശയിൽ നേതൃത്വം നൽകികൊണ്ടിരിക്കുന്നു.

ഒമ്പതാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയാക്കി മാറ്റിത്തീർക്കുന്ന പ്രവർത്തനത്തിന്റെ മുന്നോടിയായി ആലത്തൂർ കമ്മ്യൂണിറ്റി ഹാളിൽ വെച്ച് പാലക്കാട് ജില്ലാതലത്തിലുള്ള പരിശീലനക്യാമ്പ് സെപ്റ്റംബർ 11, 12, 13 തിയ്യതികളിലായി നടന്നു. പുതുക്കോട് ഗ്രാമപഞ്ചായത്തിൽ നിന്നും 7പേർ ക്യാമ്പിൽ പങ്കെടുത്ത് പരിശീലനം നേടുകയുണ്ടായി.

19-9-96 ന് ഒന്നാം ഘട്ടമായി പഞ്ചായത്ത് തലത്തിൽ ഏകദിന പരിശീലനക്ലാസ്സ് നടന്നു. 88 പുരുഷൻമാരും 9 സ്ത്രീകളും പഞ്ചായത്ത് തലത്തിലുള്ള വിവിധ വകുപ്പ് ഉദ്യോഗസ്ഥൻമാരും DRP മാരും പഞ്ചായത്ത് പ്രസിഡൻറ്, വൈസ്പ്രസിഡൻറ്, അംഗങ്ങൾ, ബ്ലോക്ക് പഞ്ചായത്ത്മെമ്പർ, ജില്ലാപഞ്ചായത്ത് മെമ്പർ ഉൾപ്പെടെ 125 പേർ ക്യാമ്പിൽ പങ്കെടുക്കുകയുണ്ടായി.

പഞ്ചായത്ത്തല പരിശീലകരുടെ നേതൃത്വത്തിൽ ജില്ലാ പരിശീലകരുടെ സഹായത്താടെ എല്ലാ വാർഡുകളിലും ജനകീയാസൂത്രണത്തിനുവേണ്ടിയുള്ള വിശേഷാൽ ഗ്രാമസഭകളും നടന്നു.

ഓരോ ഗ്രാമസഭയും 4 ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ച നടത്തി. ഓരോ പ്രദേശത്തിന്റെയും ആവശ്യങ്ങളും പ്രശ്നങ്ങളും ഗ്രൂപ്പു ചർച്ചയിൽ ഉയർന്നുവന്നു ചർച്ച വളരെ സജീവമായിരുന്നു. എന്നുമാത്രമല്ല, അതതു പ്രദേശത്തിന്റെ വികസനത്തിലുണ്ടായ കഴിഞ്ഞകാല പോരായ്മകളും ഉദ്യോഗസ്ഥമേധാവിത്വപരമായ പ്രവർത്തനത്തിലെ അപാകതകളും ഇന്നു നേരിടുന്ന വെല്ലുവിളികളും ചർച്ച ചെയ്യപ്പെട്ടു. മണ്ണിനെയും, മനുഷ്യനെയും ബാധിക്കുന്ന ചർച്ചയിൽ കൃഷിക്കാർ, തൊഴിലാളികൾ, ഇടത്തരക്കാർ, വ്യവസായികൾ തുടങ്ങി എല്ലാ വിഭാഗക്കാരും താന്താങ്ങളുടെ മേഖലയിൽ നിലവിലുള്ള പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടു വന്നു. അവയുടെ പരിഹാരങ്ങളും ലഭ്യമായ വിഭവങ്ങളും ചൂണ്ടിക്കാണിക്കുകയുണ്ടായി.

നാളിതുവരെയുള്ള ഗ്രാമസഭകളിൽനിന്ന് വ്യത്യസ്തമായി ഗ്രൂപ്പ് തിരിഞ്ഞ് പ്രശ്നങ്ങളും പരിഹാര മാർഗങ്ങളും നിർദ്ദേശിക്കപ്പെട്ട ഗ്രാമസഭ ജനങ്ങളിൽ പുതിയൊരു ആവേശവും ഉണർവ്വും ഉളവാക്കി. ആസൂത്രണത്തെക്കുറിച്ചുള്ള അവബോധം അവരിൽ ആത്മവിശ്വാസം പകരുന്നതായിരുന്നു.

രോ സമിതിയും ചെയ്തു തീർക്കേണ്ട ജോലികളും വിഭജിച്ച് നൽകുകയും ചെയ്തു. ത്വരിതഗതിയിൽ അവരുടെ പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുമ്പോഴും ജില്ലാതല പരിശീലകർക്ക് ഒക്ടോബർ 22, 23, 24 തിയ്യതികളിലായി വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിൽ പരിശീലനം ലഭിക്കുകയുണ്ടായി.

ഗ്രാമസഭകളിലെ പങ്കാളിത്തം

വാർഡ്	പുരുഷൻമാർ	സ്ത്രീകളും	ആകെ
1	108	5	113
2	132	28	160
3	61	5	66
4	72	6	78
5	93	16	109
6	81	10	91
7	125	18	143
8	70	14	84
9	71	8	79
ആകെ	813	110	923

ഓരോ ഗ്രൂപ്പും നടത്തിയ ചർച്ചയിൽ നിന്ന് ഉയർന്നുവന്ന പ്രശ്നങ്ങളും സാധ്യതകളും ഗ്രൂപ്പ് കൺവീനർമാർ എഴുതി തയ്യാറാക്കി പൊതുസഭയിൽ അവതരിപ്പിച്ചു. അവയെ ഗ്രാമസഭാ കൺവീനർമാർ ക്രോഡീകരിച്ച് ഏക റിപ്പോർട്ടാക്കി പഞ്ചായത്ത് സമിതിയെ ഏൽപ്പിച്ചു.

ഗ്രാമസഭകൾക്കുശേഷം ജില്ലാപഞ്ചായത്ത്തല പരിശീലകരുടെയും പഞ്ചായത്ത് ഭരണസമിതിഅംഗങ്ങളുടെയും വകുപ്പ് ഉദ്യോഗസ്ഥൻമാരുടെയും യോഗ ചേർന്ന് വികസന റിപ്പോർട്ട് തയ്യാറാക്കാൻ ആവശ്യമായ മുന്നൊരുക്കങ്ങൾ ചെയ്യാൻ തീരുമാനിച്ചു. വിവിധ സമിതികൾ രൂപീകരിക്കുകയും ഓ


31-10-96ന് രണ്ടാം ഘട്ട പഞ്ചായത്ത്തല പരിശീലകരുടെ ഏക ദിന ശിൽപ്പശാല നടന്നു. 62 പുരുഷൻമാരും 18 സ്ത്രീകളും പങ്കെടുത്തു. കൂടാതെ ജില്ലാതല പരിശീലനം നേടിയവർ, വിവിധ വകുപ്പുദ്യോഗസ്ഥൻമാർ, പഞ്ചായത്ത് പ്രസിഡൻറ്, അംഗങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ തുടങ്ങി 115 പേർ ഉണ്ടായിരുന്നു. ജില്ലാതല പരിശീലനം നേടിയവരും വകുപ്പുതല ഉദ്യോഗസ്ഥൻമാരും വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനെപറ്റി വിശദമായി ക്ലാസ്സ് എടുത്തു. വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനെ കുറിച്ചുള്ള വീഡിയോ പ്രദർശനവും ഉണ്ടായിരുന്നു. ഓരോ വിഷയങ്ങളിലും വൈദഗ്ധ്യം നേടിയിട്ടുള്ളവരെയും അനുഭവങ്ങളിൽ നിന്ന് വിജ്ഞാനം നേടിയിട്ടുള്ളവരെയും ഉൾ

പ്പെടുത്തി 4 കമ്മറിറികം രൂപീകരിച്ചു. ഓരോ കമ്മറിറിയും വെവ്വേറെ തയ്യാറാക്കിയ റിപ്പോർട്ട് ജില്ലാ പരിശീലകരുടെ നേതൃത്വത്തിൽ ക്രോഡീകരിച്ച് തയ്യാറാക്കപ്പെട്ടതാണ് ഈ റിപ്പോർട്ട്.

റിപ്പോർട്ട് തയ്യാറാക്കാൻ അവലംബം

ഗ്രാമസഭ റിപ്പോർട്ടുകം, ദ്വിതീയ സ്ഥിതി വിവരശേഖരണം, പഞ്ചായത്തിൽ തയ്യാറാക്കിയിരുന്ന വിഭവ ഭൂപടം, പഞ്ചായത്ത് റെ ക്കോർഡുകൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരുമായുള്ള അഭിമുഖം, രേഖകം, ചരിത്രപരവും പ്രാദേശികവുമായ അറിവുകം നേടിയവരിൽ നിന്നു ലഭിച്ച വിവരങ്ങം, ക്ഷേത്ര ഭിത്തികളിലെ ശിലാ ലിഖിതങ്ങം, കാലാകാലങ്ങളായി നാട്ടിൽ പ്രചരിച്ചു വന്നിരുന്ന കഥകം, ദേശീയ നവോത്ഥാന കാലഘട്ടങ്ങളിൽ സജീവ പങ്കാളിത്തം വഹിച്ചവരുമായി നടത്തിയ അഭിമുഖം, ആലത്തൂർ ശ്രീ. ആർ. കൃഷ്ണൻ രചിച്ച " വീഴ് മലയുടെ താഴ്വരയിൽ " എന്ന ഗ്രന്ഥം.





2

പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര് ..... പുതുക്കോട് ഗ്രാമ പഞ്ചായത്ത്

റവന്യൂ വില്ലേജിന്റെ പേര് ..... പുതുക്കോട്

ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ ..... പുതുക്കോട്

താലൂക്ക് ..... ആലത്തൂർ

ജില്ല ..... പാലക്കാട്

അസംബ്ലി മണ്ഡലം ..... ആലത്തൂർ

വിസ്തീർണ്ണം ..... 16.29 ചതുരശ്ര കി. മീറ്റർ

അതിരുകൾ ..... വടക്ക്: കാവശ്ശേരി, പഴയന്നൂർ പഞ്ചായത്തുകൾ, മംഗലംപുഴ.

തെക്ക്: കണ്ണമ്പ്ര പഞ്ചായത്ത്, പൂതുക്കോട് തോട്

കിഴക്ക്: കണ്ണമ്പ്ര കാവശ്ശേരി പഞ്ചായത്തുകൾ, മംഗലം പുഴയും, മണപ്പാടം തോടും

പടിഞ്ഞാറ്: പഴയന്നൂർ പഞ്ചായത്ത് (സർക്കാർവനം)

ജനസംഖ്യ 18683

പുരുഷൻ 9069

സ്ത്രീകൾ 9614


ജനസാന്ദ്രത 1147

വാർഡുകൾ 9

പ്രസിഡൻറിന്റെ പേര് ..... കെ. സി. ഹനീഫ

വൈസ് പ്രസിഡൻറിന്റെ പേര് ..... എ. കെ. രാധാകൃഷ്ണൻ

സ്റ്റാൻറിങ്ങ് കമ്മറ്റി ചെയർമാൻ ..... കെ. എൻ. സുകുമാരൻ മാസ്റ്റർ



3

ഭരണ ചരിത്രം

ഈ നൂറാണ്ടിന്റെ ആദ്യ ദശകങ്ങളിൽ വ്യവസ്ഥാപിതമായ ഭരണ സംവിധാനങ്ങൾ ഈ പ്രദേശത്ത് ഉണ്ടായിരുന്നില്ല. പഞ്ചായത്തുകൾ നിലവിൽ വരുന്നതിനുമുൻപ് നാട്ടുപ്രമാണിമാരുടെ നേതൃത്വത്തിലുള്ള നാട്ടുകൂട്ടങ്ങളായിരുന്നു പൊതു കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നത്. അംശം അധികാരികൾ, (ഇന്നത്തെ വില്ലേജ് ഓഫീസർ) ആയിരുന്നു നികുതി പിരിവ് ഉൾപ്പെടെയുള്ള പൊതുഭരണം നടത്തിയിരുന്നത്. ഇന്നത്തെ വില്ലേജ് ഓഫീസിന് അംശക്കച്ചേരി എന്നായിരുന്നു അന്നത്തെ പേര്. വില്ലേജ് കോർട്ടിന്റെയും അധിപൻ അംശം അധികാരിയായിരുന്നു. പാട്ടോല തെക്കില്ലത്തെ ശ്രീ. ഗോവിന്ദനുണ്ണിനായരായിരുന്നു ഇവിടുത്തെ പഴമക്കാർ അറിയുന്ന ആദ്യത്തെ അംശം അധികാരി.

ഇന്നു നിലവിലുള്ള പുതുക്കോട് പഞ്ചായത്ത് 1962 ൽ ആണ് രൂപീകൃതമായത്. അതിനുമുൻപ് മദ്രാസ്സ് വില്ലേജ് ആക്ട് പ്രകാരം കണ്ണനൂർപാട്ടോല, പുതുക്കോട് എന്നീ രണ്ടു പഞ്ചായത്തുകളായാണ് ഭരണം നടത്തിയിരുന്നത്.

1954 ജൂലായ് 10 ന് കണ്ണനൂർപാട്ടോല പഞ്ചായത്ത് രൂപം കൊണ്ടു. മണപ്പാടം കണക്കന്നൂർ, കണ്ണനൂർ, പാട്ടോല, തിരുവടി എന്നീ പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു പഞ്ചായത്ത് അതിർത്തി. ശ്രീ. പി. എച്ച്. നാരായണസ്വാമി (പ്രസിഡൻറ്) ശ്രീമാൻമാർ സി. കേശവൻനായർ, എം. രാവുണ്ണി വൈദ്യർ, കെ. കറപ്പുണ്ണി, എം. എം. മൊയ്തീൻപിച്ച, കെ. കുപ്പാണ്ടി, പി. കെ. ചിന്നൻ എന്നിവർ അംഗങ്ങളുമായ ഭരണ സമിതി പ്രസിഡൻറിനെ നേരിട്ട് കൈ പൊക്കിയാണ് തിരഞ്ഞെടുത്തത്. പഞ്ചായത്തിന്റെ അധികാര പരിധിയിൽ ഉള്ള വില്ലേജ് കോടതിയുടെ ചെയർമാൻ പഞ്ചായത്ത് പ്രസിഡൻറ് ആയിരുന്നു. 250 രൂപ വരെ പിഴ ഈടാക്കുന്ന സിവിൽ കേസ്സുകളും, 25 രൂപ പിഴ ഈടാക്കാവുന്ന ക്രിമിനൽ കേസ്സുകളും കൈകാര്യം ചെയ്തിരുന്ന കോടതിയുടെ വിധി നടപ്പാക്കാനുള്ള അധികാരം മുൻസീഫ് മജിസ്ട്രേറ്റ് കോടതിക്കായിരുന്നു. വില്ലേജ് കോർട്ടിന്റെ വിധിക്കെതിരായി അപ്പീൽ അധികാരം ഹൈക്കോടതിയിൽ നിക്ഷിപ്തമായിരുന്നു.

1956 ഏപ്രിൽ 27 ന് പുതുക്കോട് പഞ്ചായത്ത് രൂപീകൃതമായി. തെക്കെപ്പൊറാറ കീഴ്, തച്ചനടി, പുതുക്കോട് ഗ്രാമം (ബ്രാഹ്മണർ താമസിക്കുന്ന സ്ഥലത്തിന് ഗ്രാമം എന്നു പറയും) തെരുവുകൾ (മുസ്ലീങ്ങൾ താമസിക്കുന്ന പ്രദേശങ്ങൾക്ക് തെരുവ് എന്നു പറയും) എന്നീ പ്രദേശങ്ങളായിരുന്നു പ്രവർത്തന പരിധിയിൽ ഉണ്ടായിരുന്നത്.

ശ്രീ. എം. എസ്. അബ്ദുൾഖാദർ പ്രസിഡന്റും ശ്രീമാൻമാർ കെ. കൊച്ചുകൃഷ്ണൻ നായർ, എം. മുഹമ്മദ്രാവുത്തർ, എം. എം. സുലൈമാൻ, എം. സി. അബ്ദുൾറഹിമാൻ, പി. സി. നാണു, എം. ഉദുമാൻകുട്ടി, എ. ബാപ്പു, എ. ടി. കണ്ടുണ്ണി എന്നിവർ അംഗങ്ങളുമായിരുന്നു.

1-1-1962 ൽ കേരള പഞ്ചായത്ത് ആക്ട് പ്രകാരം രണ്ട് പഞ്ചായത്തുകളേയും സംയോജിപ്പിച്ച് ഇന്നത്തെ പുതുക്കോട് പഞ്ചായത്ത് രൂപീകരിച്ചു. 1962 മുതൽ 64 വരെ അഡ്മിനിസ്ട്രേറ്റർ ഭരണമായിരുന്നു. 1964 ൽ നടന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ശ്രീ പി. എച്ച്. നാരായണസ്വാമി (പ്രസിഡന്റ്), ശ്രീ. കെ. കുഞ്ഞൻനായർ (വൈസ് പ്രസിഡന്റ്), ശ്രീമാൻമാർ എം. എസ്. അബ്ദുൾഖാദർ, എ. ആണ്ടു, എ. ബാപ്പു, എം. സി. അബ്ദുൾറഹിമാൻ എന്നിവർ തിരഞ്ഞെടുപ്പിലൂടെയും, കെ. കേത്തൻ (പട്ടികജാതി സംവരണം), കെ. വി. പാറു (വനിത സംവരണം) എന്നിവരെ നോമിനേറ്റ് ചെയ്യലിലൂടെയും, അംഗങ്ങളായ ഭരണസമിതി നിലവിൽ വന്നു. ശ്രീ. എം. എസ്. അബ്ദുൾഖാദറുടെ നിര്യാണം മൂലം ഒഴിവുവന്ന സ്ഥാനത്തേക്ക് നടന്ന ഉപതെരഞ്ഞെടുപ്പിൽ ശ്രീ. എം അബ്ദുൾറഹിമാൻ തിരഞ്ഞെടുക്കപ്പെട്ടു. പ്രസ്തുത ഭരണസമിതി 1978 വരെ തുടർന്നു.


1979 ൽ നടന്ന തിരഞ്ഞെടുപ്പിൽ ശ്രീ എ. അയ്യപ്പൻ (പ്രസിഡന്റും) ശ്രീമതി. ടി. രുഗ്മണിയമ്മ (വൈസ് പ്രസിഡന്റും) ശ്രീമാൻമാർ എ. കെ. സെയ്തുമുഹമ്മദ്, പി. എ. മുഹമ്മദ്. കെ. ചാമി, കെ. രാജഗോപാലൻനായർ, കെ. എ. വേലുക്കുട്ടി, പി. എ. അബ്ദുൾഖാദർ എന്നിവർ അംഗങ്ങളുമായ ഭരണസമിതി നിലവിൽ വന്നു.

1988 ൽ നടന്ന തിരഞ്ഞെടുപ്പിൽ ശ്രീ. എ. കെ. ചെല്ലൻ (പ്രസിഡന്റും), ശ്രീ. കെ. സി. ഹനീഫ (വൈസ് പ്രസിഡന്റും) ശ്രീമാൻമാർ ടി. ഹരിദാസ്, വി. കണ്ണപ്പൻ, സി. പള്ളി, ആർ. കുട്ടിനാരായണൻ, പി. എസ്. ചേരുമുത്തീൻസാഹിബ്, ശ്രീമതിമാർ ആർ. ചെല്ലമ്മ, പി. കെ. ജാനകിയമ്മ എന്നിവർ അംഗങ്ങളുമായ ഭരണസമിതി നിലവിൽ വന്നു. 1991 ൽ ശ്രീ. എ. കെ. ചെല്ലന്റെ അകാലനിര്യാണംമൂലം ഒഴിവുവന്ന പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ശ്രീമതി ആർ. ചെല്ലമ്മ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുകയും 1995 സെപ്തംബർ 30 വരെ തുടരുകയും ചെയ്തു.

1995 ഒക്ടോബർ 1 ന് നിലവിൽ വന്ന നിലവിലുള്ള ഭരണസമിതി അംഗങ്ങൾ താഴെ കാണുംവിധം വാർഡുകളെ പ്രതിനിധീകരിക്കുന്നു.

വാർഡ്	
I	കെ. സി. ഹനീഫ
II	ടി. എ. അബ്ദുൾ ഷുക്കൂർ
III	എ. കെ. രാധാകൃഷ്ണൻ
IV	പി. മണികണ്ഠൻ
V	എം. സൈനബ
VI	വി. വിജയം
VII	കെ. എൻ. സുകുമാരൻമാസ്റ്റർ
VIII	എ. രാധ
IX	പി. എ. ഇസ്മയിൽ





4

സർക്കാർ ഓഫീസുകൾ

പൊതുസ്ഥാപനങ്ങൾ

I പഞ്ചായത്ത് ഓഫീസ് — പുതുക്കോട് തച്ചനടി (1972 ൽ സ്വന്തം കെട്ടിടം നിർമ്മിച്ചു)

II വില്ലേജ് ഓഫീസ് — മണപ്പാടം. (1994 ൽ സ്വന്തം കെട്ടിടം നിർമ്മിച്ചു.)

III കൃഷിഭവൻ — മണപ്പാടം

IV പബ്ലിക്ക് ഹെൽത്ത് സെൻറർ — ചന്തപ്പുര, തച്ചനടി (1994 ൽ സ്വന്തം കെട്ടിടം നിർമ്മിച്ചു.)

1 കുടുംബക്ഷേമകേന്ദ്രം — തെക്കെപ്പൊറ (സ്വന്തം കെട്ടിടം)

2 കുടുംബക്ഷേമകേന്ദ്രം — മണപ്പാടം (സ്വന്തം കെട്ടിടം)

V സർക്കാർ ആയുർവ്വേദ ആശുപത്രി — തെരുവ് (സ്വന്തം കെട്ടിടം)

VI സർക്കാർ ഹോമിയോ ആശുപത്രി — തച്ചനടി

VII സർക്കാർമൃഗാശുപത്രി — പാട്ടോല (1994 ൽ സ്വന്തം കെട്ടിടം നിർമ്മിച്ചു.)

1 മൃഗാശുപത്രി സബ്സെൻറർ — പറക്കുന്ന്. കീഴ.

VIII വിദ്യാഭ്യാസ സ്ഥാപനങ്ങൾ — 6

1 സർവ്വജന ഹൈസ്ക്കൂൾ, പുതുക്കോട്.
2 നാരായണ യു. പി. സ്ക്കൂൾ, മണപ്പാടം.
3 എ. എൽ. പി. സ്ക്കൂൾ, കണക്കന്നൂർ.
4 എ യു. പി. എസ്. വടക്കേപ്പൊറ.
5 എ. എൽ. പി. എസ്. കൊട്ടാരശ്ശേരി.
6 ജി. എം. എൽ. പി. എസ്. പുതുക്കോട്.

IX അംഗൺവാടികൾ — 10

1 തച്ചനടി 2 മാർലാട് തെരുവ്
3 തെരുവ് 4 കീഴ 5 തെക്കെപ്പൊറ

6 ഉളികുത്താംപാടം 7 തിരുവടി
8 പാട്ടോല 9 കണക്കന്നൂർ 10 മണപ്പാടം

X വായനശാലകൾ — 4

1 ഗ്രാമദീപം വായനശാല, പാട്ടോല
2 വിജ്ഞാന ദീപസമിതി ഗ്രന്ഥശാല, തിരുവടി
3 പഞ്ചായത്ത് വായനശാല, മണപ്പാടം
4 ലോക്കൽ ലൈബ്രറി അതോറിറ്റി ഗ്രന്ഥശാല, പുതുക്കോട് ടൗൺ

XI സഹകരണ സംഘങ്ങൾ —6

1 കണ്ണമ്പ സർവ്വീസ് സഹകരണ ബാങ്ക് പുതുക്കോട് ശാഖ, മണപ്പാടം
2 മാർലാട് വീവേഴ്സ് സഹകരണസംഘം, പുതുക്കോട്
3 പുതുക്കോട് വീവേഴ്സ് സഹകരണസംഘം, പുതുക്കോട്
4 ഹരിജൻ വെൽഫെയർ വീവേഴ്സ് സഹകരണസംഘം, തച്ചനടി
5 പട്ടികജാതി സഹകരണസംഘം മണപ്പാടം
6 ക്ഷീരോൽപാദക സഹകരണസംഘം പുതുക്കോട്


XII വാണിജ്യ ബാങ്കുകൾ —

1 ഇന്ത്യൻ ഓവർസീസ് ബാങ്ക്, അഞ്ചുമുറി പുതുക്കോട്
2 സൗത്ത് ഇന്ത്യൻ ബാങ്ക്, അഞ്ചുമുറി
3 ലോർഡ് കൃഷ്ണ ബാങ്ക്, അഞ്ചുമുറി

XIII തപാലാഫീസ് — 3

1 സബ്ബ് പോസ്റ്റ് ഓഫീസ്, അഞ്ചുമുറി
2 ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, മണപ്പാടം
3 ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, തിരുവടി (തെക്കെപ്പൊറ)

XIV ടെലിഫോൺഎക്സ്
ചെയ്ഞ്ച് — മണപ്പാടം



5

സാമൂഹിക സാംസ്കാരിക ചരിത്രം

AD 8 ാം നൂറ്റാണ്ടിന് മുൻപ് തന്നെ സംസ്കാരസമ്പന്നമായ പുരോഗതി പ്രാപിച്ച ഒരു ജനസമൂഹം ഇവിടെ നിവസിച്ചിരുന്നതായി മനസ്സിലാക്കാൻ കഴിയുന്നു. പുതുക്കോട് അന്നപൂർണ്ണേശ്വരി ക്ഷേത്രവും അതിന്റെ വടക്കെ വാതിൽമാടത്തിന്റെ ചുമരിൽ കാണുന്ന വട്ടെഴുത്ത് ലിഖിതങ്ങളും ഈ പ്രസ്ഥാവത്തിന് ഉപോൽബലകമാണ്. കേരളത്തിൽ ക്ഷേത്രസോപാനങ്ങളുടെ തുടക്കം 8 ാം നൂറ്റാണ്ടിന്റെ ആദ്യപാദങ്ങളിലാണല്ലോ? അന്നപൂർണ്ണേശ്വരി ക്ഷേത്രത്തിലെ സോപാനങ്ങളുടെ പഴക്കം നിർണ്ണയിക്കുമ്പോൾ ഏഴാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ തന്നെ ഇവിടെ പുരോഗതി പ്രാപിച്ച ജനസമൂഹം ഉണ്ടായിരുന്നു എന്നു തെളിയുന്നു. AD 1009 ാം ആണ്ട് പൂർത്തിയാക്കപ്പെട്ട തഞ്ചാവൂരിലെ ബ്രഹദേശ്വര ക്ഷേത്രത്തിലെ ഒരു ശിലാലിഖിതത്തിൽ മലയാളനാട്ടിലെ വെള്ളപ്പനാട്ടിൽപ്പെടുന്ന പുതുക്കോടിനെക്കുറിച്ചൊരു പരാമർശം ഉണ്ട്. (തെക്കെ ഇന്ത്യയിലെ ലിഖിതങ്ങൾ Vol. II Part VI മദ്രാസ് 1913) ഇതിൽനിന്നെല്ലാം സുമാർ 12 നൂറ്റാണ്ടിനു മുൻപ് തന്നെ തെക്കെ ഇന്ത്യയിൽ ഈ പ്രദേശം പ്രസിദ്ധമായിരുന്നു എന്നു തെളിയുന്നു.

ഈ നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ വെറും ഒരു കർഷക ഗ്രാമമായിരുന്നു പുതുക്കോട്. യഥാസ്ഥിതികരും പ്രബലരുമായ ബ്രാഹ്മണ സമൂഹവും, പ്രസിദ്ധൻമാരും യഥാസ്ഥിതികത്തിൽ ഒട്ടും പിന്നിലല്ലാതിരുന്ന കുറെ നായർ പ്രമാണിമാരും, ഇവരുടെ അധീശാധികാരത്തിൽ വർത്തിച്ചിരുന്ന ഒരുഗ്രാമം. അയിത്തം, തൊട്ടുകൂടായ്മ തുടങ്ങിയ ദുരാചാരങ്ങളും അന്ധവിശ്വാസങ്ങളും നിലനിന്നിരുന്നു. പിന്നോക്ക വിഭാഗക്കാരും പട്ടികജാതിക്കാരും പൊതുനിരത്തിൽ കൂടി നടക്കാനുള്ള സ്വാതന്ത്ര്യം പോലും നിഷേധിച്ചിരുന്നു. ഉയർന്ന ജാതിയിൽ പെട്ടവർ വെളിയിലിറങ്ങി നടക്കുമ്പോഴും താഴ്ന്ന ജാതിയിൽ പെട്ടവരെ ആട്ടിയോടിക്കാൻ 'ഹോയ്, ഹോയ്' എന്ന ശബ്ദം പുറപ്പെടുവിച്ചിരുന്നു.

പുരയിടവും നിലവും ഉൾപ്പെടെ പഞ്ചായത്ത് അതിർത്തിയിലുള്ള ഭൂമി മുഴുവൻ കരിങ്ങൻ പുള്ളി മന, തിരുവില്വാമല ദേവസ്വം, കൊച്ചിൻ ദേവസ്വം, നടുവിലെ മഠം എന്നീ നാലു വിഭാഗക്കാരുടെ ജൻമാവകാശത്തിൽ പെട്ടതായിരുന്നു. ഇവരിൽ നിന്ന് കീഴ്കോതനത്ത്, തിരുവടി കോതനത്ത്, പാട്ടോല തെക്കില്ലത്ത്, പുതുക്കോട് കോങ്ങോട്ട് എന്നീ നായർ കുടുംബ പ്രമാണിമാർ ജൻമാവകാശം വാങ്ങിയതായി കാണുന്നു. മറ്റുള്ളവരെല്ലാം വെറുംപാട്ട കുടിയാൻമാരും കാണാ കുടിയാൻമാരും ആയിരുന്നു. കുടി

യാന്മാരോടുള്ള ജൻമിമാരുടെ പെരുമാറ ങ്ങളും ക്രൂരമായിരുന്നു.

ജനങ്ങളിലെ പ്രബലവിഭാഗമായിരുന്ന ബ്രാഹ്മണ സമൂഹം നൂറ്റാണ്ടുകൾക്ക് മു ൻപ് തമിഴ്നാട്ടിൽ നിന്നും കുടിയേറിപാ ർത്തവരാണെന്ന് പറയപ്പെടുന്നു. ഇന്നും അവർ ഉപയോഗിക്കുന്ന ഭാഷ വീട്ടിൽ തമി ഴും പുറത്ത് മലയാളവുമാണ്. സമകാ ലീനമായാണ് മുസ്ലീങ്ങളും കുടിയേറിയത്. ബ്രാഹ്മണരുടെ ആവശ്യത്തിനുള്ള വസ് ത്ര നിർമ്മാണത്തിനുവേണ്ടി നെയ്ത്തുകാ രായ മുസ്ലീങ്ങളെയും അവർ കൊണ്ടുവന്ന വെന്നും ആ മുസ്ലീം വിഭാഗക്കാരുടെ പിൻ മുറക്കാരാണ് ഇന്നിവിടെ കാണുന്ന മുസ്ലീ ങ്ങളും എന്ന ഒരു കഥയും പ്രചാരത്തിലു ണ്ട്. മുസ്ലീങ്ങളും വീട്ടിൽ തമിഴും പുറ ത്ത് മലയാളവുമാണ് സംസാരിക്കുന്നത്.

ബ്രാഹ്മണർ ക്ഷേത്രങ്ങളോട് അനുബ ന്ധിച്ച അഗ്രഹാരങ്ങളിൽ താമസിക്കുന്നു. ഗ്രാമം എന്നാണ് ഈ പ്രദേശം അറിയപ്പെ ടുന്നത്. കോളനിപോലെ മുസ്ലീങ്ങളും താ മസിക്കുന്ന പ്രദേശമാണ് തെരുവ്. ഗ്രാമ ത്തിലേയും തെരുവുകളിലെയും വീടുകളും ചങ്ങല കണ്ണിപോലെ നിരനിരയായാണ് നിർമ്മിച്ചിരിക്കുന്നത്. റോഡും റോഡിനി രുവശവും അഭിമുഖമായി നിർമ്മിച്ചിരിക്കു ന്ന വീടുകളും ഐക്യരൂപം പുലർത്തുന്നു. മറ്റെല്ലാ ജനവിഭാഗങ്ങളും കോളനിയായാ ണ് താമസിച്ചിരുന്നത്. ഓരോ വിഭാഗവും താമസിച്ചിരുന്ന പ്രദേശങ്ങളെ തറകൾ എന്നാ ണ് വിളിച്ചിരുന്നത്. നായർതറ, കുലാലത്ത റ, കുമ്പാരത്തറ, ആശാരിത്തറ, എന്നിങ്ങനെ.

ജാതി വ്യവസ്ഥയുടെ ക്രൂരതകൾ സ ഹിച്ചിരുന്ന ഭൂരിപക്ഷം ജനത അർദ്ധപട്ടി ണിക്കാരായിരുന്നു. സാമൂഹ്യസാമ്പത്തികാ ടിമത്തത്തിൽ കഴിഞ്ഞിരുന്ന അവർക്ക് ആ ശയും ഉണർവ്വും നൽകിയത് ദേശീയ പ്ര സ്ഥാനത്തിന്റെയും നവോത്ഥാന പ്രസ്ഥാന ത്തിന്റെയും കാലഘട്ടം മുതലാണ്. ദേശീ യ പ്രസ്ഥാനത്തിന്റെ ഭാഗമായി നടന്ന ഉപ്പു സത്യാഗ്രഹത്തിൽ പുതുക്കോട് ഗ്രാമത്തിൽ നിന്നും രാമയ്യർ എന്നൊരാൾ പങ്കെടുക്കു കയും ആറുമാസം ജയിൽവാസമനുഭവിക്കുക യും ചെയ്തിട്ടുണ്ട്. തൽഫലമായി ഗ്രാമ സമൂഹം അദ്ദേഹത്തിന് ഭ്രഷ്ട് കൽപിച്ച തിന്റെ ഫലമായി മണപ്പാടത്തുവന്ന് താമ സിക്കേണ്ടിവന്നു. ഇന്ത്യൻ നാഷണൽ കോ ൺഗ്രസ്സ് ആഹ്വാനം നൽകിയിരുന്ന ബഹി ഷ്ക്കരണ സമരത്തിൽ പങ്കെടുത്തിരുന്ന മറ്റു രണ്ടു വ്യക്തികളാണ് പുതുക്കോട് പി. ആർ. സുബ്രഹ്മണ്യയ്യർ, മണപ്പാടം എരികണ്ടത്ത് വീട്ടിൽ ഗോപാലകൃഷ്ണൻ നായർ എന്നിവർ. ഗോപാലകൃഷ്ണൻ നായർ മലബാർ സ്പെഷ്യൽ പോലീസിൽ സേവനമനുഷ്ഠിച്ചുകൊണ്ടിരുന്ന കാലഘട്ട ത്തിലാണ് ദേശീയപ്രസ്ഥനവുമായി ബ ന്ധപ്പെടുന്നത്. മേൽ സൂചിപ്പിച്ച മൂന്നു പേർക്കും സമൂഹത്തിൽനിന്ന് നിരവധി ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവന്നിട്ടു ണ്ട്. സ്വാതന്ത്ര സമരസേനാനി പെൻഷൻ ലഭിച്ചിരുന്നിരുന്ന ഇവർ മൂന്നുപേരും ഇ പ്പോൾ ജീവിച്ചിരിപ്പില്ല.

ഇതേ കാലഘട്ടത്തിൽ തന്നെ അയിത ത്തിനും അനാചാരത്തിനുമെതിരെ നടന്ന മ റ്റൊരു സമരമാണ് പുതുക്കോട് ക്ഷേത്രപ്ര വേശനസമരം. പുതുക്കോട് അന്നപൂർണ്ണേ ശ്വരി ക്ഷേത്രത്തിൽ സവർണ്ണർക്കുമാത്രമെ പ്രവേശനം അനുവദിച്ചിരുന്നുള്ളു. ക്ഷേത്ര ത്തിനോടനുബന്ധിച്ച കുളത്തിലോ ക്ഷേത്ര ത്തിലോ പ്രവേശനം നിഷേധിച്ചിരുന്ന താ ഴ്ന്ന ജാതിയിൽപ്പെട്ട ബഹുഭൂരിപക്ഷം വ രുന്ന ജനത ക്ഷേത്രത്തിൽ പ്രവേശിക്കാനു ള്ള സ്വാതന്ത്ര്യത്തിനുവേണ്ടി ദാഹിച്ചിരുന്നു. ജില്ലയിൽ പലയിടങ്ങളിലും നടന്ന ക്ഷേത്ര പ്രവേശന സമരങ്ങളും ഇവരെ ആവേശം കൊ ള്ളിച്ചു. ഇവർക്ക് നേതൃത്വം കൊടുത്തു കൊണ്ട് ദീർഘകാലം ആലത്തൂർ എം. എൽ. എ. ആയിരുന്ന ശ്രീ. ആർ. കൃഷ്ണൻ, ശ്രീ സി. വി. മാധവൻ വണ്ടാഴി, മണപ്പാടം, ശ്രീ എ. നാരായണൻമാസ്റ്റർ, ശ്രീ. കെ. വി. ആറുമുഖൻ എന്നിവർ രംഗത്ത് എത്തിയ തോടെ പുതുക്കോട് ക്ഷേത്രത്തിലും സമരം ആരംഭിക്കുകയുണ്ടായി. ദിവസങ്ങളോളം നീ

ണ്ടുനിന്ന സമരമായിരുന്നു ഇത്. ദിവസേന പുതുക്കോട് അഞ്ചുമുറിയിൽ യോഗം ചേരുകയും പ്രകടനമായി ക്ഷേത്രത്തിൽ എത്തുകയും ചെയ്യുമായിരുന്നു. ജാഥയെത്തുന്നതിനു മുൻപുതന്നെ ക്ഷേത്രവാതിൽ അടച്ചിരിക്കും. ഇതിൽ പ്രതിഷേധിച്ച് ക്ഷേത്രനടക്കൽ സത്യാഗ്രഹം നടത്തുകയും ചെയ്യും. നാൾക്കുനാൾ ജനപങ്കാളിത്തം വർദ്ധിച്ചുകൊണ്ടിരുന്നു. അയൽ പ്രദേശങ്ങളിൽ നിന്നെല്ലാം ആളുകൾ സമരത്തിൽ പങ്കെടുക്കാനും കാണാനുമായി ദിവസേന എത്തിച്ചേരുമായിരുന്നു. ദിവസങ്ങൾ നീണ്ടുനിന്ന സമരം വിജയം കാണാതെ പിൻവലിച്ചെങ്കിലും, അയിത്തത്തിനും അനാചാരങ്ങൾക്കുമെതിരെ ജനങ്ങളെയാകെ ഉണർത്തുവാനും ആവേശഭരിതരാക്കാനും ഈ സമരത്തിനു കഴിഞ്ഞതായി വർഷങ്ങൾക്ക് ശേഷം ശ്രീ. ആർ കൃഷ്ണൻ രചിച്ച "വീഴ്മലയുടെ താഴ്വരയിൽ" എന്ന ജീവചരിത്ര ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. പുതുക്കോടിന്റെ സാമൂഹ്യസാംസ്കാരിക വളർച്ചയുടെ നാഴികക്കല്ലായിരുന്നു ക്ഷേത്രപ്രവേശന സമരം എന്നു പറയാം.

പുതുക്കോട് നടന്ന മറ്റൊരുവിസ്മരണീയ സമരമാണ് നെയ്ത്ത് തൊഴിലാളി സമരം. 1940 കളിലാണ് ഈ സമരമെല്ലാം സംഘടിപ്പിക്കപ്പെട്ടത്. ഗ്രാമത്തിനാവശ്യമായ വസ്ത്രം നിർമ്മിച്ചിരുന്നത് കൈത്തറി തൊഴിലാളികളായ മുസ്ലീങ്ങളായിരുന്നു. ബഹുമുഖ ചൂഷണത്തിനു വിധേയരായിരുന്ന ഇവർക്ക് നെയ്ത്തിനാവശ്യമായിരുന്ന നൂൽ നൽകിയിരുന്നത് ഏതാനും "വീവർമാസ്റ്റർമാർ" അയിരുന്നു. നൂലിന് ക്ഷാമം വന്നപ്പോൾ വീവർമാസ്റ്റർമാർ അമിതവില ഈടാക്കാൻ തുടങ്ങി. പാവപ്പെട്ട നെയ്ത്തുകാർക്ക് നൂൽ കിട്ടാത്ത അവസ്ഥയുണ്ടായി. പട്ടിണിയിലേക്ക് നീങ്ങിയ അനേകം നെയ്ത്തുകാർ നാടുവിടാൻ തുടങ്ങി ഈ അവസരത്തിൽ ശ്രീ. ആലത്തൂർ ആർ കൃഷ്ണൻ പുതുക്കോട് എത്തുകയും നെയ്ത്തു തൊഴിലാഴികളെ സംഘടിപ്പിച്ച് യൂനിയൻ ആരംഭിക്കുകയും ചെയ്തു. യൂനിയന്റെ നേതൃത്വത്തിൽ വമ്പിച്ച പ്രക്ഷോഭ സമരങ്ങൾ നടക്കുകയുണ്ടായി വീവർമാസ്റ്റർമാരും അവരെ സഹായിക്കുന്നവരും ആദ്യമെല്ലാം യൂനിയനും തൊഴിലാളികൾക്കും നേരെ തിരിഞ്ഞ് പ്രവർത്തിച്ചു എങ്കിലും യൂനിയന്റെ സംഘടിത ശക്തിക്കുമുൻപിൽ അടിയറവു പറയേണ്ടിവന്നു. മര്യാദവിലക്ക് നൂൽ നൽകാൻ നിർബന്ധിതരാകേണ്ട സ്ഥിതിവിശേഷം സംജാതമായി. പ്രസ്തുത സമരങ്ങൾക്ക് നേതൃത്വം നൽകിയ പ്രമുഖ വ്യക്തികളാണ് മലങ്കുമാസ്റ്റർ, ജമാൽറാവുത്തർ, തൊയ്തീൻറാവുത്തർ എന്നിവർ. വിജയകരമായി പര്യവസാനിച്ച പ്രസ്തുത സമരത്തിന്റെ ഫലമായി സംഘടിത ശക്തിയിലൂടെ ആവശ്യങ്ങൾ നേടിയെടുക്കാൻ കഴിയും എന്ന് ബോധ്യമാവുകയും ചെയ്തു. ഇതിന്റെ അലയടി ജില്ലയിലാകെ വ്യാപിച്ചു. വർഷങ്ങൾക്കുശേഷം നെയ്ത്തുസഹകരണസംഘങ്ങളുടെ സ്ഥാപനത്തിനുശേഷം പ്രസ്തുത യൂനിയൻ പ്രവർത്തനം നിലക്കുകയുണ്ടായി.

പുതുക്കോട് കേന്ദ്രീകരിച്ചുനടന്ന മറ്റൊരു സംഘടിതസമരമാണ് ബീഡിതൊഴിലാളികളുടേത്. ആലത്തൂർ താലൂക്കിലെ ബീഡിവ്യവസായവും അതിലെ തൊഴിലാളികളും സംഘടിത പ്രവർത്തനങ്ങളുടെ നിയാമകശക്തികളായിരുന്നല്ലോ?. അസംഘടിതരായ തൊഴിലാളികളെ ചൂഷണം ചെയ്യുന്ന മുതലാളിമാർക്കെതിരെ നടത്തിയ സമരങ്ങൾ എണ്ണമറ്റതായിരുന്നു. അവകാശബോധത്തിൽ മുൻപന്തിയിലായിരുന്ന ബീഡിതൊഴിലാളികൾ നടത്തിയ സമരങ്ങളിലൂടെ ഫാക്ടറി അടിസ്ഥാനത്തിലുള്ള ബീഡി ഉൽപാതനം നടത്തുന്ന സംവിധാനം ഉണ്ടാവുകയും ചെയ്തു.

കാർഷിക രംഗത്ത് മറ്റൊരു പ്രധാന സമരമാണ് കീഴയിൽ നടന്ന മങ്ങുപറി സമരം. തങ്ങൾ പണിയെടുത്തിരുന്ന ഭൂമിയിൽ പണിയെടുക്കാനുള്ള അവകാശം സ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടി നടത്തിയ പ്ര

ക്ഷോഭത്തിന് കീഴ, താളിക്കോട് പ്രദേശത്തെ മുത്തു, നാന്തെയ്യൻ, കേലൻ എന്നിവർ നേതൃത്വം കൊടുക്കുകയുണ്ടായി. പുതുക്കോട്ടിലെ ചെറുകിട കുടിയാൻമാരായ കർഷകരേയും കർഷകതൊഴിലാളികളേയും ആവേശം കൊള്ളിച്ച സമരമായിരുന്നു മഞ്ഞപ്രയിൽ നടന്ന കർഷകസമരം. ഈ പ്രദേശങ്ങളിൽ നിന്നും ധാരാളം പേർ ആ സമരത്തിൽ പങ്കെടുത്തിട്ടുണ്ട്. ജൻമിത്വത്തിനെതിരെ കുടികിടപ്പവകാശം സ്ഥാപിച്ചുകിട്ടാൻ വേണ്ടി നടന്ന കാർഷിക സമരങ്ങളെ എല്ലാ കുടികിടപ്പുകാരെയും പാട്ടകൃഷിക്കാരേയും സംഘടിത ശക്തിയാകാൻ സഹായിച്ചു. 'പാട്ടപ്പറ തല്ലിപ്പൊളിക്കൽ' സമരം ഇതിന്റെ ഒരു ഭാഗമായിരുന്നു. സ്വാതന്ത്രത്തിനു മുൻപും പിൻപുമായി നടന്ന ഈ വക പ്രക്ഷോഭങ്ങളുടെ പരിണിതഫലമായിട്ടാണ് ജൻമിത്തം അവസാനിപ്പിക്കാനും മുഴുവൻ ആളുകൾക്കും തങ്ങളുടെ കുടികിടപ്പ് സ്വന്തമായി മാറാനും കഴിഞ്ഞത്

ദേശീയ പ്രസ്ഥാനവും, നവോത്ഥാന കാലഘട്ടവും വിദ്യാഭ്യാസ സാംസ്കാരിക മണ്ഡലങ്ങളിലും മാറ്റങ്ങൾ സൃഷ്ടിച്ചു. കുടിപ്പള്ളിക്കൂടങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങളായി മാറുന്നത് ഈ കാലഘട്ടത്തിലാണ്. ജനങ്ങളിൽ നാടൻകലകളോട് ആഭിമുഖ്യം വളരാൻ തുടങ്ങി. ഗ്രാമ സമൂഹത്തോടനുബന്ധിച്ച് നിലനിന്നിരുന്ന നാടക സംഘങ്ങളായിരുന്നു മീനാക്ഷിനാടകം, പുരാണ സംഗീതനാടകം എന്നിവ. പുരാണകഥകൾ ഇതിവൃത്തമായി അവതരിപ്പിച്ച നാടകങ്ങൾ പ്രസിദ്ധമായിരുന്നു, ധാരാളം നാടൻ കലകളും പ്രചാരത്തിലുണ്ടായിരുന്നു ഭൂരിപക്ഷം ജനങ്ങളും ആസ്വദിച്ചിരുന്ന അനുഷ്ഠാന കലകളായ പരിചമുട്ടുകളി, പൂരക്കളി, അയ്യപ്പൻപാട്ട്, തോറ്റംപാട്ട് ,പൊറാട്ടുനാടകം, ആര്യമാലനാടകം എന്നിവ പ്രസിദ്ധമായിരുന്നു. വളരെ പ്രചാരത്തിലുണ്ടായിരുന്ന വാദ്യങ്ങളായിരുന്നു തങ്ങളുവാദ്യം, ഈഴുവവാദ്യം. എന്നിവ. ഇവ ഇന്നും നിലനിൽക്കുന്നുണ്ട്. പ്രചാരത്തിലുണ്ടായിരുന്ന നാടൻ കലകളെല്ലാം നാശോൻമുഖമായിരിക്കുന്നു. ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ ആവിർഭാവം ഈ കലകളുടെ തിരോധാനത്തിന് കാരണമായിട്ടില്ലെ എന്നു സംശയിക്കുന്നു. എല്ലാ വിഭാഗം ജനങ്ങളെയും ആസ്വദിപ്പിക്കുന്നതും രസിപ്പിക്കുന്നതുമായ ഈ കലകളെ നിലനിർത്തേണ്ടത് നാടിന്റെ ചരിത്ര പാരമ്പര്യവും സാംസ്കാരികത്തനിമയും കാത്തുസൂക്ഷിക്കാൻ അനിവാര്യമാണ്.

ഇവിടെ ജനിച്ചു വളർന്ന് അഖിലേന്ത്യാ പ്രശസ്തരായ രണ്ട് പ്രമുഖവ്യക്തികളാണ് ശ്രീ. പുതുക്കോട് കൃഷ്ണമൂർത്തിയും ശ്രീ. പി. എസ്. കൃഷ്ണനും. കർണ്ണാടക സംഗീതത്തിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച ശ്രീ. കൃഷ്ണമൂർത്തി അഖിലേന്ത്യ നിലവാരത്തിലുള്ള പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. അതുപോലെ തന്നെ ശ്രീ. പി. എസ് കൃഷ്ണൻ മൃദംഗത്തിന്റെ രംഗത്താണ് പ്രശസ്തിയാർജിച്ചത്.

ഭൂ ഉടമകളിൽ വന്ന മാറ്റം:-

പുതുക്കോട്ടിലെ ആദ്യകാല ഭൂ ഉടമകൾ നാലുവിഭാഗക്കാരായിരുന്നുവെന്ന് മുൻപ് സൂചിപ്പിച്ചിരുന്നല്ലോ?. അപൂർവ്വം ചില പ്രമാണിമാർ മാത്രമാണ് പിന്നീട് ജൻമികളായിത്തീർന്നത്. ദേശീയ പ്രസ്ഥാനത്തിന്റെ ആദ്യകാലഘട്ടം മുതൽക്കുതന്നെ മണ്ണിനുവേണ്ടിയുള്ള മുറവിളി തുടങ്ങിയിരുന്നു. ദീർഘകാലത്തെ മണ്ണിനുവേണ്ടിയുള്ള പോരാട്ടത്തിന്റെയും മുറവിളിയുടെയും ഫലമായി കേരളത്തിൽ കാർഷിക രംഗത്ത് സമൂല മാറ്റങ്ങൾക്കുവേണ്ടിയുള്ള നിയമ നിർമ്മാണങ്ങൾ ഉണ്ടായി. 1957 ൽ ഉണ്ടായ കുടി ഒഴിപ്പിക്കൽ നിരോധിച്ചുകൊണ്ടുള്ള നിയമം, 1967 ലെ സമഗ്ര കാർഷിക പരിഷ്കരണ നിയമം, 1970 ലെ കാർഷിക പരിഷ്കരണ നിയമം എന്നിവ ഈ ദിശയിൽ ഓർക്കേണ്ട പ്രധാന പ്രഖ്യാപനങ്ങളാണ്. ഈ നിയമങ്ങളിലൂടെ ഭൂമി കുടിയാന്റെയും കുടികിടപ്പുകാരന്റെയും യഥാർത്ഥ കൃഷിക്കാരന്റെയും കൈവശം എത്തിച്ചേർന്നു.

ഈ മാറ്റം സമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസ രംഗത്ത് സമൂല പരിവർത്തനത്തിന് തുടക്കം കുറിച്ചു. വീടുകളുടെ നിർമ്മാണ രംഗത്തും വിദ്യാഭ്യാസ കാര്യങ്ങളിലും വലിയ മാറ്റങ്ങളാണ് വരുത്തിയത്. കുടിലുകളുടെ സ്ഥാനത്ത് ഓട്ടുപുരകളും കോൺക്രീറ്റ് കെട്ടിടങ്ങളും ഉണ്ടായി. സാധാരണക്കാരന്റെ മക്കൾ വ്യാപകമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്തിച്ചേരാനും ഉയർന്ന വിദ്യാഭ്യാസം നേടാനും കഴിയുന്ന സ്ഥിതിയിൽ എത്തിച്ചേർന്നു.

ഭൂപരിഷ്കരണത്തിന്റെ ഫലമായി ജൻമിത്വം അവസാനിക്കുകയും കുടികിടപ്പ് സ്വന്തമാവുകയും ചെയ്തു. ഓരോ കുടുംബത്തിന്റെയും കൈവശമുള്ള ഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞുവരുകയും ഭൂമി തുണ്ടുകളായി വിഭജിക്കപ്പെടുകയും ചെയ്തു ഭൂമിയുടെ തുണ്ടുതുണ്ടായുള്ള വിഭജനം കൂട്ടായ ജലസേവനത്തിനും, ഉൽപാദനവർദ്ധനവിനും സഹായകമായില്ല. പഞ്ചായത്ത് അതിർത്തിയിലെ ഭൂമി ഇപ്പോൾ 5163 പേർ കൈവശം വെച്ചു പോരുന്നു.

ഭൂമിയുടെ കൈവശാവകാശ പട്ടിക:

അളവ്				കൈവശക്കാരന്റെ എണ്ണം
1 സെൻറ് മുതൽ 10 സെൻറ് വരെ				1192
10	—	25	—	1142
25	—	50	—	1035
50	—	100	—	830
100	—	200	—	525
200	—	500	—	332
500 ന് മുകളിൽ				107
ആകെ				5163

വിദ്യാഭ്യാസ സ്ഥിതി:-

ആദ്യകാല വിദ്യാലയങ്ങളെ കുടിപ്പള്ളിക്കൂടങ്ങൾ എന്ന പേരിലാണ് അറിപ്പെട്ടിരുന്നത്. ഏകാദ്ധ്യാപക വിദ്യാലയങ്ങളായിരുന്നു അവയെല്ലാം. കീഴ, മണപ്പാടം, കണക്കന്നൂർ, പുതുക്കോട് എന്നീ ഭാഗങ്ങളിലെ കുടിപ്പള്ളിക്കൂടങ്ങൾ പ്രസിദ്ധമായിരുന്നു. വേദ പഠനത്തിനായി പുതുക്കോട് സ്ഥാപിച്ചിരുന്ന ഹരിഹര സംസ്കൃത കോളേജ് അന്നത്തെ മലബാറിലെ അറിയപ്പെടുന്ന രണ്ട് സംസ്കൃതകോളേജിൽ ഒന്നായിരുന്നു. വിദ്യാർത്ഥികളുടെ അഭാവം മൂലം പ്രസ്തുത കോളേജിന്റെ പ്രവർത്തനം നിലക്കുകയും 1946 ൽ ആ സ്ഥാനത്ത് ഇന്നു കാണുന്ന സർവ്വജനാ ഹൈസ്കൂൾ സ്ഥാപിക്കുകയും ചെയ്തു. സർവ്വജനാ ഹൈസ്കൂളിന്റെ നിർമ്മാണം ഈ പ്രദേശത്തെ ജനങ്ങളുടെ കൂട്ടായ്മയുടേയും സന്നദ്ധസേവനത്തിന്റെയും പ്രതീകമാണ്. നാനാജാതിമതസ്തരുടെ സംഭാവനയും സന്നദ്ധസേവനവും കൊണ്ടാണ് പ്രസ്തുത ഹൈസ്ക്കൂൾ പണി പൂർത്തിയാക്കിയത്. തന്മൂലമാണ് പ്രസ്തുത സ്ക്കൂളിന് സർവ്വജനാ ഹൈസ്ക്കൂൾ എന്ന പേർ വന്നത്.

ആദ്യകാല കുടിപ്പള്ളിക്കൂടങ്ങൾ ഇന്നു കാണുന്ന വിദ്യാലയങ്ങൾ ആയിമാറി. കണ്ണനൂർ പാട്ടോല പഞ്ചായത്തിലെ ആദ്യത്തെ പ്രാഥമിക വിദ്യാലയം മണപ്പാടം ഹയർ എലിമെൻററി സ്ക്കൂൾ ആയിരുന്നു. കണക്കന്നൂർ എ. എൽ. പി. സ്ക്കൂളും അതേ കാലഘട്ടത്തിൽ തന്നെ സ്ഥാപിക്കപ്പെട്ടതാണ്. പുതുക്കോട് പ്രദേശത്തെ ആദ്യത്തെ വിദ്യാലയം ഇന്നത്തെ ഗവ: മാപ്പിള എൽ. പി. സ്ക്കൂൾ ആയിരുന്നു. പ്രാഥമിക വിദ്യാലയങ്ങൾ മാത്രമേ ആദ്യകാലത്ത് ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ ഒരു ഹൈസ്ക്കൂളും, രണ്ട് അപ്പർ പ്രൈമറി വിദ്യാലയങ്ങളും മൂന്ന് ലോവർ പ്രൈമറി വിദ്യാലയങ്ങളും ഉണ്ട്. ഈ പഞ്ചായത്തിൽ നിന്ന് ധാരാളം ആളുകൾ മറ്റു പ്രദേശങ്ങളിൽ പോയി പഠനം നടത്തുന്നുണ്ട്. ' ഉയർന്ന

നിലവാരം' എന്ന മിഥ്യാധാരണയിൽ ഇംഗ്ലീഷ് മീഡിയം കോൺവെൻറ് വിദ്യാലയങ്ങളെ ആശ്രയിക്കുന്നവരുടെ എണ്ണം വർഷം തോറും വർദ്ധിച്ചുവരുന്നു. ഉന്നത വിദ്യാഭ്യാസം നേടാനുള്ള സൗകര്യം പഞ്ചായത്തിൽ ഇല്ല. ആലത്തൂരോ, നെൻമാറയിലോ എത്തിയാൽ മാത്രമെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം നടത്താൻ കഴിയൂ. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവവും പഞ്ചായത്തിലെ ജനങ്ങളുടെ വിദ്യാഭ്യാസ പ്രശ്നങ്ങളാണ്. സാമ്പത്തിക പിന്നോക്കാവസ്ഥ ജനങ്ങൾക്ക് ഉന്നത വിദ്യാഭ്യാസം അപ്രാപ്യമാക്കുന്നു. നാല് നേഴ്സറി വിദ്യാലയങ്ങളും ഒരു പാരലൽ കോളേജും പഞ്ചായത്ത് ആതിർത്തിയിൽ പ്രവർത്തിക്കുന്നുണ്ട്. ഈ പ്രദേശത്തെ ആദ്യത്തെ ബിരുദധാരികളും മദ്രാസ് ഹൈക്കോടതി ജഡ്ജിയായി റിട്ടയർ ചെയ്ത പുതുക്കോട് ഗ്രാമത്തിലെ ശ്രീ. വി. ആർ. സുബ്രഹ്മണ്യയ്യരും ഡപ്യൂട്ടി കലക്ടറായി റിട്ടയർ ചെയ്ത മണപ്പാടം ഗ്രാമത്തിലെ ശ്രീ. എം. എച്ച്. കൃഷ്ണയ്യരുമായിരുന്നു. പട്ടികജാതി വിഭാഗത്തിൽ നിന്നും ഒരാൾ എസ്. എസ്. എൽ. സി. പാസ്സാകാൻ 1960 കാലം ആകേണ്ടിവന്നു. ഈ വിഭാഗത്തിൽ നിന്ന് ആദ്യമായി എസ്. എസ്. എൽ. സി. പാസ്സായ ആൾ മണപ്പാടത്ത് ഇപ്പോൾ താമസമുള്ള പോലീസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ വി. അപ്പു (പാട്ടാള) യാണ്. കുറച്ചുകാലം പാലക്കാട് ജില്ലാ കലക്ടറായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ പി. രാജഗോപാൽ ഐ. എ. എസ്. ഈ പഞ്ചായത്തിലെ കണക്കന്നൂർ പ്രദേശത്ത് ജനിച്ച് വളർന്ന ആളാണ്. ഇപ്പോൾ പഞ്ചായത്ത് അതിർത്തിയിൽ 4 ഡോക്ടർമാരും, 4 എൻജിനീയർമാരും, 2 വക്കീൽമാരും, 137 ബിരുദധാരികളും, 17 ബിരുദാനന്തരബിരുദം നേടിയവരും, 75 സാങ്കേതിക വിദ്യാഭ്യാസ യോഗ്യത നേടിയവരും ഉണ്ട്.

ആരോഗ്യ പുരോഗതി

നാട്ടുചികിത്സയും ആയുർവേദ ചികിത്സയും ആശ്രയിച്ചിരുന്ന പഞ്ചായത്ത് നിവാസികൾക്ക് 1960 ഓടുകൂടിയാണ് ആധുനിക ചികിത്സാ സൗകര്യങ്ങൾ ലഭിക്കുന്ന സാഹചര്യം ഉണ്ടായിരുന്നത്. പുതുക്കോട് അഞ്ചുമുറി കേന്ദ്രീകരിച്ച് ഉണ്ടായിരുന്ന മൂന്നോളം പരമ്പരാഗത ആയുർവ്വേദശാലകളും അതിലെ വൈദ്യന്മാരുമാണ് ചികിത്സാ ആവശ്യങ്ങൾ നിർവ്വഹിച്ചിരുന്നത്. കണ്ണമ്പ്ര ആശുപത്രി സ്ഥാപിച്ചതോടുകൂടിയാണ് അലോപതി ആശുപത്രിയുടെ സേവനം ലഭിക്കാൻ തുടങ്ങിയത്. ധാരാളം നാട്ടു ചികിത്സാരീതികളും നാട്ടു വൈദ്യന്മാരും ഉണ്ടായിരുന്നു. ഇപ്പോൾ സർക്കാരിന്റെ സ്ഥാപനങ്ങളായി അലോപതി ആയുർവ്വേദം, ഹോമിയോ എന്നീ മൂന്ന് രംഗത്തുമുള്ള ആശുപത്രികൾ ഉണ്ട്. കൂടാതെ 3 ആയുർവ്വേദ ചികിത്സാ കേന്ദ്രങ്ങളും ഒരു അലോപതി ചികിത്സാ കേന്ദ്രവും സ്വകാര്യരംഗത്തും ഉണ്ട്. രോഗികളെ കിടത്തി ചികിത്സിക്കാനുള്ള ആശുപത്രി എന്നത് പുതുക്കോട് നിവാസികളുടെ സ്വപ്നം മാത്രമായി അവശേഷിക്കുന്നു. വിദഗ്ദ ചികിത്സ ലഭിക്കാനുള്ള സൗകര്യങ്ങൾ ഇന്നില്ല. ചികിത്സാ ചിലവിലുള്ള അമിതമായ വർദ്ധനവും, നിസ്സാരരോഗങ്ങൾക്കുപ്പോലും സ്പെഷലൈസ്ഡ് ആശുപത്രി തേടിപ്പോകുന്ന ജനങ്ങളുടെ പ്രവണതയും കൂടിക്കൂടി വരികയാണ്.

വസ്ത്രം

പുതുക്കോട് നൂറാണ്ടുകൾക്കു മുൻപ് സ്വയംപര്യാപ്ത ഗ്രാമം എന്ന സങ്കൽപ്പത്തിലധിഷ്ഠിതമായ സാമൂഹ്യവ്യവസ്ഥ നിലനിന്നതായിമനസ്സിലാക്കാൻ കഴിയും. ജനങ്ങളുടെ ആവശ്യങ്ങളെല്ലാം നിറവ്വഹിക്കാൻ, ഈ സാധനങ്ങൾ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ഗ്രാമീണ കൈത്തൊഴിലുകാർ ഇവിടെ ഉണ്ടായിരുന്നതായി മനസ്സിലാക്കാൻ കഴിയുന്നുണ്ട്. ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ് വസ്ത്രനിർമ്മാണരംഗം. പുതുക്കോട്ടിലെ ജനങ്ങളുടെ വിശിഷ്യാ ബ്രാഹ്മണരുടെ ആവശ്യാർത്ഥമുള്ള വസ്ത്ര നിർമ്മാണത്തിനുവേണ്ടി കുടിയേറിയ നെയ്ത്തുകാർ ഗ്രാമത്തിന് ആവശ്യമായ വസ്ത്രം നിർമ്മിച്ച് നൽകിയിരുന്നു. ഗ്രാമീണർ

കൈത്തറി വസ്ത്രം കൊണ്ട് തൃപ്തരുമായിരുന്നു. ഗ്രാമീണരുടെയും മുസ്ലീങ്ങളുടെയും കുടിയേറ്റവും അവരുടെ വസ്ത്രധാരണവും ഗ്രാമീണരുടെ വസ്ത്രധാരണത്തേയും സ്വാധീനിച്ച ഘടകങ്ങളാണ്. ക്രമാനുഗതമായ വളർച്ച വസ്ത്രധാരണരീതിയിൽ ഉണ്ടായിട്ടുണ്ട് കമ്പോള സംസ്കാരവും ടി വി അടക്കമുള്ള മാധ്യമങ്ങളുടെ പ്രചാരവും വസ്ത്രധാരണ രീതിയെ സ്വാധീനിച്ചിട്ടുണ്ട് എന്ന് കണ്ടെത്താൻ കഴിയും. കേരളത്തിനുമാത്രം യോജിക്കാത്ത പല രീതികളും ഇപ്പോഴും വസ്ത്രധാരണ രംഗത്ത് കാണാൻ കഴിയും.

പാർപ്പിടം

സവർണ്ണ ജാതിയിൽപ്പെട്ട ആളുകളുടെ വീടുകളും മാത്രമായിരുന്നു വളരെ അടുത്ത കാലംവരെ ഓടിട്ടവീടുകളും. അവ അധികവും പത്തായപ്പുരകളും ആയിരുന്നു. മറ്റു വിഭാഗക്കാരുടെ വീടുകളും ഓടും ചൈക്കോലും മേഞ്ഞവയായിരുന്നു. എന്നാൽ ഇന്ന് സാമാന്യേന ഓലപ്പുരകളും കുറവാണ്. ഗൾഫ് വരുമാനത്തിന്റെ സിംഹഭാഗവും കെട്ടിടനിർമ്മാണ രംഗത്തേക്കാണ് നീക്കിവെക്കപ്പെടുന്നത്. കഴിഞ്ഞ ഒന്നു രണ്ടു ദശകങ്ങളിലാണ് കെട്ടിട നിർമ്മാണ രംഗത്ത് വൻമാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്. കുടുംബവിഭജനം കെട്ടിടങ്ങളുടെ എണ്ണക്കൂടുതലിനു കാരണമാകുന്നു. തൊഴിൽ മേഖലയിൽ കെട്ടിട നിർമ്മാണ രംഗം വൻമാറ്റങ്ങളും സൃഷ്ടിച്ചിരിക്കുന്നു.

ഗതാഗതം

1956 നു ശേഷമാണ് ഗതാഗത രംഗത്ത് പുരോഗതി ഉണ്ടായത്. കമ്യൂണിറ്റി ഡവലപ്പ്മെന്റ് പദ്ധതി നടപ്പിലാക്കിയതോടുകൂടിയാണ് റോഡുകളും പാലങ്ങളും നിർമ്മിച്ചത്. കണ്ണമ്പ്രതോട്ടുപാലം, മഞ്ഞപ്ര തോട്ടുപാലം, പ്ലാഴി, പാട്ടോലപാലങ്ങളും വന്നതോടുകൂടിയാണ് ഗതാഗത സൗകര്യം ലഭിക്കുന്നത്. പാലക്കാട്നിന്ന് കണ്ണമ്പ്രവഴി പുതുക്കോട്ടേക്കും മഞ്ഞപ്ര വഴി മണപ്പാടത്തേക്കുമാണ് ആദ്യമായി ബസ്സ് സർവ്വീസുകൾ ആരംഭിക്കുന്നത്. മണപ്പാടം – പുതുക്കോട്, തച്ചനടി – കാരപ്പൊറ്റ, തച്ചനടി – പ്ലാഴി എന്നിവിടങ്ങളിലേക്കുള്ള പി. ഡബ്ല്യു ഡി. റോഡുകളും ടാർ റോഡുകളാണ്. പഞ്ചായത്തിലെ മറ്റെല്ലാ പ്രദേശങ്ങളിലേക്കും സാമാന്യേന തരക്കേടില്ലാത്ത പഞ്ചായത്ത് റോഡുകളും ഉണ്ടെങ്കിലും ജനസാന്ദ്രത കൂടുതലുള്ള കണക്കന്നൂർ, ഉളികുത്താംപാടം കീഴ, വടക്കേപ്പൊറ്റ എന്നീ പ്രദേശങ്ങളിലേക്ക് ബസ് സർവ്വീസ് ഇല്ലാത്തതിനാൽ പ്രയാസങ്ങൾ അനുഭവിക്കുന്നു. പാലക്കാട്, തൃശൂർ കോഴിക്കോട്, ഗുരുവായൂർ, എന്നീ പ്രദേശങ്ങളിലേക്ക് ഇവിടെ നിന്നും ബസ് സർവ്വീസ് ഉണ്ട്. കെ. എസ്. ആർ ടിസി. ബസ്സുകൾ ഒന്നും സർവ്വീസ് നടത്തുന്നില്ല. ഇടക്കാലത്ത് ഈവഴി പാണ്ടാംകോട് – പട്ടാമ്പി പാലക്കാട് – മണപ്പാടം റൂട്ടിൽ സർവ്വീസ് നടത്തിയിരുന്ന കെ. എസ്. ആർ. ടി. സി. ബസ്സുകൾ നിറുത്തിവെച്ചിരിക്കയാണ്. ജനങ്ങൾക്ക് വളരെ പ്രയോജനപ്രദമായിരുന്ന പ്രസ്തുത സർവ്വീസുകൾ പുനരാരംഭിക്കേണ്ടത് ഗതാഗത പ്രശ്നം പരിഹരിക്കാൻഅനുപേക്ഷണീയമാണ്. തൊട്ടടുത്ത റെയിൽവേ സ്റ്റേഷനുകൾ തൃശൂർ, പാലക്കാട്, ലക്കിടി എന്നിവയാണ്.

സാമ്പത്തിക വളർച്ചയിൽ വളരെ പിന്നണിയിലാണ് ഈ പഞ്ചായത്ത് എങ്കിൽ തന്നെയും ആരോഗ്യവിദ്യാഭ്യാസ രംഗത്ത് വൻ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിലൂടെ 85% സാക്ഷരത കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഉൽപ്പാദന മേഖലകൾ കടുത്ത പ്രതിസന്ധികൾ നേരിട്ടു കൊണ്ടിരിക്കുകയാണ്. കാർഷിക മേഖല വൻ തകർച്ചയെ നേരിട്ടു കൊണ്ടിരിക്കുകയാണ്. നെല്ല്, തെങ്ങ് തുടങ്ങിയ കാർഷിക വിളകളുടെ ഉൽപ്പാദന ക്ഷമത കുറഞ്ഞുകൊണ്ടുവരുന്നു. പുതിയ തലമുറക്ക് കാർഷിക മേഖലയോട് യാതൊരാഭിമുഖ്യവും ഉണ്ടാകുന്നില്ല. ഒരു വശത്ത് അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മ രൂക്ഷമാകുന്നു.


മറുവശത്ത് കാർഷിക മേഖലയിൽ പണിയെടുക്കാൻ ആളെ കിട്ടുന്നില്ല കാർഷിക മേഖലയിൽ ഉള്ള തൊഴിലാളികളും തന്നെ മറ്റു തൊഴിൽ മേഖലകളും തേടി പോകുകയാണ്. വൻ വ്യവസായങ്ങളും ഒന്നും പഞ്ചായത്ത് അതിർത്തിയിൽ ഇല്ല. ഉള്ള പരമ്പരാഗത വ്യവസായങ്ങളും വൻ തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. കൈത്തറി, കളിമൺ, പനമ്പ് എന്നീ മേഖലകളും കടുത്ത വെല്ലുവിളികളും നേരിട്ടു കൊണ്ടിരിക്കുകയാണ്. ജനസംഖ്യയിൽ 10% വരുന്ന മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ പണിയെടുക്കുന്നവരും 5% വരുന്ന ഗൾഫ് മേഖലയിലെ തൊഴിലാളികളും നാട്ടിലേക്ക് തിരിച്ചു വരാൻ തുടങ്ങിയിരിക്കുകയാണ്. തൊഴിലില്ലായ്മയുടെ രൂക്ഷത വർദ്ധിപ്പിക്കുന്ന പ്രസ്തുത സംഭവങ്ങളും പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒരു വെല്ലുവിളിയാണ്.

സ്ത്രീകൾക്ക് സമൂഹത്തിലുള്ള സ്ഥാനം ശോചനീയമാണ്. ഇന്നും അവർ അടിമകളെപ്പോലെ വീടിനുള്ളിൽ കഴിയുന്ന അവസ്ഥയാണുള്ളത്. തൊഴിൽ മേഖലയിലും വിദ്യാഭ്യാസ മേഖലയിലും എല്ലാം സ്ത്രീകളോടുള്ള വിവേചനം നിലനിൽക്കുന്നുണ്ട്. കൂലിനിരക്കിൽ സ്ത്രീ പുരുഷ അന്തരം വൻതോതിൽ നിലനിൽക്കുകയാണ്. സമൂഹം വിദ്യാഭ്യാസ സാംസ്ക്കാരിക പുരോഗതി നേടി എന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും സ്ത്രീധന സമ്പ്രദായവും അതിൽനിന്നുൽഭവിക്കുന്ന സ്ത്രീപീഡനവും ഇന്നും നിലനിൽക്കുന്നു. നമ്മുടെ സാമൂഹ്യ സാംസ്ക്കാരിക വളർച്ച ഒരുപക്ഷേ മിഥ്യയാണോ എന്ന് തോന്നിപ്പോകുന്ന സംഭവങ്ങളും ഉണ്ടാകുന്നു. ബാലവിവാഹവും സ്ത്രീധന സമ്പ്രദായവും നിയമംമൂലം നിരോധിച്ചിട്ടുണ്ടെങ്കിലും അംഗീകരിച്ച് നടപ്പിലാക്കാൻ സമൂഹം തയ്യാറാകുന്നില്ല. അക്ഷന്തവ്യമായ ഈ തെറ്റ് മാപ്പർഹിക്കാത്തതാണ്. സ്ത്രീകൾക്ക് സമൂഹത്തിൽ പുരുഷന്മാരോടൊപ്പം തുല്യസ്ഥാനം നൽകുകയും എല്ലാ രംഗത്തുമുള്ള അവഗണന അവസാനിപ്പിക്കുകയും ചെയ്താലെ ഇന്നുണ്ടായിട്ടുള്ള നേട്ടങ്ങളും അർത്ഥപൂർണ്ണമാവുകയുള്ളു.

വിദ്യാഭ്യാസ ആരോഗ്യമേഖലയിൽ ഉള്ള കാര്യക്ഷമതാകുറവ് നമ്മൾ നേരിടുന്ന മറ്റു ചില പ്രശ്നങ്ങളാണ്. സമൂഹത്തോടുള്ള ബാധ്യതയായ വിദ്യാഭ്യാസ ആരോഗ്യ കാര്യങ്ങളിൽ വേണ്ടത്ര സേവനം ലഭിക്കുന്നില്ല. ഓരോ പദ്ധതി കഴിയുമ്പോഴും വിദ്യാഭ്യാസത്തിലെ പരമപ്രധാനമായ പ്രാഥമിക മേഖലയോടുള്ള അവഗണന കൂടിക്കൂടി വരികയാണ്. തൊഴിലിനോട് ആഭിമുഖ്യം വളർത്തുന്ന രീതിയിലുള്ള വിദ്യാഭ്യാസ രീതിയല്ല ഇന്ന് ഉള്ളത്. പണമുള്ളവർക്ക് മാത്രം ഉന്നത വിദ്യാഭ്യാസം നേടാൻ കഴിയുന്ന അവസ്ഥ ഇന്നും നിലനിൽക്കുന്നു. ആരോഗ്യ രംഗത്തും വൻതോതിൽ പണം ചിലവഴിച്ചാൽ മാത്രമേ ചികിത്സ ലഭിക്കൂ എന്ന അവസ്ഥയും സംജാതമായിരിക്കുന്നു.

സ്വാതന്ത്ര്യം ലഭിച്ച് അഞ്ചുപതിറ്റാണ്ടു കഴിഞ്ഞിട്ടും പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട വിഭാഗക്കാരെ സാമൂഹ്യ നിർമ്മാണ പ്രക്രിയയിൽ പങ്കെടുപ്പിക്കാൻ കഴിയുന്നില്ല. പഞ്ചായത്ത് അതിർത്തിയിലെ സ്ഥിതിയും ഇതിൽ നിന്ന് വ്യത്യസ്തമല്ല. പദ്ധതികളുടെ ദശകങ്ങൾക്ക് ശേഷവും ഈ സ്ഥിതി തുടരുന്നത് ഏറ്റവും വലിയ വെല്ലുവിളി തന്നെയാണ്.

ഏതേതു മേഖലയെടുത്തു പരിശോധിച്ചാലും പ്രത്യാശാ നിർഭരമായ സ്ഥിതി ദൃശ്യമാകുന്നില്ല. ജനങ്ങളുടെ ഇച്ഛാശക്തി ഇവക്കെല്ലാംമപ്പുറത്തേക്ക് നമ്മെ നയിക്കുന്നു. ഇന്നലെയുടെ നേട്ടങ്ങളിൽ നിന്ന് ഇന്നിന്റെ വെല്ലുവിളികളും നേരിട്ട് നാളെയെ കരുപ്പിടിപ്പിക്കാൻ ശക്തിയും പ്രചോദനവും നൽകുന്ന ഒരു ഭൂതകാല ചരിത്രം നമ്മുക്കുണ്ട്. മഹത്തായ ഒരു പാരമ്പര്യത്തിന്റെ ഉടമകളാണ് നമ്മൾ. സ്വയം പര്യാപ്തമായ ഒരു ഗ്രാമ സമൂഹ പശ്ചാത്തലം, എവിടെയും ശിരസ്സു കുനിക്കാതെ മുന്നോട്ടുള്ള പ്രയാണത്തിന് നമ്മെ ഉത്തേജിതരാക്കുന്നു. കർമ്മരഥത്തിൽ നാം നമ്മുടെ ഊർജ്ജം പൂർണ്ണമായും സംഭരിച്ച് നാടിന്റെ സർവ്വതോമുഖമായ വികസനമെന്ന ഉന്നത ലക്ഷ്യത്തിലേക്ക് തേർ തെളിച്ചാൽ ഒരു ശക്തിക്കും പ്രതിരോധിക്കാൻ സാധ്യമല്ല. നാം വിജയപൂർവ്വം ആ മഹത്തായ ലക്ഷ്യത്തിലെത്തിചേരും സംശയമില്ല.



6

ഭൂപ്രകൃതിയും വിഭവങ്ങളും

പഞ്ചായത്ത് പ്രദേശം പടിഞ്ഞാറുനിന്ന് വടക്ക് കിഴക്കോട്ട് ചരിഞ്ഞുകിടക്കുന്നു കേരളത്തിലെ പതിമൂന്ന് കാർഷിക മേഖലകളിൽ പാലക്കാട് സോണിൽപ്പെട്ടതാണ് ഈ പ്രദേശം. ഭൂപ്രകൃതി അനുസരിച്ച് ഭൂമിയെ മൂന്നാക്കി തിരിക്കാം.

ഇനം	വിസ്തൃതി	ശതമാനം
കുന്നുകൾ	82.03 ഹെക്ടർ	5
ചരിവുകൾ	410.07	25
സമതലം (താഴ്വര)	1148.23	70
ആകെ	1640.33	

1 കുന്നുകൾ:-

പഞ്ചായത്തിലെ ഭൂമിയുടെ വിസ്തീർണ്ണത്തിൽ 5% മാത്രമേ കുന്നുകളും പാറക്കെട്ടുകളുമായി കാണപ്പെടുന്നുള്ളു. കുന്നുകളിൽ തന്നെ പാറക്കെട്ടുകൾ ഒഴികെയുള്ള പ്രദേശങ്ങൾ കൃഷിക്ക് അനുയോജ്യമാണ്. കുന്നിൽപ്രദേശങ്ങളിൽ പൊതുവായി കാണപ്പെടുന്നത് ചരൽ കലർന്ന മണ്ണാണ്. റബ്ബർ, തെങ്ങ്, മരച്ചീനി തുടങ്ങിയവയാണ് മുഖ്യ വിളകൾ. മഴക്കാലത്ത് ഉണ്ടാകുന്ന മണ്ണൊലിപ്പ് മണ്ണിന്റെ ഫലഭൂയിഷ്ടത നഷ്ടപ്പെടുത്തുന്നു.

2 ചരിവുകൾ-

ആകെ ഭൂവിസ്തൃതിയിൽ 25 % ചരിവുപ്രദേശങ്ങളാണ്. കുത്തനെയുള്ള ചരിവ് താരതമ്യേന കുറവാണ്. കുന്നുകളിൽനിന്ന് ചരിവുകളിലേക്ക് നല്ല നീരൊഴുക്ക് ലഭിക്കാറുണ്ട്. ഈ ചരിവ് പ്രദേശം കുന്നുകളേയും സമതലങ്ങളേയും തമ്മിൽ ബന്ധിച്ചിരിക്കുന്നു. ചെമ്മൺപ്രദേശമാണ് ചരിവുതലത്തിൽ വളരെ കൂടുതൽ ഭാഗങ്ങളും. അപൂർവ്വം സ്ഥലങ്ങളിൽ മാത്രം പാറക്കെട്ടുകൾ കാണുന്നു. മഴക്കാലത്ത് ലഭിക്കുന്നവെള്ളം ചരിവുതലത്തിൽ നല്ലൊരളവോളം താഴ്ന്ന് ഇറങ്ങുന്നതിനാൽ ജലസമ്പത്ത് താരതമ്യേന ഭേദമാണ്. പാറക്കെട്ടുകൾ ഒഴികെ മറ്റെല്ലാ ഭാഗങ്ങളിലും കൃഷി ചെയ്യുന്നു. റബ്ബർ, തെങ്ങ്, മരച്ചീനി, ഇഞ്ചി, മഞ്ഞൾ, വാഴ തുടങ്ങിയവയാണ് പ്രധാന വിളകൾ.

3 താഴ്വര (സമതലം)

ഭൂ വിസ്തൃതിയിൽ 70% ഉം സമതലങ്ങളാണ്. കുന്നിൻ പ്രദേശങ്ങളിൽ നിന്നും ചരിവുതലങ്ങളിൽ നിന്നുമുള്ള നീരൊഴുക്ക് ജലസമ്പത്ത് വർദ്ധിപ്പിക്കുന്നു. മണപ്പാടം, കണക്കന്നൂർ, പാട്ടോല, തിരുവടി, തെക്കെ പൊറ, കീഴ, ഉളികുത്താംപാടം, ഈഴവർകുളമ്പ്, കണ്ണന്നൂർ, പുതുക്കോട്തെരുവ്, തച്ചനടി കരിയംപാടം, മേലേപാടം എന്നിവിടങ്ങളാണ് സമതല പ്രദേശങ്ങൾ. ഈ പ്രദേശങ്ങളിലൂടെ ഒഴുകുന്ന രണ്ട് തോടുകൾ ജല ലഭ്യത വർദ്ധിപ്പിക്കുന്നു. വേനൽക്കാലത്ത് വറ്റാത്ത കുളങ്ങൾ പല പാടശേഖരണങ്ങളിലും ഉണ്ട്. ഒരുകാലത്ത് പ്രധാന ജല സ്രോതസ്സുകളായിരുന്ന പാടങ്ങൾക്കു നടുവിലെ കുളങ്ങൾ പലതും സംരക്ഷിക്കപ്പെടുന്നില്ല. സമതല പ്രദേശത്തെ പ്രധാന മൺതരം പശിമരാശി മണ്ണാണ്. കണക്കന്നൂർ തിരുവടി തുടങ്ങിയ കുറച്ചു സ്ഥലങ്ങളിൽ കളിമണ്ണും കാണപ്പെടുന്നു. മണപ്പാടത്തും മറ്റു ചില സ്ഥലങ്ങളിലും മണൽ മണ്ണും കാണപ്പെടുന്നു. നെൽ കൃഷിക്ക് എറ്റവും അനുയോജ്യമാണ് പശിമരാശി മണ്ണ്. ഒന്നാം വിള പ്രധാനമായും മഴയെ ആശ്രയിച്ചും രണ്ടാം വിള ജലസേചനത്തെ ആശ്രയിച്ചും ചെയ്യുന്ന പ്രധാന കൃഷി നെല്ലാണ്. വാഴ, പച്ചക്കറികൾ, ഇഞ്ചി എന്നിവയും കൃഷി ചെയ്യുന്നു. തെങ്ങു കൃഷിയും വ്യാപകമായുണ്ട്. ജലസേചന സൗകര്യം ലഭിച്ചാൽ മൂന്നാം വിളയായി പച്ചക്കറി കൃഷി ചെയ്യാൻ സാധ്യതയേറിയ പ്രദേശമാണ് സമതല പ്രദേശം.

കാലാവസ്ഥ:-

പഞ്ചായത്ത് അതിർത്തിയിലെ മഴയുടെയും ചൂടിന്റെയും സ്ഥിതിവിവരക്കണക്ക് (94–95 വർഷത്തിൽ)

1 ശരാശരി മഴ — 2174 മി. മീറ്റർ
2 സംസ്ഥാന ശരാശരി— 2239 മി. മീറ്റർ.
3 ഏറ്റവും കൂടിയ ഊഷ്മാവ് — 37.3 ഡിഗ്രി സെൽഷ്യസ് – മെയ് മാസം
4 ഏറ്റവും കുറഞ്ഞ ഊഷ്മാവ്— 21 7 ഡിഗ്രി സെൽഷ്യസ് ഡിസംബർ മാസം
5 ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്നമാസങ്ങൾ — ഏപ്രിൽ, മെയ്
6 ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന മാസങ്ങൾ – ജൂലൈ, ആഗസ്റ്റ്, സെപ്തംബർ
7 ഏറ്റവും കൂടുതൽ തണുപ്പ് അനുഭവപ്പെടുന്ന മാസങ്ങൾ – നവംബർ, ഡിസംബർ

പൊതുവിൽ അനുഭവപ്പെടുന്ന കാലാവസ്ഥ:–

1 ഉഷ്ണകാലം — ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ്.
2 മഴക്കാലം — ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ.
3 തണുപ്പുകാലം— നവംബർ, ഡിസംബർ ജനുവരി.

ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ഇടവപ്പാതി വർഷക്കാലത്താണ്. മഴയുടെ അളവ് വളരെ കുറവാണിപ്പോൾ എന്നാണ് പഴമക്കാർ പറയുന്നത്. പല വർഷങ്ങളിലും വെള്ളപ്പൊക്കമുണ്ടായ ചരിത്രം അവർ അയവിറക്കുന്നുണ്ട്. വന നശീകരണം തുടങ്ങിയ പരിസ്ഥിതിയെ ബാധിക്കുന്ന ഘടകങ്ങൾ കാലാവസ്ഥയെ സാരമായി ബാധിച്ചിട്ടുണ്ട് തുലാവർഷം താരതമ്യേന വളരെ കുറച്ചു മാത്രമെ ലഭിക്കാറുള്ളു. ചില വർഷങ്ങളിൽ ഇടമഴ തീരെ കിട്ടാറില്ല. ഏപ്രിൽ മെയ് മാസങ്ങളിൽ അപൂർവ്വമായി വേനൽമഴ ലഭിക്കാറുണ്ട്.

ജലലഭ്യത

മൊത്തം ലഭിക്കുന്ന ജലത്തിന്റെ 85% കാലവർഷക്കാലത്ത് (ഇടവപ്പാതി) ലഭിക്കുന്നു.

പഞ്ചായത്ത് അതിർത്തിയിൽ കൂടി ഒഴുകുന്ന തോടുകൾ

1 പുതുക്കോട് വഴി മണപ്പാടത്തുകൂടി ഒഴുകി മണപ്പാടത്ത് വെച്ച് മംഗലം പുഴയിൽ

ചേരുന്നു.

2 ചൂലിപ്പാടം, കീഴ, തെക്കെപ്പൊറ്റ, പാട്ടോല വഴി തിരുവടിയിൽ വെച്ച് മംഗലം പുഴയിൽ ചേരുന്നു.

മംഗലംപുഴ മണപ്പാടം,അരങ്ങാട്ടുകടവ്, കണക്കന്നൂർ, തിരുവടി വഴി ഒഴുകുന്നു.

പഞ്ചായത്തിലെ നീരൊഴുക്ക് (ജലലഭ്യത)

തരം	വിസ്തൃതി (ഹെക്ടർ)	ശതമാനം
ഏറ്റവും കൂടുതൽ	984.20	60
സാമാന്യം	328.07	20
മഴയുള്ളപ്പോഴും മാത്രം	164.03	10
വളരെകുറഞ്ഞത്	164.03	10
ആകെ	1640.33	

തോടുകളും കുളങ്ങളുമാണ് ഉപരിതല ജലസ്രോതസ്സുകൾ. മണപ്പാടം തേവാരക്കടവ്, തെക്കെപ്പൊറ്റ മുട്ടത്തോർകുളമ്പ്, പാലാട്ടുതറ, തെരുവ് എന്നീ സ്ഥലങ്ങളിൽ നീരുറവകളും ഉണ്ട്. ഇവ ഇപ്പോൾ ഉപയോഗിക്കപ്പെടുന്നില്ല. കുളങ്ങളും സംരക്ഷിക്കപ്പെടുന്നില്ല. ഉപരിതല ജല സ്രോതസ്സുകളും സംരക്ഷിക്കാൻ ആവശ്യമായ നടപടികളും ആവശ്യമാണ്. പഞ്ചായത്ത് അതിർത്തിയിൽ മഴലഭിക്കുന്നത് അഞ്ചോ ആറോ മാസങ്ങളിൽമാത്രമാണ്. പ്രസ്തുത കാലത്ത് ലഭിക്കുന്നവെള്ളം സംഭരിക്കാൻ കഴിയുന്നില്ല. തോടുകളിൽ പെക്കുഡാമുകളും വഴി ജലം സംഭരിക്കാൻ കഴിഞ്ഞാൽ കുളങ്ങളിലും കിണറുകളിലും എല്ലാ കാലത്തും ജലം ലഭിക്കാൻ സാധ്യതയുണ്ട്.

ഭൂഗർഭജല സമ്പത്ത് ഉപയോഗിക്കപ്പെടുന്നില്ല. കുഴൽ കിണറുകളിലൂടെ കിട്ടുന്ന ജലം കുറഞ്ഞു കൊണ്ടു വരികയാണ്. ഗുണമേൻമയും കുറവാണ്.

പഞ്ചായത്തിലെ പ്രധാന ജല സ്രോതസ്സുകൾ:-

വാർഡ്	കുളങ്ങൾ			കിണറുകൾ			കുഴൽ കിണർ
	സ്വകാര്യം	പഞ്ചായത്ത്	ആകെ	സ്വകാര്യം	പഞ്ചായത്ത്	ആകെ	
I	4	—	4	69	8	77	3
II	—	—	—	38	4	42	—
III	2	—	2	158	5	163	2
IV	2	1	3	102	3	105	3
V	5	2	7	154	3	157	—
VI	4	1	5	74	7	81	2
VII	12	1	13	121	8	129	2
VIII	3	—	3	112	5	117	6
IX	3	—	3	69	6	75	1
ആകെ	35	5	40	897	49	946	19

മണ്ണ്:-

പഞ്ചായത്തിലെ മണ്ണിന്റെ ഘടനയുടെ അടിസ്ഥാനത്തിൽ നാലു വിഭാഗമായി തിരിക്കാം.

	ഇനം	അളവ്(ഹെക്ടർ)	%
1	പശിമരാശി മണ്ണ്	630.23	38.42
2	ചെമ്മണ്ണ്	650.10	39.63
3	ചരൽപ്രദേശം	250	15.24
4	കുന്നിൻ പ്രദേശവും പാറയും	110	6.71

ഇവയിൽ സമതലപ്രദേശത്ത് കാണപ്പെടുന്ന പശിമരാശിമണ്ണ് നീർവാർച്ചയുള്ളതും നല്ല ഫലപുഷ്ടി ഉള്ളതുമാണ്. ചെമ്മണ്ണ് പ്രദേശവും കൃഷിയോഗ്യമാണ്. ചരൽപ്രദേശവും പാറയൊഴികെയുള്ള കുന്നിൻപ്രദേശവും തോട്ടവിളകൾകൃഷിചെയ്യുന്നവയാണ്

ഭൂവിനിയോഗം:-

	ഇനം	അളവ്(ഹെക്ടർ)	%
1	നിലം	633.91	38.64
2	പുരയിടം	893.08	54.45
3	പുറമ്പോക്ക്	193.34	11.79
4	തരിശ്	20.00	1.22
	ആകെ	1640.33	

ഇവയിൽ നിലം, പുരയിടം, പുറമ്പോക്ക് എന്നിവ കൃഷിയോഗ്യമായതും തരിശ് കൃഷിയോഗ്യമല്ലാത്തതുമാണ്.

പൊതുസ്ഥലവിനിയോഗം സംബന്ധിച്ച പട്ടിക.

നമ്പർ	ഇനം	അളവ് ഏക്കറിൽ
1	റോഡ്	95.41
2	തോട്	25.75
3	കുളം	112.31
4	പുഴ	29.50
5	കളിസ്ഥലം	1.00
6	പൊതു സ്മശാനം	1.00
7	കല്ല്യാണ മണ്ഡപം	0.17
8	കമ്യൂണിറ്റി ഹാൾ	0.05
9	ആശുപത്രി സ്ഥലങ്ങൾ	1.30
	ആകെ	266.49

പ്രധാന വിളകൾ:-

ഏകദേശം 25 വർഷങ്ങൾക്ക് മുൻപുവരെ നെൽകൃഷിയായിരുന്നു പ്രധാന വിള. വളരെ അപൂർവ്വം വീട്ടുവളപ്പിൽ മാത്രമെ തെങ്ങ് ഉണ്ടായിരുന്നുള്ളു. നെൽകൃഷിക്ക് യോഗ്യമല്ലാതിരുന്ന സ്ഥലങ്ങളെല്ലാം തരിശായികിടക്കുകയായിരുന്നു. ഇപ്പോൾ കൃഷിയോഗ്യമല്ലാത്ത പാറക്കെട്ടുകളും കുന്നിൻപ്രദേശവും ഒഴികെ 1263 ഹെക്ടർ സ്ഥലത്ത് പലതരം വിളകൾ കൃഷിചെയ്യുന്നു.

നമ്പർ	ഇനം	അളവ് ഹെക്ടറിൽ	%
1	നെല്ല്	633	50.12
2	തെങ്ങ്	300	23.75
3	മരച്ചീനി	150	11.88
4	റബ്ബർ	100	7.92
5	മറ്റുവിളകൾ	80	6.33
	ആകെ	1263	

ഉൽപാദന ക്ഷമതയിൽ സംസ്ഥാന ശരാശരിയേക്കാം കൂടുതൽ ഉണ്ട് എങ്കിലും വർഷം തോറും കുറഞ്ഞുവരികയാണ്. അമിതമായ രാസവള പ്രയോഗവും മറ്റും കൊണ്ടാണ് ഇതെങ്കിലും ഉൽപ്പാദിപ്പിക്കാൻ കഴിയുന്നത്. തൻമൂലം മണ്ണിന്റെ ഘടനയിലും ഫലപുഷ്ടിയിലും പ്രകടമായ മാറ്റങ്ങം ഉണ്ടായിക്കൊണ്ടിരിക്കുന്നു. കർഷക കാരണവൻമാരുടെ അഭിപ്രായത്തിൽ കാലാവസ്ഥയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വൻ വ്യതിയാനം, ജൈവവള പ്രയോഗത്തിന്റെ കുറവ് എന്നിവ കൃഷിചെലവ് അമിതമായി വർദ്ധിപ്പിച്ചിരിക്കുന്നു എന്നാണ്. നെൽകൃഷി ലാഭകരമല്ലാത്ത സ്ഥിതി വന്നതോടുകൂടി കൃഷിയിടങ്ങം നാണ്യ വിളകൃംക്കും മറ്റാവശ്യങ്ങംക്കും വേണ്ടി ഉപയോഗിക്കുവാനുള്ള പ്രവണത കൂടിക്കൊണ്ടു വരികയാണ്.

ജൈവസമ്പത്ത്

താരതമ്യേന മെച്ചപ്പെട്ട ജൈവസമ്പത്ത് പഞ്ചായത്ത് അതിർത്തിയിൽ ഉണ്ട്. 1995 ലെ സെൻസസ് അനുസരിച്ച് വിവിധ ഘടകങ്ങളിലുള്ള ജൈവ സമ്പത്തുകം ഇവയാണ്.

സംരക്ഷിത മരങ്ങൾ:—

ഇനം	എണ്ണം
തേക്ക്	1525
വീട്ടി	6
മരുത്	15
ആകെ	1546

സംരക്ഷിതവനം ഈ പഞ്ചായത്തിൽ ഇല്ല. സംരക്ഷിത മരങ്ങം സുരക്ഷിതമല്ല. സംരക്ഷിത മരങ്ങളെ കയ്യേറക്കാരിൽ നിന്നും രക്ഷിക്കാൻ ആവശ്യമായ നടപടികം ഉണ്ടാകേണ്ടിയിരിക്കുന്നു.

മൃഗസമ്പത്ത്

നമ്പർ	ഇനം	എണ്ണം
1	കാള — നാടൻ	169
2	കാള—സങ്കരവർഗ്ഗം	517
3	പശു—നാടൻ	763
4	പശു—സങ്കരവർഗ്ഗം	2554
5	പോത്ത്-നാടൻ	65
6	എരുമ—നാടൻ	111
7	ആട്	820
8	പട്ടി	480
	ആകെ	5047

വളർത്തുപക്ഷികൾ:—

നമ്പർ	ഇനം	എണ്ണം
1	പൂവൻ കോഴി	8760
2	പിട കോഴി	12940
3	താറാവ്	149
	ആകെ	21849

മനുഷ്യസമ്പത്ത്:—

1991 ലെ സെൻസസ് അനുസരിച്ച് പഞ്ചായത്ത് അതിർത്തിയിൽ 9069 പുരുഷൻമാരും 9614 സ്ത്രീകളുമടക്കം 18683 ആണ് ജനസംഖ്യ. ജനകീയ ആസൂത്രണ പ്രവർത്തനത്തിന്റെ ഭാഗമായി നടത്തിയ സർവ്വെയുടെ ഫലമായി താഴെ കാണുംവിധം ജനസംഖ്യ പഞ്ചായത്ത് അതിർത്തിയിൽ ഉണ്ട്.

വാർഡ്	പുരുഷൻ	സ്ത്രീ	ആകെ
I	1340	1269	2609
II	1111	1151	2262
III	933	989	1922

IV	950	1088	2038
V	1252	1291	2543
VI	1062	1152	2214
VII	1078	1141	2219
VIII	1133	1137	2270
IX	1093	1172	2265
ആകെ	9952	10390	20342

ഇനം	പഞ്ചായത്ത്	സംസ്ഥാന ശരാശരി
ജനനനിരക്ക്	13	17
മരണനിരക്ക്	4.22	5.9

ജനന മരണ നിരക്കുകളിൽ സംസ്ഥാന ശരാശരിയേക്കാൾ കുറഞ്ഞുനിൽക്കുന്നത് ആരോഗ്യ രംഗത്തുള്ള നേട്ടമായി കണക്കാക്കാം.

സാക്ഷരത:-

1991 സെൻസസ് കണക്കുപ്രകാരം 66.4% മാണ് സാക്ഷരത. സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിലൂടെ 19% നേട്ടം കൂടി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ 85.4% ആണ് സാക്ഷരത നിരക്ക്. സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനത്തിലൂടെ ഉണ്ടാക്കിയ നേട്ടം തുടർ സാക്ഷരതാ പ്രവർത്തനത്തിന്റെ അഭാവംമൂലം ഇല്ലാതാവുന്നുവോ എന്ന് സംശയിക്കുന്നു.

തൊഴിൽ നിരക്ക്:-

തൊഴിൽ തരം	പുരുഷൻ	സ്ത്രീ	ആകെ	നിരക്ക് %
മുഴുവൻ സമയജോലിക്കാർ	4124	2210	6334	33.90
ഭാഗിക ജോലിക്കാർ	132	418	550	2.95
തൊഴിലില്ലാത്തവർ	4813	6986	11799	63.15

തൊഴിലില്ലായ്മയുടെ രൂക്ഷത നിലനിൽക്കുന്ന ഒരു പഞ്ചായത്താണ് നമ്മുടേത് എന്ന് മേൽ സൂചിപ്പിച്ച പട്ടിക ചൂണ്ടിക്കാണിക്കുന്നുണ്ടല്ലോ?. കാർഷിക വ്യാവസായിക മേഖലകളിൽ ഉണ്ടാകുന്ന സങ്കീർണ്ണ പ്രശ്നങ്ങളുടെ ഫലമായി മുഴുവൻ സമയ ജോലിക്കാരിലും ഭാഗീക ജോലിക്കാരിലും ഒരു ചെറിയ വിഭാഗം വർഷം തോറും തൊഴിലില്ലാത്തവരുടെ പട്ടികയിലേക്ക് വന്നുകൊണ്ടിരിക്കയാണ്. മുഴുവൻ സമയ ജോലിക്കാരായ 6334 പേർ താഴെ കാണുംവിധം ഉള്ള ജോലികളിൽ ഏർപ്പെടുന്നു.

നമ്പർ	തൊഴിൽ ഇനം	എണ്ണം	%
1	കൃഷിക്കാർ	505	7.97
2	കർഷകതൊഴിലാളികൾ	3085	48.70
3	മൃഗപരിപാലനം	181	2.86
4	കരിങ്കൽ കോറി തൊഴിലാളികൾ	100	1.58
5	കുടിൽ വ്യവസായം	356	5.62
6	ചെറുകിട നാമമാത്ര കുടിൽ വ്യവസായം	645	10.18
7	നിർമ്മാണ തൊഴിലാളികൾ	89	1.41
8	വാണിജ്യം	653	10.31
9	ഗതാഗതം, വാർത്താ വിനിമയം	93	1.47
10	മറ്റുള്ളവർ	627	9.90
	ആകെ	6334	

മുഴുവൻ സമയ ജോലിക്കാരുടെ 56% കാർഷിക മേഖലയിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. 16% കുടിൽ വ്യവസായത്തിലും, ചെറുകിട നാമമാത്ര കുടിൽവ്യവസായത്തിലും ഏർപ്പെട്ടിരിക്കുന്നവരാണ്. കടുത്ത വെല്ലുവിളികളും തകർച്ചയും നേരിട്ടുകൊണ്ടിരിക്കുന്ന കാഷിക, ചെറുകിട വ്യവസായ മേഖലകളിൽ പണിയെടത്തുകൊണ്ടി


രിക്കുന്ന ഒരു വലിയ വിഭാഗത്തെ തൊഴിലി ല്ലാത്തവരായി മാറ്റിയിട്ടുണ്ട്.

തൊഴിലില്ലാത്തവരിൽ 5% പേർ ഗൾഫ് നാടുകളിലും 10% ഇന്ത്യയിലെ മറ്റു സംസ്ഥാ നങ്ങളിലുമായി ജോലിചെയ്യുന്നുണ്ട്. ഗൾ ഫ് മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന തൊഴിൽ നിയന്ത്രണ പ്രശ്നങ്ങളുടെ ഭാഗമാ യി അവിടങ്ങളിലുള്ളവർ തിരിച്ചുവരാൻ തു ടങ്ങിയിരിക്കുന്നു. പുത്തൻ വ്യാവസായിക സാമ്പത്തിക നയങ്ങളുടെ ഭാഗമായി വ്യാവ സായിക രംഗത്ത് ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ മറ്റു സംസ്ഥാനങ്ങളിൽ പണിയെടുക്കുന്നവ രുടേയും തിരിച്ചു വരവ് അനതിവിദൂരഭാ വിയിൽ പ്രതീക്ഷിക്കാം.

ഗൾഫ് മേഖലയിൽ പണിയെടുക്കുന്ന വരുടെ വരുമാനം ഉൽപാദന മേഖലയിലേക്ക് തിരിച്ചുവിടാൻ ആവശ്യമായസംവിധാനങ്ങൾ ഉണ്ടാകേണ്ടതാണ്. സഹകാര്യ മേഖലയിൽ പണം മുടക്കാൻ തയ്യാറുള്ളവർക്ക് മൂലധന നിക്ഷേപം നടത്താനുള്ള സാഹചര്യം പഞ്ചാ യത്തിൽ ഇല്ല. പഞ്ചായത്ത് അതിർത്തിയി ലെ വൻനിക്ഷേപം മൂന്ന് വാണിജ്യ ബാങ്കു കളിലായി ഉണ്ടെങ്കിലും ഉൽപാദന മേഖലക ളിൽ ഇത് ഉപയോഗപ്പെടുത്താൻ കഴിയുന്നി ല്ല, വനിതാതൊഴിൽ സംരംഭകരെ പ്രോൽ സാഹിപ്പിക്കാനും സഹായിക്കാനും ആവശ്യ മായ പദ്ധതികൾ പഞ്ചായത്ത് അതിർത്തി യിലില്ല.

പഞ്ചായത്തിലെ തൊഴിൽ മേഖല അത്യ ന്തം സങ്കീർണ്ണമാണ്. സാമാന്യ വിദ്യാഭ്യാ സം നേടിയവരിലെ തൊഴിലിനോടുള്ള മനോ ഭാവം കാർഷിക മേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. മോശമല്ലാത്ത കൂലിവ്യവ സ്ഥ നിലനിൽക്കുന്നുണ്ടെങ്കിലും കാർഷിക മേഖലയിൽ ജോലി ചെയ്യാൻ ആളുകളെ കിട്ടു ന്നില്ല.കാർഷിക മേഖലയിൽ ജോലി ചെയ്യുന്ന വരിൽ തന്നെ ഒരു വിഭാഗം നിർമ്മാണ മേഖ ലയിലേക്കും ഇഷ്ടിക നിർമ്മാണ രംഗത്തേ ക്കും മാറികൊണ്ടിരിക്കുകയാണ്. കരിങ്കൽ തൊഴിലാളികളുടെ സ്ഥിതിയും മെച്ചപ്പെട്ട തല്ല.

സ്ത്രീകളുടെ തൊഴിലില്ലായ്മ ഏറ്റവും രൂക്ഷമാണ്. പരമ്പരാഗത കുടിൽ വ്യവസാ യങ്ങളായ കുട്ടനെയ്ത്ത്, പരമ്പുനിർമ്മാണം മൺപാത്ര നിർമ്മാണം എന്നിവ കടുത്ത പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുന്നു. തൊഴിലുള്ളവരും തൊഴിലില്ലാത്തവരായി മാ റിക്കൊണ്ടിരിക്കുന്ന ചുറ്റുപാടിൽ തൊഴിൽ ചെയ്യാനുള്ള സന്നദ്ധതയെ നാട്ടിന്റെ വികസ നത്തിന് ഉപയോഗപ്പെടുത്താൻ കഴിയണം. പഞ്ചായത്ത് അതിർത്തിയിൽ സുലഭമായ മ നുഷ്യ വിഭവത്തെ ശാസ്ത്രീയമായി വിശക ലനം ചെയ്ത് നാടിന്റെ വികസനപ്രക്രിയ യിലേക്ക് തിരിച്ചുവിട്ടാൽ അതിവേഗത്തിൽ നമ്മുടെ ഗ്രാമത്തിന്റെ മുഖഛായ മാറ്റിയെ ടുക്കാൻ കഴിയും.



7

വികസനമേഖലകൾ

"ഓരോരുത്തരും അവരവരുടെ
കഴിവ് വീതിക്കപ്പെടുന്നതുവരെ
കാത്തുജീവിക്കുകയാണെങ്കിൽ ഭൂമി
സ്വർഗമായി മാറുമായിരുന്നു"




എപ്പോഴെങ്കിലും നിങ്ങൾ
സംശയത്തിലകപ്പെടുമ്പോൾ,
അഥവാ താങ്കളുടെ സ്വാർത്ഥത നിങ്ങളിൽ
പരീക്ഷയിൽ കവിഞ്ഞുനിൽക്കുന്നുവെന്നു തോന്നുമ്പോൾ,
താഴെ ചേർക്കുന്ന പരീക്ഷണം
പ്രയോഗിച്ചു നോക്കുക:

നിങ്ങൾ കണ്ടിരിക്കാനിടയുള്ള
ഏറ്റവുമധികം
പാവപ്പെട്ടവനിലായോ, ദുർബ്ബല
നിലായോ മുഖം ഓർക്കുക,
എന്നിട്ട് നിങ്ങൾ
സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി
അയാൾക്ക് ഏതെങ്കിലും
വിധത്തിൽ പ്രയോജനപ്പെടുമോ,
എന്ന് നിങ്ങൾ സ്വയം
ചോദിക്കുക.



"പ്രകൃതി നിയമങ്ങളെ ബോധ
പൂർവ്വമോ അജ്ഞതകൊണ്ടോ ലംഘിക്കുന്നതിൽ
നിന്നാണ് സുഖക്കേടുകൾ
ഉണ്ടാകുന്നത്"

ഗാന്ധിജി



I പ്രാഥമിക മേഖല

7.1 കൃഷിയും ജലസേചനവും

കാർഷിക സമ്പദ്ഘടനയിൽ അധിഷ്ഠിതമായ ഒരു പഞ്ചായത്താണ് പുതുക്കോട്.കാർഷിക സംരംഭങ്ങളുടെ തുടക്കത്തെക്കുറിച്ചുള്ള ചരിത്രമൊന്നും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെങ്കിലും നൂറാണ്ടുകളുടെ പഴക്കം നമ്മുടെ കാർഷികപ്രവർത്തനങ്ങൾക്കു കണക്കാക്കാം. സ്വയം പര്യാപ്തമായ ഗ്രാമ വ്യവസ്ഥിതി എന്ന സങ്കൽപ്പത്തിലധിഷ്ഠിതമായ സമ്പദ് വ്യവസ്ഥ നിലനിന്ന ഒരു പഞ്ചായത്ത് ആയിരുന്നു നമ്മുടേത് എന്ന് ആമുഖത്തിൽ പ്രതിപാദിച്ചത് ഓർക്കുമല്ലോ. ആ സമ്പദ് വ്യവസ്ഥക്ക് ഊടും പാവും നൽകിയിരുന്നത് നമ്മുടെ പഞ്ചായത്തിലെ കാർഷിക രംഗം തന്നെയായിരിക്കണം.

ഈ നൂറാണ്ടിന്റെ ആദ്യം 4 ഭൂവുടമകളുടെ കൈവശമായിരുന്നു പഞ്ചായത്ത് അതിർത്തിയിലെ മുഴുവൻ ഭൂമിയും. പ്രസ്തുത ഭൂവുടമകളുടെ കയ്യിൽനിന്ന് കാണാകുടിയാൻമാരും പാട്ടക്കുടിയാൻമാരുമായി ഭൂബന്ധങ്ങളിൽ വന്ന മാറ്റങ്ങളിലൂടെ സമഗ്രമായ ഭൂപരിഷ്കരണത്തിലൂടെ, 5163 ആളുകൾ ഇന്ന് 1640.33 ഹെക്ടർ ഭൂമിയുടെ അവകാശികൾ ആണ്. ഭൂമിയുടെ ഉടമസ്ഥാവകാശത്തെ കുറിച്ചുള്ള വിശദമായ വിവരം ആമുഖത്തിൽ പ്രതിപാദിച്ചിട്ടുണ്ടല്ലോ?.

1970 വരെ പ്രധാന കൃഷി നെല്ല് മാത്രമായിരുന്നു. പാടശേഖരങ്ങളിലും പറമ്പുകളിലും തലയുയർത്തി നിന്നിരുന്ന കരിമ്പന കൂട്ടങ്ങൾ ഇന്നും നമ്മുടെ സ്മരണയിൽ തങ്ങി നിൽക്കുന്നു. പരമ്പരാഗതരീതിയിലുള്ള കൃഷി രീതി, പെറിയ വീടുകളും വീടിനു മുൻപിൽ വലിയ വയ്ക്കോൽ കൂനകളും വീടിനോട് ചേർന്ന വലിയ തൊഴുത്തും തൊഴുത്തിൽ നിറയെ കന്നുകാലികളും വലിയ വളമടയുമെല്ലാം കർഷക ഭവനങ്ങളുടെ പ്രത്യേകതയായിരുന്നു. വീടിന്നരികിലും തൊഴിത്തിൻ വക്കിലും നിധിപോല സൂക്ഷിക്കുന്ന കരിയും കലപ്പയും, കാർഷിക ഉപകരണങ്ങളും കർഷക ഭവനങ്ങളുടെ മാറ്റു കൂട്ടുമായിരുന്നു. ജലസേചനസൗകര്യമില്ലാതിരുന്നതിനാൽ ഭൂരിപക്ഷം സ്ഥലങ്ങളിലും ഒരു പൂവൽ കൃഷി മാത്രമേ എടുത്തിരുന്നുള്ളു. തവളക്കണ്ണൻ, കുഞ്ഞ, പുന്നാരി, സ്വർണ്ണാരി, ചീര, 90–ാം ചീര, തമരമോടൻ തുടങ്ങിയ വിത്തിനങ്ങളാണ് ഉപയോഗിച്ചിരുന്നത്. വിളവിന്റെ കാര്യത്തിൽ മോശമല്ലാത്ത സ്ഥിതിയായിരുന്നു ഉണ്ടായിരുന്നത്. 10 മുതൽ 15 മേനിവരെ വിളയിച്ച കർഷകർ അന്നുണ്ടായിരുന്നു.

കാർഷിക പ്രധാനമായ ഒന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി വന്ന മംഗലം

ഡാം അണക്കെട്ടും അതിന്റെ ജലസേചന സൗകര്യവും 1960 ഓടുകൂടിയാണ് പഞ്ചായത്ത് അതിർത്തിയിൽ ലഭിക്കാൻ തുടങ്ങിയത്. അതിനുശേഷമാണ് രണ്ടാമത്തെ പൂവ്വൽ കൃഷി വ്യാപകമായി എടുക്കാൻ തുടങ്ങിയത്. സൂര്യോദയത്തിനു മുൻപ് ആരംഭിച്ച് സൂര്യൻ അസ്തമിച്ചാലും നിറുത്താതെ പണി ചെയ്തായിരുന്നു കൃഷി നടത്തിയിരുന്നത്. കർഷക കുടുംബങ്ങളിലെ ആബാലവൃദ്ധം പ്രവർത്തനത്തിൽ ഏർപ്പെടുമായിരുന്നു.

തോട്ടവിളകളുടെയും പറമ്പു കൃഷിയുടെയും പ്രചാരം 1970 നു ശേഷമാണ് പഞ്ചായത്ത് അതിർത്തിയിൽ ഉണ്ടായത്. പറമ്പു കൃഷിയിൽ വളരെ പ്രചാരം സിദ്ധിച്ച കൃഷിയാണ് കപ്പ (മരച്ചീനി). ലാഭകരമായി കപ്പ കൃഷി ചെയ്യാൻ കഴിഞ്ഞിരുന്നു. ഒരു ദശാബ്ദമാകുമ്പോഴേക്കും പ്രസ്തുത കൃഷിയെ സങ്കീർണ്ണമായ ചില പ്രശ്നങ്ങൾ ബാധിച്ചു. വിപണനത്തിൽ ഉണ്ടായ പ്രശ്നമായിരുന്നു. മുഖ്യ വിളവെടുപ്പ് കാലത്ത് ഡിമാൻറ് ഇല്ലാതാക്കി കർഷകരുടെ നട്ടെല്ലൊടിക്കുന്ന സാഹചര്യം ഉണ്ടായതോടുകൂടി കപ്പകൃഷിയോടുള്ള ആഭിമുഖ്യം കുറയാൻ തുടങ്ങി. പ്രസ്തുത ഘട്ടത്തിലാണ് നാണ്യവിളയായ റബ്ബറിന്റെ പ്രചാരം നമ്മുടെ പഞ്ചായത്തിൽ എത്തുന്നത്. ഇന്ന് വളർന്നു വികസിച്ചു വരുന്ന ഒരു കൃഷിയുമാണിത്. പ്രായേണ ലാഭകരമായ ഒരു കൃഷിയായതുകൊണ്ട് തന്നെ റബ്ബറിന്റെ പ്രചാരം ധ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയുമാണ്. വർദ്ധിച്ചു വരുന്ന മറ്റൊരു കൃഷിയാണ് തെങ്ങുകൃഷി വൻതോതിൽ പച്ചക്കറി കൃഷി ചെയ്യുന്ന രീതി വർഷങ്ങൾക്കുമുൻപ് ഉണ്ടായിരുന്നു. വേനൽക്കാലങ്ങളിൽ നെൽക്കൃഷിയിടങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർ ധാരാളം ഉണ്ടായിരുന്നു. ജല ലഭ്യത കുറഞ്ഞുവന്നതോടുകൂടി വേനൽക്കാല പച്ചക്കറി കൃഷി അപ്രത്യക്ഷമായിരിക്കുന്നു. പാടങ്ങളിലും പറമ്പിലും വ്യാപകമായി ഇടവിളയായി കൃഷി ചെയ്തിരുന്ന ഉഴുന്ന്, ചെറുപയർ, മുതിര, എള്ള്, ചാമ എന്നിവ പഴമക്കാരുടെ സ്മൃതിമണ്ഡപത്തിൽ മാത്രം തങ്ങിനിൽക്കുന്ന കാർഷിക രീതിയായിരിക്കുന്നു. നൂതന രീതികളുടേയും സമ്പ്രദായങ്ങളുടെയും ദശകങ്ങളുടെ പരീക്ഷണങ്ങൾക്ക് ശേഷമുള്ള ഇന്നത്തെ കാർഷികരീതിയെക്കുറിച്ച് വിശകലനത്തിന് മുതിരുന്ന നമുക്ക് കാണാൻ കഴിയുന്നത് നാണ്യ വിളകളുടെ ക്രമാതീതമായ വർദ്ധനവാണ്. ഒന്നൽക്കൃഷിയുടെ സ്ഥാനത്ത് നാണ്യവിളയായ റബ്ബർ പ്രഥമ പരിഗണയിലേക്ക് വന്നുകൊണ്ടിരിക്കുന്നു. ധന്മുടെ പഞ്ചായത്തിലെ പ്രധാനപ്പെട്ട കാർഷിക വിളകളും നെല്ല്, തെങ്ങ്, റബ്ബർ, പയർ, വാഴ, മരച്ചീനി, കുരുമുളക്, പ്ലാവ്, കശുമാവ്, ഇഞ്ചി, മഞ്ഞൾ എന്നിവയാണ്.

പഞ്ചായത്തിലെ കാർഷികവിളകളും സ്ഥലത്തിന്റെ അളവും:-

നമ്പർ	വിള	വിസ്തീർണ്ണം (ഹെക്ടറിൽ)
1	നെല്ല് (ഒന്നാംവിള)	633
	നെല്ല് (രണ്ടാംവിള)	600
2	തെങ്ങ്	300
3	മരച്ചീനി	150
4	റബ്ബർ	100
5	പയർ	5
6	പച്ചക്കറികൾ	10
7	വാഴ	10
8	കുരുമുളക്	5
9	പ്ലാവ്	10
10	മാവ്	20
11	ഇഞ്ചി/മഞ്ഞൾ	10

നെല്ല്:-

പഞ്ചായത്തിലെ മുഖ്യ വിളയാണ് നെല്ല്. ഒന്നാം വിള 633 ഹെക്ടറും രണ്ടാം വിള

600 ഹെക്ടറുമാണ്. ജലസേചന പ്രശ്നം കൊണ്ട് 33 ഹെക്ടർ രണ്ടാം വിള കൃഷി ചെയ്യുന്നില്ല. താഴെ കാണും വിധമാണ് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ നെൽ കൃഷി ചെയ്യുന്നത്.

നെൽ കൃഷി ചെയ്യുന്ന സ്ഥലങ്ങളുടെ അളവ് പാടശേഖരം തിരിച്ച്:-

നമ്പർ	പാടശേഖരത്തിന്റെ പേര്	സ്ഥലത്തിന്റെ അളവ് (ഹെക്ടർ)
1	മണപ്പാടം	85
2	കണക്കന്നൂർ	72
3	പാട്ടോല	90
4	തെക്കെപ്പൊറ	36
5	കീഴ, കരിയംപാടം	102
6	ചൂലിപ്പാടം	72
7	ഉളികുത്താംപാടം	31
8	കണ്ണത്തുകാട്	32
9	വടക്കെപ്പൊറ	72
10	തെരുവ്	41
	ആകെ	633

ഉൽപ്പാദനത്തിന്റെ കണക്ക് എടുത്ത് പരിശോധിച്ചാൽ

	ഒന്നാംവിള	രണ്ടാംവിള
വിസ്തീർണ്ണം	633 ഹെക്ടർ	600 ഹെക്ടർ
മൊത്തം ഉൽപ്പാദനം	2405.4 MT.	2160 MT.
ഉൽപ്പാദനക്ഷമത	3.8 MT.	3.6 MT.
സംസ്ഥാന ശരാശരി	1.92 MT.	1.92 MT.

സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ് ഉൽപാദനക്ഷമത എങ്കിലും ഉൽപാദനക്ഷമത കുറഞ്ഞുകൊണ്ട് വരികയാണ്. 1990 കളിൽ 3 മുതൽ 4.5 മെട്രിക് ടൺ വരെ ഉൽപാദനക്ഷമത എത്തിയിരുന്നു. ഒന്നാം വിള യിറക്കുന്ന മുഴുവൻ പ്രദേശങ്ങളിലും രണ്ടാം വിള ഇറക്കാൻ കഴിയുന്നില്ല. രണ്ടാം വിള ഇറക്കിയ പ്രദേശങ്ങളിൽത്തന്നെ വിള മോശമാവുന്നു. ജലസേചനപ്രശ്നമാണ് മുഖ്യമായി വരുന്നത്. നെൽകൃഷിയുടെ രംഗത്ത് രണ്ടാം വിള മുഴുവൻ സ്ഥലങ്ങളിലും ഇറക്കാൻ കഴിയുകയും ഉൽപാദനം പരമാവധി ഉയർത്താൻ ശ്രമിക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. രണ്ടാം വിള ഇറക്കാൻ കഴിയാത്ത 33 ഹെക്ടർ സ്ഥലത്ത് പച്ചക്കറി, പയർകൃഷി എന്നിവ നടത്താൻ കഴിയുന്ന സാധ്യതയും പരിശോധിക്കേണ്ടതാണ്. പ്രധാനമായി കൃഷിചെയ്യുന്ന നെല്ലിനങ്ങൾ കുഞ്ഞുകുഞ്ഞ്, കൈരളി, ആതിര, കാഞ്ചന, മട്ടത്രിവേണി എന്നിവയാണ്.

തെങ്ങ്:-

300 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി ചെയ്യുന്നുണ്ട്. ഒരു തെങ്ങെങ്കിലും ഇല്ലാത്ത വീടുകൾ പഞ്ചായത്തിൽ വിരളമായിരിക്കും. ഉൽപ്പാദനക്ഷമത സംസ്ഥാന ശരാശരിയെക്കാൾ കൂടുതലാണ്. സംസ്ഥാന ശരാശരി (തെങ്ങ് 1 ന് 33 തേങ്ങ) ശാസ്ത്രീയമായ പരിചരണവും വളപ്രയോഗവും തെങ്ങു കൃഷിക്ക് നടത്തുന്നില്ല. ചെന്നീരൊലിപ്പ്, കൂമ്പുചീയൽ എന്നീ രോഗങ്ങൾ കൃഷിയെ പ്രധാനമായും ബാധിക്കുന്നു. വളർന്നുവരുന്ന ഒരു കൃഷിയായതുകൊണ്ടുതന്നെ ആധുനിക വൽക്കരണം കൃഷിസമ്പ്രദായത്തിൽ വരുത്തേണ്ടതായിട്ടുണ്ട്. പ്രധാനമായും കൃഷിചെയ്യുന്ന തെങ്ങിനങ്ങൾ നാടൻ, T×D, D×T എന്നിവയാണ്.

തെങ്ങ് കൃഷി വാർഡ് അടിസ്ഥാനത്തിൽ:–

വാർഡ്	വിസ്തീർണ്ണം ഹെക്ടറിൽ	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ
1	26.34	2788	1822	4610
2	25.18	1876	2532	4408
3	27.26	2969	1803	4772
4	31.81	2843	2725	5568
5	30 09	2587	2680	5267
6	34 97	3332	2789	6121
7	41.88	2994	2585	5579
8	48.68	3880	2890	6770
9	42.38	3681	1986	5667
ആകെ	300.00	26950	21812	48762

മരച്ചീനി:–(കപ്പ)

150 ഹെക്ടർ സ്ഥലത്ത് മരച്ചീനി കൃഷി ചെയ്യുന്നുണ്ട്. കൃഷി കുറഞ്ഞുകൊണ്ടു വരികയാണ്. ഉൽപാദനക്ഷമത കൂടിയ ഇനങ്ങളായ മിക്സ്ച്ചർ, M. 4 എന്നീ ഇനങ്ങളാണ് കൃഷിചെയ്യുന്നത്. പഞ്ചായത്തിലെ മൊത്തം ഉൽപാദനം 1300 MT ആണ്. ഉൽപാദനക്ഷമത 14 MT സംസ്ഥാന ശരാശരി 6 MT സംസ്ഥാന ശരാശരിയുടെ ഇരട്ടി ഉൽപ്പാദനക്ഷമത ഉണ്ടായിട്ടും വർഷംതോറും കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ ഉണ്ടാകുന്ന കുറവ് പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

റബ്ബർ:–

100 ഹെക്ടർ സ്ഥലത്ത് കൃഷിചെയ്യുന്നുണ്ട് ഉൽപാദനം 150 MT സംസ്ഥാന ശരാശരിയേക്കാൾ കൂടതലാണ് ഉൽപാദനക്ഷമത. ആർ. ആർ. ഐ. 105 ഇനമാണ് പ്രധാനമായി കൃഷി ചെയ്യുന്നത്. വർദ്ധിച്ചുവരുന്ന ഒരു കൃഷിയായതുകൊണ്ടുതന്നെ വമ്പിച്ച സാധ്യതകൾ ഉണ്ട്.

ഇഞ്ചി–മഞ്ഞൾ:–

10 ഹെക്ടർ സ്ഥലത്ത് ഇഞ്ചി, മഞ്ഞൾ എന്നിവ കൃഷി ചെയ്യുന്നു. 180 MT ഉൽപാദനം ഉണ്ട്. ഉൽപാദനക്ഷമത 18 MT ആണ്. ഇഞ്ചി ഉൽപാദനക്ഷമത സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്.

വാഴ -

10 ഹെക്ടർ സ്ഥലത്ത് വാഴ കൃഷിചെയ്യുന്നു. നാടൻവാഴകളും നേന്ത്രവാഴകളും പ്രധാന ഇനങ്ങളാണ്. പൂവൻ, പാളയംകോടൻ കുന്നൻ, പൊന്തൻ എന്നീ നാടൻ വാഴകളും, നെടുനേന്ത്രൻ, ചെങ്ങാലിക്കോടൻ എന്നീ നേന്ത്രവാഴ ഇനങ്ങളും കൃഷിക്ക് ഉപയോഗിക്കുന്നു. 60 M.T ഉൽപാദിപ്പിക്കുന്നുണ്ട്. ഉൽപാദനക്ഷമത 6M.T. നേന്ത്രവാഴയേക്കാൾ ലാഭകരമാണ് നാടൻ ഇനങ്ങളുടെ കൃഷി എങ്കിലും ജലസേചനസൗകര്യം കണക്കിലെടുത്ത് സാധ്യതയുള്ള സ്ഥലങ്ങളിൽ സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ നേന്ത്രവാഴ കൃഷി നടത്തിയാൽ നല്ല ഡിമാൻറുള്ള ഓണ

ക്കാലങ്ങളിൽ ഉൽപ്പന്നമായി മാറ്റാൻ കഴിയുകയും കർഷകർക്ക് നല്ല വില ലഭിക്കുകയും ചെയ്യും.

പച്ചക്കറി:–

10 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നുണ്ട്. കുമ്പളം, മത്തൻ, കയ്പ പടവലം, വെണ്ട, വഴുതിന, മുളക്, കൂർക്ക എന്നിവയാണ് പ്രധാനമായും കൃഷി ചെയ്യുന്നത്. വമ്പിച്ച സാധ്യതയും–വികസിപ്പിക്കേണ്ടതുമായ ഒരു കൃഷിയാണിത്.

പയർ;-

5 ഹെക്ടർ സ്ഥലത്ത് പയർ കൃഷി ചെയ്യുന്നു. സീസണുകളിൽ മാത്രമാണ് കൃഷി ചെയ്യുന്നത്. നാടൻപയർ, മുതിര, ഉഴുന്ന്, ചെറുപയർ എന്നിവയാണ് കൃഷിചെയ്യുന്ന പ്രധാന പയറിനങ്ങൾ. ഏക്കറിന് 4 കിലോക്കണക്കിൽ പയർ പാടങ്ങളിൽ വിത്ത് വിതക്കുന്നതിനോടൊപ്പം കൃഷിചെയ്യാൻ കഴിയുകയാണെങ്കിൽ നെൽക്കൃഷിക്ക് ലാഭകരമായി ചേർക്കാവുന്ന ജൈവവളമായി മാറ്റാൻ കഴിയും.

കുരുമുളക്:–

തെങ്ങിൻതോട്ടങ്ങളിലും പുരയിടങ്ങളിലുമാണ് പ്രധാനമായും കുരുമുളക് കൃഷി ചെയ്യുന്നത്. കൃഷി കുറഞ്ഞുകൊണ്ടുവരികയാണ്. നമ്മുടെ കാലാവസ്ഥക്ക് അനുയോജ്യമായ ഒരു കൃഷിയല്ല ഇത്.

പ്ലാവ്:–

10 ഹെക്ടർ സ്ഥലത്ത് പ്ലാവുണ്ട്. പരമ്പരാഗതമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുപോകുന്നതോടുകൂടി കൃഷിയും കുറയുന്നു വിപണന സാധ്യത വർദ്ധിച്ചു വന്നുകൊണ്ടിരിക്കുന്നതിനാൽ പ്ലാവ് കൃഷിയായി സംഘടിപ്പിക്കാനും വർദ്ധിപ്പിക്കാനും കഴിയണം.

കശുമാവ്:–

10 ഹെക്ടർ സ്ഥലത്ത് കശുമാവ് ഉണ്ട് എന്ന് കൃഷിഭവൻ രേഖകളിൽ ഉണ്ടെങ്കിലും, പ്രായോഗിക പരിശോധനയിൽ നമുക്ക് ദൃശ്യമാകുന്നില്ല. നാണ്യവിളയായ കശുവണ്ടിക്ക് നല്ല വിലയും കൂടാതെ വിറകാവശ്യത്തിനും ഉപയുക്തമായതിനാൽ കശുമാവ് കൃഷി വ്യാപിപ്പിക്കേണ്ടതാണ്.

മാവ്:–

20 ഹെക്ടർ സ്ഥലത്ത് മാവ് ഉണ്ട്. നല്ല വിപണന സാധ്യതയുള്ള ഇനങ്ങളും പരമ്പരാഗത ഇനങ്ങളും മാവുകളിൽ ഉണ്ട്. നല്ല വില അടുത്തകാലത്തായി കിട്ടാൻ തുടങ്ങിയതുകൊണ്ടുതന്നെ മാവുകൃഷി വർദ്ധിച്ചുവരുന്നുണ്ട്.

പഞ്ചായത്ത് അതിർത്തിയിലെ കാർഷിക മേഖലയെടുത്ത് പരിശോധിച്ചാൽ എല്ലാ കൃഷിയും സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ് ഉൽപാദനം എങ്കിലും സാധ്യതക്ക് അനുസരിച്ചുകൊണ്ടുള്ള ഉൽപാദനക്ഷമത ആകുന്നില്ല. പല ഘടകങ്ങളും ഇതിന് കാരണമായി വരുന്നുണ്ട്, അവയിൽ പ്രധാനമായ പ്രശ്നങ്ങൾ എന്തെല്ലാമാണ് എന്ന് നമുക്ക് പരിശോധിക്കാം.

ജലസേചന സൗകര്യങ്ങൾ:–

പഞ്ചായത്ത് അതിർത്തിയിലെ 333 ഹെക്ടർ സ്ഥലമാണ് ആയക്കെട്ട് ഏരിയ. ബാക്കിയുള്ള 300 ഹെക്ടർ സ്ഥലങ്ങളിൽ വടക്കെപ്പൊറ 107 ഹെക്ടറും ഉളിക്കുത്താംപാടം 65 ഹെക്ടറും ചൂലിപ്പാടം 98 ഹെക്ടറും പൂർണ്ണമായും ജലസേചനസൗകര്യം ഇല്ലാത്ത സ്ഥലങ്ങളാണ്. കൂടാതെ മറ്റ് പാടശേഖരങ്ങളിലായി മണപ്പാടം 5 ഹെക്ടർ കണക്കുന്നർ 3 ഹെക്ടർ തെരുവ് 5 ഹെക്ടർ കീഴ 9 ഹെക്ടർ തെക്കെപ്പൊറ 5 ഹെക്ടർ പാട്ടോല 3 ഹെക്ടർ സ്ഥലങ്ങളിൽ ജലസേചന സൗകര്യമില്ല.

പ്രധാനപ്പെട്ട ജലസേചനസൗകര്യം മംഗലം ഡാം വെള്ളം കനാലിലൂടെ എത്തുന്നതാണ്. രണ്ടാം വിളക്കുള്ള മുഖ്യ ആശ്രയമായ പ്രസ് തുതവെള്ളം കൃത്യമായി കിട്ടാറില്ല. കനാലു കളം അറകുറ പണികളം നടത്താറില്ല. അറ പ്രദേശങ്ങളായ കണക്കന്നൂർ, പാട്ടോല പ്രദേശങ്ങളിലുള്ള പാടശേഖരങ്ങളിൽ വെള്ളമെത്താത്തതുകൊണ്ടുതന്നെ രണ്ടാം വിള കൃത്യമായി എടുക്കാൻ കഴിയുന്നില്ല. മംഗലം ഡാമിന്റെ സ്റ്റോറേജ് കപ്പാസിറ്റി കുറഞ്ഞതും ഒരു വലിയ പ്രശ്നമാണ്.

വിവിധ പാടശേഖങ്ങളിൽ ജലസേചനത്തിനു വേണ്ടി നിർമ്മിച്ച താഴെ കാണും വിധം സംവിധാനങ്ങളം ഉണ്ട്.

പൊതുകിണർ	കുഴൽകിണർ	കുളം
18	18	12

എന്നാൽ പ്രസ്തുത സൗകര്യം കൃഷിക്കല്ല ഉപയോഗിക്കുന്നത്. കാർഷിക ആവശ്യത്തിനാണ് എന്ന ലേബൽ ഉപയോഗപ്പെടുത്തി സർക്കാർ ആനുകൂല്യം കൈപ്പറ്റുന്നെങ്കിലും നിർദ്ദിഷ്ട ലക്ഷ്യത്തിനുവണ്ടി ഉപയോഗപ്പെടുത്തുന്നില്ല.

നിലവിലുള്ള ചെക്കുഡാമുകളും സൗകര്യങ്ങളും:—

1 പുതുക്കോട് തോട്ടിൽ — 1
2 കീഴയിൽ പഞ്ചായത്ത് നിർമ്മിച്ചത് — 2
3 സ്വകാര്യ വ്യക്തി നിർമ്മിച്ചത് — 1
4 പുത്തിരിപ്പാടം — 1
5 പ്ലാഴിപുഴ ലിഫ്റ്റ് ഇറിഗേഷൻ — 1
(കമ്മീഷൻ ചെയ്തിട്ടില്ല)
6 മീൻചാട്ടപാറ ക്രോസ്ബാർ — 1
7 പാലാട്ടുതറ ചെക്ക്ഡാം — 1
8 പാട്ടോല ക്രോസ്ബാർ — 1
9 കണക്കന്നൂർ അംബേദ്ക്കർ കോളനി ചെക്ക്ഡാം&ലിഫ്റ്റ് ഇറിഗേഷൻ — 1
(പ്രവർത്തനം ആരംഭിച്ചിട്ടില്ല)
10 മഞ്ഞപ്ര തോട്ടിലുള്ള ക്രോസ്ബാർ — 1
(മണപ്പാടം പാടശേഖരത്തിന് ഉപയുക്തമായത്)
(കണ്ണമ്പ്ര പഞ്ചായത്തിന്റെ ഉടമസ്ഥയിലാണ്)

മേൽ സൂചിപ്പിച്ച ചെക്കുഡാമുകളം ഒന്നുംതന്നെ സംരക്ഷിക്കപ്പെടുന്നില്ല. ക്രോസ് ബാറുകളംക്കും ചെക്ക്ഡാമുകളംക്കും ഒന്നും തന്നെ പലകയില്ലാത്തതിനാൽ വെള്ളം സംഭരിക്കാൻ കഴിയുന്നില്ല. കൃഷിയെ ബാധിക്കുന്ന മുഖ്യപ്രശ്നമായി നമ്മുടെ പഞ്ചായത്ത് അതിർത്തിയിൽ വരുന്നത് ജലസേചനപ്രശ്നം തന്നെയാണ്.

ഉൽപ്പന്നങ്ങളുടെ വിപണനം:—

കാർഷിക ഉൽപ്പന്നങ്ങളം വിപണനം നടത്താൻ യാതൊരു സൗകര്യവും പഞ്ചായത്ത് അതിർത്തിയിൽ ഇല്ല. പ്രധാന വിളയായ നെല്ല് കമ്മീഷൻ ഏജൻറുമാർ ശേഖരിച്ച് കൊണ്ടുപോകുന്ന പതിവാണ് ഇന്നുള്ളത്. ഏജൻറുമാർ ശേഖരിക്കുന്ന നെല്ല് വൻകിട മില്ലുകാർക്ക് എത്തിച്ചുകൊടുക്കുന്നു. അതുകൊണ്ടുതന്നെ കർഷകർക്ക് വില കൃത്യമായി കിട്ടുന്നില്ല. കമ്മീഷൻ ഏജൻറുമാർ നിശ്ചയിക്കുന്ന വിലക്ക് നെല്ല് വിൽപ്പന നടത്തേണ്ട സാഹചര്യം കൃഷിക്കാർക്ക് വന്നുചേരുന്നു. വലുതും ചെറുതുമായ 15 നെല്ലുകുത്ത് മില്ലുകളം പഞ്ചായത്ത് അതിർത്തിയിൽ ഉണ്ട്. സഹകരണസംഘം നെല്ല് സംഭരിക്കുന്നില്ല. സഹകരണസംഘം നെല്ല് സംഭരിച്ച് നെല്ല് കുത്തി അരിയാക്കാൻ മില്ലുകളെ ആശ്രയിച്ചാൽ കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കും..

പഞ്ചായത്ത് അതിർത്തിയിൽ ഉൽപ്പാദിപ്പിക്കുന്ന കപ്പ സേലം മാർക്കറിലാണ് വിപണനം

നടത്തുന്നത്. വിളവെടുപ്പുകാലമാകുമ്പോഴേക്കും ചില മില്ലുകാരും കമ്മീഷൻ ഏജന്റുമാരും ഒന്നിച്ച് കൃഷിക്കാരിൽനിന്നും വളരെ കുറഞ്ഞ നിരക്കിൽ മാത്രമെ ശേഖരിക്കുന്നുള്ളു. കപ്പ കൃഷി കുറയാൻ പ്രധാനപ്പെട്ട കാരണം വിപണന കാര്യത്തിൽ ഉണ്ടായ പ്രശ്നങ്ങളാണ്. കപ്പ മുഴുവൻ സംഭരിച്ച് സംസ്ക്കരിക്കാൻ പഞ്ചായത്ത് അതിർത്തിയിൽ കഴിഞ്ഞാൽ കർഷകർക്ക് മെച്ചപ്പെട്ട വിലലഭിക്കും

നാളികേരം പൊതുമാർക്കറ്റിലാണ് വിപണനം നടത്തുന്നത്. വീട്ടാവശ്യത്തിനുള്ള നാളികേരം കഴിച്ച് ബാക്കി സംഭരിക്കാൻ വേണ്ട ഏർപ്പാടുകളും ഇല്ല. വളരെ അടുത്ത കാലത്തായി പുതുക്കോട് ആരംഭിച്ച കൊപ്ര സംസ്ക്കരണമിൽ നാളികേരം സംഭരിക്കുന്നു കേരകർഷക സമിതിയുടെ ആഭിമുഖ്യത്തിൽ കൊപ്ര ശേഖര സംസ്ക്കരണ യൂണിറ്റിനു സാദ്ധ്യതയുള്ളതാണ് ഉൽപ്പാദന ചിലവുമായി ബന്ധപ്പെടുത്തി വില കിട്ടുന്നില്ല എന്ന പരാതി കൃഷിക്കാർക്ക് ഉണ്ട്.

റബ്ബർ കർഷകർ വടക്കഞ്ചേരി മാർക്കറ്റിലുള്ള റബ്ബർ കടകളെയാണ് വിപണനത്തിനു ആശ്രയിക്കുന്നത്. വർദ്ധിച്ചു വരുന്ന ഒരു കൃഷി രീതി ആയതുകൊണ്ട് റബ്ബർ സംഭരണത്തിനും സംസ്ക്കരണത്തിനുമായി ഒരു സഹകരണ സംഘത്തിനു സാധ്യതയുള്ളതാണ്.

പച്ചക്കറികൾ, ചക്ക, മാങ്ങ, ഇഞ്ചി, മഞ്ഞൾ, വാഴയ്ക്ക എന്നിവ പൊതുകടകളിലും തൃശൂർ മാർക്കറ്റിനേയും ആശ്രയിച്ചാണ് വിപണനം നടത്തുന്നത്. സീസനുകളിൽ ഉണ്ടാകുന്ന ഉൽപ്പന്നങ്ങൾ സംഭരിക്കാൻ വേണ്ട സൗകര്യമില്ലാത്തതുകൊണ്ടുതന്നെ അതാതു ദിവസങ്ങളിൽ മാർക്കറ്റിൽ ഉണ്ടാകുന്ന വിലക്ക് ഉൽപ്പന്നങ്ങൾ വിൽക്കാൻ കർഷകർ നിർബന്ധിതരാകുന്നു. ആയതുകൊണ്ടുതന്നെ ഉൽപ്പാദനചിലവുമായി ബന്ധപ്പെടുത്തി വില കിട്ടുന്ന സാഹചര്യവും ഇല്ല. മാങ്ങ സീസണിൽ പഞ്ചായത്ത് അതിർത്തിയിൽ തന്നെ ശേഖരണ കേന്ദ്രങ്ങളും ഉണ്ട് എങ്കിലും വളരെ മുൻപ് മാങ്ങക്ക് വില കൊടുത്ത് നിർത്തിയിരിക്കുന്നതിനാൽ മാർക്കറ്റ് അനുസരിച്ച് വില കർഷകർക്ക് ലഭിക്കുന്നില്ല. കമ്മീഷൻ ഏജന്റുമാർക്കാണ് വിലയിലുണ്ടാകുന്ന മാറ്റത്തിന്റെ ഗുണം ലഭിക്കുന്നത്. ആയതുകൊണ്ട് പഞ്ചായത്തു അതിർത്തിയിലുള്ള കാർഷിക ഉൽപ്പന്നങ്ങളും സംഭരിക്കാൻ ആവശ്യമായ സംവിധാനം സഹകരണാടിസ്ഥാനത്തിൽ തുടങ്ങിയാൽ മാത്രമെ കർഷകരെ സഹായിക്കാൻ കഴിയുകയുള്ളു.

ഭൂഉടമസ്ഥരുടെ എണ്ണം:-

പഞ്ചായത്ത് അതൃത്തിയിലെ ഭൂമി 5163 ഭൂഉടമകളുടെ കൈവശമാണ്.

നാമമാത്ര കർഷകർ ഹെക്ടറിനുതാഴെ	4900
ചെറുകിട കർഷകർ 1–2 ഹെക്ടർ	156
വൻകിട കർഷകർ 2 ഹെക്ടറിനു മുകളിൽ	107

1991ലെ സെൻസസ് കണക്കനുസരിച്ച്,

കൃഷിക്കാർ	505
കർഷകതൊഴിലാളികൾ	3085

കാർഷിക ഉടമസ്ഥതയുടെ കണക്കനുസരിച്ച് സ്വന്തം ഭൂമിയിൽ അധ്വാനിക്കുന്ന കൃഷിക്കാർ 9.78% മാത്രമാണ്. കർഷക കുടുംബങ്ങളിൽ വളർന്നു വരുന്ന തലമുറ കാർഷിക വൃത്തിയുമായി ബന്ധപ്പെട്ടുവരുന്നില്ലാ. കാർഷിക ജനസംഖ്യയിൽ കൃഷിക്കാർ 14.07 %ഉം കർഷക തൊഴിലാളികൾ 85.93 %മാണ്. വളരെ അടുത്തകാലത്തായി കർഷക തൊഴിലാളികൾ മറ്റു നിർമ്മാണ മേഖലകളിലേക്ക് തിരിഞ്ഞു പോകുന്നത് വലിയ പ്രശ്നമായി വന്നിരിക്കയാണ്.

കൂലി നിരക്ക്:–

ഇനം	ആൺ	പെൺ
ഉഴവ്	150	—
കിളക്കൽ	75	35
ഞാറ്നടൽ	—	35
കളപറി	—	35
തേങ്ങയിടൽ	4 രൂപ (1 തെങ്ങിന്)	—
റബ്ബർവെട്ട്	50	50
കീടനാശിനിതെളി	75	—

കൊയ്ത്തിന് കൂലി നെല്ലായികൊടുക്കുന്നു. 1/6 നിരക്കിലാണ് കൊയ്ത്തിനും മെതിക്കും കൂലികൊടുക്കുന്നത്. സ്ത്രീ പുരുഷ വിവേചനമില്ലാതെ കൂലി കിട്ടുന്നത് കൊയ്ത്തിൽ മാത്രമാണ്.

രാസവള ഉപയോഗം

രാസവളം (മെട്രിക്ടൺ):–

കഴിഞ്ഞ മൂന്നു വർഷങ്ങളിലെ രാസവള പ്രയോഗം താഴെ കാണും വിധമാണ്.

വർഷം	നൈട്രജൻ	ഫോസ് ഫറസ്	പൊട്ടാഷ്
93–94	114.91	31.97	37.68
94–95	117.7	27.5	35.2
95–96	118.8	27.85	37.32

കീടനാശിനി ഉപയോഗം:–

താഴെ കാണും വിധം കീടനാശിനികളും കഴിഞ്ഞമൂന്നു വർഷങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്

വർഷം	ഖരം	ദ്രാവകം
93-94	650 കി. ഗ്രാം	282ലി.
94–95	670 ,,	295 ,,
95–96	708 ,,	313 ,,

രാസവളത്തിന്റെയും കീടനാശിനിയുടെയും ഉപയോഗം കൂടിക്കൊണ്ടുവരുന്നു. ജൈവവളപ്രയോഗം കുറഞ്ഞുവരികയാണ്. പച്ചിലകളുടെ ലഭ്യതക്കുറവ് ജൈവവളപ്രയോഗം കുറയാനുള്ള മുഖ്യ കാരണമാണ്. കാലിവളവും ചാരവുമാണ് പ്രധാന ജൈവവളം. രാസവള വിൽപ്പന നടത്തുന്നതിന് പഞ്ചായത്ത് അതിർത്തിയിൽ 1 സഹകരണ വിൽപ്പന ശാലയും 5 സ്വകാര്യ വ്യക്തികളും നടത്തുന്ന വിൽപ്പന ശാലകളും ഉണ്ട്.

പ്രശ്നങ്ങൾ—
ഗ്രാമസഭാ നിർദേശങ്ങൾ

ജലസേചന പ്രശ്നങ്ങൾ—

1. മംഗലം ഡാമിന്റെ സ്റ്റോറേജ് കപ്പാസറി കൂട്ടണം.
2. ഒന്നാം വാർഡിലെ കരിയംപാടം, ചെറുകാഞ്ഞിരകോട്, കളയൻകുന്ന്, തച്ചനടിപാടം എന്നീ പാടശേഖരങ്ങളിലുള്ള കുളങ്ങളും ആഴം കൂട്ടി കെട്ടി വൃത്തിയാക്കിയാൽ കൃഷിക്ക് ഉപയോഗപ്പെടുത്താം.
3 പുതുക്കോട് തോട്ടിലെ ചെക്ക്ഡാം ഉപയോഗപ്രദമല്ല. ചോർച്ച നികത്തി ഉപയുക്തമാക്കണം.
4 തെരുവിൽ നിലവിലുള്ള കനാൽ ദീർഘിപ്പിക്കണം.
5 പട്ടിക്കാളിപാടം ജലസേചന സൗകര്യമില്ലാത്ത പ്രദേശമാണ്. പട്ടിക്കാളി കുളം താഴ്ത്തിക്കെട്ടിജലസേചന സൗകര്യം ഉണ്ടാക്കണം.
6 3 ചെക്ക്ഡാമുള്ള കീഴയിൽ ഒന്നിനും പലകകളും ഇല്ല ചെക്ക്ഡാമുകളുടെ ഉയരം കൂട്ടി സൈഡ് കെട്ടി വെള്ളം സംഭരിക്കാനുള്ള ശേഷി കൂട്ടണം.
7 കണ്ണമ്പ്ര തോട്ടുപാലത്തിൽനിന്നും വരുന്ന മൈൻ കനാൽ ചൂലിപ്പാടത്ത് എത്തിക്കണം.
8 കീഴ വലിയകുളം കെട്ടിവൃത്തിയാക്കി ജലസേചന സൗകര്യം ഏർപ്പെടുത്തണം.
9 പാടശേഖരങ്ങളിലുള്ള മുഴുവൻ വെള്ളച്ചാലുകളും സംരക്ഷിക്കണം.
10 പ്ലാഴി പുഴയിൽ ചെക്ക്ഡാം നിർമ്മിക്കണം.

11 മുട്ടത്തോർകുളമ്പ് നീരുറവ സംരക്ഷിച്ച് എർത്ത്ഡാം കെട്ടി ജലസേചന സൗകര്യം ഉണ്ടാക്കണം.

12 കനാലുകളം മുഴുവൻ സൈഡ് കെട്ടി വൃത്തിയാക്കണം.

13 പാട്ടോല തോടിന്റെ സൈഡ് കെട്ടി വൃത്തിയാക്കണം.

14 ചകിരിക്കുഴിപാടം, തിരുവടി കീടംകുന്ന്, വെട്ടത്തുപാടം, പാട്ടോല കിഴക്കേ പാടത്തുള്ള 2 വെള്ളച്ചാലുകളം അടക്കം മുഴുവൻ വെള്ളച്ചാലുകളും കെട്ടി വൃത്തിയാക്കി സൂക്ഷിക്കണം

15 ചെക്ക്ഡാമുകളുടെ സംരക്ഷണം ജനകീയ സമിതികളെ ഏൽപ്പിക്കണം.

16 കണ്ണമ്പ തോട്ടിലുള്ള ചെക്ക്ഡാം ഉപയോഗ യോഗ്യമാക്കണം.

17 മായൻകുളം, പരിക്കൻകോട് കുളം, കണ്ണൻകുളം എന്നിവ ആഴം കൂട്ടി കെട്ടിവൃത്തിയാക്കി കൃഷിക്ക് ഉപയുക്തമാക്കണം.

18 മുതയൻകോട് സൈഫൺ റിപ്പയർ ചെയ്ത് തെക്കെപ്പൊറയിൽ വെള്ളം എത്തിക്കണം.

മറുപ്രശ്നങ്ങൾ:-

1. മണ്ണു പരിശോധന കൃത്യമായി നടക്കുന്നില്ല.
2. ജൈവവള പ്രയോഗം കുറഞ്ഞുകൊണ്ടു വരികയാണ്.
3. നെൽ കൃഷി കുറയുന്നു.
4. കീടബാധ കൃഷിയെ ബാധിക്കുന്നു.
5. വായ്പാ സൗകര്യം വേണ്ടത്ര ലഭിക്കുന്നില്ല.
6. ഉൽപ്പാദന ക്ഷമത കുറയുന്നു.
7. വെള്ളം ആവശ്യത്തിന് കിട്ടുന്നില്ല.
8 കർഷക തൊഴിലാളികളെ ആവശ്യത്തിന് കിട്ടുന്നില്ല.
9 വർഷക്കാലത്ത് തോടിന് ഇരുവശത്തുമുള്ള പാടശേഖരങ്ങളിൽ വെള്ളം കയറി കൃഷി നശിക്കുന്നു.
10 കീഴ, തെക്കെപ്പൊറ എന്നീ പ്രദേശങ്ങളിൽ മഴക്കാലത്ത് മണ്ണൊലിപ്പ് ഉണ്ടാകുന്നു.
11 പഞ്ചായത്ത് അതിർത്തിയിലെ പല പ്രദേശങ്ങളിലും പ്രത്യേകിച്ച് ടൈലെൻറ് പ്രദേശങ്ങളായ പാട്ടോല, കണക്കന്നൂർ എന്നിവിടങ്ങളിൽ രണ്ടാംവിളക്ക് കനാൽ വെള്ളം കിട്ടുന്നില്ല.
12 നല്ല വിത്തുകളം കിട്ടാനില്ല.
13 കാർഷിക ഉപകരണങ്ങളം വേണ്ടത്ര കിട്ടാനില്ല.
14 ഉൽപ്പന്നങ്ങളം വിറ്റഴിക്കാൻ കഴിയുന്നില്ല
15 നിലവിലുള്ള ചെക്കുഡാമുകളം ഒന്നുംതന്നെ ജലം സംഭരിക്കാൻ കഴിയാത്ത രീതിയിലാണ്.
16 ഉൽപ്പന്നങ്ങൾക്ക് വേണ്ടത്ര വില ലഭിക്കുന്നില്ല.
17 കൃഷിഭവന്റെ സേവനം കാര്യക്ഷമമല്ല.
18 രാസവള സബ്സിഡി കൃത്യമായി വിതരണം നടക്കുന്നില്ല.

സാധ്യതകൾ:-

1 ജലസേചന സൗകര്യം വർദ്ധിപ്പിച്ച് മുഴുവൻ പ്രദേശത്തും രണ്ടാം വിള ഇറക്കാൻ സൗകര്യമുണ്ടാക്കുക.
2 ജലസേചന സൗകര്യമില്ലാത്ത 300ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യമുണ്ടാക്കണം.
3. മുഴുവൻ പാടശേഖരങ്ങളിലുമുള്ള കുളങ്ങളം ആഴം കൂട്ടി കെട്ടി വൃത്തിയാക്കുക.
4 നിലവിലുള്ള ചെക്കുഡാമുകളും ക്രോസ്ബാറുകളും റിപ്പയർചെയ്ത് ഷട്ടറുകളം പുതുക്കി ജനകീയസമിതികളെ മേൽനോട്ടം ഏൽപ്പിക്കുക.
5 ചെക്കുഡാമുകളുടെ മുകളിലുള്ള പ്രദേശങ്ങളം സൈഡുകെട്ടി ഉയർത്തി കൂടുതൽ ജലം സംഭരിക്കാനുള്ള ശേഷി ഉണ്ടാക്കുക.
6 മുഴുവൻ പാടശേഖരങ്ങളിലുമുള്ള പൊതു വെള്ളച്ചാലുകളം സംരക്ഷിക്കുക.
7 എല്ലാവർഷവും മണ്ണ് പരിശോധന നടത്തുക.
8 മണ്ണ് സംരക്ഷണ പ്രവർത്തനം ജന പങ്കാളിത്തത്തോടെ നടപ്പിലാക്കുക.
9 പുതിയ വിത്തുകളം വിതരണം ചെയ്യുക.
10 നേഴ്സറികളം ആരംഭിക്കുക.
11 കാർഷിക ഉപകരണങ്ങളം വിതരണം ചെയ്യുന്നതിനായി കാർഷിക ക്ലിനിക്കുകളം ആരംഭിക്കുക.

12 ജല ലഭ്യത വർദ്ധിപ്പിച്ച് രണ്ടാംവിളക്കു ശേഷം പാടങ്ങളിൽ പച്ചക്കറി, മധുരക്കിഴങ്ങ് പയറുവർഗ്ഗങ്ങൾ, പച്ചിലവിളകൾ എന്നിവ കൃഷി ചെയ്യുക.

13 തെങ്ങ് കൃഷിയിടങ്ങളിൽ ഇടവിളകൾ പ്രോത്സാഹിപ്പിക്കുക.

14 ഉൽപ്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ മാറി ഉൽപ്പാദനക്ഷമത കൂടിയ ഇനങ്ങൾ വെച്ചു പിടിപ്പിക്കുക.

15 ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ പുതിയ ചെക്ക്ഡാമുകൾ, പ്ലാഴി, പാലാട്ടുതറ, പൂവ്വക്കോട് പാട്ടോല പ്രദേശങ്ങളിൽ ഉണ്ടാക്കുക.

16 നൂതന കൃഷി സംരംഭങ്ങൾ ആയ പൂകൃഷി, കൂൺകൃഷി, തേനീച്ചവളർത്തൽ, ഔഷധ സസ്യക്കൃഷി, പച്ചക്കറികൃഷി എന്നിവ ഏറെടുത്ത് നടത്തുക.

17 വീട്ടുവളപ്പുകളിൽ പയർ, പടവലം, വെള്ളരി, മത്തൻ, കുമ്പളം, ചീര, ചേമ്പ്, ചേന കാച്ചിൽ, കൂർക്ക, വാഴ എന്നിവയുടെ കൃഷി വർദ്ധിപ്പിക്കുക.

18 മാങ്ങ, ചക്ക തുടങ്ങിയ പഴവർഗ്ഗകൃഷി വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

19 വിവിധ പാടശേഖരസമിതികളെ ബന്ധപ്പെടുത്തികൊണ്ട് ഊർജ്ജിതനെൽകൃഷി വികസനത്തിന് ആവശ്യമായ പദ്ധതി തയ്യാറാക്കുക.

20 തെങ്ങുകൃഷി വികസനത്തിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുക.

21 റബ്ബർകൃഷി വർദ്ധിപ്പിക്കാൻ ആവശ്യമായ പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കുക,

22 കാർഷികരംഗത്തെ ബോധവൽക്കരണത്തിന് ആവശ്യമായ ക്യാമ്പുകൾ സംഘടിപ്പിക്കുക.

23 സ്കൂൾ വിദ്യാർത്ഥികളെ ബന്ധപ്പെടുത്തി കാർഷിക ക്ലബ്ബുകൾ ഉണ്ടാക്കുകയും, പച്ചക്കറി കൃഷി വ്യാപിപ്പിക്കാൻ വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യുക.

24 പാടശേഖരസമിതികളെ സജീവമാക്കുക.

25 പുരയിടങ്ങളിലും വീട്ടുവളപ്പിലും ജൈവവേലി സമ്പ്രദായം പ്രചരിപ്പിക്കുക.

26 പാടശേഖരസമിതികളെ ബന്ധപ്പെടുത്തി യന്ത്രവൽക്കരണം നടപ്പിലാക്കുക.

27 കാർഷിക ഉൽപ്പന്നങ്ങൾ സംസ്ക്കരിക്കാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്തുക.

28 കൃഷിഭവനെ സേവനം മെച്ചപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

29 കൃഷിക്കാരെ ആദരിക്കുന്ന പരിപാടികൾ സംഘടിപ്പിക്കുക.

കൃഷിയെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ:-

നെൽക്കൃഷിയെ ബാധിക്കുന്ന പ്രധാന രോഗങ്ങളാണ് മുഞ്ഞ, ചാഴി, പുഴുക്കേട് എന്നിവ. തെങ്ങിനെ ബാധിക്കുന്ന പ്രധാനരോഗങ്ങൾ ചെന്നീരൊലിപ്പ്, കൂമ്പ്ചീയൽ എന്നിവയാണ്. ശാസ്ത്രീയ രീതിയിലുള്ള മരുന്നുതെളി നടക്കുന്നുണ്ട് എങ്കിലും രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ ഉള്ള കൂട്ടായ്മ വർദ്ധിപ്പിക്കേണ്ടതാണ്.

വായ്പാ സൗകര്യങ്ങൾ:-

കൃഷിക്കാർ പ്രധാനമായി വായ്പക്ക് ആശ്രയിക്കുന്നത് കണ്ണമ്പ്ര സർവ്വീസ് സഹകരണസംഘത്തെയാണ്. കൂടാതെ വാണിജ്യ ബാങ്കുകളായ ഇന്ത്യൻ ഓവർസീസ് ബാങ്ക്, സൗത്ത്ഇന്ത്യൻ ബാങ്ക്, ലോർഡ് കൃഷ്ണാ ബാങ്ക് എന്നിവയേയും വായ്പക്കായി ആശ്രയിക്കുന്നു. എല്ലാ ബാങ്കുകളും വായ്പ കൊടുക്കുന്നുണ്ടെങ്കിലും കാർഷിക വായ്പ കൂടുതൽ നൽകുന്നത് കണ്ണമ്പ്ര സർവ്വീസ് സഹകരണ ബാങ്ക് ആണ്.

കണ്ണമ്പ്ര സർവ്വീസ്സഹകരണ ബാങ്ക് പഞ്ചായത്ത് അതിർത്തിയിൽ നൽകിയ വായ്പ:-

ഇനം	തുക
നെല്ല്	576090
കപ്പ	791075
റബ്ബർ	4630
തെങ്ങ്	9140
വാഴ	106310
ഇഞ്ചി	169880
ആകെ	1657125

കാർഷിക വികസന ബാങ്ക് ആലത്തൂർ ശാഖ നൽകിയ വായ്പ

ഇനം	എണ്ണം	തുക
ചെറുകിടജലസേചനം	12	202010
റബ്ബർ	7	180800
തെങ്ങ്	2	36820
പട്ടുനൂൽ	2	58200
ആകെ	23	477830

കാർഷിക മേഖലയെ വായ്പാ രംഗത്ത് സഹായിക്കുന്ന പ്രധാന ബാങ്കുകളും സഹകരണ ബാങ്കുകളാണ്.

കർഷക സംരംഭങ്ങൾ:—

നിലവിലുള്ള കൃഷി ഭവൻ മണപ്പാടത്തിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 1 കൃഷി ഓഫീസറും 2 കൃഷി അസിസ്റ്റൻറുമാരും ജീവനക്കാരായി ഉണ്ട്. ഗ്രാമസഭകളിൽ കൃഷി ഭവനെറ സേവനം തൃപ്തികരമല്ല എന്ന അഭിപ്രായം ഉണ്ടായിട്ടുണ്ട്. കൃഷിഭവനെറ പ്രവർത്തനം മെച്ചപ്പെടുത്താൻ ആവശ്യമായ നിർദ്ദേശങ്ങളും ഉണ്ടാകണം. കൃഷിഭവന് സ്വന്തമായി കെട്ടിടവും ഉണ്ടാകേണ്ടതാണ്.

1995-96 ലെ വർഷത്തിൽ കൃഷി ഭവനിൽ നിന്ന് വിതരണം ചെയ്ത ധന സഹായങ്ങളുടെ വിവരം:—

പദ്ധതികളുടെ പേര്		വിതരണം ചെയ്ത തുക
I	ഊർജ്ജിത നെൽക്കൃഷി പദ്ധതി	
1	മരുന്നുതളിക്കുറിപമ്പുകളുടെ വിതരണം	7700
2	കീടനാശിനികളുടെ വിതരണം	82113
3	കളനാശിനികളുടെ വിതരണം	22722
4	ചുണ്ണാമ്പുവസ്തുക്കളുടെ വിതരണം	60000
5	കിണർ/കുഴൽക്കിണർ കുഴിക്കാൻ	42460
6	മോട്ടോർ പമ്പുസെറ് വിതരണം	79987
II	ജൈവവള ഉൽപ്പാദനം വർദ്ധിപ്പിക്കൽ	
1	ഡൈഞ്ച പച്ചിലവളച്ചെടി വിതരണം	1500
2	കംപോസ്റ്റ് വളം നിർമ്മാണം	3500
III	റൈസ്ട്രേഡ് വിത്ത് ഉൽപ്പാദനപദ്ധതി	9000
IV	നെൽക്കൃഷി ഉൽപ്പാദന ബോണസ്സ്	156210
V	ഇഞ്ചി പ്രദർശന തോട്ടം	3225
VI	പയറുവർഗ്ഗങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കൽ	725
VII	ഹരിജനങ്ങൾക്ക് തെങ്ങ്/റബ്ബർ എന്നിവക്കുള്ള വളം വിതരണം	7451
VIII	കശുമാവ് കൃഷിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കൽ	960
IX	ബയോഗ്യാസ് നിർമ്മാണം	2400
X	സ്കൂൾ വിദ്യാർത്ഥികൾക്ക് പച്ചക്കറി കൃഷി ആനുകൂല്യം	450
XI	സമഗ്ര നാളികേര വികസന പദ്ധതി	
1	കിണർ	32500
2	മോട്ടോർ പമ്പ്സെറ്	7500
3	റോക്കർ സ്പ്രെയർ	1000
	ആകെ	521403

മേൽ എഴുതിയ ധനസഹായ വിതരണ പദ്ധതിയിൽ വളരെ പരിമിതമായ അംഗങ്ങളെ മാത്രമെ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുള്ളു പ്രസ്തുതപദ്ധതികൾ സമഗ്രമായും കാര്യക്ഷമമായും സംഘടിപ്പിക്കാൻ കഴിയണം.

പാടശേഖരസമിതികൾ:–

നിലവിൽ പത്ത് പാടശേഖര സമിതികൾ പ്രവർത്തിക്കുന്നുണ്ട്

നമ്പർ	പാടശേഖരസമിതിയുടെ പേര്	റജിസ്റ്റർ നമ്പർ	കൃഷിക്കാരുടെഎണ്ണം
1	മണപ്പാടം	41/86	110
2	കണക്കന്നൂർ	163/93	150
3	പാട്ടോല	11/88	130
4	തെക്കെപ്പൊറ	246/93	90
5	കീഴ,കരിയംപാടം	578/91	149
6	ചൂലിപ്പാടം	116/91	98
7	ഉളികുത്താംപാടം	906/90	65
8	കണ്ണത്തുകാട്	9/88	63
9	വടക്കെപ്പൊറ	831/88	107
10	തെരുവ്	306/93	83
	ആകെ		1047


പാടശേഖര സമിതികളിൽ പലതും കാലാകാലങ്ങളിൽ പുന:സംഘടിപ്പിക്കപ്പെടുന്നില്ല ധനസഹായ വിതരണ പ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുകയാണ്. കൃഷിക്കാരുടെ കൂട്ടായ്മ വർദ്ധിപ്പിക്കാനും ഗ്രൂപ്പ് ഫാമിങ്ങ് പ്രോത്സാഹിപ്പിക്കാനും കഴിയുന്ന രീതിയിലേക്ക് പാടശേഖരസമിതികൾ മാറേണ്ടതാണ്.

കേരകർഷകസമിതി:–

കേര കർഷക സമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം നടക്കുന്നില്ല. 230 കർഷകർ അംഗങ്ങളായ സമിതിയുടെ പ്രവർത്തനം ഇല്ലാത്തതിനെക്കുറിച്ച് ഗ്രാമ സഭകളിൽ അഭിപ്രായ പ്രകടനങ്ങൾ നടന്നിട്ടുണ്ട്. കേര കർഷക സമിതിയുടെ ആഭിമുഖ്യത്തിൽ കൊപ്ര സംസ്കരണ യൂണിറ്റിന് സാധ്യത ഉള്ളതാണ്.

പാടശേഖര സമിതികളും, കേരകർഷക സമിതിയും സജീവമാക്കി പഞ്ചായത്ത് അതിർത്തിയിലെ മുഴുവൻ കലാ സാംസ്കാരിക സമിതികളേയും കൂട്ടി യോജിപ്പിച്ചുകൊണ്ട് കാർഷിക സംരംഭങ്ങളെ സഹായിക്കാൻ കഴിഞ്ഞാൽ അഭൂതപൂർവ്വമായ മുന്നേറ്റം കാർഷിക രംഗത്ത് ഉണ്ടാക്കാൻ കഴിയും.





7.2 മൃഗസംരക്ഷണം

ലോകമൊട്ടാകെ നിലനിന്നിരുന്ന ഭക്ഷ്യ കമ്മിയാണ് മൃഗസംരക്ഷണ പരിപാടികളിലേക്ക് മനുഷ്യ ശ്രദ്ധയെ തിരിച്ചുവിട്ടത്. മൃഗോൽപ്പന്നങ്ങൾ മനുഷ്യാഹാരത്തിന്റെ കാര്യത്തിൽ പ്രത്യക്ഷമായും കൃഷിയെ സഹായിക്കാൻ പരോക്ഷമായും വലിയൊരുപങ്ക് വഹിക്കുന്നു. ഇന്ത്യയുടെ സാമ്പത്തിക രംഗത്ത് കൃഷിക്കും മൃഗസംരക്ഷണപരിപാടികൾക്കും പ്രത്യേകസ്ഥാനമുണ്ട്. പ്രതിവർഷം കോടികണക്കിനുള്ള കന്നുകാലി വളം കൃഷിക്കായി ഉപയോഗിക്കുന്നു. തോൽ, കുളമ്പ്, കൊമ്പ് എന്നിവയിൽ നിന്നും നല്ല വരുമാനം ലഭിക്കുന്നുണ്ട്. ഇന്ത്യയുടെ വിദേശ നാണ്യ വരുമാനത്തിന്റെ 50% മൃഗോൽപ്പന്നങ്ങൾക്കു കരസ്ഥമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് കാണുമ്പോൾ ഇന്ത്യയുടെ സാമ്പത്തിക രംഗത്ത് മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്ക് കൊടുക്കേണ്ട സ്ഥാനം വ്യക്തമാകുന്നു. ലോകത്താകമാനമുള്ള കന്നുകാലി സമ്പത്തിന്റെ നാലിലൊന്നു ഭാഗം ഇന്ത്യയിലാണുള്ളത്. കേരളം മൃഗസംരക്ഷണ രംഗത്ത് അഭൂതപൂർവ്വമായ നേട്ടങ്ങൾ കൈവരിക്കുകയുണ്ടായി. കഴിഞ്ഞ കാല പ്രവർത്തന ഫലമായി കാലിസമ്പത്തിൽ 60% സങ്കര ഇനമായി മാറ്റുന്നതിനും അതുവഴി പാലുൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. 1950 ൽ തൃശൂർ ജില്ലയിലെ ഒല്ലൂക്കരയിൽ ഒരു ലൈവ് സ്റ്റോക്ക് ഫാം തുടങ്ങിയതോടെയാണ് കേരളത്തിൽ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിച്ചത്.

അതേതുടർന്ന് നെല്ലിയാമ്പതിയിൽ കന്നുകുട്ടി പരിപാലന കേന്ദ്രവും 1952 ൽ തിരുമലയിലും പാണഞ്ചേരിയിലും തുടങ്ങിയ കീ വില്ലേജ് കേന്ദ്രങ്ങളും പ്രവർത്തനമാരംഭിച്ചു. 1958 ൽ കീ വില്ലേജ് പദ്ധതികളും പിൽക്കാലത്ത് ഊർജ്ജിത കന്നുകാലി വികസന പദ്ധതികളും ആരംഭിക്കുകയുണ്ടായി. 1962–63 കാലഘട്ടത്തിൽ മാട്ടുപ്പെട്ടിയിൽ സ്വിസ് ഗവൺമെന്റിന്റെ സഹകരണത്തോടെ ഇൻഡോസ്വിസ് പ്രൊജക്ട് പ്രവർത്തനമാരംഭിച്ചു. ക്ഷീരോൽപ്പാദനക്ഷമത കുറഞ്ഞ നാടൻ പശുക്കളേയും എരുമകളേയും വളർത്തുന്നത് ആദായകരമല്ലെന്നതും മനസ്സിലാക്കി ക്ഷീരോൽപ്പാദന ശേഷിയേറിയ വിദേശ ജനുസ് കാളകളുടെ ബീജം ഉപയോഗിച്ച് നാടൻ പശുക്കളിൽ ബീജസങ്കലനം നടത്തി വർഗ്ഗോദ്ധാരണമുള്ള പുതിയ സന്തതി പരമ്പര സൃഷ്ടിച്ചെടുക്കുകയായിരുന്നു പദ്ധതിയുടെ ലക്ഷ്യം. 1972 ൽ പാലക്കാട് ധോണി ബ്രീഡിംഗ് ഫാം എന്ന സ്ഥാപനത്തിൽനിന്നും വിദേശജനുസ്സിൽ പെട്ട കാളകളുടെ ബീജം ഉപയോഗിക്കുന്നതിന് നമ്മുടെ മൃഗസംരക്ഷണ കേന്ദ്രങ്ങളിലൂടെ എത്തിത്തുടങ്ങി. വൻകിടയും ചെറുകിടയും ആയ ധാരാളം കർഷ

കർ ധാരാളം നാടൻ പശുക്കളെയും എരുമകളെയും വളർത്തിയിരുന്നു. അവക്ക് ഉൽപ്പാദനക്ഷമത കുറവായിരുന്നു എന്നാൽ മൃഗസംരക്ഷണ വകുപ്പിന്റെയും മൃഗാശുപത്രികളുടെയും കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളുടെയും പ്രവർത്തനഫലമായി സങ്കരയിനം പശുക്കളും എരുമകളും ധാരാളം ഉണ്ടാവുകയും നാടൻ പശുക്കൾ ഗണ്യമായി കുറയുകയും ചെയ്തു. മുൻപ് കണ്ണമ്പ്ര പഞ്ചായത്തിനും പുതുക്കോട് പഞ്ചായത്തിനും കൂടി കണ്ണമ്പ്ര മൃഗാശുപത്രി മാത്രമായിരുന്നു ആശ്രയം. 1973 ൽ പുതുക്കോട് പഞ്ചായത്തിൽ ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റ്–കൃത്രിമ ബീജസങ്കലന കേന്ദ്രം പ്രവർത്തനമാരംഭിച്ചു. 1979 ൽ ഇടക്കാലത്ത് ഈ സൗകര്യം ഇല്ലാതായപ്പോൾ ആലത്തൂർ വെറ്റിനറി പോളിക്ലിനിക്കിൽ നിന്ന് ഡോക്ടർമാർ വന്ന് ആദ്യം പഞ്ചായത്താഫീസിലും പിന്നീട് പാട്ടോല വായനശാലയിലും ക്യാമ്പ് ഡിസ്പെൻസറി ആഴ്ചയിലൊരിക്കൽ നടത്തിയിരുന്നു. 1990 ൽ നമ്മുടെ പഞ്ചായത്തിൽ I. C. D. P. സബ്സെൻറർ പാട്ടോലയിൽ പ്രവർത്തനമാരംഭിച്ചു. 1995 ൽ ഒരു വെറ്റിനറി ഡിസ്പെൻസറി പാട്ടോലയിൽ പ്രവർത്തനമാരംഭിച്ചു. ഇതിനുള്ള പത്ത് സെൻറ് സ്ഥലം ശ്രീ. കെ. നാരായണൻമാസ്റ്ററർ പരേതനായ മകൻ കൃഷ്ണകുമാറിന്റെ സ്മരണക്കായി സൗജന്യമായി നൽകുകയായിരുന്നു. പഞ്ചായത്ത് J R Y പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിച്ച് പ്രവർത്തനം ആരംഭിക്കുകയായിരുന്നു. 1996ൽ I C D P സബ്സെൻറർ പാട്ടോലയിൽ നിന്ന് മാറ്റി പറക്കുന്നിൽ പ്രവർത്തനമാരംഭിച്ചു. ഗ്രാമങ്ങളുടെ മുഖഛായ തന്നെ മാറ്റുംവിധം സാധാരണ കുടുംബങ്ങളിൽ കറവമാടുകൾ സ്ഥാനം പിടിക്കുകയും എരുമയും ആടും കോഴിയും ഇന്ന് ഗ്രാമീണജനതയുടെ ജീവിതോപാധിയായി ഒരു പരിധിവരെ മാറുകയും ചെയ്തിരിക്കുന്നു.

നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് ഇന്നുള്ള വളർത്തു മൃഗങ്ങളുടെയും പക്ഷികളുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

മൃഗങ്ങൾ:–

കാള	
നാടൻ	169
സങ്കരം	517
പശു	
നാടൻ	763
സങ്കരം	2554
എരുമ	111
പോത്ത്	65
ആട്	820
പട്ടി	480

പക്ഷികൾ

പൂവൻ കോഴി	പിടകോഴി	താറാവ്
8760	12940	149

പേ വിഷബാധ – പ്രതിരോധവും ചികിത്സയും

വിവരം	പശു	എരുമ	ആട്	പട്ടി
പ്രതിരോധ കുത്തിവെയ്പ് നൽകിയവ	400	50	25	40
കടിയേറ്റശേഷം കുത്തിവെയ്പ് നടത്തിയവ	6	–	–	–

നിലവിലുള്ള സ്ഥിതി:–

മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട സേവനം ലഭിക്കാൻ പഞ്ചായത്തതിർത്തിയിൽ പാട്ടോലയിൽ ഒരു മൃഗാശുപത്രിയും, പറക്കുന്നിൽ ഒരു I. C. D. P. സബ്സെൻററും പ്രവർത്തിച്ചുവരുന്നു. മൃഗാശുപത്രിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ ആവശ്യത്തിനുള്ള മരുന്നുകൾ ലഭ്യമല്ല. I. C. D. P ഉപകേന്ദ്രത്തിന് സ്വന്തമായ സ്ഥലവും കെട്ടിടവുമില്ല. ഇപ്പോൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വാടക പുതുക്കോട്

ക്ഷീരവ്യവസായ സഹകരണ സംഘമാണ് കൊടുക്കുന്നത്. ആശുപത്രിയിലും സബ് സെന്ററിലും കൊണ്ടുവരുന്ന കന്നുകാലികളെ ചികിൽസിക്കുകയും കൃത്രിമ ബീജസങ്കലനം നടത്തുകയും ചെയ്തുവരുന്നു. ഈ രണ്ടു സ്ഥാപനങ്ങൾ കൊണ്ടു മാത്രം പഞ്ചായത്തിലെ മുഴുവൻ കന്നുകാലികളേയും പക്ഷികളേയും ചികിൽസിക്കാനും മറ്റു സേവനങ്ങൾ നടത്തുവാനും സാധിക്കാത്ത അവസ്ഥയാണുള്ളത്. കാലികളെ വളർത്തുന്നതിന്

കഴിഞ്ഞ വർഷങ്ങളിലെ പക്ഷിമൃഗാദികളുടെ രോഗവിവരം

നമ്പർ	രോഗവിവരങ്ങൾ							മറ്റുള്ളവ
	രോഗങ്ങൾ	പശു	എരുമ	ആട്	പട്ടി	പൂച്ച	കോഴി	താറാവ്	(പോത്ത്,മൂരി പ്രാവ്,തത്ത)
1	ദഹനസംബന്ധമായവ	480	30	100	50	10	812	20	20
2	ശ്വാസകോശ സംബന്ധം	150	15	115	25	10	400	20	50
3	ഉപാപചയ സംബന്ധം	108	15	60	15	12	613	15	40
4	ത്വക്ക് രോഗങ്ങൾ	160	15	60	20	—	287	—	80
5	ധാതുലവണങ്ങളുടെ അഭാവം	400	20	65	25	—	300	—	25
6	പരാദ രോഗങ്ങൾ	320	15	48	60	—	188	—	30
7	പ്രത്യുൽപ്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ	160	10	30	20	—	—	—	—
8	വന്ധ്യത	60	6	—	—	—	—	—	—
9	അകിടുവീക്കം	65	—	10	—	—	—	—	—
10	മുടന്തൻപനി	150	3	5	—	—	—	—	—
11	പകർച്ചവ്യാധികൾ	15	—	—	—	—	—	—	—

കൃത്രിമ ബീജസങ്കലന വിവരങ്ങൾ

ഇനം വളർത്തുമൃഗം	ആകെ എണ്ണം	കൃത്രിമബീജസങ്കലനംനടത്തിയവ	ഗർഭധാരണത്തിന് രണ്ടിലധികംതവണ ബീജസങ്കലനം വേണ്ടിവന്നവ
പശു	1850	1120	350
കിടാരി	750	400	180
എരുമ	150	60	20

പ്രധാന ബുദ്ധിമുട്ട് മേച്ചിൽ സ്ഥലങ്ങളുടെ ഇല്ലായ്മയാണ്. അതുപോലെ തന്നെ തീറ്റ പുല്ലിന്റെ ലഭ്യതയും കുറവാണ്.

കാലിതീറ്റ, കോഴിതീറ്റ മുതലായവ ഈ പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നില്ല പൂർണ്ണമായും ഇറക്കുമതി ആശ്രയിച്ചാണ് ഈ രംഗം നിലകൊള്ളുന്നത്.

പാൽ വിറ്റഴിക്കാൻ ആവശ്യമായ സൗകര്യങ്ങളും ഇപ്പോഴും ഇല്ല. പഞ്ചായത്തിലാകെയുള്ള ഒരു ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രം സ്വകാര്യ വ്യക്തിയുടേതാണ്. മുട്ടകോഴി വളർത്തൽ, മുയൽ വളർത്തൽ, പന്നി വളർത്തൽ എന്നിവയൂണിറ്റുകളും തീരെയില്ല. അത്യുൽപ്പാദന ശേഷിയുള്ള പശുക്കളെ വളർത്തുന്ന ഫാമുകളുമില്ല.

പാവങ്ങളുടെ പശു എന്ന് പരക്കെ അറിയപ്പെടുന്ന ആട് പുരാതനകാലം മുതൽക്കേ മനുഷ്യജീവിതത്തിൽ സുപ്രധാന പങ്കുവഹിച്ചിരുന്നു. വ്യാവസായിക അടിസ്ഥാനത്തിലുള്ള ആടുവളർത്തലിന് അടുത്തകാലത്ത് വളരെയധികം പ്രചാരം സിദ്ധിച്ചിട്ടുണ്ടെങ്കിലും നമ്മുടെ പ്രദേശത്ത് വ്യാപകമായിട്ടില്ല. നല്ല വളർച്ചാനിരക്ക്, ഉയർന്ന ഉൽപ്പാദനക്ഷമത ഗുണനിലവാരം കുറഞ്ഞ പരുഷാഹാരങ്ങളെ മൂല്യപ്രാധാന്യമേറിയ മാംസാഹാരമാക്കി മാറ്റുന്നതിനുള്ള പ്രത്യേക കഴിവ്, ഏതു പ്രായത്തിലും വിറ്റാദായമുണ്ടാക്കുന്നതിനുള്ള സൗകര്യം ആട്ടിറച്ചിയുടെ ഉയർന്ന കയറ്റുമതി സാദ്ധ്യത എന്നിവയും ശാസ്ത്രീയമായ ആടുവളർത്തൽ മുഖാന്തിരമുണ്ടാകുന്ന വർദ്ധിച്ച തൊഴിൽസാദ്ധ്യതയും പാവപ്പെട്ടവന്റെ സാമ്പത്തിക പ്രതിസന്ധിക്കുള്ള ഒരുപാധി എന്ന നിലക്കും ആടുവളർത്തൽ പ്രോത്സാഹിക്കപ്പെടേണ്ടതാണ്. ഇങ്ങനെയൊക്കെയാണെങ്കിലും നമ്മുടെ പ്രദേശത്തെ ചുരുക്കം ചില വ്യക്തികൾ ഈ തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ടെന്നല്ലാതെ വ്യാപകമായ പ്രചാരം ലഭിച്ചിട്ടില്ല.

ഏറ്റവും വിലകുറഞ്ഞതും പരിസരമലിനീകരണം സൃഷ്ടിക്കുന്നതുമായ വസ്തുക്കളെ ഏറ്റവും ഉപകാരപ്രദമായ രീതിയിൽ രുചികരവും പോഷകപ്രധാനവുമായ മാംസാഹാരമാക്കി മാറ്റാൻ കഴിയുന്ന മേഖലയാണ് പന്നിവളർത്തൽ. ലാഭസാധ്യതയുള്ള ഈ മേഖല നമ്മുടെ പ്രദേശത്തെ സംബന്ധിച്ചിടത്തോളം തികച്ചും അന്യമാണ്.

പരമ്പരാഗതമായ കൃഷി രീതിക്കുപയുക്തമായവ എന്ന നിലക്കല്ലാതെ പോത്തുകുട്ടി/കാളക്കുട്ടി സംരക്ഷണം ഒരു വ്യാവസായിക കാഴ്ചപ്പാടോടുകൂടി കണ്ടുവരുന്ന സമ്പ്രദായം നമ്മുടെ പഞ്ചായത്തിൽ നിലവിലില്ല. ഈ മേഖലയുടെ പ്രാധാന്യത്തെ സംബന്ധിച്ച അജ്ഞതയാണ് ഇതിന് കാരണം.

മുയൽ, കാട, ടർക്കികോഴി, താറാവ് എന്നിവയുടെ മേഖല തികച്ചും ശുഷ്കമാണ്. ഇതിൽ മുയൽ, കാട, ടർക്കികോഴി എന്നിവ വളരെ ആദായകരവും നമ്മുടെ പ്രദേശത്തിന് തികച്ചും അനുയോജ്യവുമാണ്. ഗൃഹാന്തരീക്ഷത്തിൽ താറാവിനെയും വളർത്താവുന്നതാണ്. ഈ മേഖലയാകട്ടെ ജനങ്ങളുടെ ശ്രദ്ധ തീരെ പതിയാതെ തന്നെ ഇപ്പോഴും കിടക്കുന്നു എന്നത് ഖേദകരമായ ഒരു വസ്തുതയാണ്.

കാലിത്തീറ്റ രംഗത്ത് നമ്മുടെ പ്രദേശം ഒരുപഭോഗ മേഖല മാത്രമാണ്. ആഴ്ചയിൽ 4500 [നാലായിരത്തി അഞ്ഞൂറ്] ചാക്ക് കാലിത്തീറ്റയുടെ ഉപഭോഗം നടക്കുന്ന ഒരു മേഖലയാണ് നമ്മുടെ പഞ്ചായത്ത്. വ്യാവസായികമായോ, പരമ്പരാഗതമായോ ഉള്ള ഒരു കാലിത്തീറ്റ ഉൽപ്പാദന യൂണിറ്റുപോലും പഞ്ചായത്തിലില്ല. തീറ്റ പുൽക്കൃഷി തീരെശ്രദ്ധിക്കപ്പെടാത്ത അവസ്ഥയിലാണ്.

ഇറച്ചിക്കോഴി വളർത്തലിന് വിപുലമായ സാദ്ധ്യതയാണുള്ളത് അത് ലാഭകരമാണുതാനും. 60000 [അറുപതിനായിരം] കോഴിയുടെ ഉപഭോഗം വർഷത്തിൽ നടക്കുന്ന—

നമ്മുടെ പഞ്ചായത്തിൽ ഈ രംഗത്ത് വിപുലമായ സാദ്ധ്യത നിലനിൽക്കുന്നു.

മുട്ടയുൽപ്പാദനം വ്യാവസായികാടിസ്ഥാനത്തിൽ നടക്കുന്ന യൂണിറ്റുകളും പഞ്ചായത്തിലില്ല. മാസം 200000 [രണ്ട്ലക്ഷം] മുട്ടയുടെ ഉപഭോഗം നമ്മുടെ പഞ്ചായത്തിലുണ്ടെന്നാണ് കണക്ക്. ഈ രംഗത്ത് അനന്ത സാധ്യതകളും തെളിഞ്ഞു നിൽക്കുന്നുവെന്നത് ശ്രദ്ധിക്കപ്പെട്ടിട്ടില്ല.

പത്ത് അറവുശാലകളുള്ള നമ്മുടെ പഞ്ചായത്തിൽ ഒരു വർഷത്തിൽ 1500 (ആയിരത്തിഅഞ്ഞൂറ്) പോത്ത്/ കാളകളും അത്രതന്നെ ആടുകളും കശാപ്പുചെയ്യപ്പെടുന്നുവെങ്കിലും തുകൽ സംസ്കരണ കേന്ദ്രത്തിന്റെ അഭാവം മുഴച്ചുനിൽക്കുന്നു. ഇത്തരം ഒരു കേന്ദ്രം ഇല്ലാത്തത് ഇടത്തട്ടുകാരുടെ വൻതോതിലുള്ള ചൂഷണത്തിന് വഴിയൊരുക്കുന്നുവെന്നത് ഒരു വസ്തുതയാണ്. അറവു ശാലകളുടെ കാര്യത്തിൽ പഞ്ചായത്തിന്റെ അവസ്ഥ ശോചനീയമാണ്. ശാസ്ത്രീയമായ അറവു ശാലകളുടെ അഭാവം പൊതുജനാരോഗ്യത്തിനു ഭീഷിണിയാകുന്നു. പഞ്ചായത്തിൽ കശാപ്പു ചെയ്യപ്പെടുന്ന മൃഗങ്ങളിൽ 90% വും അന്യ സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്നു വെന്ന വസ്തുത വിസ്മരിച്ചു കൂടാ. അറവുശാലകളും ആധുനിക വൽക്കരിക്കുന്നതോടൊപ്പം അവിടെയുണ്ടാകുന്ന അവശിഷ്ടങ്ങളും മേൽ സൂചിപ്പിച്ച പന്നി വളർത്തൽ കേന്ദ്രങ്ങൾക്കുപയുക്തവുമാണ്. ഇത്തരത്തിൽ ആധുനിക വൽക്കരിക്കപ്പെടുമ്പോൾ ഉപഭോക്താവിന് ഗുണമേൻമയുള്ള മാംസം ലഭ്യമാവുകയും ചെയ്യും. 5000 [അയ്യായിരം] വരുന്ന വലിയ ഇനത്തിൽ [പോത്ത്/കാള] പെടുന്ന കാലിസമ്പത്തിന്റെ ചാണകം ശരിയായ രീതിയിൽ സംസ്കരിക്കുന്നതിനും തികച്ചും ദുർബല വിഭാഗത്തിൽപ്പെടുന്ന കാലി വളർത്തലുകൾക്ക് കഴിയുന്നില്ല. അതു നിമിത്തം ഈ ജൈവ വളത്തിലേറെയും ഒഴുകി നഷ്ടപ്പെടുന്ന സ്ഥിതിയാണുള്ളത്. തൊഴുത്ത്, ചാണകക്കുഴി എന്നീ അടിസ്ഥാന സൗകര്യങ്ങൾ യഥാക്രമം ഉണ്ടാക്കുന്നതിന് കഴിയാത്തതാണ് കാരണം. പഞ്ചായത്തിൽ പൊതുവെ ആടുവളർത്തൽ കുറവാണ് എന്നതുകൊണ്ടുതന്നെ ആട്ടിൻ കാഷ്ഠത്തിന്റെ ലഭ്യത കുറവാണ്.

ഉള്ളതുതന്നെ കർഷകരുടെ അജ്ഞതമൂലം മറ്റു പ്രദേശങ്ങളിലേക്ക് കൊണ്ടുപോകപ്പെടുന്നു. കോഴികാഷ്ഠം ഒരു ജൈവ വളമായി നമ്മുടെ പ്രദേശത്ത് കണക്കാക്കപ്പെടുന്നേയില്ല.

മൊത്തം പത്ത് ബയോഗ്യാസ് പ്ലാന്റുകളും ഉള്ള പഞ്ചായത്തിൽ ശരിയായ പരിചരണത്തിന്റെ അഭാവവും അലസതയും ഏഴെണ്ണത്തിന്റെ പ്രവർത്തനം നിലക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. മൂന്നെണ്ണം നിലവിൽ പ്രവർത്തനക്ഷമമാണ്. ബയോഗ്യാസിന്റെ സാദ്ധ്യതകളും മുതലെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ലെന്നുതന്നെ പറയാം.

മൃഗശക്തി പഞ്ചായത്തിൽ പ്രധാനമായും ഉപയോഗിക്കുന്നത് നിലമുഴുന്നതിനും വണ്ടി വലിക്കാനും മാത്രമാണ്. അതിൽത്തന്നെ നിലമുഴുതൽ അപൂർവ്വമായിക്കൊണ്ടിരിക്കുന്നു. 25 കാള/പോത്ത് വണ്ടികളാണ് പഞ്ചായത്തിൽ ആകെ ഉള്ളത്.

മൃഗസംരക്ഷണരംഗത്ത് കർഷക പരിശീലനം തീരെ ഇല്ല എന്നുതന്നെ പറയാം. പരമ്പരാഗത രീതിയാണ് അവലംഭിക്കുന്നത്.

വന്ധ്യത നിവാരണത്തിനായി അതാത് കാലങ്ങളിൽ വന്ധ്യതാ നിവാരണ ക്യാമ്പുകളും നടത്താറുണ്ട്. ക്യാമ്പുകളിൽ പങ്കെടുത്തവരുടെ പങ്കാളിത്തം ബഹുഭൂരിപക്ഷവും ഇക്കാര്യങ്ങളിൽ ബോധവാൻമാരാണെന്ന് വ്യക്തമാക്കുന്നു.

മൃഗപരിപാലന രംഗത്ത് ഇൻഷ്യൂറൻസ് പദ്ധതി വ്യാപകമായിട്ടില്ല. വായ്പയെടുക്കുന്ന കന്നുകാലികൾക്ക് മാത്രമാണ് ഇൻ

ഷൂറൻസ് നടപ്പിലാക്കിയിട്ടുള്ളത് എന്ന ധാരണയാണ് പൊതുവെ ജനങ്ങൾക്കുള്ളത്. എന്നാൽ ഈ പദ്ധതി എല്ലാ വിഭാഗം കാലികൾക്കും എന്ന യാഥാർത്ഥ്യബോധം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പാൽ ഉൽപ്പാദനവുമായി ബന്ധപ്പെട്ട വിപണനത്തിന് തക്ക സംവിധാനങ്ങൾ നിലവിലില്ല. 6000 ലിറ്റർ പ്രതിദിന ഉൽപ്പാദനം നടക്കുന്ന പഞ്ചായത്തിൽ നിലവിലുള്ള ക്ഷീര വ്യവസായ സഹ:സംഘം 950 ലിറ്റർ പാലാണ് സംഭരിക്കുന്നത്. വൻ വിപണന സാദ്ധ്യതയുള്ള മേഖലയായിട്ടും വിപണന കേന്ദ്രങ്ങളുടെ അഭാവം പ്രദേശത്തെ കർഷകരെ ബുദ്ധിമുട്ടിലാഴ്ത്തുന്നു. ഉൽപ്പാദന ചിലവ് വർദ്ധിച്ച സാഹചര്യത്തിൽ ഉൽപ്പന്നത്തിന് വിലകിട്ടാത്ത സാഹചര്യവും നിലനിൽക്കുന്നു.

മൃഗപരിപാലന രംഗത്തെ കർഷകരെ അംഗീകരിക്കുകയോ, അവാർഡുദാന ചടങ്ങുകൾ സംഘടിപ്പിക്കുകയോ ചെയ്തു പ്രോൽസാഹിപ്പിക്കാൻ വേണ്ട ശ്രദ്ധ പതിപ്പിക്കുന്നില്ല.

പ്രശ്നങ്ങൾ-
ഗ്രാമസഭാ നിർദേശങ്ങൾ:-

മൃഗാശുപത്രിയിലും സബ്സെൻററിലും ചികിത്സക്കും പ്രതിരോധ കുത്തിവെപ്പിനുമുള്ള മരുന്നുകൾ വേണ്ടത്ര ലഭ്യമല്ല.

മൃഗാശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് അനുഭവപ്പെടുന്നു.

മണപ്പാടം, തെക്കെപ്പൊറ്റ തുടങ്ങിയ സ്ഥലങ്ങളിൽ കൃത്രിമ ബീജസങ്കലന സൗകര്യങ്ങളും, ചികിത്സാസൗകര്യങ്ങളും ഇല്ലാത്തതിനാൽ കർഷകർ ബുദ്ധിമുട്ടുന്നു.

തീറ്റപ്പുൽ ക്ഷാമം അനുഭവപ്പെടുന്നു.

മേച്ചിൽ സ്ഥലങ്ങളുടെ അഭാവമുണ്ട്.

തീറ്റപ്പുൽകൃഷിയെ സംബന്ധിച്ച് അജ്ഞത നിലനിൽക്കുന്നു.

കാലിത്തീറ്റയുടെ ക്രമാതീതമായ വിലക്കയറ്റവും ക്ഷാമവും പാൽ സംഭരണത്തിനും വിപണനത്തിനും നിലവിലുള്ള സഹഃസംഘത്തിന്റെ ശേഷിക്കുറവ് ക്ഷീരകർഷകരെ വലക്കുന്നു.

വനിതകൾക്കിടയിൽ വർദ്ധിച്ച തൊഴിലില്ലായ്മ

മുട്ടക്ഷാമം നിലനിൽക്കുന്നു. ഗുണനിലവാരം കുറഞ്ഞ മുട്ടകൾ വിറ്റുവരുന്നു.

ഗുണമേൻമയുള്ള കോഴികളുടെ അപര്യാപ്തത.

വർദ്ധിച്ചു വരുന്ന പേപ്പട്ടിശല്യം.

ആട് വളർത്തലിന്റെ സാധ്യതകളെ സംബന്ധിച്ച അജ്ഞത.

പന്നി മാംസത്തിന്റെ ദൗർലഭ്യം

പോത്ത് കാളകുട്ടികളുടെ സംരക്ഷണത്തിനുള്ള കർഷകരുടെ ശേഷികുറവുനിമിത്തം നഷ്ടം സംഭവിക്കുന്നു.

മുയൽ, കാട, ടർക്കി, താറാവ്, ഇത്തരം പക്ഷികളെ വളർത്തുന്നത് സംബദ്ധിച്ചഅജ്ഞത

ഇൻഷൂറൻസ് പദ്ധതികളുടെ വ്യാപന കുറവ് നിമിത്തം ഉണ്ടാകുന്ന വമ്പിച്ച നഷ്ടം.

തൂകൽ സംഭരണത്തിനുള്ള ബുദ്ധിമുട്ട് ഉണ്ടാകുന്ന വൻ നഷ്ടം നിലനിൽക്കുന്നു. പരിസര മലിനീകരണം ഉണ്ടാകുന്നു.

പരിസരമലിനീകരണവും അതുവഴി പകർച്ച വ്യാധികളും വ്യാപിക്കുന്നു കശാപ്പുശാലകളും നിയന്ത്രണങ്ങൾ പാലിക്കുന്നില്ല.

കന്നുക്കുട്ടി പരിപാലന പദ്ധതിയുടെ ആനുകൂല്യം വേണ്ടത്ര കർഷകർക്ക് ലഭിക്കുന്നില്ല

സാദ്ധ്യതകളും നിർദ്ദേശങ്ങളും

1 മൃഗാശുപത്രിക്കും, സബ്സെൻററിനും ചികിത്സക്കാവശ്യമായ മരുന്നുകൾ ലഭ്യമാക്കണം

2 മൃഗാശുപത്രിയിൽ അടിസ്ഥാനസൗകര്യങ്ങൾ കൂട്ടണം. മരുന്ന് സൂക്ഷിക്കുന്നതിനുള്ള ഫ്രിഡ്ജ് ഉപകരണങ്ങൾ സ്റ്റെറിലേഷൻ നടത്തുന്നതിന് അത്യാവശ്യമായ, മറ്റുപകരണങ്ങൾ, ഫോൺ

സൗകര്യം മുതലായവ ലഭ്യമാക്കണം. റോഡ്, വെള്ളം, വെളിച്ചം, ചുറ്റുമതിൽ തുടങ്ങി അടിസ്ഥാന സൗകര്യങ്ങളും ഉണ്ടാക്കേണ്ടതാണ്.

3 പറക്കുന്നിലുള്ള ICDP സബ് സെൻററിന് സ്ഥലം, കെട്ടിടം മുതലായവ മേൽ പറഞ്ഞ അടിസ്ഥാന സൗകര്യങ്ങളും നടപ്പിലാക്കണം.

4 മണപ്പാടത്തും തെക്കെപ്പൊറയിലും ഓരോ ICDP സബ്സെൻററുകളും സ്ഥാപിക്കണം

5 തീറ്റപ്പുൽകൃഷി വ്യാപകമാക്കാൻ നടപടി വേണം. ഇടവിളയായി പുൽകൃഷി നടത്തുന്നതിന് സാങ്കേതികവും സാമ്പത്തികവുമായ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കണം.

7 കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവ ഉൽപ്പാദിപ്പിക്കുന്നതിന് സഹകരണ മേഖലയിൽ ഫീഡ് മിക്സിംഗ് യൂണിറ്റ് സ്ഥാപിക്കാൻ വേണ്ട നടപടികളും സ്വീകരിക്കണം.

8 എല്ലാ വാർഡിലും ക്ഷീര സഹകരണസംഘങ്ങളും രൂപീകരിക്കണം. രണ്ടോ മൂന്നോ പഞ്ചായത്തുകളെ അടിസ്ഥാനമാക്കി ക്ഷീര ശീതീകരണ കേന്ദ്രവും, പാൽപ്പൊടി നിർമ്മാണയൂണിറ്റും ആരംഭിക്കണം.

9 പഞ്ചായത്തിനും സമീപ പഞ്ചായത്തുകളിലൊന്നും തന്നെ ക്ഷീര ശീതീകരണ യൂണിറ്റ് നിലലിലില്ലാത്ത അവസ്ഥയിൽ യഥാർത്ഥ ക്ഷീര കർഷകന് അതിൽനിന്ന് ലഭിക്കേണ്ട ഭൗതീക ലാഭത്തിന്റെ അവസ്ഥ അനുഭവിക്കാൻ കഴിയുന്നില്ല. ഇത്തരത്തിൽ ശീതീകരണ കേന്ദ്രം വരുകയാണെങ്കിൽ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പാൽ അത്രയും, ദിവസവും വിൽക്കുന്നതിനും അതുവഴി ലാഭം കൂടുതൽ കർഷകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും ഇടയാക്കും. അതിലുപരി ക്രിയാത്മകമല്ലാത്ത പാൽ വിതരണസംമ്പ്രദായം അവസാനിപ്പിച്ച് ഉപഭോക്താവിന്റെ ആവശ്യം മനസ്സിലാക്കി അതിനനുസരിച്ച് വിതരണം നടത്തുന്നതിനും വഴിയൊരുക്കും ശീതീകരണ യൂണിറ്റിൽ ദൈനംദിനാവശ്യത്തിനുമേൽ വരുന്ന പാൽ കൂടുതൽ ഉപയുക്തമാക്കുന്നതിനും, ദീർഘകാല ഉപഭോഗത്തിനും വേണ്ടി കഴിയുന്നു. മേഖലയിലെ തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് പരോഷമായെങ്കിലും ഇതു പകരിക്കുകയും ചെയ്യും.

10 മിനി ഡയറി യൂണിറ്റുകളും സ്ഥാപിക്കുകയും മൂന്നുപശുക്കളും അടങ്ങുന്ന യൂണിറ്റ് സാമ്പത്തിക സഹായമായി പകുതി ബാങ്ക് വായ്പ, നാലിലൊന്ന് സബ്സിഡി ബാക്കി ഗുണഭോക്താവിന്റെ വിഹിതം.

11 വനിതകൾക്കുള്ള ഡയറിയൂണിറ്റ് സ്ഥാപ്പിക്കുക. പ്രദേശം തൊഴിൽ രഹിതരായ യുവതികളും ധാരാളം ഉള്ള മേഖലയാണ് ഏതു തൊഴിലും ചെയ്യാൻ സന്നദ്ധരായ ഈ വിഭാഗത്തെ കൂടി നേർധാരയിൽ കൊണ്ടു വരുന്നതിന് കഴിയും.

12 വനിതകൾക്കുള്ള ഡയറി യൂണിറ്റ് നടപ്പിലാക്കുമ്പോൾ പട്ടികജാതി/പട്ടികവർഗ്ഗം ഇതിൽപ്പെട്ടവർ, മറ്റു പിന്നോക്ക സമുദായങ്ങളിലെ വനിതകൾ തുടങ്ങിയ വിഭാഗത്തിനും, വിധവകൾക്കും മുൻഗണന നൽകുന്ന രീതിയിലായിരിക്കണം.

13 ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി വേണം അറുപതിനായിരത്തോളം കോഴികൾ കാർഷികോപഭോഗമുള്ള നമ്മുടെ പഞ്ചായത്തിൽ ഈ മേഖലയിൽ വമ്പിച്ച വിപണന സാദ്ധ്യതയുണ്ട്. സ്ത്രീകൾക്കുമാത്രമായ ഇറച്ചിക്കോഴി യൂണിറ്റുകൾ ആരംഭിക്കണം.

14 മുട്ടക്കോഴി വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കണം. മാസത്തിൽ രണ്ടു ലക്ഷത്തോളം മുട്ടകൾ വിറ്റഴിയുന്ന മേഖലയാണ് നമ്മുടേത്. ആയതിനാൽ ഈ രംഗത്ത് ഏർപ്പെടുന്നവർക്കും, യൂണിറ്റുകൾക്കും ശോഭനമായ വിജയ സാദ്ധ്യത നിലനിൽക്കുന്നു. പുതിയ സംരംഭകരെകണ്ടെത്തുന്നതിനും പ്രോത്സാഹനം

നൽകുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കണം.

15 ഗുണമേൻമയുള്ള കോഴിക്കുഞ്ഞുങ്ങളും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കാനുള്ള പദ്ധതി നടപ്പിലാക്കണം.

16 സ്ക്കൂൾ പൗൾട്രി ക്ലബ്ബുകളുടെ പ്രവർത്തനം പ്രോത്സാഹിപ്പിക്കണം. നിലവിലുള്ള ക്ലബ്ബുകളെ ഊർജ്ജിതപ്പെടുത്താൻ നടപടി വേണം.

17 വീട്ടുമുറ്റത്തെ കോഴിവളർത്തൽ പദ്ധതി പ്രോത്സാഹിപ്പിക്കണം.

18 അലഞ്ഞുതിരിഞ്ഞ് നടക്കുന്ന പട്ടികളെ വർഷത്തിൽ മൂന്നുപ്രാവശ്യം നശിപ്പിക്കുന്നതിന് ആവശ്യമായ നടപടി എടുക്കണം. വളർത്തുനായ്ക്കൾക്ക് നിർബന്ധിത കുത്തിവെയ്പും ലൈസൻസും ഏർപ്പെടുത്തണം. പട്ടിപിടുത്തം ജനകീയ പദ്ധതിയാക്കണം.

19 പേപ്പട്ടി വിഷബാധക്കെതിരെ വർഷം തോറും ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കണം.

20 ആടുവളർത്തൽ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കണം. 'ഒരു വീടിന് ഒരു ആട്' പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുക.

21 മലബാറി മുട്ടനാടിനെ സംരക്ഷിച്ച് വംശവർദ്ധനവ് പ്രോത്സാഹിപ്പിക്കാനുള്ള നടപടി സ്വീകരിക്കുക.

22 പന്നിവളർത്തൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുക. പഞ്ചായത്ത് വഴി പന്നിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുക.

23 കാളക്കുട്ടി/ പോത്തുക്കുട്ടി സംരക്ഷണത്തിന്റെ ആവശ്യകതയും ആദായവും സംബന്ധിച്ച ബോധവൽക്കരണം നടത്തുകയും പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യുക.

24 കാലിസമ്പത്ത്, പക്ഷിസമ്പത്ത് ഇവയുടെഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കണം.

25 മുയൽ വളർത്തുന്നതിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കണം. ഈ പദ്ധതി സ്ക്കൂളുകൾ വഴി നടപ്പിലാക്കാം.

26 കാട, ടർക്കിക്കോഴി യൂണിറ്റുകൾ ആരംഭിക്കുക. ഗൃഹാന്തരീക്ഷത്തിൽ താറാവ് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുക

27 തുകൽ സംസ്ക്കരണത്തിനായി ഒരു യൂണിറ്റ് ആരംഭിക്കുക.

28 ആധുനിക രീതിയിലുള്ള അറവുശാലയും മാംസവിൽപ്പന കേന്ദ്രവും ആരംഭിക്കുക.

29 വാർഡടിസ്ഥാനത്തിൽ ജൈവവള സംഭരണ സംസ്ക്കരണ യൂണിറ്റുകൾ ആരംഭിക്കണം.


30 ബയോഗ്യാസ് പ്ലാൻറുകൾ വ്യാപകമാക്കുന്നതിന് വേണ്ട പദ്ധതികൾ ആവിഷ്ക്കരിക്കണം.

31 മൃഗ സംരക്ഷണ രംഗത്ത് കർഷക പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കണം.

32 മൃഗങ്ങളിൽ കാണുന്ന വന്ധ്യതയെ സംബന്ധിച്ച് ബോധവൽക്കരണവും വന്ധ്യതാ നിവാരണ ക്യാമ്പുകളും സംഘടിപ്പിക്കണം.

33 മൃഗസംരക്ഷണ രംഗത്ത് പ്രവർത്തിക്കുന്ന കർഷകരെ അംഗീകരിക്കാനും ആദരിക്കാനും വേണ്ടി പരിപാടികൾ ആവിഷ്ക്കരിക്കണം.

മൊത്തത്തിൽ മൃഗപരിപാലനം, ഉൽപ്പാദനം വിപണനം, എന്നിങ്ങനെ യഥാക്രമം മേഖലകളെ സംബന്ധിച്ച് പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിക്കണം. അപ്രധാനമെന്ന് തോന്നാവുന്ന ആട്, മുയൽ, കാട, ടർക്കി, താറാവ്, പന്നി ഇങ്ങനെ നമ്മുടെ പഞ്ചായത്തിൽ നാമമാത്ര സാന്നിദ്ധ്യമുള്ള മൃഗപക്ഷിസമ്പത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ചു പുത്തൻ സംരംഭകരെ പ്രത്യേകം ബോധവൽക്കരിക്കേണ്ടത് അത്യാവശ്യമാണ്. ഇത് ഒരു പ്രാവശ്യമെങ്കിലും ഓരോ വാർഡിലും സംഘടിപ്പിക്കേണ്ടതാണ്. ആധുനിക അറവുശാലയെ സംബന്ധിച്ച ധാരണയും പ്രാധാന്യവും ജനങ്ങളിലേക്ക് എത്തിക്കേണ്ടതാണ്. പേപ്പട്ടിശല്യത്തിന്റെ അടിസ്ഥാന കാരണം ആയ നായ്ക്കളുടെ ക്രമാതീതമായ വംശവർദ്ധനവ് തടയേണ്ടതിന് ജനങ്ങളുടെ സഹകരണം ഉറപ്പുവരുത്തുന്നതോടൊപ്പം നിയന്ത്രണവിധേയമല്ലാത്ത പട്ടികളെ നശിപ്പിക്കാനുള്ള നടപടി സ്വീകരിക്കുകയും പേവിഷബാധക്കെതിരെ ശക്തമായ ബോധവൽക്കരണം നടത്തുകയും ചെയ്യണം.



7.3 മത്സ്യബന്ധനം

പുതുക്കോട് പഞ്ചായത്തു പ്രദേശത്തെ സംബന്ധിച്ചിടത്തോളം വ്യാപകമായി മത്സ്യ കൃഷി നടത്തുന്നില്ല. ഉൾനാടൻ ജലാശയങ്ങളിലെ നാടൻ മത്സ്യങ്ങൾ വല വീശിപിടിച്ച് വിൽക്കുകയാണ് ചെയ്യുന്നത്. ജലാശയങ്ങളിൽ നാടൻ മത്സ്യങ്ങളാണുള്ളത്. മത്സ്യ ബന്ധനത്തിന് നാടൻ വലകൾ മാത്രമാണ് ഉപയോഗിക്കുന്നത്. രണ്ടു തോടുകളും ഒരു പുഴയും ഉണ്ടെങ്കിലും അവ വേനൽകാലത്ത് വരൾച്ചയെ നേരിടുന്നു. വിവിധ വാർഡുകളിലായി സ്വകാര്യ കുളങ്ങളും പൊതു കുളങ്ങളുമായി 40എണ്ണം ഉണ്ട്. ഇവയാണ് പഞ്ചായത്തിലെ പ്രധാന ജലാശയങ്ങൾ. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് 135 പേരും. വിപണനവുമായി ബന്ധപ്പെട്ട് 50 പേരും പ്രവർത്തിക്കുന്നു. പഞ്ചായത്തു പ്രദേശത്തെയും അയൽ പഞ്ചായത്തു പ്രദേശത്തെയും ജലാശയങ്ങളിൽ നിന്ന് മത്സ്യം പിടിച്ചുകൊണ്ടുവന്ന് വിൽക്കുകയാണ് പതിവ് മത്സ്യ വിപണനം നടത്തുന്ന തൊഴിലാളികൾ ലോറികളിൽ വരുന്ന കടൽ മത്സ്യങ്ങൾ വാങ്ങി വിപണനം നടത്തുന്നു. മത്തി, അയില, മാന്തൾ ആകോലി, അയിക്കോറ എന്നീ കടൽ മത്സ്യങ്ങൾ ഇവിടെ വിപണനത്തിന് എത്താറുണ്ട്. എന്നാൽ അടുത്തകാലത്തായി മത്സ്യങ്ങളുടെ പ്രത്യേകിച്ച് മത്തിയുടെ ലഭ്യത കുറഞ്ഞു വരുന്നു.

മത്സ്യ ബന്ധന തൊഴിലാളികൾ:-

പ്രവർത്തിക്കുന്ന മേഖല	തൊഴിലാളികളുടെ എണ്ണം
ഉൾനാടൻമത്സ്യ ബന്ധനം	135
മത്സ്യ വിപണനം	50
ആകെ	185

ഇറക്കുമതി ചെയ്യുന്ന മീനുകളുടെ വിവരണം

മാസം	ഇനം	അളവ്
ജനുവരി മുതൽ ഡിസംബർ വരെ	മത്തി	200 ടൺ
	അയില	200
	ആകോലി	20
	അയിക്കോറ	30
	മാന്തൾ	6
ആകെ		456 ടൺ

ദിനംപ്രതി ഒന്നേകാൽടൺ മത്സ്യം ഇറക്കുമതി ചെയ്ത് വിറ്റഴിക്കപ്പെടുന്നു.

പ്രശ്നങ്ങൾ:–

1 കുളത്തിൽ നാടൻമത്സ്യങ്ങളാണ് വളർത്തുന്നത്. വ്യാവസായിക അടിസ്ഥാനത്തിൽ മത്സ്യക്കൃഷി നടത്തുന്നില്ല.

2 കേരളത്തിലെ മത്സ്യമേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സർക്കാർ ഏജൻസികളിൽ രജിസ്റ്റർ ചെയ്ത മത്സ്യ തൊഴിലാളികളും കുറവാണ്.

3 പഞ്ചായത്ത് പ്രദേശത്തെ തോടുകളും പുഴയും 75% കുളങ്ങളും വേനൽക്ക് വറ്റുന്നവയാണ്.
വറ്റാത്ത കുളങ്ങളും ഉണ്ടെങ്കിലും അവയിൽ ശാസ്ത്രീയമായ രീതിയിൽ മത്സ്യ കൃഷി നടത്താൻ സംരംഭം ഉണ്ടായിട്ടില്ല.

5 അലങ്കാര മത്സ്യക്കൃഷി നടത്താനുള്ള സംരംഭവും ഉണ്ടായിട്ടില്ല

6 മത്സ്യ തൊഴിലാളികളും വിൽപ്പനക്കാരും സംഘടിതരല്ല.
ഏജൻറുമാരുടെ ചൂഷണത്തിന് വിധേയരാവുന്നു.
വിൽപ്പനക്കാവശ്യമായ മത്സ്യം കൃത്യമായി കിട്ടുന്നില്ല.

സാദ്ധ്യതകൾ:–

1. പഞ്ചായത്തു കുളങ്ങളും സ്വകാര്യ കുളങ്ങളും ആഴം കൂട്ടി കെട്ടി രണ്ടുകൊല്ലത്തിലൊരിക്കൽ ചേറെടുത്തുമാറ്റി വൃത്തിയാക്കുകയും ചെയ്താൽ ജലം സംഭരിക്കാൻ കഴിയുന്നതും, മത്സ്യങ്ങൾ വളർത്താൻ കഴിയുന്നതുമാണ്.

2. തോടുകളിലെ ചെക്ക് ഡാമുകളും പുഴയിലെ ചെക്ക് ഡാമുകളും നന്നാക്കി ചോർച്ച യടക്കുകയും പുഴയിലും തോടുകളിലും കൂടുതൽ ചെക്ക് ഡാമുകൾ ഉണ്ടാക്കുകയും ചെയ്താൽ വേനൽ കാലത്ത് ജലം സംഭരിക്കാനും മത്സ്യ കൃഷി നടത്താനും കഴിയും.

3. വ്യക്തികൾ, സംഘടനകൾ, ക്ലബ്ബുകൾ എന്നിവക്ക് മിതമായ പ്രതിഫലം ഈടാക്കി ഓരോ പ്രദേശത്തെയും ജലാശയങ്ങൾ മത്സ്യം വളർത്താൻ ഏൽപ്പിച്ചുകൊടുക്കാൻ പഞ്ചായത്ത് മുൻകൈയെടുക്കണം.

4. മത്സ്യം വളർത്താനുള്ള ധനസഹായവും സാങ്കേതിക സഹായവും നൽകേണ്ടതാണ്.

5. ആറാം വാർഡിൽ കെട്ടി പൂർത്തിയായ ലിഫ്ട് ഇറിഗേഷൻ പദ്ധതി പ്രാവർത്തികമായാൽ ആ ഭാഗത്തെ കുളങ്ങൾ വേനൽക്ക് വറ്റുകയില്ല. മത്സ്യ. കൃഷിക്ക് ഉപയുക്തമാക്കാൻ കഴിയും.

6 നമ്മുടെ ജലാശയങ്ങളിൽ ശുദ്ധജലമാണുള്ളത്. ആയതിന് അനുയോജ്യമായതും മെച്ചപ്പെട്ട ജനുസ്സുകളുമായ കട്ടല, മൃഗാല, രോഹിത എന്നിവ കൃഷി ചെയ്യാൻ പ്രോത്സാഹിപ്പിക്കുകയും, ആയതിനാവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുകയോ, ശേഖരിച്ച് വിതരണം ചെയ്യുകയോ ചെയ്യേണ്ടതാണ്. തീറ്റ സാധനങ്ങൾ സൗജന്യനിരക്കിൽ വിതരണം ചെയ്യേണ്ടതുമായ ചുമതല പഞ്ചായത്ത് ഏറ്റെടുക്കണം.


7 അനുയോജ്യമായ തീറ്റ നൽകുക, വളർച്ച ത്വരിതപ്പെടുത്തുക, ആരോഗ്യകരമായി പരിപാലിക്കുക എന്നീ കാര്യങ്ങളിൽ വിദഗ്ദ ഉപദേശം ലഭിക്കുവാൻ പഞ്ചായത്ത് തലത്തിൽ മത്സ്യ ഭവനുകൾ സ്ഥാപിക്കേണ്ടതാണ്.

8 ശാസ്ത്രീയ കൃഷിരീതികളായ ഏകവർഗ്ഗകൃഷി, ബഹുവർഗ്ഗകൃഷി, സമ്മിശ്രകൃഷി, തുടർകൃഷി എന്നീ രീതികളിൽ അനുയോജ്യമായവ അതാതുപ്രദേശത്ത് ഉപയോഗപ്പെടുത്താവുന്നതാണ്.

9 അലങ്കാര മത്സ്യകൃഷി നല്ല സാദ്ധ്യതയുള്ള ഒരു മേഖലയാണ്. അതും പരീക്ഷിക്കാവുന്നതാണ്. ആവശ്യക്കാർക്ക് ബാങ്ക് വായ്പ ലഭ്യമാക്കുകയും സാങ്കേതിക ഉപദേശങ്ങൾ നൽകി പ്രോത്സാപ്പിക്കുകയും ചെയ്താൽ അതുമൂലം നല്ലവരുമാനവും തൊഴിവസരവും ഉണ്ടാകുന്നതാണ്.

10 മത്സ്യം കേടു കൂടാതെ സംഭരിച്ച് വിപണനം നടത്താനുള്ള ഒരു യൂണിറ്റ് തുടങ്ങാവുന്നതാണ്. മത്സ്യതൊഴിലാളികളുടെയും വിൽപനക്കാരുടെയും സഹകരണസംഘം സ്ഥാപിച്ച് തൊഴിൽ സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പാക്കുക.


കുറഞ്ഞ ചിലവിൽ കിട്ടുന്ന നല്ല പോഷകാഹാരം എന്ന നിലയിൽ മത്സ്യോല്പാദനം വർദ്ധിപ്പിക്കേണ്ടതേ വളരെ അത്യാവശ്യമാണ്. നമ്മുടെ പഞ്ചായത്തു പ്രദേശത്ത് ആയതിനു നല്ല സാദ്ധ്യതകൾ ഉണ്ടെന്നുമാത്രമല്ല തന്മൂലം തൊഴിലും വരുമാനവും വർദ്ധിപ്പിക്കാൻ കഴിയുന്നു.



7. 4 സാമൂഹ്യവനവൽക്കരണം

പുതുക്കോട് പഞ്ചായത്ത് പ്രദേശം പടിഞ്ഞാറൻ മേഖല പ്രത്യേകിച്ച് 4, 5, 6, 7 വാർഡുകളും ഭൂരിഭാഗവും വർഷങ്ങൾക്ക് മുൻപ് വരെ സസ്യങ്ങളും വൃക്ഷങ്ങളും കൊണ്ട് നിബിഡമായിരുന്നു. വിറകിനും, ഗൃഹനിർമ്മാണത്തിനും, വീട്ടുപകരണ നിർമ്മാണത്തിനുമായി വൃക്ഷങ്ങൾ മുറിക്കപ്പെട്ടു. അനേകം വൃക്ഷങ്ങൾ മുറിക്കപ്പെട്ട് മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി ഇതര സംസ്ഥാനങ്ങൾക്ക് വരെ കയറ്റി അയക്കപ്പെട്ടു. കൂടാതെ റബ്ബർ തെങ്ങ് മൂതലായ ദീർഘകാല വിളകൾ വെച്ചു പിടിപ്പിക്കുന്നതിനു വേണ്ടിയും കപ്പക്കൃഷി ചെയ്യുന്നതിനുവേണ്ടിയും കാടുകൾ തുടച്ചു നീക്കപ്പെട്ടു. തൻമൂലം കുന്നിൻ ചരിവുകളിൽ മണ്ണൊലിപ്പ് ക്രമാതീതമായി വർദ്ധിച്ചു മണ്ണിൽ ഈർപ്പം നിലനിർത്തുകയും മണ്ണിനെ ഫല ഭൂയിഷ്ഠമാക്കുകയും ചെയ്തിരുന്ന കാടുകൾ നഷ്ടപ്പെട്ടതോടെ കടുത്ത വരൾച്ചയും അനുഭവപ്പെട്ടുതുടങ്ങി. വേനൽക്കാലത്ത് വറ്റാതിരുന്ന കിണറുകളും കുളങ്ങളും വറ്റുവാനും ഇത് കാരണമായി

ഗവൺമെൻറ് സാമൂഹ്യ വനവൽക്കരണ പരിപാടി വർഷങ്ങളായി നടപ്പാക്കി വരുന്നുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൽ കാര്യമായി ഒരു പ്രവർത്തനവും നടന്നില്ല. നാടിന് അനുഗ്രഹമാവേണ്ടതും ഏറ്റവും ജനപങ്കാളിത്തത്തോടെ നടപ്പാക്കാൻ കഴിയുന്നതും എന്നാൽ ഒട്ടും ജനപങ്കാളിത്തമില്ലാതെ നടപ്പിലാക്കി വരുന്നതുമായ ഒരു പദ്ധതിയാണ് സാമൂഹ്യ വനവൽക്കരണം. ഇത്രത്തോളം ധൂർത്തടിക്കപ്പെടുന്ന വേറെ പദ്ധതി കാണുകയില്ല. ഈ പദ്ധതി ഇപ്പോഴും ഗ്രാമ പഞ്ചായത്തുകളുടെ നിയന്ത്രണത്തിൽ വന്നിട്ടില്ല. എങ്കിലും പഞ്ചായത്തിന് ഈ പദ്ധതി വിജയകരമായി നടപ്പിലാക്കാൻ കഴിയും. വനവൽക്കരണവും, മണ്ണൊലിപ്പും ഉരുൾപൊട്ടലും ഇതുമൂലം തടയാനും, ഗാർഹിക ആവശ്യങ്ങൾക്ക് (പ്രത്യേകിച്ച് വിറകിന്) പ്രയോജനപ്പെടുത്താനും കഴിയും. പഞ്ചായത്ത് മുൻകയ്യെടുത്ത് സന്നദ്ധ സംഘടനകളുടെയും മറ്റും സഹകരണത്തോടെ പുതുമഴ പെയ്യുന്നതോടെ ഒറ്റ ദിവസം കൊണ്ട് പഞ്ചായത്ത് റോഡുവക്കിലും പുറമ്പോക്കിലും സ്കൂളുകളിലും ഒഴിഞ്ഞ സ്ഥലങ്ങളിലെല്ലാം ചെടികൾ നടണം. അവ സംരക്ഷിക്കണം. അതേപോലെ വീട്ടുവളപ്പുകളിൽ ചെടികളും വൃക്ഷങ്ങളും നട്ടുപിടിപ്പിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും ബോധവൽക്കരണം നടത്തുകയും വേണം. ആവശ്യമായ തൈകൾ വനംവകുപ്പ് അധികൃതരുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച് സൗജന്യമായി വിതരണം ചെയ്യാൻ പഞ്ചായത്ത് നടപടി സ്വീകരിക്കണം. അഞ്ച് കൊല്ലംകൊണ്ട് വിറകിനും, പത്ത് കൊല്ലം കൊണ്ട് തടിയുടെ കാര്യത്തിലും സ്വയം പര്യാപ്തത എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കേണ്ടതായിട്ടുണ്ട്.



II ദ്വിതീയമേഖല

7. 5 വ്യവസായം

പുതുക്കോട് പഞ്ചായത്തിലേക്ക് കുടിയേറിയ ബ്രാഹ്മണരും അവരോടൊപ്പം കുടിയേറിയ മുസ്ലീംങ്ങളും അവരുടെആവശ്യത്തിനുള്ള വസ്ത്രം സ്വയം നെയ്തു നിർമ്മിക്കുവാനുള്ള സംരംഭങ്ങൾ ആരംഭിച്ചതുമുതൽ പുതുക്കോട് പഞ്ചായത്തിൽ വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കപ്പെട്ടു. പരമ്പരാഗത നെയ്ത്ത് ഉപകരണങ്ങളാണ് അവർ നിർമ്മിതിക്കായിയുപയോഗിച്ചത് കാലക്രമത്തിൽ 1960—കളിൽ നെയ്ത്ത് തൊഴിലാളി സഹ:സംഘങ്ങൾ ഇവയുടെ ഉത്പാദനത്തിന്റെയും വിപണനത്തിന്റെയും നേതൃത്വം ഏറ്റെടുത്തു. പിന്നീട് പരമ്പരാഗത വ്യവസായങ്ങളായ പനമ്പ് നെയ്ത്ത്, കളിമൺ പാത്രനിർമ്മാണം, പപ്പടനിർമ്മാണം എന്നീ ഉത്പാദന യൂണിറ്റുകൾ സ്ഥാപിക്കപ്പെട്ടു.

1940 കളിൽ ഒന്നു, രണ്ടു നെല്ലുകുത്തുമില്ലുകൾ സ്ഥാപിക്കപ്പെട്ടതോടെ അധുനിക വ്യവസായങ്ങൾ പുതുക്കോട് പഞ്ചായത്തിലേക്ക് പ്രവേശിച്ചു. പതിനഞ്ച് നെല്ലുകുത്തുമില്ലുകളും നാല് ഫ്ളോർ മില്ലുകളും ഇന്ന് പുതുക്കോട് പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇവക്ക് പുറമെ ഇരുപതോളം ചെറുകിട സ്വകാര്യ സ്ഥാപനങ്ങളും, പരമ്പരാഗത വ്യവസായ സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് നിലവിൽ വന്നിട്ടുണ്ട്.

പരമ്പരാഗത വ്യവസായങ്ങൾ:—

കൈത്തറി നെയ്ത്ത് വ്യവസായം:—

പുതുക്കോട് നെയ്ത്ത് സഹ:സംഘം, മാർലാട് സഹ:സംഘം, ഹരിജൻ സഹകരണ സംഘം എന്നിവയാണ് കൈത്തറി നെയ്ത്ത് വ്യവസായത്തിന്റെ ഉൽപ്പാദനവും വിപണനവും കൈകാര്യം ചെയ്യുന്നത്.

പുതുക്കോട് കൈത്തറി നെയ്ത്ത് സഹകരണ സംഘം:—

സംഘവുമായി ബന്ധപ്പെട്ട് വീടുകളിൽ 28 പുരുഷൻമാരും, 40 സ്ത്രീകളും തൊഴിൽശാലയിൽ 28 പുരുഷൻമാരും, 18 സ്ത്രീകളും തൊഴിലെടുക്കുന്നു. ഇവർക്ക് ശരശരി 55 രൂപ പ്രതിദിന വേതനം ലഭിക്കുന്നു. ബെഡ്ഷീറ്റ്, കൊതുക്വല, ലുങ്കി, തോർത്ത്, ഡബ്ലിം, സെറ്റ്മുണ്ട്, സെറ്റ്സാരി എന്നിവ സ്ഥാപനത്തിൽ ഉൽപ്പാദിപ്പിക്കുന്നു. സ്വന്തം വിപണന കേന്ദ്രത്തിലൂടെയും, ഹാൻടെക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങളിലൂടെയും ഉൽപ്പന്നം വിപണനം നടത്തുന്നു. പ്രവർത്തിക്കുന്ന എല്ലാ അംഗങ്ങളും ക്ഷേമനിധിയിൽ അംഗങ്ങളാണ്.

മാർലാഡ് കൈത്തറി നെയ്ത്ത് സഹ:സംഘം:—

സംഘവുമായി ബന്ധപ്പെട്ട് വീടുകളിൽ

4 പുരുഷൻമാരും, 6 സ്ത്രീകളും ഫാക്ടറിയിൽ 40 പുരുഷൻമാരും 60 സ്ത്രീകളും ജോലി ചെയ്യുന്നു. ഇവർക്കുപുറമെ 4പുരുഷൻമാരും 150 സ്ത്രീകളും പരിശീലനം നടത്തികൊണ്ടിരിക്കുന്നു. പരിശീലനം പൂർത്തീകരിക്കുന്നതോടെ ഇവർക്കെല്ലാം തൊഴിൽ നൽകുന്നതിനാവശ്യമായ വികസനം സ്ഥാപനത്തിൽനടന്നുവരുന്നു. സെറ്റ്സാരി, സെറ്റ് മുണ്ട്, ഡബ്ബിംഗ് എന്നിവഉത്പാദിപ്പിക്കുന്നു സ്ഥാപനത്തിലെ വിൽപ്പനകേന്ദ്രം, ഹാൻടെക്സ്, സ്വകാര്യ ഏജൻസികൾ എന്നിവ വഴി ഉത്പ്പന്നം വിപണനം നടത്തുന്നു. തൊഴിലാളികൾക്ക് ശരാശരി 100 രൂപ വേതനം പ്രതിദിനം ലഭിക്കുന്നു. തൊഴിലാളികൾക്ക് 'വർക്കേഴ്സ് ഫണ്ട്' ഏർപ്പെടുത്തിയിട്ടുണ്ട്. സിൽക്ക് നെയ്ത്ത് യൂണിറ്റ് ഉണ്ട്. പാലക്കാട് ജില്ലയിലെ ആദ്യത്തെ സിൽക്ക് യൂണിറ്റ് മാർലാട് വീ–വേഴ്സ് സൊസൈറ്റിയിലാണ് ആരംഭിച്ചത്.

പുതുക്കോട് ഹരിജൻ വീവേഴ്സ് സഹ:സംഘം:–

സംഘവുമായി ബന്ധപ്പെട്ട് രണ്ടുപുരുഷൻമാരും, എട്ടുസ്ത്രീകളും ജോലി ചെയ്യുന്നു. '13' നെയ്ത്ത് തറികളം ഉപയോഗിക്കുന്നില്ല. തൊഴിലാളികൾക്ക് ശരാശരി 50 രൂപ വേതനം പ്രതിദിനം ലഭിക്കുന്നു. സ്ഥാപനത്തിലെ ഉൽപ്പന്നം ഹാൻടെക്സ് വഴി വിപണനം നടത്തുന്നു. ഉൽപ്പന്നം കെട്ടിക്കിടക്കുന്നതുമൂലം പ്രവർത്തനം തടസ്സപ്പെടുന്നു. തൊഴിലാളികൾക്ക് 'ക്ഷേമനിധി ആനുകൂല്യങ്ങൾ നിലവിലില്ല.

ഖാദി ചർക്കാ ഗ്രാമം:–

1996–ൽ പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ട സ്ഥാപനത്തിൽ 50 സ്ത്രീകൾ തൊഴിലെടുക്കുന്നു. ശരിയായ മാനേജ്മെൻറ് നിലവിലില്ലാത്തതും, കൂലികുറവും വ്യവസായമാന്ദ്യം സൃഷ്ടിച്ചിരിക്കുന്നു പ്രതിദിനം പത്ത് രൂപ മാത്രമേ തൊഴിലാളികൾക്ക് വേതനം ലഭിക്കുന്നുള്ളു.

ബീഡിവ്യവസായം:

സ്വകാര്യമേഖലയിലും, വീടുകളിലുമായി വ്യവസായത്തിൽ 150 പേർ ഉപജീവനം നടത്തുന്നു. വീടുകളിൽ ഉൽപാദന പ്രക്രിയ നടത്തുന്നവരെ വ്യാവസായികമായി സംഘടിപ്പിക്കപെട്ടിട്ടില്ല. തൊഴിലെടുക്കുന്നവർക്ക് മെച്ചപ്പെട്ട വേതനം ലഭിക്കുന്നില്ല. മാർക്കറ്റിലെ മത്സരം അതിജീവിക്കാൻ ഭൂരിഭാഗം സ്വകാര്യ വ്യവസായങ്ങൾക്കും കഴിയുന്നില്ല.

ആധുനികവ്യവസായങ്ങൾ:–

നെല്ല്കുത്ത്/ഫ്ളോർമിൽ:-

പഞ്ചായത്തിൽ 15 റൈസ്മില്ലുകളും, 4 ഫ്ളോർമില്ലുകളും പ്രവർത്തിക്കുന്നു. സ്വകാര്യസംരഭകരാണ് ഇവ നടത്തുന്നത്. ഇവയിൽ പൂർണ്ണമായും പ്രവർത്തിക്കുകയും നെല്ല് സംഭരിച്ച് അരി വിപണനം നടത്തുകയും ചെയ്യുന്ന ഏക സ്ഥാപനം ശ്രീ. റഹ്മനിയാ റൈസ്മിൽ അഞ്ചുമുറി ആണ്. ഈ സ്ഥാപനമാണ് പഞ്ചായത്തിൽ ആദ്യമായി സ്ഥാപിക്കപ്പെട്ട നെല്ല്കുത്ത്മിൽ. ബാക്കിയുള്ളവ കൂലിക്ക് നെല്ലരക്കുകയും, ധാന്യം പൊടിക്കുകയും ചെയ്യുന്നു. ആധുനികവൽക്കരിക്കപ്പെട്ട മില്ലുകൾ പഞ്ചായത്തിൽ നിലവിലില്ല.

മര അറപ്പ് മില്ലുകൾ:

പഞ്ചായത്തിൽ സ്വകാര്യ സംരംഭകരുടേതായി മൂന്ന് മരഅറപ്പ് മില്ലുകൾ നിലവിലുണ്ട്.
(1) പ്രഭാത് സോമിൽ, അപ്പക്കാട്.
(2) സുബൈദ സോമിൽ തച്ചനടി, ചന്തപ്പുര
(3) പിറക്കൽ സോമിൽ, പ്ലാഴി ഇവിടെ 8 പുരുഷൻമാർ തൊഴിലാളികളായുണ്ട്. ശരാശരി 85 രൂപ പ്രതിദിനവേതനം തൊഴിലാളികൾക്ക് ലഭിക്കുന്നു. ഇവർക്ക് അസംസ്കൃതവസ്തു സുലഭമായി ലഭിക്കുന്നില്ല. കൂലിക്ക് അറുത്ത് കൊടുക്കലാണ് ഇവർ മുഖ്യമായും ചെയ്യുന്നത്. ശരാശരി 40% കാര്യക്ഷമതയിൽ ഇവ പ്രവർത്തിക്കുന്നു.
സുബൈദാ സോമിൽ ആധുനിക ബാൻസോ സ്ഥാപിച്ച് കാര്യക്ഷമത ഉയർത്തിയിട്ടുണ്ട്.

അസംസ്കൃത വസ്തു സുലഭമാവുകയും, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ നിന്നുള്ള സ്വാതന്ത്ര്യവും, ബാങ്ക് വായ്പയും നൽകുകയാണെങ്കിൽ പുരോഗതി പ്രാപിക്കാൻ സാധ്യതയുള്ള വ്യവസായമാണ് തടി വ്യവസായം.

മര ഉപകരണ വ്യവസായം:–

തടി ഉപകരണങ്ങളും നിർമ്മിക്കുന്ന ഏക സ്ഥാപനമാണ് ശ്രീ. വെങ്കിടേശ്വര ഫർണീച്ചേഴ്സ്, തച്ചനടി. ഇവിടെ രണ്ടുതൊഴിലാളികളും പ്രവർത്തിക്കുന്നു. ഓർഡറനുസരിച്ച് ഉപകരണം നിർമ്മിക്കുന്നു. സ്ഥാപനം ലാഭകരമായി പ്രവർത്തിക്കുന്നു. സ്ഥാപനത്തിന് വിദഗ്ദ തൊഴിലാളികളും, അസംസ്കൃത വസ്തുവും ലഭിക്കുന്നില്ല. വ്യാവസായിക അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുവാൻ സാമ്പത്തിക സൗകര്യങ്ങളും ഇല്ല.

സ്റ്റീൽ ഫർണീച്ചർ വ്യവസായം:–

പരമ്പരാഗതമായിത്തന്നെ 'കൊല്ലൻ' വിഭാഗക്കാരായ ഇരുമ്പ് സംസ്ക്കരണ വിദഗ്ദർ പഞ്ചായത്തിൽ സുലഭമാണെങ്കിലും ആധുനീക സ്റ്റീൽ വ്യവസായങ്ങളും സമീപകാലത്താണ് സ്ഥാപിക്കപ്പെട്ടത്.

രണ്ട് സ്വകാര്യ സംരംഭങ്ങളും പഞ്ചായത്തിൽ നിലവിൽ വന്നിട്ടുണ്ട്.

1 ശ്രീമുരുകൻ ഫർണീച്ചർ ഇൻഡസ്ട്രീസ് മണപ്പാടം, ജയസുധ ഇൻഡസ്ട്രീസ് അപ്പക്കാട് ഇവയുമായി ബന്ധപ്പെട്ട് 8 പുരുഷൻമാർ തൊഴിലെടുക്കുന്നു. മണപ്പാടം യൂണിറ്റിൽ മേശ, അലമാര, കട്ടിൽ തുടങ്ങിയ ഫർണീച്ചറുകളും, തച്ചനടി യൂണിറ്റിൽ ഗേറ്റ്, ഗ്രിൽ, ഷട്ടർ തുടങ്ങിയ സാമഗ്രികളും ഉൽപ്പാദിപ്പിക്കുന്നു. വിവിധ സ്വകാര്യ ഏജൻസികളും വഴിയാണ് അസംസ്കൃത വസ്തു കിട്ടുന്നത്. തൊഴിലാളികൾക്ക് ശരാശരി 80 രൂപ പ്രതിദിന വേതനം ലഭിക്കുന്നു. വൈദ്യുതി, വിദഗ്ദതൊഴിലാളികളും, സുലഭമായ ബാങ്ക്വായ്പ എന്നിവ ലഭിക്കുകയാണെങ്കിൽ വമ്പിച്ച വികസന സാധ്യത ഈ വ്യവസായത്തിനുണ്ട്.

ഹോളോബ്രിക്സ് വ്യവസായം:

പഞ്ചായത്തിൽ സമീപകാലത്ത് സ്ഥാപിക്കപ്പെട്ട രണ്ടു സ്വകാര്യ സ്ഥാപനങ്ങളാണ് ചിറക്കൽ ഹോളോബ്രിക്സ്, പ്ലാഴി. പെരിങ്ങോടി ഇൻഡസ്ട്രീസ്–ചന്തപ്പുര എന്നിവ ഇവയിൽ 4 പുരുഷൻമാരും 5 സ്ത്രീകളും പ്രവർത്തിക്കുന്നു. ശരാശരി 45 രൂപ പ്രതിദിന വേതനം തൊഴിലാളികൾക്ക് ലഭിക്കുന്നു. വളരെ പ്രതീക്ഷയോടെ ആരംഭിച്ച ഈ വ്യവസായ ഉത്പന്നം മാർക്കറ്റിൽ പരാജയപ്പെട്ടുകൊണ്ടിരിക്കയാണ്. ഉത്പന്നം കെട്ടികിടക്കുന്നു. പരമ്പരാഗത ഇഷ്ടികയുടെ സുലഭമായ ലഭ്യതയും, ഉപഭോക്താക്കളുടെ അസ്പൃശ്യതയും ഈ വ്യവസായത്തെ തകർച്ചയിലേക്ക് നയിക്കുന്നു. രണ്ടു സ്ഥാപനങ്ങളും വായ്പ തിരിച്ചടക്കാൻ കഴിയാതെ വിഷമിക്കുകയാണ്.

പ്ലാസ്റ്റിക് വ്യവസായം:–

പ്ലാസ്റ്റിക്ക് അസംസ്കൃതവസ്തുവായി ഉപയോഗിക്കുന്ന ഏക വ്യവസായ സ്ഥാപനം ജവഹർ പ്ലാസ്റ്റിക് പ്രൊഡക്ട്സ്, തിരുവടി ആകുന്നു. അഞ്ച് പുരുഷൻമാരും അഞ്ച് സ്ത്രീകളും സ്ഥാപനത്തിൽ തൊഴിലെടുക്കുന്നു. പുരുഷൻമാർക്ക് 50 രൂപയും സ്ത്രീകൾക്ക് 25 രൂപയും പ്രതിദിനം ലഭിക്കുന്നു തൊഴിൽ വൈദഗ്ദ്യം വേതന വ്യത്യാസത്തിന് കാരണമാണ്. പ്ലാസ്റ്റിക്കൂടം, എൽ.ഡി പോളിത്തീൻപൈപ്പ് എന്നിവ ഇവിടെ ഉൽപ്പാദിപ്പിക്കുന്നു. സ്ഥാപനത്തിന് 50% കാര്യക്ഷമത കൈവരിക്കാനേ കഴിയുന്നുള്ളു. അസംസ്കൃത വസ്തുവായ 'പ്ലാസ്റ്റിക് സ്ക്രാപ്പ് ' സുലഭമായി ലഭിക്കുന്നു. മാനേജ്മെൻറും, വൈദ്യുതിയും, വായ്പയും കാര്യക്ഷമമായാൽ വമ്പിച്ച സാധ്യത വ്യവസായത്തിനുണ്ട്.

ആയുർവ്വേദ ഔഷധ നിർമ്മാണം:

ആയുർവ്വേദ ഔഷധ നിർമ്മാണ യൂണിറ്റായ രേഖാ ഫാർമസ്യൂട്ടിക്കൽസ്, പതുക്കോട് എന്ന സ്ഥാപനത്തിൽ 6 പുരുഷൻമാരും 16 സ്ത്രീകളും പ്രവർത്തിക്കുന്നു. ഇവർക്ക് പ്രതിമാസം 300 രൂപ മുതൽ 2000 രൂപ വരെ വേതനം ലഭിക്കുന്നു, വമ്പിച്ച ആവശ്യം ഔഷധത്തിനുണ്ടെങ്കിലും അതു സ്വതമായ ഉത്പാദനം നടത്തുവാൻ കഴിയുന്നില്ല. വിദഗ്ധ തൊഴിലാളികരം ലഭിക്കുന്നില്ല. വിപുലീകരണത്തിന് സാമ്പത്തിക സൗകര്യങ്ങരം ഇല്ല.

ടെയ്ലറിങ് സ്ക്കൂരം/നൂൽ പേപ്പർ ട്യൂബ് യൂണിറ്റുകരം:—

കാർത്തിക ത്രഡ്സ്, ശ്രീനിവാസ പേപ്പർ പ്രോഡക്ട്സ് എന്നീ പരസ്പര ബന്ധിത യൂണിറ്റുകരം പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളിൽ പതിനൊന്ന് സ്ത്രീ തൊഴിലാളികരം പ്രവർത്തിക്കുന്നു. ശരാശരി 2000 രൂപ പ്രതിമാസ വേതനം ഇവർക്ക് ലഭിക്കുന്നു. മാർക്കറ്റിലുള്ള ക്രമാതീതമായ മത്സരം കാർത്തികത്രഡ്സ് നേരിടുന്നു. ബാങ്ക് വായ്പാ നിരക്ക് ഉയർന്നതാകയാൽ വായ്പ ഉപയോഗിക്കാൻ കഴിയുന്നില്ല. അസംസ്കൃത വസ്തുവായ നൂലിന് 23% എക്സൈസ് ഡ്യൂട്ടി നൽകേണ്ടിവരുന്നതിനാൽ ഉൽപ്പാദനച്ചിലവ് വർദ്ധിച്ചതാണ്. യൂണിറ്റിന്റെ ആവശ്യത്തിലേക്കായി ജനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. വായ്പ നിരക്ക് കുറച്ച് വായ്പയുടെ ഒഴുക്ക് വർദ്ധിപ്പിച്ചാൽ യൂണിറ്റുകരംക്ക് വികസന സാധ്യതയുണ്ടാകും.

ഇഷ്ടിക നിർമ്മാണം:

കണക്കനൂർ, മണപ്പാടം ഭാഗത്ത് ഗായത്രി പുഴയോരത്ത് ഇഷ്ടിക നിർമ്മാണം വ്യാപകമാണ്. വ്യക്തികളുടെ കീഴിൽ നടക്കുന്ന ഇഷ്ടിക കളങ്ങളിൽ അസംഘടിത തൊഴിലാളികളാണ്. വമ്പിച്ച സാധ്യത ഈ വ്യവസായത്തിന്ന് ഉണ്ട് തൊഴിലാളികരം കരാർ അടിസ്ഥാനത്തിൽ തൊഴിലെടുക്കുന്നു. സാമ്പത്തിക പുരോഗതിയുള്ള വ്യവസായമെന്ന നിലയിൽ സംഘടിപ്പിക്കാൻ കഴിയേണ്ടതുണ്ട്. 10 ഓളം കളക്കാർ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

അലുമിനിയ പാത്രവ്യവസായം:

രണ്ടു സഹകാര്യ സംരംഭങ്ങരം പഞ്ചായത്തിൽ നിലവിലുണ്ട്. (1) ദാമു ഇൻഡസ്ട്രീസ്—പാട്ടോല, (2) നാരായണ ഇൻഡസ്ട്രീസ്—തിരൂവടി, ഇവയിൽ 4 തൊഴിലാളികരം പ്രവർത്തിക്കുന്നു. ഇവർക്ക് ശരാശരി പ്രതിദിനം 50 രൂപ വേതനം ലഭിക്കുന്നു. വ്യവസായത്തിന്ന് അസംസ്കൃതവസ്തു ലഭിക്കുവാൻ പ്രയാസം നേരിടുന്നുവെങ്കിലും നല്ല നിലയിൽ നടത്തിക്കൊണ്ടുപോവാൻ കഴിയുന്നുണ്ട്. വീടുകളോടനുബന്ധിച്ചാണ് ഇവ പ്രവർത്തിക്കുന്നത്. വ്യവസായിക അടിസ്ഥാനത്തിൽ ഇവയെ സംഘടിപ്പിച്ച് (ഫാക്ടറി സൗകര്യങ്ങരം) വായ്പ, വൈദ്യുതി, അസംസ്കൃത വസ്തുക്കരം എന്നിവ നൽകുവാൻ കഴിഞ്ഞാൽ യൂണിറ്റുകളെ പുരോഗമിപ്പിക്കാൻ കഴിയും.

ഐസ് നിർമ്മാണ യൂണിറ്റ്:—

പഞ്ചായത്തിൽ രണ്ട് ഐസ് നിർമ്മാണ യൂണിറ്റുകരം നിലവിലുണ്ട്.

1 എസ്. പി. ഐസ്. മണപ്പാടം.

2 പ്യാരി ഐസ് ഫാക്ടറി അഞ്ചുമൂറി,

ഇവയുമായി ബന്ധപ്പെട്ട് രണ്ട് ഉൽപ്പാദന തൊഴിലാളികളും 14 വിപണന തൊഴിലാളികളും പ്രവർത്തിക്കുന്നു. ശരാശരി 100രൂപ പ്രതിദിന വേതനം ലഭിക്കുന്നു സാദാ ഐസ്, കേക്ക്, പഴഐസ് തുടങ്ങിയ വിവിധ ഇനം ഐസുകരം യൂണിറ്റുകളിൽ ഉൽപ്പാദിപ്പിക്കുന്നു. വർഷത്തിൽ അഞ്ച് മുതൽ ആറ് മാസങ്ങളിലേ നിർമ്മാണ യൂണിറ്റുകരം പ്രവർത്തിക്കുന്നുള്ളു. പഞ്ചായത്തിലും, ആലത്തൂർ പ്രദേശത്തിലും ഉള്ള പകർച്ചവ്യാധികളുടെ സാന്നിദ്ധ്യം ഈ വ്യവസായത്തെ ദോഷകരമായി ബാധിക്കുന്നു. സ്ഥലപരിമിതികരം യൂണിറ്റുകരംക്കുണ്ട്. എങ്കിലും

നാമമാത്ര ലാഭത്തിൽ ഇവ പ്രവർത്തിക്കുന്നു ആധുനിക വൽക്കരണത്തിലൂടെ ഐസ്ക്രീം ലഘുപാനീയങ്ങൾ എന്നിവ ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചാൽ പുരോഗതി പ്രാപിക്കുവാൻ കഴയും.

കുടിൽ വ്യവസായങ്ങൾ

പനമ്പ് നെയ്ത്ത്വ്യവസായം:

പഞ്ചായത്തിൽ 7-ാംവാർഡ് കേന്ദ്രമായി 21കുടുംബങ്ങൾ വ്യവസായവുമായി ബന്ധപ്പെട്ട് ജീവിക്കുന്നു. ഇവർ പട്ടികജാതിവിഭാഗത്തിൽ പ്പെട്ടവരായതുകൊണ്ട് ജീവിതസാഹചര്യം മെച്ചപ്പെടാൻ നടപ്പിലാക്കപ്പെട്ട വിവിധ ഘടക പദ്ധതികൾ കൊണ്ട് സാധിച്ചിട്ടുണ്ട്. വ്യവസായത്തെ അഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നം അസംസ്കൃതവസ്തുവായ ഈറ അങ്കമാലിയിൽനിന്നും കൊണ്ടുവരുന്നുഎന്നുള്ളതും വ്യാവസായിക അടിസ്ഥാനത്തിൽ ഉത്പാദന – വിതരണം സാധ്യമാകുന്നില്ല എന്നുള്ളതുമാണ്.

കളിമൺ പാത്ര വ്യവസായം: പഞ്ചായത്തിലെ കുംഭാരതറ കേന്ദ്രീകരിച്ച് 36 കുടുംബങ്ങളിലായി നൂറോളം പേർ വ്യവസായത്തിൽ ഉപജീവനം നടത്തുന്നു, 15 ചൂളകൾ നിലവിലുണ്ട്. നാമമാത്ര വരുമാനമേ ഇവർക്ക് ലഭിക്കുന്നുള്ളു. വളരെ താഴ്ന്ന നിലവാരത്തിലുള്ള ജീവിത സൗകര്യങ്ങളാണ് ഇവർക്കുള്ളത്. 'ആദി ആശ്രം' എന്ന വിഭാഗത്തിൽപ്പെട്ട ഇവർക്ക് മറ്റു പിന്നോക്ക വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ മാത്രമേ നിലവിലുള്ളു.

പൂച്ചട്ടികൾ പ്രധാന ഉൽപ്പന്നമാണ്. അസംസ്കൃത വസ്തുവായ മണ്ണ് പാലക്കാട് നിന്നുമാണ് കൊണ്ടുവരുന്നത്. വിപണനം തൃശൂർ ഭാഗത്തുള്ള നർസറികളിൽ നടത്തുന്നു. വ്യാവസായിക അടിസ്ഥാനത്തിൽ ഇവർ സംഘടിപ്പിക്കപ്പെട്ടിട്ടില്ല.

കള്ള് ചെത്ത് വ്യവസായം:–

വ്യവസായവുമായി ബന്ധപ്പെട്ട് 48 തൊഴിലാളികൾ ഉപജീവനം നടത്തുന്നു. ഇവർക്കാവശ്യമുള്ള 'പന' പഞ്ചായത്തിൽ ദുർലഭമായി വരുന്നു.

പപ്പട നിർമ്മാണം:–

ഈ തൊഴിലുമായി ബന്ധപ്പെട്ട് '7' കുടുംബങ്ങൾ പ്രവർത്തിക്കുന്നു. ആധുനിക തൊഴിലുപകരണങ്ങളുടെ അഭാവം ഇവയുടെ പുരോഗതിയെ തടസ്സപ്പെടുത്തുന്നു. വ്യവസായിക അടിസ്ഥാനത്തിൽ ഇവരെ സംഘടിപ്പിച്ചിട്ടില്ല.

പഞ്ചായത്തിലെ വ്യവസായ തൊഴിലാളികൾ

വ്യവസായം	തൊഴിലാളികൾ	ശരാശരി പ്രതിദിന വേതനം പു	സ്ത്രീ	പു	സ്ത്രീ
പരമ്പരാഗത വ്യവസായം					
കൈത്തറി	234	102	132	70	70
ബീഡി	150	120	30	30	30
ഖാദി	50	—	50	—	10
കള്ള്ചെത്ത്	48	48	—	70	—
കുടിൽ വ്യവസായം					
പനമ്പ് നെയ്ത്ത്	47	21	26	50	50
കളിമൺ	100	30	70	50	50
ആധുനിക വ്യവസായം					
തടിഉപകരണം	10	10	—	85	—
ഇരുമ്പ്ഫർണീച്ചർ	8	8	—	80	—

ഐസ് നിർമ്മാണം	14	14	—	100	—
ആയൂർവേദ ഔഷധനിർമ്മാണം	22	6	16	60	30
ഹോളോബ്രിക്സ്	9	4	5	65	35
പ്ലാസ്റ്റിക്	10	5	5	50	25
അലുമിനിയ പാത്രം	4	4	—	50	—
ടൈയ്ലറിംഗ് വസ്തുക്കൾ	11	—	11	—	70
നെല്ലുകുത്തുമിൽ	25	22	3	75	30
ആകെ	742	394	348		

പഞ്ചായത്തിലെ 742 വ്യാവസായിക തൊഴിലാളികളിൽ 46.9% സ്ത്രീകളാകുന്നു.

വ്യത്യസ്ത വിഭാഗങ്ങളെ താഴെ ചേർക്കുന്നു

വിഭാഗം	ആകെ തൊഴിലാളികൾ	ശരാശരി പ്രതിദിന വേതനം പു	സ്ത്രീ	പ	സ്ത്രീ
പരമ്പരാഗതം	482	270	212	57	37
കുടിൽ	147	51	96	50	50
ആധുനികം	113	73	40	71	38
ആകെ	742	394	348	59	42

എല്ലാ വ്യാവസായിക മേഖലകളിലും സ്ത്രീകളുടെ വേതനം കുറഞ്ഞതാണ്. കൈത്തറി സഹ:സംഘങ്ങളിലും കുടിൽ വ്യവസായ മേഖലയിലും വേതന വ്യത്യാസം നിലനിൽക്കുന്നില്ല. പരമ്പരാഗത മേഖലയായ കള്ള് ചെത്ത് വ്യവസായത്തിലും ആധുനിക വ്യവസായിക മേഖലകളായ തടി, ഇരുമ്പ്, ഐസ് നിർമ്മാണം, അലുമിനിയപാത്രം തുടങ്ങിയവയിലും സ്ത്രീ തൊഴിലാളികൾ പ്രവർത്തിക്കുന്നില്ല. ഇഷ്ടികനിർമ്മാണം, കൈത്തറി ഖാദി, തുടങ്ങിയ പരമ്പരാഗതമേഖലകളിലും കുടിൽ വ്യവസായങ്ങളിലും, ടൈലറിങ് വസ്തുക്കൾ, ആയുർവ്വേദ ഔഷധ നിർമ്മാണം എന്നീ മേഖലകളിലും സ്ത്രീ തൊഴിലാളികൾ കൂടുതലാണ്

പഞ്ചായത്തിലെ വ്യവസായ യൂണിറ്റുകളുടെ പ്രശ്നങ്ങൾ

പരമ്പരാഗത കുടിൽ വ്യവസായങ്ങൾ:

1) കൈത്തറി സഹ; സംഘങ്ങളായ പുതുക്കോട് സഹ:സംഘം, ഹരിജൻ സഹ:സംഘം എന്നിവയിൽ ഉത്പന്നം കെട്ടിക്കിടക്കുന്നു.
2) ഉത്പന്നത്തിന്റെ വില മാർക്കറ്റിലുള്ള പവർലൂം തുണിവിലയേക്കാൾ 40% കൂടുതലാണ്.
3) വിദഗ്ദ തൊഴിലാളികൾ ഉള്ളപ്പോഴും ഹരിജൻ സഹ:സംഘത്തിൽ 13 തറികൾ ഉപയോഗിക്കാൻ സാധിക്കുന്നില്ല
4) വിൽപ്പന വിലയിൽനിന്നും 10%കുറവ് നൽകി ഹാൻടെക്സ് ഉൽപന്നം വാങ്ങുന്നു
5) ഹാൻടെക്സ് നൽകുന്ന അസംസ്കൃത വസ്തുവിന് ഉയർന്ന വില ഈടാക്കുന്നു.
6) വിവിധ സംഘങ്ങൾ തമ്മിൽ ഉൽപ്പന്ന വിൽപ്പന വിലയിൽ ഏകീകരണം ഇല്ല.
7) ഹരിജൻ സഹ: സംഘത്തിൽ 1.60 ലക്ഷം രൂപയുടേയും, പുതുക്കോട് സഹ: സംഘത്തിൽ 7 ലക്ഷം രൂപയുടെയും ഉത്പന്നം കെട്ടികിടക്കുന്നു.
8) തൊഴിലാളികളുടെ വൈദഗ്ദ്യമില്ലായ്മയും, പരമ്പരാഗതത്വവും, അസംസ്കൃത വസ്തുവിന്റെ വില വർദ്ധനവും വികസനത്തിന് തടസ്സമാകുന്നു.
9) ഖാദി വ്യവസായ തൊഴിലാളികൾക്ക് നാമമാത്രവേതനം ലഭിക്കുന്നു വ്യാപാര മാന്ദ്യം നിലനിൽക്കുന്നു.
10) മാർക്കറ്റിലെ മൽസരം നേരിടാൻ ബീഡിവ്യവസായത്തിന്ന് കഴിയുന്നില്ല
11) ബീഡിവ്യവസായ മേഖലയിലെ സുരക്ഷിതത്വമില്ലായ്മ തൊഴിലാളികളെ അസംഘടിത മേഖലയിലേക്ക് തിരിച്ചുപോവാൻ നിർബന്ധിക്കുന്നു.
12) കള്ള് ചെത്താനാവശ്യമായ പന ലഭിക്കുന്നില്ല.
13) കുടിൽ വ്യവസായങ്ങളെ വ്യാവസായി

കമായി സംഘടിപ്പിക്കപ്പെട്ടിട്ടില്ല.

14) ആധുനിക യന്ത്രവൽക്കരണം കുടിൽ വ്യവസായത്തിൽ വന്നിട്ടില്ല.

15) ശാസ്ത്രീയ വിപണന മാർഗ്ഗങ്ങളും കുടിൽ വ്യവസായങ്ങൾക്കില്ല.

16) ചില വർഗ്ഗക്കാർ മാത്രം കുടിൽ വ്യവസായത്തിൽ ഏർപ്പെടുന്നു.

17) കളിമൺ പാത്രവ്യവസായത്തിൽ ഏർപ്പെട്ടവർ വളരെ താഴ്ന്ന ജീവിത നിലവാരം പുലർത്തുന്നു.

18) അസംസ്കൃത വസ്തുക്കളും ദൂരസ്ഥലത്തുനിന്നും കൊണ്ടുവരുന്നു.

19) പപ്പട വ്യവസായം ആധുനിക വത്കരിക്കപ്പെട്ടിട്ടില്ല.

ആധുനിക വ്യവസായങ്ങൾ

1 വ്യവസായ വൽക്കരണത്തിന് ആവശ്യമായ വൈദ്യുതി ലഭിക്കുന്നില്ല.

2 കുറഞ്ഞ വോൾട്ടേജും, പവർകട്ടും വ്യാവസായിക പ്രവർത്തനത്തെയും വികസനത്തെയും തടസ്സപ്പെടുത്തുന്നു.

3 90% ചെറുകിടവ്യവസായിക യൂണിറ്റുകളും 50%മോ, അതിൽ താഴെയോ കാര്യക്ഷമത(എഫിഷ്യൻസി)യിൽ പ്രവർത്തിക്കുന്നു.

4 കാര്യക്ഷമത കുറവിന്റെ പ്രധാന കാരണം വൈദ്യുതി ക്ഷാമമാണ്.

5 സ്വന്തമായി ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന 'ജനറേറർ' ഉള്ള സ്ഥാപനം കാർത്തികത്രഡ്സ്, ശ്രീനിവാസ പേപ്പർപ്രോഡക്ട്സ് ആണ്.

6 വ്യാവസായിക വികസനത്തിന് നേതൃത്വം നൽകുന്ന രൂപത്തിലുള്ള വൻകിട വ്യവസായമോ, വ്യവസായ എസ്റ്റേറ്റോ പഞ്ചായത്തിൽ നിലവിലില്ല.

7 നെൽക്കൃഷി പഞ്ചായത്തിൽ വ്യാപകമാണെങ്കിലും നെല്ല്കുത്ത് മില്ലുകൾക്കു കാര്യക്ഷമതയില്ല. ആധുനിക നെല്ല്കുത്ത് മില്ലുകളും പഞ്ചായത്തിൽ നിലവിലില്ല

8 വമ്പിച്ച വികസന സാധ്യതയുള്ള തടി/തടി ഉപകരണ വ്യവസായത്തിനാവശ്യമായ മരം സുലഭമല്ല.

9 പകർച്ച വ്യാധികളും പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാൻ കഴിയാത്തത് മൂലം ഐസ് ഫാക്ടറികൾക്ക് കാര്യക്ഷമമായി പ്രവർത്തിക്കുവാൻ കഴിയുന്നില്ല.

10 വിദഗ്ദ തൊഴിലാളികളുടെ അഭാവം തടി ഉപകരണം, സ്റ്റീൽ ഫർണീച്ചർ, ആയുർവ്വേദ ഔഷധങ്ങളും എന്നീ വ്യവസായ യൂണിറ്റുകളുടെ വികസനത്തെ തടസ്സപ്പെടുത്തുന്നു.

11 ഹോളോബ്രിക്സ് വ്യവസായം വിൽപ്പന മാന്ദ്യം നേരിടുന്നു.

12 വീടുകളോടനുബന്ധിച്ച് അലുമിനിയ പാത്ര വ്യവസായം നടത്തുന്നത് മൂലം സ്ഥലദൗർലഭ്യവും, വികസന തടസ്സവും ഉണ്ടാവുന്നു.

13 പൂർണ്ണ തോതിലുള്ള തൊഴിൽശാലകളായി അലുമിനിയ പാത്ര വ്യവസായം വളർന്നിട്ടില്ല.

14 അസംസ്കൃത നൂലിന് 23% എക്സൈസ് ഡ്യൂട്ടി നൽകേണ്ടതിനാൽ ടെയ്ലറിങ് വസ്തുക്കൾക്ക് ഉയർന്ന വില ഏർപ്പെടുത്തേണ്ടി വരുന്നത് ഈ വ്യവസായത്തെ പ്രതിസന്ധിയിലാക്കുന്നു.

15 പഞ്ചായത്തിലെ വ്യാവസായിക വികസനത്തിനാവശ്യമായ ബാങ്ക്വായ്പ സഹായങ്ങളും നിലനിൽക്കുന്നില്ല.

16 ബാങ്ക് നിരക്കുകളും വളരെ ഉയർന്നതാണെന്നതിന് പുമെ, ലഭിക്കുവാൻ അനേകം സാങ്കേതിക തടസ്സങ്ങളും, അഴിമതിയും നില നിൽക്കുന്നു.

17 വ്യാവസായിക സബ്സിഡിയും, വ്യാവസായിക അറിവും, സഹായവും നൽകേണ്ട സർക്കാർ വകുപ്പുകളും കാര്യക്ഷമമല്ല.

18 പഞ്ചായത്തിലെ ജനങ്ങൾക്ക് വ്യാവസായിക പുരോഗമന അവബോധമോ, കാഴ്ചപ്പാടോ, പ്രോത്സാഹന നിലപാടുകളോ ഇല്ല.

19 വ്യാവസായ സംരംഭകനെ ആദരിക്കാനോ ബഹുമാനിക്കാനോ, ജനങ്ങളും തയ്യാറാകുന്നില്ല. ഇവരെ ഉയർന്ന സാമ്പത്തിക വരുമാനം ഉള്ളവരായി കാണുന്നു.

ഗ്രാമസഭയിൽ നിന്നും ഉയർന്നു വന്ന നിർദ്ദേശങ്ങൾ

1 പുളി, മാങ്ങ തുടങ്ങിയവയുടെ സംസ്ക്കരണ വ്യവസായം തുടങ്ങണം. ഇവയിൽ സ്ത്രീകൾക്ക് തൊഴിൽ സാധ്യതകൂടുതലാണ്.

2 വളരെയധികം വൈദഗ്ധ്യമുള്ള വനിതാ ടൈലർമാർ പഞ്ചായത്തിലുണ്ട്, ഇവരെ ഉപയോഗിച്ച് വനിതാ ഗാർമെന്റ് യൂണിറ്റ് ആരംഭിക്കണം.

3 പാലുൽപ്പാദന സംസ്ക്കരണ വ്യവസായ യൂണിറ്റുകൾ ആരംഭിക്കണം.

4 സോഫാ–കം–ബെഡ്പോലുള്ള ഫർണീച്ചർ വ്യവസായ യൂണിറ്റുകൾ ആരംഭിക്കണം

5 നെയ്ത്ത് സഹ: സംഘങ്ങളെ സാമ്പത്തികമായി സംരക്ഷിക്കണം.

6 നെയ്ത്ത് തൊഴിലാളികൾക്ക് ആധുനിക തൊഴിൽ പരിശീലനം നൽകണം.

7 നൂൽ ഉൽപ്പാദനം പഞ്ചായത്തിൽ ആരംഭിക്കണം.

8 റബ്ബറധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കണം. ഉദാ: ബലൂൺ

9 'തോലുൽപ്പന്നങ്ങൾ' നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കണം. ഉദാ: ലെതർ ബെൽറ്റ്.

10 പപ്പട വ്യവസായത്തിന്ന് സാങ്കേതിക സാമ്പത്തിക സഹായം നൽകണം

11 ബീഡി വ്യവസായ സഹ: സംഘം ആരംഭിക്കണം,

12 മരപ്പണിക്കാർക്ക് ആധുനിക തൊഴിലുപകരണങ്ങളും മരവും ലഭ്യമാക്കണം.

13 നെയ്ത്ത് തൊഴിലാളികൾക്ക് ആധുനിക നെയ്ത്ത് ഉപകരണങ്ങൾ നൽകണം.

14 ഖാദി നൂൽ ഉൽപ്പാദകർക്ക് ഉയർന്ന കൂലി ഉറപ്പുവരുത്തണം.

15 തൊഴിൽ വൈദഗ്ദ്യം പരിശീലന കേന്ദ്രം ആരംഭിക്കണം.

16 പച്ചക്കറി സംഭരണ–സംസ്ക്കരണ കേന്ദ്രം ആരംഭിക്കണം.

17 ബാങ്കുവായ്പാ സൗകര്യങ്ങൾ സുതാര്യവും, കാര്യക്ഷമവുമാക്കണം.

18 പ്ലാസ്റ്റിക് കൊട്ടനെയ്ത്ത്, കളിക്കോപ്പുകൾ, മെഴുകുതിരി, ചന്ദനത്തിരി ഉൽപ്പാദന യൂണിറ്റുകൾ ആരംഭിച്ച് സ്ത്രീകൾക്ക് തൊഴിലവസരം സൃഷ്ടിക്കണം.

19 കാർഷികോൽപ്പന്ന വ്യവസായ യൂണിറ്റുകൾ സഹകരണമേഖലയിൽ ആരംഭിക്കണം

20 പഞ്ചായത്തടിസ്ഥാനത്തിൽ സ്റ്റാർച്ച് ഫാക്ടറി ആരംഭിക്കണം.

21 കയറിറക്ക് തൊഴിലാളി പ്രശ്നം പരിഗണിച്ച് ഇഷ്ടിക വ്യവസായത്തെ രക്ഷപ്പെടുത്തണം.

ചില പ്രായോഗിക നിർദേശങ്ങളും സാധ്യതകളും:–

1 വൈദ്യുതി പ്രതിസന്ധി പരിഹരിക്കാനും, ജനങ്ങളിൽ വ്യാവസായിക അവബോധം സൃഷ്ടിക്കാനും ബോധപൂർവ്വമായ ശ്രമങ്ങൾ ആരംഭിക്കണം.

2 എല്ലാ സംരഭകർക്കും ആവശ്യമായ ബാങ്കു വായ്പ സൗകര്യങ്ങൾ പഞ്ചായത്ത് നേതൃത്വം കൊടുത്ത് ഏർപ്പെടുത്തുവാൻ പദ്ധതി ആവിഷ്ക്കരിക്കണം.

3 വ്യവസായിക വികസനത്തിന് നേതൃത്വം നൽകുവാൻ ഒരുവൻകിട വ്യവസായസ്ഥാപനം പഞ്ചായത്തിൽ സ്ഥാപിക്കുവാൻ പദ്ധതിയുണ്ടാവണം.

4 വ്യാവസായിക എസ്റ്റേറ്റ് സ്ഥാപിച്ച് സ്ഥലസൗകര്യങ്ങളുടെ അപര്യാപ്തതമൂലം വികസന തടസ്സം നേരിടുന്ന വ്യവസായ യൂണിറ്റുകളെയും, കൂടിൽ വ്യവസായങ്ങളെയും നവീനവ്യവസായ സ്ഥാപനങ്ങളാക്കി മാറ്റുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം.

5 നെല്ലുൽപാദകരെ ഇടത്തട്ടുകാരിൽനിന്നു മോചിപ്പിക്കുവാൻ സഹകരണ മോഡേൺ റൈസ്മിൽ സ്ഥാപിക്കുവാനുള്ള സാധ്യതകൾ പരിഗണിക്കണം.

6 പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന കാർഷിക ഉൽപ്പന്നമായ റബ്ബർ, പുളി മാങ്ങ മരച്ചീനി ഉപയോഗിച്ചുള്ള വ്യവസായങ്ങളും സംസ്ക്കരണ യൂണിറ്റുകളും സഹകാര്യമേഖലയിലോ സഹകരണമേഖലയി

സ്ഥാപിക്കുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം.

7 നൂൽ അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന വ്യാവസായിക യൂണിറ്റുകൾ വളരെയധികം പുതുക്കോട് പഞ്ചായത്തിൽ നിലവിലുണ്ട്. ഇവർക്കാവശ്യമായ നൂൽ ഇവിടെ ഉൽപ്പാദിപ്പിക്കുവാൻ സഹകരണ നൂൽമിൽ സ്ഥാപിക്കുവാൻ പദ്ധതി ആവിഷ്ക്കരിക്കണം.

8 ടെയ്ലറിങ് വൈദഗ്ദ്ധ്യം നേടിയ വനിതകളെ ഉപയോഗിച്ച് ഗാർമെൻറ്സ് യൂണിറ്റുകൾ തുടങ്ങുവാനുള്ള സാധ്യതകൾ പരിഗണിക്കണം.

9 നെയ്ത്ത് സഹ:സംഘം നിർമ്മിക്കുന്ന കൊതുകുവലകൾക്ക് വ്യാവസായിക വിപണന മേഖലകൾ കണ്ടെത്തി വിപുലീകരിക്കുവാനുള്ള സാധ്യത പരിഗണിക്കണം.

10 ചണം, സിൽക്ക് നൂലുകൾ എന്നിവ കൊണ്ടുള്ള തുണിത്തരങ്ങൾ നിർമ്മിക്കുവാനുള്ള സൗകര്യങ്ങൾ കൈത്തറി നെയ്ത്ത് സഹ:സംഘങ്ങൾക്ക് ഒരുക്കി അവയെ തകർച്ചയിൽ നിന്നും രക്ഷിക്കണം.

11 ഹാൻഡ്ലൂം സവിശേഷ ഉൽപ്പന്നങ്ങളായ സെറ്സാരി, സെറ്മുണ്ട് എന്നിവ ഉൽപ്പാദിപ്പിക്കാൻ നെയ്ത്ത് സഹ:സംഘങ്ങൾക്ക് സൗകര്യമൊരുക്കണം.

12 നെയ്ത്ത് തൊഴിലാളികൾക്ക് ആധുനിക പരിശീലനവും, തൊഴിൽ ഉപകരണങ്ങളും നൽകുവാൻ പദ്ധതി ആവിഷ്ക്കരിക്കണം

13 കൈത്തറി ഉൽപ്പന്നങ്ങൾക്ക് വില ഏകീകരണം സാധ്യമാവണം.

14 മരപ്പണിക്കാർക്ക് ആധുനിക തൊഴിലുപകരണങ്ങളും തൊഴിൽ പരിശീലനവും നൽകുവാൻ പദ്ധതി ആവിഷ്ക്കരിക്കണം.

15 പപ്പട വ്യവസായം ആധുനികവൽക്കരിച്ച വ്യവസായിക യൂണിറ്റുകൾ ആരംഭിച്ച് യന്ത്രവൽകൃത പപ്പടനിർമ്മാണം ആരംഭിക്കുണം.

16 ബീഡി വ്യവസായം, കളിമൺ പാത്രവ്യവസായം, പനമ്പ് നെയ്ത്ത് വ്യവസായം, കാർഷികോൽപ്പന്ന വ്യവസായം എന്നിവക്ക് സഹ: സംഘങ്ങൾ രൂപീകരിച്ച് വ്യവസായിക ഉൽപ്പാദന വിതരണം ശാസ്ത്രീയമാക്കണം.

17 ഖാദി നൂൽ ഉൽപ്പാദന യൂണിറ്റുകളെ വ്യാവസായിക അടിസ്ഥാനത്തിൽ സംഘടിപ്പിക്കാനുള്ള പദ്ധതി ആവിഷ്ക്കരിക്കണം.

18 വ്യാവസായിക അടിസ്ഥാനത്തിൽ പൂച്ചെടികൾ വളർത്തുന്നതിനും ആരംഭിച്ച് കളിമൺ പാത്ര (പൂച്ചെട്ടി)വ്യവസായത്തിന് പുരോഗതിയുണ്ടാക്കാനുള്ള പദ്ധതിയുണ്ടാക്കണം.

19 ഔഷധ സസ്യങ്ങൾ വ്യാപകമായി കൃഷി ചെയ്ത് ഔഷധ നിർമ്മാണത്തിന് അസംസ്കൃത വസ്തു ഉറപ്പുവരുത്തണം

20 വികസിക്കുവാൻ സാധ്യതയുള്ള തടിവ്യവസായത്തിന് അസംസ്കൃത വസ്തു പിൽക്കാലത്തെങ്കിലും സുലഭമാക്കുവാൻ ബോധപൂർവ്വമായ വനവത്ക്കരണ പരിപാടി ആരംഭിക്കണം.

21 പകർച്ചവ്യാധികൾ നിർമാർജ്ജനം ചെയ്ത് ഐസ് നിർമ്മാണ യൂണിറ്റുകളുടെ വിപണന തടസ്സം നീക്കണം.

22 ഹോളോ ബ്രിക്സിനെക്കുറിച്ച് ജനങ്ങൾക്കുള്ള തെറ്റായ അവബോധം തിരുത്തുവാൻ ബോധവൽക്കരണം നടത്തണം.

23 ചില വർഗ്ഗക്കാർ മാത്രം ചില തൊഴിലുകൾ ചെയ്യുന്ന അവസ്ഥ മാറ്റുവാൻ ബോധപൂർവ്വമായ ശ്രമങ്ങൾ ഉണ്ടാവണം.

24 പനമ്പ് വ്യവസായത്തിനുള്ള അസംസ്കൃത വസ്തു സുലഭമാക്കുവാൻ വ്യാപകമായി ഈറ്റ/മുള എന്നിവ കൃഷി ചെയ്യുവാൻ പദ്ധതി അവിഷ്ക്കരിക്കണം.

25 ആവശ്യമായ ജനറേറ്റർ സൗകര്യങ്ങൾ ചെറുകിട വ്യാവസായിക യൂണിറ്റുകൾക്ക് ലഭ്യമാക്കുവാൻ സാങ്കേതിക സാമ്പത്തിക സൗകര്യങ്ങൾ ഉണ്ടാക്കുവാൻ പദ്ധതിയുണ്ടാവണം

26 സഹകരണ മേഖലയിൽ സ്റ്റാർച്ച് ഫാക്ടറി, പുളി, മാങ്ങ സംസ്ക്കരണ ഫാക്ടറി എന്നിവയുടെ സാധ്യത പരിഗണിക്കണം.

27 ഇഷ്ടിക നിർമ്മാണ വ്യവസായത്തെ വ്യാവസായിക അടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും, സാങ്കേതിക സാമ്പത്തിക സൗകര്യങ്ങൾ ഒരുക്കുകയും വേണം.

28 സമൂഹത്തിൽ വ്യാവസായിക അവബോധം സൃഷ്ടിക്കാനും സംരംഭകരെ ആദരിക്കാനും ബോധവൽക്കരണം നടത്തണം.

29 പാലുൽപ്പന്നങ്ങളുടെ സംസ്ക്കരണ യൂണിറ്റുകൾക്കുള്ള സാധ്യത പരിഗണിക്കണം.

30 പച്ചക്കറി/മൃഗത്തോൽ ഇവയുടെ സംഭരണ സംസ്ക്കരണ യൂണിറ്റുകളുടെ സാധ്യത പരിഗണിക്കണം.

വൈദഗ്ധ്യപോഷണം:

തൊഴിൽ വൈദഗ്ധ്യം തൊഴിലാളിയുടെ അന്തസ്സും വരുമാനവും വർദ്ധിപ്പിക്കുന്നു. പരമ്പരാഗത കുടിൽ വ്യവസായങ്ങളിലും സ്വയംതൊഴിൽ സംരംഭകരിലുംഉള്ള തൊഴിൽ വൈദഗ്ധ്യത്തിന്റെ അഭാവം ഇവരുടെ തൊഴിലിന്റെ അന്തസ്സും, തൊഴിലിൽനിന്നും കിട്ടുന്ന വരുമാനവും കുറക്കുന്നു ഇത്പരിഹരിക്കുവാൻ തൊഴിൽ പരിശീലന പരിപാടികൾ വ്യാപകമാക്കേണ്ടതുണ്ട്.
തൊഴിൽ വൈദഗ്ധ്യം നൽകുന്നതിന്വേണ്ടി ട്രൈസം DWCRA യൂണിറ്റുകളിലൂടെ പരിപാടികൾ നടത്തപ്പെട്ടിട്ടുണ്ട്.

ട്രൈസം പരിപാടി:—

ഗ്രാമീണ കൈത്തൊഴിലുകാർക്ക് പരിശീലനം നൽകുവാൻ ആവിഷ്ക്കരിച്ച പദ്ധതി പ്രകാരം വൈദഗ്ധ്യം നൽകപ്പെട്ടവർ താഴെ പട്ടികയിൽപ്പെടുത്തുന്നു.

വാർഡ്	വിഷയം	പരിശീലനംലഭിച്ചവർ	സ്വയം തൊഴിലുള്ളവർ	മറ്റു തൊഴിലുള്ളവർ
1	നെയ്ത്ത്	4	4	
2	ഓട്ടോമെക്കാനിക്	1		1
	നെയ്ത്ത്	4	4	
3	നെയ്ത്ത്	4	4	
9	നെയ്ത്ത്	1	1	
ആകെ		14	13	1

പരിപാടിയിലൂടെ 13 പേർക്ക്കൈത്തറി നെയ്ത്തിൽ പരിശീലനവും ഒരാൾക്ക് ഓട്ടോമെക്കാനിക്കിൽ പരിശീലനവും നൽകിയിട്ടുണ്ട്. ഇവയിൽ ഓട്ടോ മെക്കാനിക്ക് പരിശീലനം നേടിയ വ്യക്തി മറ്റുതൊഴിൽ കണ്ടെത്തി.

DWCRA —പരിപാടി:—

പരിപാടിയുമായി ബന്ധപ്പെട്ട് കൈത്തറി നെയ്ത്ത് പരിശീലനം 1983—84 ൽ19 പേർക്കും 1992—93 ൽ 12 പേർക്കും നൽകിയിട്ടുണ്ട്. രണ്ടാം വാർഡിൽ താമസിക്കുന്ന ഈ 27 പേരും കൈത്തറി നെയ്ത്തിൽ ഉപജീവനം നടത്തുന്നു.

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണം നൽകൽ പരിപാടി: (RAP)

ഈ പരിപാടിയുമായി ബന്ധപ്പെട്ട് സഹായം ലഭിച്ചവർ പട്ടികയിൽപ്പെടുത്തുന്നു

നമ്പർ	IRDPസർവ്വെ കൈത്തൊഴിലുകാർ	സഹായം ലഭിച്ചവർ	അർഹതയുള്ളവർ
1	3	1	2
2	10		10
3	5		5
4	1		1
5	5	2	3
6	5	1	4
7	12	4	8
8	13	7	6
9	12	6	6
	66	21	45

RAP പരിപാടിയിലൂടെ 21പേർക്ക് ആധുനിക തൊഴിലുപകരണങ്ങൾ നൽകിയിട്ടുണ്ട് ഇനിയും സഹായം നൽകുവാൻ 45 പേർ ബാക്കിയുണ്ട്.

സാധ്യതകളും നിർദ്ദേശങ്ങളും:—

1 പഞ്ചായത്തിൽ കൈത്തറി നെയ്ത്ത് പരിശീലന കേന്ദ്രം സ്ഥാപിക്കണം.

2 ഇതോടനുബന്ധിച്ച് മറ്റ് തൊഴിൽ പരിശീലന കേന്ദ്രവും ആരംഭിക്കണം.
ഉദാ: മരപ്പണി, കെട്ടുപണി, മൊസൈക് പണി.

3 പഞ്ചായത്തിൽ പലസ്ഥലങ്ങളിലായി പ്രവർത്തിക്കുന്ന ഗ്രാമീണ ടെക്നീഷ്യൻമാരെ ഒരുസ്ഥലത്ത് കേന്ദ്രീകരിച്ച് പ്രവർത്തിക്കാനുള്ള ടെക്നീഷ്യൻസ് സഹ:സംഘം സ്ഥാപിച്ച് അവർക്ക് വേണ്ട സാമ്പത്തിക സാങ്കേതിക സഹായങ്ങളും സൃഷ്ടിക്കണം.

4 അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്നവരെ ചെറിയ ഗ്രൂപ്പുകളാക്കി മാറ്റി ഗ്രൂപ്പുകളും തമ്മിൽ ആരോഗ്യകരമായ തൊഴിൽ മത്സരം ഉണ്ടാവുകയാണെങ്കിൽ തൊഴിലിന്റെ ഗുണനിലവാരവും വരുമാനവും ഉയർത്തുവാൻ സാധിക്കും


5 ചില വിഭാഗങ്ങളും മാത്രം കുത്തകയാക്കി വച്ചിരിക്കുന്ന തൊഴിലുകളെ അഥവാ വൈദഗ്ധ്യത്തെ, ഉദാ: മരപ്പണി, കെട്ടുപണി, തുടങ്ങിയവ മറ്റു ജനവിഭാഗങ്ങളും ക്കും സ്വായത്തമാക്കുവാൻ പദ്ധതി ആവിഷ്കരിക്കണം.

6 അടുക്കളപ്പണിക്കാർക്ക് സഹ: സംഘം രൂപീകരിച്ച് പ്രവർത്തിക്കാനായാൽ പ്രവർത്തനത്തിലെ ഗുണനിലവാരവും വരുമാനവും വർദ്ധിപ്പിക്കാൻ സാധിക്കും.

7 വീടുകളിൽചെന്ന് മാതൃ—ശിശു പരിപാലനം നടത്തുന്നവർക്ക് മാതൃ—ശിശു സംരക്ഷണത്തിൽ പരിശീലനം നൽകുവാൻ പദ്ധതി രൂപീകരിക്കണം.

8 അലക്കുതൊഴിലാളികൾക്ക് ആധുനിക 'പവർ വാഷിംഗിൽ' പരിശീലനം നൽകി 'പവർ ലോൻഡ്രി'കൾ സ്ഥാപിക്കാൻ സാങ്കേതിക/സാമ്പത്തിക സൗകര്യം നൽകുവാൻ പദ്ധതി ആവിഷ്കരിക്കണം.





7. 6 ഊർജ്ജം

പഞ്ചായത്തിലെ ജനങ്ങളുടെ ഊർജ്ജാവശ്യം പ്രധാനമായും നിറവേറുന്നത് വൈദ്യുതി, വിറക്, മണ്ണെണ്ണ എന്നിവയാണ്. വെളിച്ചം, വ്യാവസായിക ഉത്പ്പാദനം എന്നിവയാണ് പ്രധാന വിദ്യുച്ഛക്തി ഉപഭോഗം പഞ്ചായത്തിലെ ഭൂരിഭാഗം കുടുംബങ്ങളും വെളിച്ചത്തിന് മണ്ണെണ്ണ വിളക്കുകളെ ആശ്രയിക്കുന്നു. പഞ്ചായത്തിലെ പാചക ആവശ്യത്തിന് വിറക് പ്രധാന ഇന്ധനമായി ഉപയോഗിക്കുന്നു. പാചകവാതകം, മണ്ണെണ്ണ, തെങ്ങിൽനിന്നും ലഭിക്കുന്ന ഉപവസ്തുക്കൾ നേരിയ തോതിൽ ജൈവവസ്തുക്കൾ, എന്നിവ പാചക ആവശ്യത്തിന് ജനങ്ങൾ ആശ്രയിക്കുന്നു.

നെൻമാറ 66 KV സബ്സ്റ്റേഷനിൽ നിന്നും ആരംഭിക്കുന്ന മുടപ്പല്ലൂർ 11 KV പ്രസരണിയിലൂടെയാണ് പഞ്ചായത്തിലേക്ക് വൈദ്യുതി മുഖ്യമായും എത്തുന്നത്. പഞ്ചായത്തിന്റെ വടക്കൻഭാഗത്ത് പാടൂർ സെക്ഷനിൽനിന്നും വൈദ്യുതി എത്തുന്നു. മൊത്തം 10 വിതരണ ട്രാൻസ്ഫോർമറുകൾ 1200–ൽപ്പരം KVA ഊർജ്ജം പഞ്ചായത്തിൽ വിതരണം നടത്തുന്നു.

പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും പട്ടികരൂപത്തിൽ താഴെ കൊടുക്കുന്നു.

നമ്പർ	കപ്പാസിറ്റി	പേര്	സെക്ഷൻ
1	160 KVA	പുതുക്കോട് വടക്കഞ്ചേരി	
2	250	അപ്പക്കാട്	
3	100	താളിക്കോട്	
4	100	തെക്കെപ്പൊറ	
5	63	മാർലാട്	
6	,,	മണപ്പാടം	
7	,,	സർവ്വജന ഹൈസ്കൂൾ	
8	63	കണക്കന്നൂർ	
9	100	പാട്ടോല	പാടൂർ
10	250	തിരുവടി	,,

പഞ്ചായത്തിലെ നിലവിലുള്ള വൈദ്യുതി ഉപഭോക്താക്കൾ പട്ടികരൂപത്തിൽ:

ഉപഭോക്താക്കൾ	മൊത്തം കണക്ഷൻ
ഗാർഹികം	1603
വ്യാപാരം	114
വ്യാവസായികം	33
കാർഷികം	117

പഞ്ചായത്തിലെ ഏറ്റവും കൂടുതൽ വിദ്യു

ച്ഛക്തി ഉപഭോഗം ഗാർഹിക ആവശ്യങ്ങൾക്കാണ്. കാർഷിക, വ്യവസായിക, വ്യാപാര ഉപഭോഗം പകൽസമയത്ത് മാത്രമേ നടക്കുന്നുള്ളു.

ഗാർഹിക കണക്ഷനുകളുടെ വാർഡ് തിരിച്ചുള്ള പട്ടിക

വാർഡ്	മൊത്തം വീടുകൾ	വൈദ്യുതി ഉള്ളത്	വൈദ്യുതി ഇല്ലാത്തത്
1	431	204	47%
2	312	249	80
3	326	250	77
4	338	103	30
5	460	119	26
6	379	144	38
7	408	197	48
8	458	179	39
9	350	158	45
മൊത്തം	3462	1603	46.30%

പഞ്ചായത്തിലെ 46.30% വീടുകളിൽ വൈദ്യുതി എത്തിയിട്ടുണ്ട്. ഏറ്റവും കൂടുതൽ ശതമാനം വീടുകൾ വൈദ്യുതീകരിക്കപ്പെട്ടത് II, III വാർഡുകളിലാണ്. 1, 6, 7, 9 വാർഡുകളിൽ പഞ്ചായത്ത് ശരാശരിയിൽ നിന്നും താരതമ്യേന കുറവും, 4, 5 വാർഡുകളിൽ വളരെ കുറവുമാണ്. പഞ്ചായത്തിലെ 53% വീടുകളിൽ വൈദ്യുതി എത്തിയിട്ടില്ല.

തെരുവ് വിളക്കുകളുടെ എണ്ണം പട്ടിക രൂപത്തിൽ

വിളക്ക്	എണ്ണം
40 വാട്ട്സ്	20
60 ,,	274
ട്യൂബ് ലൈറ്റുകൾ	5
ആകെ	299

തെരുവ് വിളക്കുകൾക്കായി പഞ്ചായത്തിൽ നിന്നും പ്രതിമാസം 4765 രൂപ ഇലക്ട്രിസിറ്റി ബോർഡിന് നൽകുന്നുണ്ട്. പഞ്ചായത്തിലെ 11.6 കുടുംബങ്ങൾക്ക് ഒരു തെരുവ് വിളക്ക് നിലവിൽ ഉണ്ട്.

പഞ്ചായത്തിലെ വൈദ്യുതി എത്താത്ത പ്രദേശങ്ങൾ

വാർഡ്—1 വെട്ടുകാട്, പന്നിക്കോട്, കളയൻകുന്ന്, മമ്പറമ്പ് കല്ലംപറമ്പ്, കരിയക്കുന്ന്ഇടവഴി, ലക്ഷംവീട്.

വാർഡ്— 4 കീഴക്കുണ്ട്, മുതയംകോട്, പടിഞ്ഞാറുമുറി,പുലിക്കോട്,ചൂലിപ്പാടം, വെള്ളാഞ്ചേരി.

വാർഡ്—5 ഭൂരിഭാഗം മേഖലകളിലും വൈദ്യുതി എത്തിയിട്ടില്ല.

വാർഡ്—6 തിരുവടി, വടക്കെപ്പൊറ, ചുങ്കം, ഉളികുത്താൻപാടം, തേക്കിൻകാട്, എടപറമ്പ്

വാർഡ്—7 ഉദിയടി, അയ്യപ്പൻകുന്ന്റെ കിഴക്കുഭാഗം, പാലാട്ടുതറ, പുല്ലാനിയോട്, ലക്ഷംവീട്. കിഴക്കേക്കര.

വാർഡ്—8 പൂഞ്ചാംതൊടി,കണക്കനൂർ,കണ്ണനൂർ, തോണിക്കടവ്, മലങ്കാട്, കാവുങ്ങൽപ്പാടം.

വാർഡ്— 9 കണ്ണത്തുകാട്, കുറുഞ്ചേരി, നായ്ക്കത്തറ, കുലാലൻതറ,വടക്കേക്കളംകോളനി.

പഞ്ചായത്തിലെ വിദ്യുച്ഛക്തി കണക്ഷനുവേണ്ടി അപേക്ഷ നൽകിയവർ:

ഓർഡിനറി	197
ഒ.ടി.പി.	10
ഒ.വൈ.യി.സി.	3

മണ്ണെണ്ണ:—

പഞ്ചായത്തിലെ 53.7% വീടുകളിൽ വെളിച്ചം എത്തിക്കുന്നത് മണ്ണെണ്ണയാണ്. പഞ്ചായത്തിലുള്ള ഏഴ് പൊതുവിതരണ കേന്ദ്രങ്ങളാണ് മണ്ണെണ്ണ വിതരണത്തിന്റെ 75% വും നിറവേറ്റുന്നത്. സ്വകാര്യ ഏജൻസികളും മണ്ണെണ്ണ വിതരണം നടത്തുന്നുണ്ട്.

പഞ്ചായത്തിൽ പൊതുവിതരണ കേന്ദ്രം വഴി വിതരണം നടത്തുന്ന മണ്ണെണ്ണയുടെ വിവരം:

കാർഡ്ഉടമകളുടെ എണ്ണം	വിതരണംനടത്തുന്നമണ്ണെണ്ണ
പെർമിറ്റുള്ളവർ 229	2303ലിറ്റർ

പാചക വാതകം:—

വടക്കഞ്ചേരി ശ്രീനാരായണ ഗ്യാസ് ഏജൻസി വഴി (' ഭാരത് ഗ്യാസ് ") നടത്തുന്നതാണ് പൊതുമേഖലാസ്ഥാപനംവഴി നടത്തുന്ന പാചക വാതക വിതരണം. തച്ചനടിയിൽ പ്രവർത്തിക്കുന്ന എം. സി. ഗ്യാസ് ഏജൻസി (" ബിർലാ ഗ്യാസ് "), എളനാട് സ്റ്റെർലിങ് ഗ്യാസ് ഏജൻസി എന്നീ സ്വകാര്യ ഏജൻസികളിൽ കൂടി പഞ്ചായത്തിൽ പാചക വാതക വിതരണം നടത്തുന്നുണ്ട്.

പഞ്ചായത്തിലെ പാചകവാതക ഉപഭോക്താക്കൾ

ഏജൻസി	എണ്ണം
ഭാരത് ഗ്യാസ്	250
ബിർളാ	82
സ്റ്റെർലിങ്ങ്	2

പഞ്ചായത്തിൽ പരിധിയിൽ പൊതുമേഖലാ വിതരണ പരിധി ഇല്ല. എങ്കിലും ശ്രീനാരായണ ഗ്യാസ് ഏജൻസിയിലൂടെ ' ഭാരത് ഗ്യാസ് ' 1987—88 കാലഘട്ടത്തിൽ പുതുക്കോട് പഞ്ചായത്തിൽ ഗ്യാസ് വിതരണം നടത്തിത്തുടങ്ങി. 1994—95 കാലഘട്ടത്തിലാണ് സ്വകാര്യ ഏജൻസികളും വിതരണ രംഗത്തേക്ക് പ്രവേശിച്ചത്. പഞ്ചായത്തിലെ പാചകവാതക വിതരണം ആവശ്യങ്ങളെക്കാളും പരിമിതമാണ്. 350 അപേക്ഷകളും വിവിധ ഏജൻസികളിലായി പാചകവാതക കണക്ഷനുകൾക്ക് വേണ്ടി കാത്തിരിക്കുന്നു. പഞ്ചായത്തിലെ 10% കുടുംബങ്ങൾക്ക് പാചക വാതക കണക്ഷനുകളും നിലവിലുണ്ട്.

പെട്രോളിയം ഉത്പന്നങ്ങൾ:—

പഞ്ചായത്തിൽ ഡീസൽ ഇന്ധനമായി ഉപയോഗിക്കുന്ന 83 വാഹനങ്ങളും പെട്രോൾ ഇന്ധനമായി ഉപയോഗിക്കുന്ന 107 വാഹനങ്ങളും നിലവിലുണ്ട്. ഈ വാഹനങ്ങളിൽ ബസ്സുകൾ ഒഴികെയുള്ളവ 450 ലിറ്റർ ഡീസലും, 175 ലിറ്റർ പെട്രോളും പ്രതിദിനം ഇന്ധനമായി ഉപയോഗിക്കുന്നു.

ജൈവദ്രവ്യങ്ങൾ:—

ജൈവദ്രവ്യ ഇന്ധനങ്ങളിൽ വിറക് പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളുടേയും പാചക ഊർജ്ജ ആവശ്യങ്ങളെ നിവർത്തീകരിക്കാൻ ഉപയോഗിക്കുന്നു. 3000—ൽ പരം കുടുംബങ്ങൾ പാചക ആവശ്യത്തിന്ന് വിറക് ഇന്ധനമായി ഉപയോഗിക്കുന്നു. പ്രതിദിനം 10 ടൺ ജൈവദ്രവ്യ ഇന്ധനങ്ങൾ, (വിറക്, തെങ്ങിൽനിന്നും ലഭിക്കുന്ന ഉപ ഉത്പന്നങ്ങൾ, അറക്കപൊടി തുടങ്ങിയവ) പഞ്ചായത്തിലെ ജനങ്ങൾ ഉപയോഗിക്കുന്നു. പഞ്ചായത്തിലെ നാനാഭാഗത്തും സ്ഥിതിചെയ്യുന്ന വിറകുപേട്ടകളിലൂടെയാണ് പ്രധാനമായും വിറക് വിതരണം നടത്തുന്നത്. പഞ്ചായത്തിൽ നിന്നും പരിസരപ്രദേശങ്ങളിൽ നിന്നുമാണ് മുഖ്യമായും വിറക് ലഭിക്കുന്നത്. ഇത്രയും വിറകിനുവേണ്ടി പ്രതിദിനം ഒരു വൃക്ഷമെങ്കിലും മുറിക്കപ്പെടുന്നു ഒരു കുടുംബത്തിന്റെ ഇന്ധനാവശ്യങ്ങളിലേക്കായി പ്രതിദിനം 4.20 രൂപ ചിലവാക്കുന്നു.

മറ്റ് ഊർജ്ജ മേഖലകൾ:–

പഞ്ചായത്തിൽ 10 ബയോഗ്യാസ് പ്ലാന്റുകൾ നിലവിലുണ്ട്. ഇതിൽ മൂന്ന് പ്ലാന്റുകൾ മാത്രമേ സ്ഥിരമായി ഉപയോഗിക്കുന്നുള്ളു. ജൈവവാതകത്തിന്റെ കുറഞ്ഞ ഇന്ധന മൂല്യവും, പ്രാഥമികമായി നടത്തേണ്ടുന്ന പ്രക്രിയകൾക്കുള്ള താൽപര്യമില്ലായ്മയും, എൽ. പി. ജി. യുടെ വിതരണം വ്യാപകമാവലും ഇവയുടെ ഉപയോഗം കുറയ്ക്കാൻ കാരണമായിട്ടുണ്ട്.

ഊർജ്ജ സംരക്ഷണ ഉപകരണങ്ങൾ:–

പഞ്ചായത്തിൽ ദക്ഷത കൂടിയ അടുപ്പുകൾ, ട്യൂബ് ലൈറ്റിന്റെ ഇലക്ട്രോണിക് ചോക്കുകൾ എന്നിവ ഏതാനും വീടുകളിൽ മാത്രമേ ഉപയോഗിക്കുന്നുള്ളു. ബയോഗ്യാസ് വിളക്കുകൾ, സോളാർ വിളക്കുകൾ, കുക്കറുകൾ, കോംപാക്ട് ഫ്ളൂറിസം ട്യൂബുകൾ, ഫ്രിക്ഷൻ ലൈസ് വാൾവുകൾ എന്നിവ ഉപയോഗിക്കുന്നില്ല.

പാചക വാതക കണക്ഷൻ, ലഭിച്ചവരുടെയും, മണ്ണെണ്ണ പാചക ഇന്ധനമായി ഉപയോഗിക്കുന്ന ചില വീടുകളിലും പ്രഷർകുക്കർ ഉപയോഗിക്കുന്നു. 12% വീടുകളിൽ പ്രഷർകുക്കർ ഉപയോഗിക്കുന്നുണ്ട്.

ഊർജ ഉപയോഗ ലഭ്യതകളുടെ പ്രശ്നങ്ങൾ:

1 പഞ്ചായത്തിൽനിന്നും വൈദ്യുതി എത്താത്ത പ്രദേശങ്ങൾ ധാരാളം നിലവിലുണ്ട്.
2 10 ട്രാൻസ്ഫോർമറുകൾ മാത്രമേ പഞ്ചായത്തിൽനിലവിലുള്ളു. ഇവപഞ്ചായത്തിലെ ഊർജാവശ്യം പൂർത്തീകരിക്കുന്നില്ല.
3 പഞ്ചായത്തിൽ മിക്കഭാഗത്തും ആവശ്യമായവോൾട്ടേജില്ല വിശേഷിച്ചും വൈകുന്നേരം 6 മണി മുതൽ 10 മണി വരെ,
4 പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ വൈകുന്നേരസമയങ്ങളിൽ 30–ൽ താഴെ വോൾട്ടേജ് മാത്രമേ ലഭിക്കുന്നുള്ളു.
5 പഞ്ചായത്തിലെ 53.7% വീടുകളിൽ വൈദ്യുതി എത്തിയിട്ടില്ല,
6 ആവശ്യത്തിന് തെരുവുവിളക്കുകൾഇല്ല. ഉള്ളവ പ്രവർത്തിക്കുന്നില്ല.
7 അപേക്ഷകർക്ക് മുഴുവൻ വിദ്യുച്ഛക്തി കണക്ഷൻ നൽകുന്നില്ല.
8 പാചക ആവശ്യത്തിന് മണ്ണെണ്ണപെർമിറ്റുകൾ ആവശ്യാനുസരണം അനുവദിക്കുന്നില്ല.
9 റേഷൻ മണ്ണെണ്ണ മിക്കവാറും മുഴുവനായി ലഭിക്കാറില്ല.
10 പാചകാവശ്യത്തിനുള്ള മണ്ണെണ്ണ കുറവായി മാത്രമേ ലഭിക്കുകയുള്ളു.
11 മാർക്കറ്റിൽ നിന്നും ലഭിക്കുന്ന മണ്ണെണ്ണക്ക് വില കൂടുതൽ നൽകേണ്ടിവരുന്നു.
12 പാചക വാതക വിതരണം കാര്യക്ഷമമല്ല.
13 പുതുക്കോട് പഞ്ചായത്തിൽ പൊതുമേഖലാ വിതരണ ഏജൻസി നിലവിലില്ല.
14 അപേക്ഷകർക്കെല്ലാം വാതക വിതരണം നടത്തുന്നില്ല.
15 സ്വകാര്യ ഏജൻസികളിലൂടെ വിതരണം ചെയ്യുന്ന വാതകത്തിന് വില കൂടുതലാണ്.
16 190 വാഹനങ്ങൾ ഉണ്ടായിട്ടും ഇവക്ക് ഇന്ധനം ലഭിക്കുവാൻ വടക്കഞ്ചേരി വരെ പോകേണ്ടിവരുന്നു.
17 ഭൂരിഭാഗം ജനങ്ങളുടേയും ഇന്ധനമായ വിറകിന് ക്രമാതീതമായി വില ഉയരുന്നു
18 മറ്റ് ജൈവദ്രവ്യങ്ങളുടെ ലഭ്യതകുറഞ്ഞുവരുന്നു.
19 ബയോഗ്യാസ് പ്ലാന്റുകൾ ഉപയോഗിക്കുന്നതിന് താൽപര്യം കുറഞ്ഞുവരുന്നു
20 ഊർജ സംരക്ഷണ ഉപകരണങ്ങൾ വ്യാപകമല്ല അഥവാ ന്യൂനമാണ്.
21 ഇവയുടെ വ്യാപനത്തിനുള്ള ബോധപൂർവ്വമായ ശ്രമം ഒന്നുംതന്നെ നടത്തപ്പെട്ടിട്ടില്ല

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ:–

1 സ്ഥാപിക്കപ്പെട്ട ലൈനുകളിലെല്ലാം തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും അവ പൂർണ്ണമായും പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
2 വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ അടി

യന്തിരമായി വൈദ്യുതി എത്തിക്കുക.

3 ലൈനുകളും ആവശ്യമുള്ള സ്ഥലങ്ങളിൽ ലൈൻ സ്ഥാപിക്കുക.

4 ഊർജാവശ്യത്തിന് വേണ്ടത്ര വിതരണ ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുക.

5 രൂക്ഷമായ വോൾട്ടേജ് ക്ഷാമം അടിയന്തിരമായി പരിഹരിക്കുക. (വിശേഷിച്ചും 30–ൽതാഴെ വോൾട്ടേജ് ലഭിക്കുന്ന പ്രദേശങ്ങളിൽ)

6 തീരെ വോൾട്ടേജ് ഇല്ലാത്ത സിംഗിൾ ഫൈസ് നിലവിലുള്ള ലൈനുകളിൽ ത്രീ ഫൈസ് അനുവദിക്കുക

7 K S E B ബില്ലിംഗ് ഓഫീസ് പുതുക്കോടിന് നഷ്ടപ്പെട്ടത് പുനഃസ്ഥാപിക്കുക.

8 പ്രധാന കവലകളിൽ സോഡിയം വേപ്പർ ലാമ്പുകളും സ്ഥാപിക്കുക.

9 കൃഷി വ്യവസായ ആവശ്യത്തിനുള്ള വിദ്യുച്ഛക്തി അപേക്ഷകർക്ക് അടിയന്തിരമായി കണക്ഷൻ നൽകണം.

സൗജന വൈദ്യുതി യഥാർത്ഥ ഗുണഭോക്താക്കൾക്ക് സുലഭമായി വിതരണം ചെയ്യണം.

11 പുകയില്ലാത്ത അടുപ്പുകളും വ്യാപകമായി പ്രചരിപ്പിക്കൽ ബോധവൽക്കരണം നടത്തണം.

ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	ഹരിജൻകോളനികളുടെ പേര്	വൈദ്യുതിയുള്ള കുടുംബങ്ങൾ	സൗജന്യസ്ലാബിൽ വൈദ്യുതിയുള്ളവർ	പണംനൽകി കണക്ഷൻലഭിച്ചവർ
1	ഐത്താപറമ്പ്	10	10	
1	വെട്ടുകാട്	7	7	
1	ചെറുകാഞ്ഞിരകോട്	10	10	
4	മൊതയംകോട്	19	19	
7	പാട്ടോല ഹരിജൻ കോളനി	18	—	18
8	കുതിരൻ പറമ്പ്	12	10	2
8	അറളാകോട്	8	8	
8	കണക്കന്നൂർ അംബേദ്ക്കർ കോളനി	20	20	
	ആകെ	104	84	

നിർദ്ദേശങ്ങളും സാധ്യതകളും

1 വ്യാപകവും രൂക്ഷവുമായ വിദ്യുച്ഛക്തി വോൾട്ടേജ് പ്രശ്നം പരിഹരിക്കുന്നതിന് സ്ഥാപിക്കപ്പെടുന്ന വടക്കഞ്ചേരി 110 KV സബ്സ്റ്റേഷനോടനുബന്ധിച്ച് പുതുക്കോട് കണ്ണമ്പ്ര മേഖലകൾക്കായി ഒരു 66 KV സബ്സ്റ്റേഷൻ പുതുക്കോട് ആസ്ഥാനമാക്കി സ്ഥാപിക്കണം.

2 നിലവിലുള്ള ട്രാൻസ്ഫോർമറുകളും ഉപഭോഗ വർദ്ധനക്കനുസരിച്ച് പുതുക്കുകയും KVA വർദ്ധിപ്പിക്കുകയും ചെയ്യണം

3 വൈദ്യുതീകരിക്കാത്ത വീടുകളിലെല്ലാം വൈദ്യുതിഎത്തിക്കാനുള്ള സന്നദ്ധപ്രവർത്തനം സംഘടിപ്പിക്കണം.

4 മിനിമം ഒരു ബൾബ് എങ്കിലും എല്ലാ വീടുകളിലും സ്ഥാപിക്കണം.

5 നിലവിൽ 11.6 കുടുംബങ്ങൾക്ക് ഒന്ന് എന്നനിരക്കിൽ മാത്രമേ തെരുവ്വിളക്കുകളും നിലവിലുള്ളു. ഇത് 5 കുടുംബങ്ങൾക്ക് ഒന്ന്എന്ന നിലക്കെത്തിക്കുവാൻ 393 തെരുവ് വിളക്കുകളും അധികമായി

സ്ഥാപിക്കുവാൻ പദ്ധതി ആവിഷ്ക്കരിക്കണം.

6 സ്ഥാപിക്കുന്ന തെരുവ് വിളക്കുകളും നിലവിലുള്ളവയും മെച്ചപ്പെട്ട കോംപാക്ട് ഫ്ളൂറിസെൻറ് ട്യൂബുകളിലായി മാറ്റുവാൻ പദ്ധതി ആവിഷ്ക്കരിക്കണം.

7 ഇതിലൂടെ പഞ്ചായത്ത് ഇപ്പോഴം തെരുവ് വിളക്കുകംക്കായി നൽകുന്ന പ്രതിമാസഫീസ് മൂന്നിലൊന്നാക്കി കുറക്കാം.

8 വൈദ്യുതീകരിച്ച എല്ലാ വീടുകളിലും കൂടുതൽ സമയം പ്രവർത്തിക്കുന്ന രണ്ട് വിളക്കുകളെങ്കിലും C. F. C കളാക്കി മാറ്റുവാൻ സബ്സിഡിയും, സന്നദ്ധപ്രവർത്തനവും ബോധവൽക്കരണവും നടത്തണം.

9 എല്ലാ വീടുകളിലും പ്രഷർകുക്കറും കച്ചിപ്പെട്ടിയും എത്തിക്കുവാൻ വേണ്ട സന്നദ്ധ പ്രവർത്തനവും ബോധവൽക്കരണവും നടത്തണം.

10 നിലവിൽ ANERT നൽകുന്ന സബ്സിഡിയോടൊപ്പം പഞ്ചായത്ത് സബ്സിഡിയും ഉപഭോക്താവിന്റെ വിഹിതവും ഉപയോഗിച്ച് പദ്ധതി നടപ്പിൽ വരുത്തുവാൻ വേണ്ട പദ്ധതികം ആവിഷ്ക്കരിക്കണം.

11 പഞ്ചായത്തിൽ നിലവിലുള്ള എല്ലാ മോട്ടോറുകംക്കും പമ്പുകംക്കും ഫ്രക്ഷൻ ലെസ് വാൽവുകം ഏർപ്പെടുത്തുവാൻ ANERT സബ്സിഡി ഉപയോഗിച്ച് നടപ്പിലാക്കുവാൻ പദ്ധതി ആവിഷ്ക്കരിക്കണം.

12 ട്യൂബ് ലൈറ്റിനുള്ള ഇലക്ട്രോണിക് ചോക്കുകം ANERT സബ്സിഡി ഉപയോഗിച്ച് വ്യാപകമാക്കുവാൻ പദ്ധതി ആവിഷ്ക്കരിക്കണം.


13 പുകയില്ലാത്ത ദക്ഷത കൂടിയ അടുപ്പുകം വ്യാപകമാക്കുവാൻ ANERT ന് പുറമേ പഞ്ചായത്ത് സബ്സിഡി നൽകി ബോധവൽക്കരണത്തിലൂടെ നടപ്പിലാക്കുവാൻ സന്നദ്ധ പ്രവർത്തനങ്ങംക്ക് പദ്ധതി ആവിഷ്ക്കരിക്കണം.


14 ബയോഗ്യാസ് പ്ലാൻറുകം കമ്മ്യൂണിറ്റി അടിസ്ഥാനത്തിൽ വ്യാപകമാക്കുവാൻ പദ്ധതി ആവിഷ്ക്കരിക്കണം.

15 പഞ്ചായത്തിന് ആവശ്യമായ വിറകിന്റെ ലഭ്യത സുഗമമാക്കുവാൻ വന വൽക്കരണ പരിപാടി ആവിഷ്ക്കരിക്കണം.

16 ഒരു വർഷം 1000 വൃക്ഷതൈകളെങ്കിലും നട്ടു പിടിപ്പിച്ച് വളർത്തി ഉറപ്പുവരുത്തുവാൻ പദ്ധതികം ആവിഷ്ക്കരിക്കണം.

17 പുതുക്കോട് പെട്രോം പമ്പ് സ്ഥാപിക്കണം.





7.7 ഗതാഗതം

1962 ലാണ് പുതുക്കോട് പഞ്ചായത്തിൽ ബസ് സർവ്വീസ് ആരംഭിക്കുന്നത്. തുടക്കത്തിൽ 3 ബസുകളാണ് സർവ്വീസ് തുടങ്ങിയത്. എന്നിരുന്നാലും ആ കാലത്ത് കാൽനടയായാണ് പ്രധാനമായും യാത്ര ചെയ്തിരുന്നത്. ഇപ്പോഴും പഞ്ചായത്തിലെ ജനങ്ങളും പൂർണ്ണമായും റോഡ് ഗതാഗതത്തെയാണ് ആശ്രയിക്കുന്നത്. പുതുക്കോട് അഞ്ചുമുറിയിൽ നിന്നും കാരപ്പൊറ, കണ്ണമ്പ്ര, വഴിക്കും, മണപ്പാടം മഞ്ഞപ്രവഴിക്കും പോകുന്ന വടക്കഞ്ചേരിയിലേക്കും പൊതുമരാമത്തിന്റെ കീഴിൽ വരുന്ന 4കി. മി. റോഡിലൂടെയാണ് പ്രധാനമായും ഗതാഗതം നടക്കുന്നത്. ഇതിനു പുറമെ തച്ചനടിയിൽ നിന്ന് പാട്ടോല വഴി പ്പാഴിയിലേക്ക് പഞ്ചായത്തിന് കുറുകെ കടന്നുപോകുന്ന 4കി മി. പൊതുമരാമത്തിന്റെ കീഴിലുള്ള റോഡിലൂടെയും സാമാന്യം ഭേദപ്പെട്ട ഗതാഗതം നടക്കുന്നു. ഇതിനു പുറമെ പഞ്ചായത്തിന് കീഴിൽ വരുന്ന 45കി.മി മെറ്റൽ–മണ്ണ് റോഡുകളും ഉണ്ട്. ഇതിൽ60% റോഡുകളും ചെറിയ വാഹനങ്ങളുടെ ഗതാഗത്തിന് മാത്രം ഉപയോഗിക്കുന്നവയാണ്.

പഞ്ചായത്തിലെ ജനസംഖ്യയുടെ 16.7% പേരും ദിനവും യാത്ര ചെയ്യുന്നവരാണ്. ഇതിൽ ഭൂരിഭാഗവും തൊഴിൽ ആവശ്യങ്ങൾക്കായി യാത്ര ചെയ്യുന്നു.

യാത്രാ സൗകര്യങ്ങൾ:–

പഞ്ചായത്തിലെ ജനങ്ങളും പ്രധാനമായും സ്വകാര്യ ബസ്സുകളെ ആശ്രയിക്കുന്നു. കൂടാതെ ജീപ്പ്, ഓട്ടോറിക്ഷ മുതലായവയും പ്രയോജനപ്പെടുത്തുന്നു. 29 ബസ്സുകളും 82ട്രിപ്പുകളിലായി 164സർവ്വീസുകളും നടത്തുന്നുണ്ട് ഭൂരിഭാഗം ബസ്സുകളും പഞ്ചായത്തിൽനിന്നും സർവ്വീസ് ആരംഭിക്കുന്നവയാണ് 95% ബസ്സുകളും ജില്ലാ ആസ്ഥാനമായ പാലക്കാട്ടിലേക്ക് സർവ്വീസ് നടത്തുന്നു. 5%ബസ്സുകളും തൃശൂരിലേക്കും സർവ്വീസ് നടത്തുന്നു. ഇതിനുപുറമേ പഞ്ചായത്തിലൂടെ തൃശൂരിലേക്ക് 5ബസ്സുകളും കോഴിക്കോട്ടിലേക്ക് 2 ബസ്സുകളും സർവ്വീസ് നടത്തുന്നു.

മണപ്പാടം, തച്ചനടി, അഞ്ചുമുറി എന്നീ സ്ഥലങ്ങളും കേന്ദ്രീകരിച്ചുകൊണ്ട് 27 ഓട്ടോറിക്ഷകളും സർവ്വീസ് നടത്തുന്നു. പഞ്ചായത്തിൽ 9 ടാക്സി ജീപ്പുകളും 4 സ്വകാര്യ ജീപ്പുകളും ഓടുന്നുണ്ട്. 5 ടാക്സികാറുകളും പഞ്ചായത്തിൽ ലഭ്യമാണ്കൂടാതെ 6 സ്വകാര്യ കാറുകളും 82 മോട്ടോർ ഇരുചക്രവാഹനങ്ങളും 1027 സൈക്കിളുകളും പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിലെ വാഹനങ്ങളുടെ പട്ടിക:–

നമ്പർ	വാഹനങ്ങളം	സ്വകാര്യം	ടാക്സി/ മറ്റുള്ളവ
1	ബസ്സ്	29	
2	കാർ	6	5
3	ജീപ്പ്	4	9
4	ടെമ്പോ/മിനിലോറി	1	0
5	ലോറി	1	1
6	ട്രാക്ടർ	19	
7	പവർട്രില്ലർ	3	
8	ഓട്ടോറിക്ഷാ		27
9	മോട്ടോർസൈക്കിം	82	
10	സൈക്കിം	1027	
11	കാള/പോത്ത്വണ്ടി	25	
12	കൈവണ്ടി	3	

പഞ്ചായത്തിലെ റോഡുകൾ:–

പ്രധാന റോഡുകം:

1 കാരപ്പൊറ — തച്ചനടി — മണപ്പാടം — മലങ്കാട് — ടാർറോഡ്

2 തച്ചനടി — പാട്ടോല— പ്ലാഴി ടാർറോഡ്

ഈ രണ്ടു റോഡുകളും പൊതുമരാമത്തിന്റെ കീഴിലാണ്. പഞ്ചായത്തിന്റെ കീഴിലുള്ള താഴെപറയുന്ന റോഡുകളും ടാർചെയ്യപ്പെട്ടവയാണ്.

ചന്തപ്പുര	—	തെക്കേപ്പൊറ റോഡ്
തച്ചനടി	—	അഞ്ചുമൂർ റോഡ്
കാരപ്പൊറ	—	ചൂലിപ്പാടം റോഡ്
പാട്ടോല	—	കണക്കനൂർ റോഡ്
തിരുവടി	—	ചുങ്കം റോഡ്

മറ് റോഡുകൾ:–

പഞ്ചായത്തിൽ നിലവിലുള്ള റോഡുകം വാർഡ് അടിസ്ഥാനത്തിലുള്ള പട്ടിക:–

വാർഡ്	ടാർ റോഡ്		മെറ്റൽറോഡ്		മണ്ണ് റോഡ്	
	എണ്ണം	നീളം	എണ്ണം	നീളം	എണ്ണം	നീളം
1	2	1km	—	—	8	4.5
2	—	—	—	—	8	5
3	1	1	—	—	5	4.5
4	1	2	2	1km	4	3.5
5	1	4.5	1	1.5	6	7
6	1	1	—	—	5	3.5
7	1	1	1	0.8	7	4.5
8	2	1.5	2	3.5	4	5.5
9	1	1	1	0.4	9	4.5
ആകെ	10	13	7	7.2	56	42.5

റോഡുകളുടെ പൊതു അവസ്ഥയും പ്രശ്നങ്ങളും:–

റോഡ് ശൃംഖല സാമന്യം മെച്ചപ്പെട്ടതാണെങ്കിലും റോഡുകളുടെ അവസ്ഥ വളരെ ശോചനീയമാണ്. 100% റോഡുകൾക്കും ഓടകം ഇല്ലാത്തതും, മഴവെള്ളം ഒഴുകി പോകുന്നതിന് തടസ്സമാകുന്നു. ഇത് റോഡുകൾക്ക് പെട്ടെന്നുള്ള കേടുപാടുകം ഉളവാക്കുന്നു. 85% റോഡുകൾക്കും കലുങ്കുകം ഇല്ലാത്തതും പ്രശ്നമാകുന്നു. മഴക്കാലമാകുന്നതോടെ മണ്ണ് റോഡുകളും, മെറ്റൽ റോഡുകളും ചളിക്കുഴിയായി മാറുന്ന അവസ്ഥയാണ്. 100% മണ്ണ് റോഡുകളും നാളിതുവരെയായി ചണ്ണാലിപ്പ് തടയുന്നതിനോ മഴവെള്ളം ഒഴുകിപോകുന്നതിനോ ഉള്ള സംവിധാനങ്ങം ഏർപ്പെടുത്തിയിട്ടില്ല. റോഡുകൾക്ക് പൊതുവെ വീതി കുറവാണ്. കൂടാതെ സ്വകാര്യ വ്യക്തികളുടെ റോഡ് കയ്യേറ്റങ്ങളും, വിവിധ സംഘടകളുടെ സ്മാരകങ്ങം, വെയിറ്റിങ് ഷെഡുകം എന്നിവയും റോഡ് കയ്യേറ്റത്തിൽ എത്തുന്നതും റോഡ് ഗതാഗതത്തിന് വലിയ ബുദ്ധിമുട്ടുകം സൃഷ്ടിക്കുന്നവയാണ്.

22 ബസ്സുകൾ പഞ്ചായത്ത് അതിർത്തികളിൽനിന്നും സർവ്വീസ് ആരംഭിച്ച് 60 ട്രിപ്പുകൾ നടത്തി പുതുക്കോട് തന്നെ സർവ്വീസ് അവസാനിപ്പിക്കുകയും ചെയ്യുന്നുണ്ടെങ്കിലും പഞ്ചായത്തിനകത്ത് ബസ്സ്റ്റാൻറോ പാർക്കിഗ് സൗകര്യങ്ങളോ മൂത്രപ്പുരയോ ഇല്ല. മണപ്പാടത്തും ചന്തപ്പുരയിലും ഓരോ വെയിറ്റിംഗ്ഷെഡ് ഒഴിച്ചാൽമറ്റൊരിടത്തും തന്നെ വെയിറ്റിംഗ് ഷെഡ്പോലും ഇല്ല. കൂടാതെ ടാക്സി സ്റ്റാൻറോ, ഓട്ടോസ്റ്റാൻറോ ഇല്ല എന്നതും എടുത്തുപറയത്തക്ക അപാകതയാണ്. ഇതിനെല്ലാം പുറമെ ബസ്സർവ്വീസ് എത്താത്ത വാർഡുകളും ബസ് സർവ്വീസിനുവേണ്ടി 5 കി. മീ. കൂടുതൽ ദൂരം നടക്കേണ്ട സ്ഥലങ്ങളും പഞ്ചായത്തിലുണ്ട്.

നിലവിലുള്ള റോഡുകൾ വാർഡടിസ്ഥാനത്തിൽ

വാർഡ്		റോഡിന്റെ പേര്	ദൂരം കി.മി.	ടാർ	മെറ്റൽ	മണ്ണ്
I	1	ചെറുകാഞ്ഞിരക്കോട് — റോഡ്	0.5			x
	2	പാണ്ടംകുളം ചെറുകാഞ്ഞിരക്കോട് കോളനി	0.5			x
	3	ചന്തപ്പുര കളയംകുന്ന്	0.5			x
	4	തച്ചനടി ലക്ഷംവീട് കനാൽറോഡ്	0.35			x
	5	കരിയക്കുന്ന് മൈത്താപറമ്പ്	1			x
	6	തച്ചനടി മമ്പറമ്പ് റോഡ്	0.5			x
	7	വെട്ടുകാട് മാർലാട് റോഡ്	0.75			x
	8	തച്ചനടി കനാൽറോഡ്	0.3			x
II	1	അഞ്ചുമുറി മാർലാട് റോഡ്	1			x
	2	ചെറിയ മാർലാട്	0.2			x
	3	ചീനിക്ക തെരുവ് റോഡ്	0.25			x
	4	പനങ്ങാട് തെരുവ്	0.3			x
	5	തെക്ക് തെരുവ്	0.2			x
	6	മേലെ തെരുവ്	0.25			x
	7	സ്കൂൾ തരുവ്	0.25			x
	8	കുന്നിശേരി തെരുവ്	0.3			x
	9	കുന്നു തെരുവ്	0.4			x
III	1	അഞ്ചുമുറി പൂവ്വക്കോട്	0.6			x
	2	തച്ചനടി അഞ്ചുമുറി	0.7	X		
	3	അപ്പക്കാട് സർവ്വജനഹൈസ്കൂൾ	0.7			x
	4	വടക്കേഗ്രാമം പടിഞ്ഞാറെത്തറ	0.5			x
	5	കിഴക്കേഗ്രാമം	0.3			x
	6	പടിഞ്ഞാറെ ഗ്രാമം	0.3			x
	7	തച്ചനടി അപ്പക്കാട്	0.4	X		
IV	1	കീഴ	1	X		x
	2	മുതയൻകോട്	1	X		
	3	താളിക്കോട്	1	X		
	4	പറക്കുന്ന്	0.5	X		
	5	പറക്കുന്ന്—പൂരത്തറ	0.4		X	
	6	ചൂലിപ്പാടം	0.5		X	

	7	കാരപ്പൊറ—ചൂലിപ്പാടം	2			x
V	1	ചെന്നലാംകുണ്ട്	1.5			x
	2	വാളംകോട്	2.5			x
	3	തെക്കെപ്പൊറ കുന്നുംപാറ	0.2			x
	4	തെക്കെപ്പൊറ പടിഞ്ഞാറെമുറി	0.2			x
	5	കൊട്ടാരശ്ശേരി റോഡ്	1			x
	6	ചെണ്ടക്കല്ല്	1.5			x
	7	പുത്തിരിപ്പാടം	1.5		x	
	8	ചന്തപ്പുര വട്ടപ്പാറ	4.5	x		
VI	1	തിരുവടി ചുങ്കം	1	x		
	2	തിരുവടി ചുങ്കം	1			x
	3	കമ്പനിപ്പടി	0.45			x
	4	പാറപ്പുറം	1			x
	5	വടക്കേപ്പൊറ സ്ക്കൂൾ റോഡ്	0.65			x
	6	നവാർപ്പറമ്പ് ചുങ്കം ഹരിജൻകോളനി	0.5			x
VII	1	പാട്ടോല കണക്കനൂർ	1	x		
	2	ചന്തപ്പുര — തെക്കേക്കര	0.8		x	
	3	തെക്കേക്കര പയറാംപാടംകളം	0.3			x
	4	തെക്കില്ലത്ത് പറമ്പ്	0.8			x
	5	പാട്ടോല ഹരിജൻകോളനി	0.7			x
	6	പാട്ടോല മീൻ ചാട്ടപ്പാറ	0.8			x
	7	പാട്ടോല തറ റോഡ്	0.5			x
	8	അയ്യപ്പൻകുന്ന് പാലാട്ടുതറ	1			x
VIII	1	അംബേദ്കർ കോളനി	1.5		x	
	2	തോണിക്കടവ് റോഡ്	2.5	x		
	3	തോണിക്കടവ് റോഡ്	1.5		x	
	4	കുതിരംപറമ്പ്	2.5			x
	5	പൂഞ്ചാംതൊടി	1			x
	6	അർളാക്കോട്	1			x
IX	1	മണപ്പാടം കണ്ണത്തുകാട്	0.4		x	
	2	മണപ്പാടം കണ്ണത്തുകാട്	0.4			X
	3	നായ്ക്കത്തറ റോഡ്	0.75			X
	4	കുറിഞ്ചേനി റോഡ്	0.35			X
	5	മാരിയമ്മൻകോവിൽ റോഡ്	0.6			X
	6	കുലാലൻതറ	0.35			X
	7	ഗ്രാമം റോഡ്	0 6			X
	8	നായർതററോഡ്	0.5			X
	9	കൂറുവപ്പാടം	0.6			X
	10	മായംകുളം റോഡ്	0.1			X
	11	കണ്ണത്തുകാട് കനാൽ	0.5			X

ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ:–

വാർഡ് 1 ടാർ ചെയ്യേണ്ടവ:

1 തച്ചനടി അങ്കൺവാടി ഹരിജൻ കോളനി റോഡ്
2 തച്ചനടി ലക്ഷംവീട് റോഡ്

കോൺക്രീറ് ചെയ്യേണ്ടവ:–

1 തച്ചനടി ചെറുകാഞ്ഞിരക്കോട്

സൈഡ് കെട്ടി മെറ്റൽ ചെയ്യേണ്ടവ:-

1 വെട്ടുകാട് മാർലാട് റോഡ്
2 കളയംകുന്ന് റോഡ്
3 കരിയക്കുന്ന് ഐത്താപറമ്പ് റോഡ്
4 തച്ചനടി മമ്പറമ്പ് റോഡ്

ആവശ്യമായ പുതിയ റോഡുകൾ:–

1 തച്ചനടി മമ്പറമ്പ് റോഡ് – കരിയക്കുന്നുമായി ബന്ധിപ്പിക്കണം
2 കല്ലംപറമ്പിൽനിന്നും കരിയക്കുന്നിലേക്കുള്ള ഇടവഴി റോഡാക്കണം
3 മെയിൻറോഡിൽനിന്നും കനാൽവഴി പന്നിക്കോട്ടിലേക്ക്.

വാർഡ്—2:– ടാർ ചെയ്യേണ്ടവ:–

1 അഞ്ചുമുറി മാർലാട്
2 പുതുതെരുവ്. കമ്മാന്തറ, കുന്നുതെരുവ്
3 പുതുതെരുവ്മേലെതെരുവ്

കോൺക്രീറ് ചെയ്യേണ്ടവ:–

1 പുതുതെരുവ് കുന്നുതെരുവ്
2 അഞ്ചുമുറി കുന്നുതെരുവ്
3 പള്ളിക്ക് മുൻവശം മുതൽ പനങ്ങാട് വരെ

ആവശ്യമായ പുതിയ റോഡുകൾ:–

1 ബാലവാടിയിൽ നിന്നും പാടം വഴി പൂവ്വക്കോട് തെരുവിലേക്ക്
2 പുതുതെരുവ്, പുളിഞ്ചോട്തെരുവ് എന്നിവിടങ്ങളിൽനിന്നും തോട്ടിലൂടെ കണ്ണമ്പ്ര പഞ്ചായത്ത്റോഡ്
3 പനങ്ങാട്ട്തെരുവ് ചീനിക്കതെരുവ്
4 പനങ്ങാട്ട്തെരുവ് കരിയക്കുന്ന്
5 പുതുതെരുവ് കിഴക്കേത്തറ
6 കുന്നുതെരുവ്, പൂവ്വക്കോട് തെരുവ്, തോട്റോഡ്
7 പുതുതെരുവ് കുന്നിശേരി തെരുവ് റോഡിൽ കനാൽപാലം കെട്ടണം.

വാർഡ്—3:– ടാർ ചെയ്യേണ്ടത്:–

1 അഞ്ചുമുറി സർവ്വജനാ ഹൈസ്ക്കൂൾ
2 ശിവൻകോവിൽഹൈസ്ക്കൂൾ
3 അപ്പക്കാട് ഹൈസ്ക്കൂൾ റോഡ്

കോൺക്രീറ് ചെയ്യേണ്ടവ:–

1 അഞ്ചുമുറി വടക്കേഗ്രാമം
2 പൂവ്വക്കോട്തെരുവ് റോഡ്

വീതികൂട്ടി മെറ്റൽ ചെയ്യേണ്ടത്:–

1 അഞ്ചുമുറി പൂവ്വക്കോട് കുന്നിശ്ശേരി റോഡ്
2 പൂവ്വക്കോട് കമ്മാന്തറ ശ്മശാനം
3 കിഴിക്കേത്തറ റോഡ്
4 കിഴക്കേ ഗ്രാമം മെയിൻറോഡ് മതിലിടിച്ച് വീതികൂട്ടണം
5 പൂവ്വക്കോട് തെരുവ് തോട്ടിലേക്കുള്ള റോഡ്
6 കോമച്ചാട്ടിലേക്കുള്ള റോഡ്

മറ്റു ആവശ്യങ്ങൾ:–

അഞ്ചുമുറിയിൽ ബസ്സ്റ്റാൻറ്, മൂത്രപ്പുര, വെയിറ്റിംഗ്ഷെഡ് എന്നിവ സ്ഥാപിക്കുക. ബസ് സുഗമമായി തിരിയുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക. അഞ്ചുമുറിയിൽനിന്നും പാലക്കാട്, തൃശൂർ ഷൊർണ്ണൂർ എന്നിവിടങ്ങളിലേക്ക് KSRTC സർവ്വീസുകൾ ആരംഭിക്കുക, പൂവ്വക്കോട് തോട്ടിൽ ഗതാഗതയോഗ്യമായ ചെക്ക്ഡാം നിർമ്മിക്കുക, മാട്ടുവഴി അയ്യപ്പൻകാവ് റോഡ് നന്നാക്കുക.

വാർഡ്—4:– ടാർ ചെയ്യേണ്ടവ:

1 പറക്കുന്ന് — വലിയകുളം

പൂരത്തറ റോഡ്

2 പറക്കുന്ന് — ചൂലിപ്പാടം എളനാട് റോഡ്

ആവശ്യമായ റോഡുകൾ:—

1 മാട്ടുവഴി കുന്നങ്കാട് റോഡ് വീതികൂട്ടി പൂരത്തറ കോളനി റോഡുമായി ബന്ധിപ്പിക്കണം.
2 പൂരത്തറ മണ്ണാൻചോല — താളിക്കോട് റോഡ്
3 താളിക്കോട് — പൂഞ്ചവളയം റോഡ്
4 പറക്കുന്ന് അയ്യപ്പൻകാവ് റോഡ് മുതയംകോട് — വാളംകോട് റോഡിൽ പാലം കെട്ടി അഞ്ചാം വാർഡുമായി ബന്ധിപ്പിക്കണം.

വാർഡ് **5** ടാർ/മെറ്റൽ ചെയ്യേണ്ടവ:—

1 വടക്കുമുറി ഈഴുവർകുളമ്പ് റോഡ്
2 ചന്തപ്പുര വെന്നൂർറോഡ്
(ഈ റോഡ് പാലക്കാട് തൃശൂർ ജില്ലകളെ ബന്ധിപ്പിക്കുന്നതാണ്)
3 പ്രധാനപാത കിഴക്കുമുറി (കനാൽവഴി)
4 പ്രധാനപാത കൊടപ്പനക്കുന്ന് (കനാൽ കൊട്ടാരശ്ശേരി പള്ളിവഴി)
5 പ്രധാനപാത ചെണ്ടക്കല്ല് റോഡ്
6 പ്രധാനപാത മുട്ടത്തൂർ കുളമ്പ് (ചോലക്കുളമ്പ്)
7 കൊട്ടാരശ്ശേരി പുല്ലടുത്താൻകോട് റോഡ്
8 പ്രധാനപാത വാളംകോട് റോഡ്
9 വാളംകോട് കരടിപ്പാറ ചെന്നലാംകുന്ന്
10 തൂപ്പുംകാട് കുന്നംപാറ
11 വാളംകോട് മൊതയംകോട്
12 ഹെൽത്ത് സെന്റർ വടക്കുംഭാഗം
13 പ്രധാന പാത രാജീവ് ദശലക്ഷം റോഡ്
14 കൊട്ടാരശേരി റോഡ് മുസ്ലീം പള്ളിയുടെ മുൻവശത്തെ റോഡുമായി ബന്ധിപ്പിക്കണം.

മറ് ആവശ്യങ്ങൾ:—

തൂപ്പുംകാട്, തെക്കേപ്പൊറ എന്നിവിടങ്ങളിൽ ബസ് വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക, തച്ചനടി വരുന്ന ബസുകൾ തെക്കേപ്പൊറവരെ നീട്ടുക, പുതിയ റോഡ് നിർമ്മിക്കുന്നതിനാവശ്യമായ പാലങ്ങൾ നിർമ്മിക്കുക.

വാർഡ്—**6** മെറ്റൽചെയ്യേണ്ട റോഡുകൾ:—

1 പ്ലാഴി പാറപ്പുറം അയ്യപ്പൻകാവ് റോഡ്
2 അയ്യപ്പൻകാവ് തെണ്ടൻകാവ് (സ്കൂൾവഴിറോഡ്)
3 തിരുവടി തെണ്ടൻകാവ്റോഡ് തെക്കെപ്പൊറ
4 തിരുവടി ഇടപ്പറമ്പ് റോഡ്, തിരുവടി ചുങ്കം റോഡ്.
5 അയ്യപ്പൻകുന്ന് ഉളിക്കുത്താൻപാടം റോഡ്.
6 തേക്കിൻകാട് കരിമ്പൻചിറ കോളനി.
7 പാറപ്പുറം നവർകുളം കമ്പനിപ്പടി.

പുതിയതായി നിർമ്മിക്കേണ്ടവ:—

1 നവർകുളംവഴി ചക്കിങ്കൽകോളനി
2 ഈഴുവർകുളമ്പ് പേച്ചിക്കുന്ന് റോഡ്

വാർഡ് **7** ടാർ/മെറ്റൽ ചെയ്യേണ്ടവ:—

1 ചന്തപ്പുര തെക്കേക്കര ടാർചെയ്യണം.
2 അയ്യപ്പൻകുന്ന് പാലാട്ടുതറ മെറ്റൽ ചെയ്യണം.

പുതിയതായി നിർമ്മിക്കേണ്ടവ:

1 തെക്കേക്കര പയറാംപാടംകളം റോഡ് മൃഗാശുപത്രിയുമായി ബന്ധിപ്പിക്കണം.
2 അയ്യപ്പൻകുന്ന് പാലാട്ടുതറ റോഡ് തോട്ടിൽപാലം കെട്ടി **8**—ാം വാർഡുമായി ബന്ധിപ്പിക്കണം (ഈ റോഡ് പഞ്ചായത്ത് റിങ്ങ് റോഡായി മാറാവുന്നതാണ്.
3 പാട്ടോല പാലത്തിന്റെ അരികിൽനിന്നും പഞ്ചായത്ത് കിണറിലേക്കുള്ള റോഡ്.
4 സ്കൂൾ റോഡ് ഉളിക്കുത്താംപാടം
5 പാട്ടോല മീൻചാട്ടപ്പാറ വീതി കൂട്ടി മെറ്റൽ ചെയ്യുക
6 പാട്ടോല കൊല്ലത്തറ തെക്കില്ലത്ത്പടി വീതികൂട്ടി മെറ്റൽ ചെയ്യണം

7 ഹരിജൻകോളനി കൊളക്കോട് വീതി കൂട്ടി മെറ്റൽ ചെയ്യണം

8 അയ്യപ്പൻകുന്ന് പാലാട്ടുതറ കിഴക്കുവശത്തുകൂടി തെക്കേക്കര ഉദിയടി

9

മറ്റ് ആവശ്യങ്ങൾ:—

1 തെക്കെപ്പൊറ്റ, പാട്ടോല, പ്ലാഴിവഴി ആലത്തൂർ പാലക്കാട് റൂട്ടിൽ 2 ബസുകൾ ആവശ്യമാണ്

വാർഡ് 8:— ടാർ ചെയ്യേണ്ടവ:—

1 ലക്ഷം വീട് കോളനി റോഡ് ടാർ ചെയ്ത് സൈഡ് കെട്ടണം.

2 മണപ്പാടം കണക്കന്നൂർ തോണിക്കടവ് പുഴവരെ.

3 മണപ്പാടം

പുതുതായി നിർമ്മിക്കേണ്ടവ:—

1 പൂഞ്ചാതൊടി കുതിരംപറമ്പ്

2 പൂഞ്ചാതൊടി കണക്കന്നൂർ ആലിൻചുവട്

3 കുതിരം പറമ്പ് കാവുങ്ങിൽപാടം മണപ്പാടം റോഡ്

4 കാവുങ്ങൽപാടം കിണർ വഴി വികസിപ്പിക്കണം

5 കണക്കന്നൂർ കാർത്യായനി ക്ഷേത്രം അറളാകോട് P W D റോഡുമായി ബന്ധിപ്പിക്കണം

6 കണക്കന്നൂർ ആലിൻചുവട് കഞ്ഞിക്കടവ്

7 കണക്കന്നൂർ തിരുവടി

8 മണപ്പാടം വായനശാല മലങ്കാട് റോഡ്

മറ്റാവശ്യങ്ങൾ:—

കണക്കനൂർ അരണക്കാട് കടവിൽ ക്രോസ്വേ

കണക്കനൂർ തോണിക്കടവിൽപാലം

മണപ്പാടത്ത് തിരിയുന്ന ബസ്സുകൾ കണക്കനൂർ തിരിഞ്ഞ് പോകണം.

വാർഡ് — 9:— ടാർ ചെയ്യേണ്ടവ:—

മണപ്പാടം കണ്ണത്തുകാട് റോഡ്

മണപ്പാടം മാരിയമ്മൻകോവിൽ ഗ്രാമം

കൺക്രീറ് ചെയ്യേണ്ടവ:—

1 കണ്ണത്തുകാട് കുറിഞ്ഞേനി മണപ്പാടം ഗ്രാമം

പുതിയതായി നിർമ്മിക്കേണ്ടവ:—

1 കണ്ണത്തുകാട് — തച്ചനടി (കനാൽവഴി)

2 കണ്ണത്തുകാട് — നമ്പൂതിരിമുത്തൻ അമ്പലം

മറ്റ് ആവശ്യങ്ങൾ:—

1 മണപ്പാടം ജങ്ഷൻ മുതൽ ബാങ്ക് വരെ റോഡിന്റെ ഇരുവശങ്ങളിൽ ഓട നിർമ്മിക്കണം. കൂടാതെ ഗ്രാമം, കുലാലൻതറ, കണ്ണത്തുകാട്, കുറിഞ്ഞേനി, മാരിയമ്മൻ കോവിൽ, മായൻകുളം, നായർതറ എന്നിവ അറ്റകുറ്റപ്പണികൾ നടത്തണം

മറ്റ് പൊതു ആവശ്യങ്ങൾ:—

1 പുതുക്കോട്, വടക്കഞ്ചേരി സർക്കുലർ KSRTC ബസ് ചുരുങ്ങിയത് 2 എണ്ണം ഏർപ്പെടുത്തണം.

2 മണപ്പാടം പാടൂർ പുഴയിൽ പാലം നിർമ്മിക്കണം.

3 മണപ്പാടം തോണിക്കടവ് പാലം നിർമ്മിക്കുക, (ഇതിലൂടെ ആലത്തൂർ പാലക്കാട്ടിലേക്ക് ദൂരം കുറയുകയും യാത്ര സുഗമമാക്കുകയും ചെയ്യാം.)

4 അഞ്ചുമുറി തച്ചനടി കേന്ദ്രമാക്കി വെയിറ്റിങ്ങ് ഷെഡും മൂത്രപ്പുരയും നിർമ്മിക്കണം.

5 പുത്തിരിപ്പാടം പാലം വീതികൂട്ടി ഗതാഗതയോഗ്യമാക്കണം.


6 പാലാട്ടുതറ കണക്കനൂർ ക്രോസ്വേ നിർമ്മിക്കണം.

7 റോഡുകളുടെ നീളവും വീതിയും കൃത്യമായി അളന്ന് തിട്ടപ്പെടുത്തി റോഡ് കയ്യേറ്റത്തിനെതിരെ ജനപങ്കാളിത്തത്തോടെ ഒഴിപ്പിക്കലും ബോധവൽക്കരണം നടത്തുകയും ചെയ്യുക.

8 പാടശേഖരങ്ങളിലേക്ക് 'ട്രാക്ടർ' ഇറക്കുന്നതിനാവശ്യമായ റോഡ് നിർമ്മിക്കുക

9 പഞ്ചായത്തിലെറോഡുകൾ ടാർ ചെയ്ത് യാത്രസുഗമമാക്കുകയും, എല്ലാ വാർഡുകളെയും പരസ്പരം ബന്ധിപ്പിക്കുകയും, ചെയ്യുന്ന വൃത്താന്ത ഗതാഗതമാർഗ്ഗം (Circular Road) ഗ്രാമസഭകൾ ആവശ്യപ്പെടുകയും. വിഭാവനം ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിനുള്ള നിർദ്ദേശങ്ങൾ:

സർവ്വജനാ ഹൈസ്ക്കൂളിൽ നിന്നും അപ്പക്കോട്, കീഴ, താളിക്കോട്, വാളങ്കോട്, തെക്കെപ്പൊറ്റ, ചുങ്കം, തിരുവടി, അയ്യപ്പൻകുന്ന് പാലാട്ടുതറ, കണക്കന്നൂർ, മണപ്പാടം, വെട്ടുകാട്, തെരുവ് വഴി, അഞ്ചുമുറി, സർവ്വജനാ ഹൈസ്ക്കൂളിൽ ബന്ധിപ്പിക്കുന്നസർക്കുലർ റോഡ് നിർമ്മിക്കുക.



7.8 പാർപ്പിടം

തിഴ്നാട്ടിൽനിന്നും കുടിയേറിപ്പാർത്ത ബ്രാഹ്മണർ അവരുടെ സാംസ്ക്കാരിക പാശ്ചാത്തലത്തിനനുസൃതമായി ആരാധനാലയവും അതിന്റെ നാലുഭാഗത്തേക്കും വികാസം പ്രാപിക്കുന്ന പാർപ്പിട ഗ്രാമങ്ങളും നിർമ്മിച്ചു. ഇതിനോടൊപ്പംതന്നെ കുടിയേറിപ്പാർത്ത മുസ്ലീംങ്ങളും ഇതേ രൂപത്തിലുള്ള പാർപ്പിടങ്ങളും നിർമ്മിച്ച് താമസം നടത്തി. കൃഷി വ്യാപകമായതിനോടൊപ്പം പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലും വീടുകളും നിർമ്മിച്ച് താമസം തുടങ്ങി. ഇപ്പോൾ പുതുക്കോട് പഞ്ചായത്തിൽ ആകെ 5462 ആളുകൾപ്പാർപ്പുള്ള വീടുകളാണുള്ളത്. ഇവയിൽ ഭൂരിഭാഗവും ഓടിട്ട വീടുകളുംതന്നെയാണ്. ഗവൺമെന്റ് പണത്തിന്റെ സ്വാധീനത്തിൽ അങ്ങിങ്ങായി ടെറസ് വീടുകളും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ കുറച്ച് ഓലമേഞ്ഞ വീടുകളും ഉണ്ട് അവ മിക്കവാറുംകൂലിപ്പണിക്കാരുടേതാണ്.

പുതുക്കോട് പഞ്ചായത്തിലെ കെട്ടിടങ്ങളും, വാർഡ് തിരിച്ചുള്ളകണക്കും.

വാർഡ്	ആകെ കെട്ടിടങ്ങളം	ആളംപാർപ്പുള്ള കെട്ടിടങ്ങളം	ഇരുനില കെട്ടിടങ്ങളം	കോൺക്രീറ്റ് കെട്ടിടങ്ങളം	ഓട് മേഞ്ഞവ	ഓല
1	578	431	72	26	342	63
2	414	312	68	03	300	09
3	593	326	150	14	287	25
4	499	338	50	01	301	36
5	620	460	60	27	381	52
6	559	379	40	10	352	17
7	507	408	37	15	367	26
8	597	458	125	28	392	38
9	529	350	96	26	314	10
ആകെ	4896	3462	698	150	3036	276

പഞ്ചായത്തിലെ വിവിധയിനം വീടുകൾ ശതമാനകണക്കിൽ:–

വാർഡ്	ടെറസ്	ഓട്	ഓല
1	6 %	79 %	15 %
2	1	96	3
3	4	88	8
4	1	89	10
5	6	83	11
6	3	93	4
7	4	90	6
8	6	86	8
9	7	90	3
പഞ്ചായത്ത് ശരാശരി	4%	88%	8%

പഞ്ചായത്ത് ശരാശരിയിൽ നിന്നും 1, 5, 8, 9 എന്നീ വാർഡുകളിൽ ടെറസു വീടുകളും കൂടുതലും 2, 4 വാർഡുകളിൽ കുറവുമാണ്. ഓടുമേഞ്ഞ വീടുകളും 2, 6 വാർഡുകളിൽ കൂടുതലും ഒന്നാം വാർഡിൽ കുറവുമാണ്. ഓലമേഞ്ഞ വീടുകളാണെങ്കിൽ 1, 5 വാർഡുകളിൽ കൂടുതലും, 2, 9 വാർഡുകളിൽ കുറവുമാണ്.

ലക്ഷം വീട് കോളനി, രാജീവ് ദശലക്ഷം കോളനി, അംബേദ്ക്കർ കോളനി, നാല് സെൻറ് കോളനി എന്നിവയിൽ വിവിധ കാലങ്ങളിലുമായി ദുർബല വിഭാഗങ്ങൾക്ക് പാർപ്പിടം നിർമ്മിച്ച് നൽകിയിട്ടുണ്ട്. ഇവയുടെയെല്ലാം ഇപ്പോഴത്തെ സ്ഥിതി ശോചനീയവും അടിസ്ഥാന സൗകര്യങ്ങളും കുറവുമാണ്.

നിലവിലുള്ള ഹൗസിങ് കോളനികളും അവയുടെ സ്ഥിതിയും:–

1 തച്ചനടി ലക്ഷംവീട്:–

12 വീടുകളിലായി 24 കുടുംബങ്ങളും താമസിക്കുന്നു. 1977 ൽ പണിപൂർത്തിയായതിനുശേഷം 1994 ൽ അറകുറപണികളും നടത്തി. അടിസ്ഥാന സൗകര്യങ്ങളും ഒന്നും തന്നെ ഇല്ല. റോഡ്, വെള്ളം, വൈദ്യുതി എന്നിവക്ക് പ്രയാസം അനുഭവപ്പെടുന്നു. വീടുകൾക്ക് ഒന്നും കക്കൂസ് ഇല്ല.

2 പാട്ടോല ലക്ഷംവീട്:–

1977 ൽ പണി പൂർത്തീകരിച്ചതിന് ശേഷം അറകുറപ്പണികളും നടത്തിയിട്ടില്ല. വീടുകളുടെ സ്ഥിതി വളരെ മോശമാണ്. വെള്ളം എത്തിയിട്ടുണ്ടെങ്കിലും വൈദ്യുതി എത്തിയിട്ടില്ല. വീടുകൾക്കൊന്നും കക്കൂസ് ഇല്ല. അടിസ്ഥാന സൗകര്യക്കുറവ് മൂലം വളരെയധികം പ്രയാസം അനുഭവിക്കുന്നുണ്ട്. 13വീടുകളിലായി 26കുടുംബങ്ങളും താമസിക്കുന്നു.

3 കൂതിരംപറമ്പ് 4 സെൻറ് കോളനി:–

15 കുടുംബങ്ങളും താമസിക്കുന്നുണ്ട് വിവിധ ഘടക പദ്ധതികളിലായി വീട് നിർമ്മാണം നടക്കുന്നത് പൂർത്തീകരിച്ചിട്ടില്ല. വെള്ളം, വൈദ്യുതി എന്നിവ എത്തിയിട്ടുണ്ട് റോഡ് ഗതാഗതയോഗ്യമല്ല. വീടുകളുടെ അറകുറപ്പണികളും യഥാകാലം നടത്താൻ കഴിയുന്നില്ല.

4 മലങ്കാട് 4 സെൻറ് കോളനി

18 കുടുംബങ്ങളും താമസിക്കുന്നുണ്ട്. മുഴുവൻ കുടുംബങ്ങൾക്കും വീടുകളുമായിട്ടില്ല. അടിസ്ഥാന സൗകര്യങ്ങളൊന്നുംതന്നെ ഇല്ല. വെള്ളം, വൈദ്യുതി എന്നിവ മുഖ്യ പ്രശ്നങ്ങളും ആണ്.

5 രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി തെക്കെപ്പൊറ:–

സർക്കാർ നിർമ്മിച്ച 20 വീടുകളും അടങ്ങിയ കോളനി RC കെട്ടിടങ്ങളാണ്. 14 കുടുംബങ്ങളും താമസം തുടങ്ങിയിട്ടുണ്ട്. 6 എണ്ണം ഒഴിഞ്ഞുകിടക്കുന്നു. എല്ലാവീടുകൾക്കും കക്കൂസ് ഉണ്ട്. വെള്ളം, വെളിച്ചം റോഡ് എന്നിവ അടിയന്തിരാവശ്യങ്ങളാണ്.

6 ഹരിജൻ കോളനികൾ:–

പഞ്ചായത്തിൽ 14 ഹരിജൻ കോളനികൾ ഉണ്ട്. ഇവയെക്കുറിച്ച് വിശദമായ പരിശോധന പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിന്റെ റിപ്പോർട്ടിൽ നടത്തുന്നുണ്ട്. ഭൂരിപക്ഷം കോളനികളിലും അടിസ്ഥാന സൗകര്യങ്ങളുടെ കുറവുണ്ട്.

കോളനികൾ:

1 വെട്ടുകാട്
2 അയിത്താപറമ്പ്
3 ചെറുകാഞ്ഞിരക്കോട്
4 പൂരത്തറ
5 മുതയൻകോട്
6 കരിമ്പൻചിറ
7 ചക്കിങ്കൽകോളനി
8 പാട്ടോല കവറത്തറ
9 കിഴക്കേക്കര കുമ്പാരത്തറ
10 കുതിരംപറമ്പ്
11 അംബേദ്കർ കോളനി
12 അറളാക്കോട് IHDP
13 മണപ്പാടം വടക്കേക്കളം
14 ചോഴിയൻപാറ

ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം:–

വാർഡ്	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം IRDP സർവ്വേപ്രകാരം	വിവിധ പരിപാടികളിലൂടെ അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ	പൂർത്തീകരിക്കാനുള്ള വീടുകൾ	അനുവദിക്കേണ്ടവീടുകൾ
1	86	9	3	6	77
2	37	1		1	36
3	35	4		4	31
4	56	11	2	9	45
5	69	3		3	66
6	68	4	1	3	64
7	32	4		4	28
8	63	27	11	16	36
9	52	3	2	1	49
ആകെ	498	66	19	47	432

ഹൗസിങ് സഹകരണസംഘം ഈ പ്രദേശത്ത് നൽകിയ വായ്പകളുടെ വിവരം

എത്രപേർക്ക്	ഏത് ഇനം വായ്പ	നൽകിയതുക
3	എക്കണോമിക് വീക്കർ സെക്ഷൻ (E.W.S.)	52000/
10	ലോവർഇൻകം ഗ്രൂപ്പ് (L.I.G.)	301000/
2	മിഡിൽഇൻകം ഗ്രൂപ്പ് (M.I G.)	1,45,000/
ആകെ 15		4,98,000/

പഞ്ചായത്തിലെ പാർപ്പിടപ്രശ്നങ്ങൾ:–

1 പഞ്ചായത്തിൽ ചേരിപ്രദേശങ്ങൾ ഇല്ല. കൂടാതെ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരോ, കടത്തിണ്ണയിൽ താമസിക്കുന്നവരോ ഇല്ല.
2 ചിലവ് കുറഞ്ഞ പാർപ്പിട നിർമ്മാണരീതി പുതുക്കോട് പഞ്ചായത്തിൽ പ്രചാരത്തിൽ എത്തിയിട്ടില്ല.
3 കെട്ടിട നിർമ്മാണ സാമഗ്രികളായ ചുടുകട്ട, ഹോളോബ്രിക്സ്, മണൽ എന്നിവ പഞ്ചായത്ത് പ്രദേശത്ത് ലഭ്യമാണ്.

4 കെട്ടിട നിർമ്മാണ രംഗത്ത് വൈദഗ്ധ്യമുള്ള ധാരാളം ജോലിക്കാരെ പഞ്ചായത്തിൽ ലഭ്യമാണ്.

5 ഇവിടെ തൊഴിലിന്റെ ലഭ്യത കുറവുമൂലം പ്രസ്തുത തൊഴിലാളികളും മറ്റ് സ്ഥലങ്ങളിൽ പോയി തൊഴിൽചെയ്യുന്നു.

6 സ്ത്രീപുരുഷ തൊഴിലാളികളിൽ വൈദഗ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ വേതന നിരക്കിൽ അന്തരമുണ്ട്.

7 പഞ്ചായത്തിൽ വീടുകൾക്ക് മതിലുകൾ കുറവാണ്. ജൈവവേലികളാണ് കൂടുതൽ മറ്റ് വേലികളും ഇല്ല.

8 ഗൾഫ് പണത്തിന്റെ സ്വാധീനംമൂലം പൊതുവെ പുതുക്കോട് പഞ്ചായത്തിലെ ചില സ്ഥലങ്ങളിൽ ജില്ലയിലെ മറ്റ് പ്രദേശങ്ങളിലെ അപേക്ഷിച്ച് ഭൂമിക്ക് വില കൂടുതലാണ്. ഇതുമൂലം സാധാരണക്കാർക്ക് വീടുവെയ്ക്കുവാൻ വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന അവസ്ഥയാണ് കാണുന്നത്.

ചില സാധ്യതകൾ നിർദ്ദേശങ്ങൾ:–

1 പഞ്ചായത്തിലെ 8% വീടുകളും ഓല മേഞ്ഞവയാണ്. ആയവ ഓട് മേയുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.


2 ഏതാണ്ട് 425 പേർ സ്വന്തമായി വീടില്ലാത്തവരാണ്. ഇവർക്ക് വീട് നിർമ്മിച്ചുകൊടുക്കുന്നതിന് വിവിധ മാർഗ്ഗനിർദ്ദേശങ്ങളും നൽകി വേണ്ടത് ചെയ്യേണ്ടതാണ്.

3 ചിലവ് കുറഞ്ഞ വീടുകളും നിർമ്മിക്കുന്നതിന് (ഉദാ: ലാറി ബേക്കർ) വിദഗ്ദതയുടെ അഭാവം ഇല്ലാതാക്കുകയും ആയതിന് കൂടുതൽ പ്രചാരണവും ബോധവൽക്കരണവും നടത്തേണ്ടതുമാണ്.

4 ഭവനനിർമ്മാണത്തിനുള്ള ഹൗസിങ് സൊസൈറ്റിയുടെ പ്രവർത്തനത്തെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുക, വായ്പ തുക വർദ്ധിപ്പിക്കുക, സാങ്കേതിക വൈദക്ത്യ നിർദ്ദേശങ്ങളും നൽകുക എന്നിവ ചെയ്യേണ്ടതാണ്.

5 ഹൗസിംങ്ങ് കോളനികളിലെ നിലവിലുള്ള വീടുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കേണ്ടതാണ്.





III തൃതീയമേഖല

സേവനങ്ങളും ക്ഷേമപ്രവർത്തനങ്ങളും

7.9 A ആരോഗ്യം

ആരോഗ്യരംഗത്ത് മെച്ചപ്പെട്ട സേവന പ്രവർത്തനങ്ങളാണ് നടക്കുന്ന പഞ്ചായത്താണ് പുതുക്കോട് പൊതുജനാരോഗ്യരംഗത്ത് പ്രസ്തുത പഞ്ചായത്തിന് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങളാണ് പരിശോധിച്ചാൽ ഇതു വ്യക്തമാകും.

1995 ലെ കണക്കുകൾ പ്രകാരം

	പഞ്ചായത്തിലെ സ്ഥിതി	സംസ്ഥാന ശരാശരി
മരണനിരക്ക്	4. 22	5.9
ശിശുമരണനിരക്ക്	12.34	16
ജനന നിരക്ക്	13	17

മാതൃമരണങ്ങളും ഒന്നും തന്നെ നടന്നിട്ടില്ല മരണനിരക്കിലും ശിശുമരണ നിരക്കിലും സംസ്ഥാന ശരാശരിയെക്കാളും താഴെ നിലനിർത്തുകയും ജനനനിരക്കിൽ സംസ്ഥാന ശരാശരിയെക്കാളും കുറഞ്ഞു നിൽക്കുകയും ചെയ്യുന്നത് ആരോഗ്യരംഗത്ത് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങളാണ്. പൊതുജനാരോഗ്യരംഗത്ത് ഇന്ന് കിട്ടികൊണ്ടിരിക്കുന്ന സേവനങ്ങളും പൂർണ്ണമല്ലെങ്കിലും നേട്ടങ്ങളും കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

കുട്ടികളുടെ പ്രായ ഘടന

1 വയസ്സിനു താഴെയുള്ള കുട്ടികളും		284
1-2 വയസ്സുവരെപ്രായമായകുട്ടികളും		269
2-3	''	370
3-6	''	579
	ആകെ	1502

പ്രതിരോധ കുത്തിവെയ്പു നടത്തിയവർ

1 വയസ്സിനു താഴെ	264
1 വയസ്സിനും 3 വയസ്സിനും ഇടയിൽ	177

ബി. സി. ജി., ഡി. പി. റ്റി. പോളിയോ മിസിൽസ് എന്നീ പ്രതിരോധ കുത്തിവെയ്പുകളും വ്യാപകമായി പ്രചരിപ്പിച്ചിട്ടുണ്ടെങ്കിലും മുഴുവൻ കുട്ടികളും പ്രതിരോധ കുത്തിവെയ്പിനു വിധേയരാകുന്നില്ല. ഡി. പി. റ്റി. പോളിയോ വാക്സിനുകളും ഒന്നാം ഡോസ് കൊടുത്ത മുഴുവൻ കുട്ടികളും രണ്ടാം ഡോസും, മൂന്നാം ഡോസും എടുക്കുന്നില്ല, നാമമാത്രമായേ ബൂസ്റ്റർ ഡോസ് എടുക്കുന്നുള്ളൂ.

വൈകല്യം

അന്ധർ	3
ബധിരർ	3
മൂകർ	1
ബധിരമൂകർ	7
ചലന വൈകല്യമുള്ളവർ	21
മന്ദബുദ്ധികൾ	15
ആകെ	50

പഞ്ചായത്തിലെ വൈകല്യ നിരക്ക് 0.18% ആണെങ്കിലും വൈകല്യം ബാധിച്ച ആളുകളെ സാമൂഹ്യ പ്രക്രിയയിലേക്ക് കൊണ്ടുവരേണ്ട ബാധ്യതകൾ ഉണ്ട്.

പ്രായാടിസ്ഥാനത്തിലുള്ള ദമ്പതിമാർ - സ്ത്രീയുടെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ

15–19	109
20–29	388
25–24	534
30–34	469
35–39	403
40–44	136

അമ്മമാരുടെ എണ്ണം (ജീവിച്ചിരിപ്പുള്ളകുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

1	1 കുട്ടി	304
2	2 കുട്ടികൾ	621
3	2 ൽ കൂടുതൽ കുട്ടികൾ	972

കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ

1 കുട്ടി	139
2 കുട്ടികൾ	493
3 2 ൽ കൂടുതൽ കുട്ടികൾ	767

രോഗാതുരത

നമ്മുടെ പഞ്ചായത്ത് അതിർത്തിയിലെ പി എച്ച് സി, ആയുർവേദ ആശുപത്രി, ഹോമിയോ ആശുപത്രി എന്നിവിടങ്ങളിലെ കണക്കുകൾ പ്രകാരം ചികിത്സിച്ച രോഗികളുടെ എണ്ണം താഴെ കാണും വിധമാണ്

വർഷം	വിഭാഗം	O.P.	ത്വക്‌രോഗം	വാതരോഗം	പകർച്ചവ്യാധി	മറ്റുരോഗങ്ങൾ	ആകെ
1994-95	P.H.C	9411	2100	—	1518	5783	9411
	ആയുർവേദം	13217	3412	7035	513	2257	13217
	ഹോമിയോ	–	-	–	–	–	–
1995–66	P H C	5495	912	–	813	3670	5495
	ആയുർവേദം	16770	4130	9047	546	3047	16770
	ഹോമിയോ	15205	1991	1913	8494	2807	15205

ഒ. പി. കണക്കുകളിൽ നിന്നും ത്വക്‌രോഗവും വാതസംബന്ധമായ അസുഖങ്ങളും കൊണ്ടാണ് കൂടുതൽ രോഗികളും എത്തുന്നത് എന്നു മനസ്സിലാക്കാം. വയറിളക്കം, ചൊറി, അഞ്ചാംപനി, താടവീക്കം, ചിക്കൻപോക്സ് ചെങ്കണ്ണ്, ടൈഫോയ്ഡ്, ക്ഷയരോഗം തുടങ്ങിയ പകർച്ചവ്യാധികളും ബാധിച്ച രോഗികളും എത്തിച്ചേരാറുണ്ട്. വാതരോഗികളും കൂടുതൽ ആശ്രയിക്കുന്നത് ആയുർവേദ ആശുപത്രിയെയാണ് എന്നു കണക്കുകളിൽ നിന്നും മനസ്സിലാക്കാം.

പോഷണ നിലവാരം

	ലഘുവായ പോഷണക്കുറവുള്ളവർ		മിതമായ പോഷണക്കുറവുള്ളവർ	
പ്രായം	ആൺ	പെൺ	ആൺ	പെൺ
1 വയസ്സിനുതാഴെ	36	36	8	7
1–3 വയസ്സ്	63	81	47	47
3–6 വയസ്സ്	81	75	51	49

ആരോഗ്യസ്ഥാപനങ്ങൾ

അലോപ്പതി ആയുർവേദം ഹോമിയോ എന്നീ ഇനങ്ങളിലുള്ള 3 സർക്കാർ സ്ഥാപനങ്ങളും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്

സ്ഥാപനത്തിന്റെ പേര്	ഇനം	കെട്ടിടം സ്വന്തം/വാടക	ഉദ്യോഗസ്ഥരുടെഎണ്ണം	സ്ഥാപിച്ച വർഷം	പ്രശ്നങ്ങൾ
1. പുതുക്കോട് പ്രാഥമികാരോഗ്യകേന്ദ്രം, പുതുക്കോട്	അലോപ്പതി	സ്വന്തം	8	1992	1.മൂന്നൊഴിവ് 2.സ്ഥലപരിമിതി 3.ചുറ്റുമതിലില്ല
2. ഗവ: ആയുർവേദഡിസ്പൻസറി, പുതുക്കോട്	ആയുർവേദം	സ്വന്തം	4	1974	1.ജീർണ്ണിച്ചകെട്ടിടം 2.വൈദ്യുതിയില്ല 3.കുടിവെള്ളമില്ല
3. ഗവ. ഹോമിയോഡിസ്പെൻസറി പുതുക്കോട്	ഹോമിയോ	വാടക	4	1995	1 സ്വന്തമായി കെട്ടിടമില്ല. 2 കുടിവെള്ളപ്രശ്നം

പി.എച്ച്.സിയും ഹോമിയോ ആശുപത്രിയും ഒന്നാം വാർഡിലും ആയുർവേദ ആശുപത്രി 2–ാം വാർഡിലും സ്ഥിതിചെയ്യുന്നു. പി. എച്ച്. സി. യിൽ ഒഴിഞ്ഞു കിടക്കുന്ന മൂന്നുതസ്തികകളിൽ ഒന്ന് ഫാർമസിസ്റ്റിന്റെ തസ്തികയാണ് പഞ്ചായത്തിൽ 2 കുടുംബക്ഷേമകേന്ദ്രങ്ങളും ഉണ്ട് തെക്കെപ്പൊറ, മണപ്പാടം എന്നീ കുടുംബക്ഷേമകേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടെങ്കിലും മണപ്പാടം കുടുംബക്ഷേമകേന്ദ്രത്തിന്റെ കെട്ടിടം ഇടിഞ്ഞു പൊളിഞ്ഞു കിടക്കുകയാണ്. 4 ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാർ, ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ പൊതുജനാരോഗ്യരംഗത്ത് പ്രവർത്തിക്കുന്നു. രണ്ടു കുടുംബ ക്ഷേമ കേന്ദ്രങ്ങളും ബാക്കി രണ്ടു അംഗൻ വാടികളും (ഉളിത്താംപടം, തച്ചനടി) കേന്ദ്രമായാണ് അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

5000 ജനസംഖ്യക്ക് ഒരു കുടുംബക്ഷേമകേന്ദ്രം എന്ന നിരക്കിലുള്ള ഈ പോസ്റ്റ് അനുവദിച്ചിട്ടുണ്ടെങ്കിലും കുടുംബക്ഷേമകേന്ദ്രങ്ങളുടെ അഭാവം നിമിത്തം കേന്ദ്രീകരിച്ച പ്രവർത്തനം നടത്താൻ കഴിയുന്നില്ല. 4 ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരും ഒരു ജൂനിയർ ഹെൽ

ത്ത് ഇൻസ്പെക്ടറും കൂടി ആരോഗ്യ വിദ്യാഭ്യാസ രംഗത്ത് പ്രവത്തനങ്ങളും കുറെയെല്ലാം നടത്തുന്നുണ്ട്. എല്ലാ തിങ്കളാഴ്ചകളിലും 2-4 വരെ ക്ലിനിക്കുകളും നടത്തുന്നുണ്ട് ഗർഭിണികളേയും കുട്ടികളേയും പരിശോധിച്ച് വൈറ്റമിൻ എ- അയേൺ ഗുളികകളും കൊടുക്കുന്നുണ്ട്. കുടുംബ സംവിധാന പ്രചരണവും അതിനു വേണ്ട സാമഗ്രികളും വിതരണം ചെയ്യുന്നുണ്ട്. വീടുകളും തോറും കയറിയിറങ്ങി നടത്തുന്ന പ്രവത്തനങ്ങളും ഗുണം ചെയ്യുന്നുണ്ട്. നമ്മുടെ പഞ്ചായത്തിനനുവദിച്ച ലെപ്രസി ഹെൽത്ത് വിസിറ്ററുടെ പോസ്റ്റ് ഒഴിഞ്ഞു കിടക്കുകയാണ്. ജൂനിയർ ഹെൽത്ത് നേഴ്സുമാർക്ക് അനുവദിച്ചുകൊടുക്കുന്ന മെഡിക്കൽ കിറ്റ് നാലു വർഷത്തിൽ ഒരിക്കൽ മാത്രമേ വിതരണ ചെയ്യുന്നുള്ളു. വിതരണം ചെയ്യുന്നകിറ്റുകളിൽ ഡ്രസ്സിംഗ് മെറ്റീരിയൽസ് കൊടുക്കുന്നില്ല. കുട്ടികളുടേയും ഗർഭിണികളുടെയും ശ്രുക്കം നോക്കാൻ ആവശ്യമായ വേയിംഗ് മെഷീനുകളും ഇല്ല. പ്രതിരോധ കുത്തിവെയ്പിനുള്ള സംവിധാനംഇന്നു ഇല്ല. നിലവിലുള്ള പി എച്ച് സിയുടെ സ്ഥല പരിമിതിമൂലം നടത്തികൊണ്ടിരുന്ന സംവിധാനവും നിത്തിയിരിക്കുകയാണ്. പി എച്ച് സിക്ക് വാഹനമില്ലാത്തതിനാൽ ആരോഗ്യ പ്രവത്തനങ്ങളെ ഏകോപിപ്പിക്കാൻ കഴിയുന്നില്ല.

നിലവിലുള്ള പി. എച്ച്. സി. കെട്ടിടത്തിന്റെ പരിമിതിമൂലം വളരെയേറെ പ്രയാസങ്ങളും അനുഭവിക്കുന്നു. ചുറ്റുമതിൽ ഇല്ലാത്തതുകൊണ്ട് കെട്ടിടത്തിനു സുരക്ഷിതത്വം ഇല്ല. ഒരു വർഷത്തിൽ 65000/= രൂപയുടെ മരുന്നുകളാണ് ഇപ്പോളും വിതരണം ചെയ്യുന്നത് ചികിത്സക്കെത്തുന്ന രോഗികളുടെ കണക്കനുസരിച്ച് ഏറ്റവും ചുരുങ്ങിയത് 200000/- (രണ്ടുലക്ഷം) രൂപക്കുള്ള മരുന്നെങ്കിലും ആവശ്യമാണ് 92 ൽ ഉദ്ഘാടനം നടക്കുമ്പോളും ഉണ്ടായിരുന്ന ഉപകരണങ്ങളല്ലാതെ പുതിയവ ഒന്നും വിതരണം ചെയ്തിട്ടില്ല.

ആയുർവേദ ആസ്പത്രിയുടെ കെട്ടിടത്തിന്റെയും ഫർണിച്ചറിന്റെയും ഉപകരണങ്ങളുടെയും പരിമിതിമൂലം വേണ്ടത്ര സേവനം ലഭിക്കുന്നില്ല. ശുദ്ധജലവിതരണത്തിനു സംവിധാനം ഇല്ല. ഒരു വർഷം 21000/=രൂപയുടെ മരുന്നുകളും മാത്രമെ ഇപ്പോളും വിതരണം ചെയ്യുന്നുള്ള. രോഗികളുടെ അനുപാതമനുസരിച്ച് ചുരുങ്ങിയത് വഷ്ത്തിൽ 120000/=രൂപയുടെ മരുന്നെങ്കിലും ആവശ്യമാണ്.

ഹോമിയോ ഡിസ്പെൻസറി ചുരുങ്ങിയ സമയം കൊണ്ട് ധാരാളം രോഗികളും ഉപയോഗപ്പെടുത്തുന്നുണ്ട് ഇപ്പോളും വഷ്ത്തിൽ 25000 രൂപയുടെ മരുന്നുകളും മാത്രമേ വിതരണം ചെയ്യുന്നുള്ളൂ ചുരുങ്ങിയത് 75000 രൂപയുടെ മരുന്നെങ്കിലും ഉണ്ടെങ്കിൽ മാത്രമേ ആവശ്യം നിറവേറ്റാൻ കഴിയുകയുള്ള.

കൂടാതെ സ്വകാര്യമേലയിൽ 3 ആയുർവേദ ചികിത്സാകേന്ദ്രവും ഒരു അലോപ്പതി ഡോക്ടറുടെ സേവനവും നമ്മുടെ പഞ്ചായത്ത് അതിത്തിയിലുണ്ട് ധാരാളം രോഗികളും ഈ സംവിധാനം ഉപയോഗിക്കുന്നവരാണ്. സാമ്പത്തികമായി പിന്നോക്കം നിലക്കുന്നവർ അടക്കം സ്വകാര്യമേഖലയിലേയും പട്ടണങ്ങളിലുള്ള ആധുനിക സൗകര്യങ്ങളുള്ള ചികിത്സാകേന്ദ്രങ്ങളേയും ആശ്രയിക്കുന്നവരായി മാറിയിരിക്കുന്നു. പഞ്ചായത്ത് അതിർത്തിയിൽ 6 ആയുർവേദമരുന്നു കടകളും 2 അലോപ്പതി മരുന്നു കടകളും പ്രവർത്തിക്കുന്നുണ്ട്. നാട്ടുചികിത്സാരീതികളും ധാരാളം നാട്ടുവൈദ്യൻമാരും പ്രവർത്തിക്കുന്നുണ്ട്. അവരുടെ ചികിത്സയെ ആശ്രയിക്കുന്ന രോഗികളും ധാരാളം ഉണ്ട്.

ആരോഗ്യ പ്രവത്തനങ്ങളും ഏറെറടുത്തു നടത്തുന്ന സന്നദ്ധ സംഘടനകളും നാമമാത്രമായി മാത്രമേ ഈ പഞ്ചായത്തതിത്തിയിൽ ഉള്ളൂ. അടുത്ത കാലത്തായി തച്ചനടിയിൽ പ്രവത്തനമാരംഭിച്ച ചെന്താരാ കലാ സാംസ്കാരികസമിതി ആരോഗ്യ രക്ഷാപ്രവർത്തനങ്ങളും ശ്രദ്ധിക്കാൻ തുടങ്ങിയിരിക്കുന്നത് ശുഭകരമായ ഒരു പ്രവത്തനമാണ്. അവർ നടത്തിയ രക്തനിണ്ണയക്യാമ്പും, എയ്ഡ്സ് ബോധവല്ക്കരണ പരിപാടിയും പ്രശംസനീയമാണ്. രക്തദാന സേന രൂപീകരിച്ച് പ്രവർത്തനം നടത്തികൊണ്ടിരിക്കുന്നുണ്ട്.

ഗ്രാമസഭാ നിർദേശങ്ങൾ

1 നിലവിലുള്ള പി. എച്ച്. സി ആശുപത്രിയായി ഉയർത്തുകയും, എക്സ്റേ, ലാബ് സൗകര്യം ഏർപ്പെടുത്തുകയും വേണം,

2 പി. എച്ച്. സി യിൽ മുഴുവൻ സമയം ഡോക്ടറുടെ സേവനം ആവശ്യമാണ്.

3 ലേഡിഡോക്ടറുടെ സേവനംലഭ്യമാക്കണം

4 ആവശ്യത്തിന് മരുന്ന് ലഭ്യമാക്കണം.

5 കീഴ, തിരുവടി, പാട്ടോല, കണക്കന്തൂർ എന്നി വാർഡുകളിൽ ചികിത്സാരംഗത്ത് ശ്രദ്ധിക്കാൻ കഴിയുന്ന കേന്ദ്രങ്ങൾ ഏർപ്പെടുത്തണം

6 ആയുർവേദ ഡിസ്പൻസറി ആശുപത്രിയായി ഉയർത്തണം. ആവശ്യത്തിന് മരുന്നുകൾ ലഭ്യമാക്കണം

7 ഹോമിയോ ആശുപത്രിക്ക് സ്വന്തംകെട്ടിടം ആവശ്യമാണ്.

8 സോക്ടറുടെ സേവനംമുഴുവൻ സമയം ലഭ്യമാക്കണം.

9 മരുന്ന് കൂടുതൽ ലഭ്യമാക്കണം.

10 പി. എച്ച്. സി, ആയുർവേദം, ഹോമിയോ ആശുപത്രികളുടെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കണം.

സാധ്യതകൾ

1 നിലവിലുള്ള പി.എച്ച്.സി. എല്ലാ സൗകര്യങ്ങളുമുള്ള ആശുപത്രിയായി ഉയർത്തുക ലേഡിഡോക്ടറുടെ സേവനം ലഭ്യമാക്കുക

2 ആയുർവേദ ഡിസ്പെൻസറി ആശുപത്രിയാക്കി ഉയർത്തുകയും അതിനോടനുബന്ധിച്ച് പഞ്ചകർമ്മ ചികിത്സ, ബാലരോഗചികിത്സ, സ്ത്രീരോഗ ചികിത്സ, മർമ്മ ചികിത്സ, നേത്രചികിത്സ, വിഷചികിത്സ, സിദ്ധചികിത്സ, പ്രകൃതിചികിത്സ, യുനാനി എന്നീവിഭാഗങ്ങൾ കൂടി ഏർപ്പെടുത്തുക

3 ഹോമിയോ ആശുപത്രിക്ക് സ്വന്തം കെട്ടിടം ഉണ്ടാക്കുക.

4 പി.എച്ച്.സി. ആയുർവേദം, ഹോമിയോ ആശുപത്രികൾക്ക് ആവശ്യത്തിനനുസരിച്ച് മരുന്നുകൾ വിതരണം ചെയ്യുക.

5 നിലവിലുള്ള കുടുംബക്ഷേമ കേന്ദ്രങ്ങളുടെ പ്രവർത്തനം ചിട്ടപ്പെടുത്തുകയും കെട്ടിട സൗകര്യമില്ലാത്ത ഉളിത്താംപാടം, തച്ചനടിപ്രദേശങ്ങളിൽകെട്ടിടസൗകര്യം ഏർപ്പെടുത്തുക

6 കുടുംബ ക്ഷേമകേന്ദ്രങ്ങളിൽ മെഡിക്കൽ കിറ്റുകൾ വർഷത്തിൽ 3 പ്രാവശ്യം വിതരണം ചെയ്യുക.

7 പ്രതിരോധ കുത്തിവെയ്പു പരിപാടികൾ ഏകോപിപ്പിക്കാൻ വേണ്ടി പി. എച്ച്.സിക്ക് വാഹന സൗകര്യം ഏർപ്പെടുത്തുക.

8 ആരോഗ്യവിദ്യാഭ്യാസരംഗത്ത് ബോധവൽക്കരണത്തിന്റെ ഭാഗമായി വർഡ് അടിസ്ഥാനത്തിൽ ക്യാമ്പു സംഘടിപ്പിക്കുക

9 സ്ത്രീ ആരോഗ്യ പരിപാടി ചിട്ടപ്പെടുത്തി നടപ്പിലാക്കുക.

10 പോഷകാഹാര വിതരണ പരിപാടി ചിട്ടപ്പെടുത്തി നടപ്പിലാക്കുക.

11 ജനപങ്കാളിത്തത്തോടുകൂടി ആരോഗ്യ വിദ്യാഭ്യാസപ്രചരണങ്ങൾ സംഘടിപ്പിക്കുക

12 കുടുംബ സംവിധാന പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി നടപ്പിലാക്കുക.

13 കുട്ടികളുടേയും അമ്മമാരുടെയും ആരോഗ്യ ശ്രുശ്രൂഷാരംഗത്ത് പ്രത്യേക ഊന്നൽ നൽകികൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കുക

14 എല്ലാവർഷവും ത്വക് രോഗ പരിശോധന സംഘടിപ്പിക്കുക.

15 എല്ലാവർഷവും നേത്ര പരിശോധന സംഘടിപ്പിക്കുക. നേത്രദാന സേന രൂപീകരിക്കുക

16 സന്നദ്ധ പ്രവർത്തകരുടേയും ക്ലബ്ബുകളുടേയും സഹകരണത്തോടെ രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുകയും രക്തദാനസേന രൂപീകരിക്കുകയും ചെയ്യുക

17 ആരോഗ്യ സ്ഥാപനങ്ങളിൽ ജനകീയ ഇടപെടൽ സാധ്യമാകുന്ന രീതിയിൽ ആശുപത്രി വികസന സമിതികൾ പ്രവർത്തിപ്പിക്കുക.

പ്രശ്നങ്ങൾ

1 പ്രതിരോധ കുത്തിവെയ്പുകൾക്ക് പഞ്ചായത്തതിർത്തിയിലെ മുഴുവൻ കുട്ടികളും വിധേയരാകുന്നില്ല.

2 വൈകല്യം ബാധിച്ച ആളുകളുടെ വിദ്യാഭ്യാസത്തിനും സാമൂഹ്യപ്രക്രിയയിൽ പങ്കെടുപ്പിക്കാനും സംവിധാനങ്ങൾ ഇല്ല.

3 പരിസരശുചീകരണ പ്രവർത്തനങ്ങളുടെ അഭാവം മൂലമുണ്ടാകുന്ന സാംക്രമികരോഗങ്ങൾ ബാധിച്ചവരാണ് രോഗികളിൽ ഏറിയ പങ്കും.

4 നിലവിലുള്ള പി.എച്ച്.സിക്ക് കെട്ടിടം, ഉപകരണം മറ്റുസൗകര്യങ്ങൾ എന്നിവഇല്ല


5 ആയുർവേദ ആശുപത്രിയുടെ കെട്ടിടം സുരക്ഷിതമല്ല, കൂടിവെള്ള സൗകര്യം ഇല്ല.

6 ഹോമിയോ ആശുപത്രി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

7 കുടുംബക്ഷേമകേന്ദ്രങ്ങളിൽ മണ്ണപ്പാടത്തെ കെട്ടിടം അറ്റകുറ്റപണി നടത്തിയശേഷമേ ഉപയോഗിക്കാൻ കഴിയൂ.

8 പി.എച്ച്, സി ആയുർവേദം, ഹോമിയോ ആശുപത്രികളിൽ ആവശ്യത്തിന് മരുന്ന് വിതരണം ചെയ്യാൻ കഴിയുന്നില്ല.

9 ആരോഗ്യ പ്രവർത്തന രംഗത്ത് വേണ്ടത്ര സന്നദ്ധപ്രവർത്തനങ്ങൾ നടക്കുന്നില്ല.



7.9 B കുടിവെള്ളം

ആരോഗ്യ പദ്ധതിയുടെ പ്രധാനപ്പെട്ട ഘടകമാണ് ശുദ്ധജലവിതരണം. നമ്മുടെ പഞ്ചായത്തിൽ ശുദ്ധജല വിതരണത്തിന്റെ കാര്യത്തിൽ വേണ്ടത്ര പുരോഗതി ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിലെ ജലലഭ്യതയെക്കുറിച്ച് ആമുഖത്തിൽ വളരെ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. കുടിവെള്ളത്തിനുപയോഗിക്കുന്ന പ്രധാന സ്രോതസ്സുകൾ ഇവയാണ്.

സ്വകാര്യ കിണർ	പഞ്ചായത്ത് കിണർ	ബോർ വെൽ	ശുദ്ധജല വിതരണ പദ്ധതി
897	47	19	2 (1കമ്മീഷൻ ചെയ്തിട്ടില്ല)

897 സ്വകാര്യ കിണറുകളിൽ 70% വർഷത്തിൽ 8 മാസം മാത്രം വെള്ളം കിട്ടുന്നവയാണ്. വർഷം മുഴുവൻ വെള്ളം കിട്ടുന്ന കിണറുകൾ 10% മാത്രമേ ഉള്ളു. രണ്ട് തോടും ഒരു പുഴയും കുളങ്ങളുമുള്ള പഞ്ചായത്തിൽ ജല മാനേജ്മെന്റിലുള്ള പാകരാറ്കൊണ്ടാണ് ഭൂരിപക്ഷം കിണറുകളിലും വെള്ളം കിട്ടാതിരിക്കുന്നത്. പഞ്ചായത്തിന്റെയും അല്ലാത്തതുമായ കുളങ്ങൾ കെട്ടി വൃത്തിയാക്കി ചേറ് എടുത്ത് ആഴംകൂട്ടി വെള്ളം സംഭരിക്കാൻകഴിഞ്ഞാൽ 30% കിണറുകളിൽ വെള്ളം കിട്ടുന്ന കാലാവധി കൂട്ടാൻ കഴിയും. രണ്ട് തോടുകളിലും പുഴയിലുമുള്ള ചെക്കുഡാമുകളിൽ വെള്ളം കെട്ടിനിർത്തി ജലവിതരണത്തിനായി ഉദ്ദേശിക്കുന്ന രീതിയിൽ ജലം സംഭരിക്കാൻ കഴിഞ്ഞാൽ പഞ്ചായത്തിലെ മുഴുവൻ കിണറുകളിലും വെള്ളം കിട്ടുന്ന കാലാവധി വർദ്ധിപ്പിക്കാൻ കഴിയും.

സ്വകാര്യ കിണറുകളുടെ ജലലഭ്യത പഞ്ചായത്ത് കിണറുകൾക്കും ബാധകമാണ്. പല പഞ്ചായത്ത് കിണറുകളും പ്ലാറ്റ്ഫോമും ചുറ്റുമതിലുകളും പൊളിഞ്ഞ് ഉപയോഗശൂന്യമായി കിടക്കുകയാണ്. 1995 ൽ JRY ൽ ഉൾപ്പെടുത്തിയ 6 കിണറുകളുടെ പണി പൂർത്തീകരിച്ചുകഴിഞ്ഞിട്ടില്ല. IV,V വാർഡുകളിൽ കിണർ കുഴിച്ചാലും വെള്ളം കിട്ടാത്ത പ്രദേശങ്ങൾ നിരവധിയാണ്.

പൊതു ആവശ്യത്തിനുള്ള 19 ബോർവെല്ലുകൾ പഞ്ചായത്തിൽ ഉണ്ട്. പല കിണറുകളും ഉപയോഗ ശൂന്യമാണ്. ഹാൻഡ്പമ്പുകൾ തകരാറിലായാൽ കേടുപാടുകൾ തീർത്ത് ഉപയോഗയോഗ്യമാക്കാൻ കഴിയുന്നില്ല. ബോർവെല്ലുകളുടെ ജലനിരപ്പ് താഴ്ന്നുകൊണ്ടിരിക്കുന്നതായാണ് സാങ്കേതിക വിദഗ്ധ

രുടെ നിഗമനം. 4–ാം വാർഡിൽ പരക്കുന്ന് പ്രദേശത്ത് കുഴൽ കിണറിനോടനുബന്ധിച്ച് ജലസംഭരണി കെട്ടി പമ്പ്ചെയ്ത് ജലം വിതരണം ചെയ്യുന്നുണ്ട്. 6–ാം വാർഡ് തിരുവടി ചുങ്കത്തുള്ള ബോർവെല്ലിനോടനുബന്ധിച്ച് ടാങ്ക് കെട്ടി വർഷങ്ങളായിട്ടുണ്ടെങ്കിലും വൈദ്യുതി കണക്ഷൻ കിട്ടാത്തതിനാൽ പ്രവർത്തനം തുടങ്ങിയിട്ടില്ല.

പഞ്ചായത്ത് കിണറുകൾ:–

താഴെ കാണുന്നവിധമാണ് നിലവിലുള്ള പഞ്ചായത്ത് കിണറുകളം:

വാർഡ്	എണ്ണം	പ്രദേശങ്ങളം
I	8	മാർലാട്, വെട്ടുകാട്, കരിയക്കുന്ന് ഐത്താപറമ്പ് [2] ലക്ഷംവീട് തച്ചനടി, പെരുകാഞ്ഞിരകോട്
II	4	പള്ളിതെരുവ് കുന്നുശ്ശേരി തെരുവ് പള്ളിയുടെ പടിഞ്ഞാറു വശം മേലെതെരിവ്
III	7	പൂവ്വക്കോട് തെരുവ് [2] അപ്പക്കാട് [2] കിഴക്കെഗ്രാമം [2] വടക്കേഗ്രാമം
IV	3	മേലെകീഴ പട്ടിക്കാളീ മുതയംകോട്
V	3	കൊടപ്പനക്കുന്ന് പുത്തിരിപാടം കൊട്ടശ്ശേരീ
VI	7	കമ്പനിപ്പടി, പാറപ്പുറം, കരുമ്പൻചിറ, കുളപ്പുരക്കുളം, പുത്തൻചിറ, വടക്കുമുറി ചക്കിങ്ങൽ
VII	8	തെക്കെക്കര ഉദിയടി, പാട്ടോലതറ, വടക്കുമുറി, പാട്ടോല, ലക്ഷംവീട്, കോളംകോട്പാടം കിഴക്കേക്കര, തെക്കില്ലത്ത്പടി
VIII	5	കണക്കന്നൂർ, കുതിരംപറമ്പ്, കാവുങ്കൽ കിണർ IHD കോളനി അറളാക്കോട്, പൂഞ്ചാംതൊടി
IX	6	കുലാലൻതറ, ആശാരിത്തറ, തണ്ണീർപന്തൽ, കാളിയമ്മകിണർ, തേക്കിൻകാട്, ഗ്രാമംറോഡ്

നിലവിൽ പഞ്ചായത്ത് അതിർത്തിയിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള രണ്ട് ശുദ്ധജല വിതരണ പദ്ധതിയാണുള്ളത്. തച്ചനടിയിലുള്ള ബോർവെല്ലിൽനിന്നുള്ള പദ്ധതി വർഷങ്ങളായി നിലവിലുള്ളതാണ്. 33500ലിറ്റർ/മണിക്കൂർ കപ്പാസിറ്റി ഉള്ളതാണ് പ്രസ്തുത പദ്ധതി. കുഴൽ കിണറിൽ നിന്ന് നേരിട്ട് പമ്പിങ്ങ് നടക്കുന്ന പ്രസ്തുത പദ്ധതിയിൽ 80 ടാപ്പുകളും 102 വീട്ടു കണക്ഷനുകളും ഉൾപ്പെടുന്നു. 1, 2, 3 7, 8, 9 വാർഡുകളിലെ ഭാഗീകമായ പ്രദേശങ്ങളിൽ മാത്രം ഗുണഫലം അനുഭവിക്കുന്ന പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായവർ കേവലം 5030 ആണ്. വാട്ടർ അതോറിറ്റിയുടെ കണക്കനുസരിച്ചുള്ള ഈ ജനസംഖ്യ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 26.6% മാത്രമാണ്. പദ്ധതിയിൽ ഉൾപ്പെട്ട വാർഡുകളിലെതന്നെ ഭൂരിപക്ഷം പ്രദേശങ്ങ

ളും കുടിവെള്ളം എത്തിപ്പെടാത്തവയാണ്. 4, 5, 6 വാർഡുകളിൽ പ്രസ്തുത പദ്ധതിയുടെ കീഴിൽ ഒരു പ്രദേശംപോലും ഇല്ല. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ നിരവധി പ്രശ്നങ്ങൾ നേരിട്ടിട്ടുള്ള പംമ്പിങ്ങായതുകൊണ്ട് ഉണ്ടാകാറുണ്ട്. വൈദ്യുതിയുടെ കാര്യത്തിൽ വോൾട്ടേജ് കമ്മി പ്രധാനമായി അനുഭവപ്പെടാറുണ്ട്. എല്ലാപ്രദേശങ്ങളിലും കൃത്യമായി എത്തുന്നില്ല. ശുദ്ധീകരണ സാദ്ധ്യതഇല്ല. നിലനിലുള്ള ടാപ്പുകളിൽ ഭൂരിപക്ഷവും കേടുവന്നവയായതിനാൽ ധാരാളം ജലം പാഴായി പോകുന്നു. പൊതുജനസഹകരണത്തോടുകൂടിയുള്ള ജല സംരക്ഷണം നടത്തിയാൽ മാത്രമേ പ്രസ്തുതപ്രശ്നത്തിന് പരിഹാരം കാണാൻ കഴിയൂ.

തെക്കെപ്പൊറ ശുദ്ധജല വിതരണ പദ്ധതി:—

അയിത്താപറമ്പിലുള്ള [തച്ചനടി] രണ്ട് കുഴൽ കിണറുകളെ ആശ്രയിച്ച് ആരംഭിച്ച പദ്ധതിയാണിത്.

1 11300 ലിറ്റർ/മണിക്കൂർ കപ്പാസിറ്റി.
2 3600 ലിറ്റർ/മണിക്കൂർ കപ്പാസിറ്റി.

5—ാം വാർഡ് [തെക്കെപ്പൊറ] പ്രദേശത്തേക്ക് കുടിവെള്ളമെത്തിക്കാൻ വേണ്ടി ആരംഭിച്ച പ്രസ്തുത പദ്ധതിയിൽ 22 ടാപ്പുകളാണ് ഉള്ളത്. പ്രവർത്തനം പൂർത്തീകരിച്ച് മാസങ്ങളും കഴിഞ്ഞെങ്കിലും കമ്മീഷൻ ചെയ്തിട്ടില്ല.

ശുദ്ധജല വിതരണത്തിനായി 4—ാം വാർഡ് ചൂലിപ്പാടം, 8—ാം വാർഡ് മലങ്കാട് പ്രദേശങ്ങളിൽ ടെക്നോളജിമിഷൻ സ്ഥാപിച്ച കുഴൽ കിണറുകളും വർഷങ്ങളോളം ആയെങ്കിലും മറ്റു പ്രവർത്തനങ്ങളും ഒന്നും നടന്നിട്ടില്ല. വിതരണത്തിനാവശ്യമായ വെള്ളം ലഭ്യമാകുന്ന കുഴൽ കിണറുകളാണ് മേൽ സൂചിപ്പിച്ചവയെന്ന് ടെക്നോളജിമിഷൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. കുടിവെള്ള ക്ഷാമത്തിന് പരിഹാരമായി നിരവധി സംരംഭങ്ങളും പഞ്ചായത്ത് അതിർത്തിയിൽ നടന്നിട്ടുണ്ടെങ്കിൽകൂടി കടുത്ത കുടിവെള്ളക്ഷാമം നേരിടുന്ന പഞ്ചായത്താണ് നമ്മുടേത് എന്നു പറയാം.

പ്രശ്നങ്ങൾ

1 പരമ്പരാഗതമായ കുടിവെള്ള സ്രോതസ്സുകളും സംരക്ഷിക്കപ്പെടുന്നില്ല.
2 പരമ്പരാഗത കുളങ്ങളും നികത്തിക്കൊണ്ടിരിക്കുന്നു.
3 പഞ്ചായത്ത് കിണറുകളുടെ അറ്റകുറ്റപ്പണികളും കൃത്യമായി നടക്കാറില്ല.
4 ഭൂരിപക്ഷം കിണറുകളിൽ 8 മാസം മാത്രമെ വെള്ളം കിട്ടുന്നുള്ളു,
5 പൊതു കുഴൽ കിണറുകളും അധികവും ഉപയോഗശൂന്യമാണ്.
6 വൈദ്യുതി പ്രശ്നം കൊണ്ട് പംമ്പിങ്ങ് കൃത്യമായി നടക്കുന്നില്ല.
7 ജലസംഭരണി ഇല്ലാത്തതിനാൽ എല്ലാ പ്രദേശങ്ങളിലും വെള്ളം എത്തുന്നില്ല.
8 നേരിട്ട് പംമ്പിങ്ങ് നടക്കുന്നതിനാൽ ശുദ്ധീകരണം നടക്കുന്നില്ല.
9 പൊതു ടാപ്പുകളും അറ്റകുറ്റപ്പണികളും നടത്താത്തതുകൊണ്ട് ജലം ധാരാളം പാഴായി പോകുന്നു.
10 തെക്കെപ്പൊറ ശുദ്ധജല വിതരണ പദ്ധതിയുടെ പണി പൂർത്തീകരിച്ച് മാസങ്ങളാകുന്നു ശേഷവും കമ്മീഷൻ ചെയ്തിട്ടില്ല.
11 രണ്ടാം വാർഡിലെ നിലനിന്നിരുന്ന ശുദ്ധജല വിതരണ സംവിധാനം ഉപയോഗശൂന്യമായിരിക്കുന്നു.

ഗ്രാമ സഭാനിർദ്ദേശങ്ങൾ:—

1 ശുദ്ധ ജലവിതരണത്തിന്ന് വാട്ടർ ടാങ്ക് ആവശ്യമാണ്.
2 നിലവിലുള്ള പല ടാപ്പുകളും കാര്യക്ഷമമല്ല.
3 നിലവിലുള്ള പഞ്ചായത്ത് കിണറുകളും അറ്റകുറ്റപണി നടത്തണം.
4 സംരക്ഷിത ജലവിതരണം നടപ്പിലിക്കണം
5 കുടിവെള്ള പ്രശ്നത്തിന്റെ രൂക്ഷത കുറക്കാൻ നിലവിലുള്ള കുളങ്ങളും ചെക്കുഡാമുകളും സംരക്ഷിക്കപ്പെടണം.
6 കടുത്ത ജലക്ഷാമംനേരിടുന്ന പ്രദേശങ്ങളും

താഴെ കൊടുക്കുന്നു.

അപ്പക്കാട്, പൂവ്വക്കോട്, പടിഞ്ഞാറെതറ, കിഴക്കേത്തറ, പുതുക്കോട്, മേലെപറമ്പ് തിരുവടി, ചുങ്കം, ഉളികുത്താൻപാടം, തേക്കിൻകാട്, ഇടപറമ്പ്, പാറപ്പുറം, തെക്കേക്കര. പാലാട്ടുതറ, പൂഞ്ചാംതൊടി, തോണിക്കടവ്, മലങ്കാട് ലക്ഷംവീട്കോളനി, കണ്ണത്തുകാട്.

7 താളിക്കോട് ജലസംഭരണിസ്ഥാപിച്ച്ജല വിതരണം നടത്തണം.

8 പാലാട്ടുതറ കുഴൽകിണർ കേന്ദ്രീകരിച്ച് ജലസംഭരണി പണിത് വെള്ളം വിതരണം ചെയ്യണം.

9 മലങ്കാട് ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കണം.

10 ഭൂഗർഭ ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി ശുദ്ധജല പദ്ധതി നടപ്പിലാക്കണം.

ഉപയോഗപ്പെടുത്താവുന്ന പ്രദേശങ്ങൾ;–

1 തെരുവ് തോട് വാർഡ്—2

2 മുട്ടത്തോർ കുളമ്പ് വാർഡ്—6

3 പുല്ലാണിയോട് വാർഡ്—7

4 തീർത്ഥക്കുളം വാർഡ്—9

നിലവിലുള്ള പൈപ്പ് ലൈനുകൾ നീട്ടാൻ ഗ്രാമസഭാ നിർദ്ദേശങ്ങൾ;–

വാർഡ്I– വെട്ടുകാട്, കരിയക്കുന്ന്, ഐത്താപ്പറമ്പ്, മമ്പറമ്പ്, ചെറുകഞ്ഞിരക്കോട്, ഹരിജൻകോളനി, തച്ചനടി ലക്ഷംവീട്, കളയൻകുന്ന്.

വാർഡ്–II കുന്നുതെരുവ്, കമ്മാന്തറ, കുന്നുശ്ശേരിതെരുവ്.

വാർഡ്–III അപ്പക്കാട്, പൂവ്വക്കോട്, പടിഞ്ഞാറെതറ, കിഴക്കേത്തറ.

വാർഡ്–IV പൂരത്തറ, മൂതയങ്കോട്, താളിക്കോട്, ചൂലിപ്പാടം.

വാർഡ്–V വട്ടപ്പാറ വരെ.

വാർഡ്–VII തെക്കേക്കര, ഉദിയടി, പാട്ടോലതറകൾ.

വാർഡ്- VIII തോണിക്കടവ് വരെ, മലങ്കാട് ലക്ഷംവീട് കോളനി, പൂഞ്ചാംതൊടി, അംബേദ്കർ കോളനി, അർളാക്കോട്, കണ്ണനൂർ, മലങ്കാട്തറ, കുമ്പാരത്തറ.

വാർഡ്–IX കണ്ണത്തുകാട്, കുറിഞ്ചേനി, മണപ്പാടം ഗ്രാമംറോഡ്, നായ്ക്കത്തറ, മണപ്പാടം കുലാലത്തറ, മണപ്പാടം കുറുവപ്പാടം, മണപ്പാടം വടക്കെക്കളം.

സാദ്ധ്യതകൾ:–

1 നിലവിലുള്ള പഞ്ചായത്തുകിണറുകളിലെ അറകുറ പണികൾ നടത്തി ഉപയോഗ യോഗ്യമാക്കുക.

2 പൊതുടാപ്പുകളുടെ അറകുറപ്പണികൾ നടത്തുക.

3 കിണറുകളിലെ ജലം ശുദ്ധീകരിക്കാൻ ആവശ്യമായ പരിപാടികൾ വർഷത്തിൽ രണ്ടുതവണ നടത്തുക.

4 നിലവിലുള്ള ശുദ്ധ ജലവിതരണ പദ്ധതിക്ക് 500000 ലിറ്റർ സംഭരണശേഷിയുള്ള വാട്ടർടാങ്ക് നിർമ്മിക്കുക.

5 കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ പൊതുകിണറുകളും കുഴൽകിണറുകളും നർമ്മിക്കുക.

6 ഉപയോഗശൂന്യമായ മൂഴുവൻ കുഴൽകിണറുകളും നേരാക്കുക.

7 ഗ്രാമസഭാ നിർദ്ദേശാനുസരണമുള്ള പൈപ്പ്ലൈൻ നീട്ടാനുള്ള സംവിധാനം ഉണ്ടാക്കുക.

8 വടക്കെപ്പൊറ–ചുങ്കം മിനിടാങ്ക് പ്രവർത്തിപ്പിക്കാനായി വൈദ്യുതി കണക്ഷൻ ലഭിക്കാൻ നടപടി സ്വീകരിക്കുക.

9 പഞ്ചായത്ത് അതിർത്തിയിലെ ജലസംരക്ഷണത്തിന് ആവശ്യമായ ബോധവൽക്കരണം നടത്തുക.

10 പഞ്ചായത്ത് അതിർത്തിയിലെ മുഴുവൻ ആളുകൾക്കും കുടിവെള്ളമെത്തിക്കാൻ

ആവശ്യമായ രീതിയിൽ താഴെ കാണുന്ന സംവിധാനം ഏർപ്പെടുത്തണം.

1 തച്ചനടി പദ്ധതി

നിലവിലുള്ള തച്ചനടി പദ്ധതിയിൽ [തച്ചനടി 1, അയിത്താപറമ്പ് 2 ആകെ മൂന്ന് കുഴൽ കിണറുകളും[500000 ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്ക് നിർമ്മിച്ച് 1, 2, 3, 5, 7 വാർഡുകളിൽ മുഴുവൻ പ്രദേശങ്ങളിലും ജലവിതരണം നടത്തുക.

2 ചുലിപ്പാടം പദ്ധതി:—

ചുലിപ്പാടത്ത് നിലവിലുള്ള $4\frac{1}{2}$'' ബോർവെൽ 6'' ആക്കി ടാങ്ക് കെട്ടി 4ാം വാർഡിലെ മുഴുവൻ പ്രദേശങ്ങളിലും വിതരണം ചെയ്യാവുന്നതാണ്.

3 പാലാട്ട്തറ പദ്ധതി:—

നിലവിലുള്ള അയ്യപ്പൻകുന്നിലും പാലാട്ടുതറയിലുള്ള രണ്ട് കുഴൽകിണറുകളും ഉപയോഗപ്പെടുത്തി പാലാട്ടുതറയിൽ ടാങ്ക് സ്ഥാപിച്ച് 6ാം വാർഡ് മുഴുവനും 7—ാം വാർഡിന്റെ പാലാട്ടുതറ, തിരുവടി ഭാഗങ്ങളിൽവിതരണം ചെയ്യുക.


4 മലങ്കാട് പദ്ധതി:—

മലങ്കാട് ഉള്ള കുഴൽ കിണറിൽ നിന്നും ജലം ശേഖരിച്ച് മലങ്കാട് ടാങ്ക് കെട്ടി 8,9 വാർഡുകളിൽ ജലവിതരണം നടത്തുക.

5 പ്രസ്തുത പദ്ധതികളിലേക്ക് മണപ്പാടം തോട്ടിലും തിരുവടിപുഴയിലും തടയണ നിർമ്മിച്ച് വെള്ളം ശുദ്ധീകരിക്കാൻ ആവശ്യമായ സാധ്യതകളും പരിശോധിക്കാവുന്നതാണ്.

6 രണ്ടാം വാർഡിലെ ഉപയോഗശൂന്യമായി കിടക്കുന്ന ശുദ്ധജല വിതരണ പദ്ധതി പുനരുജ്ജീവിപ്പിക്കാനുള്ള സാധ്യതപരിഗണിക്കണം.

★ ★ ★



7.9-C പരിസരശുചിത്വം

പൊതുജനാരോഗ്യ രംഗത്ത് അതിപ്രധാനമാണ് പരിസര ശുചിത്വം. കടകളിൽ നിന്നും, വീടുകളിൽ നിന്നും പുറത്ത് വിടുന്ന മലിനജലവും, ഉപയോഗശൂന്യമായ വസ്തുക്കളുമാണ് പരിസരശുചിത്വത്തിനു ഭീഷണിയാവുന്നത്. കൂടാതെ വിസർജ്ജ്യ വസ്തുക്കളും പരിസരം മലിനമാക്കുന്നു. രോഗങ്ങളെക്കുറിച്ച് പരിശോധിച്ചതിൽ അധികവും ജലജന്യമായ രോഗങ്ങളാണ്. ജലം മലിനപെടുത്തുന്നത് കക്കൂസുകളുടെ വേണ്ടത്ര ഉപയോഗം ഇല്ലാത്തതാണ് എന്ന് വ്യക്തമായി രിക്കുന്നു.

കക്കൂസിന്റെ ഉപയോഗം

വാർഡ്	താമസമുള്ള വീടുകളം	കക്കൂസ് ഉള്ളവ	%	കക്കൂസ് ഇല്ലാത്തവ	
1	431	135	31.32	296	
2	312	189	60.57	123	
3	326	210	64.41	116	
4	338	89	26.33	249	
5	460	106	23.04	354	
6	379	87	22.95	292	
7	408	135	33.08	273	
8	458	161	35.15	297	
9	350	131	37.42	219	
ആകെ	3462	1243	35 90	2219	

മേൽ കാണിച്ച പട്ടികയിൽ നിന്നും പഞ്ചായത്തിലെ 64%ത്തോളം കുടുംബങ്ങൾക്കും കക്കൂസ് ഇല്ല എന്ന് വ്യക്തമാണ്. ഈ കുടുംബങ്ങൾ വിസർജ്ജനത്തിനായി പാതയോരങ്ങളേയും പൊതുപറമ്പുകളേയും ആശ്രയിക്കുന്നു കക്കൂസ് നിർമ്മിച്ച് നൽകാനുള്ള പഞ്ചായത്ത് ബ്ലോക്ക് സ്ഥാപനങ്ങളുടെ ശ്രമങ്ങൾ ഫലവത്തായിട്ടില്ല. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുമ്പോഴുണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ മൂലം പല പ്രവർത്തികളും പൂർത്തിയാക്കാൻ കഴിയുന്നില്ല. സാമ്പത്തികമായി കക്കൂസ് നിർമ്മാണത്തിന്ന് സാധ്യതയുള്ളവരിൽ 90% ആളുകളും കക്കൂസ് കെട്ടിയിട്ടുണ്ട്. ഇനി പൊതുജന പങ്കാളിത്തത്തോടെ ഒരുവലിയ ശ്രമത്തിന്റെ ഭാഗമായി മാത്രമേ മുഴുവൻ വീടുകളിലും കക്കൂസ് എന്ന ആശയം യാഥാർത്ഥ്യമാക്കാൻ കഴിയൂ.

പൊതുസ്ഥലങ്ങളിലുണ്ടാകുന്ന മാലിന്യങ്ങൾ നീക്കംചെയ്യാൻ ഇപ്പോൾ സംവിധാനം ഇല്ല. വർഷങ്ങൾക്ക്മുമ്പ് പഞ്ചായത്ത് സ്വീപ്പറെ നിയോഗിച്ചിരുന്നു. പക്ഷെ ഇപ്പോഴതില്ല,ആയതുകൊണ്ട് മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ കെട്ടിക്കിടക്കുന്ന അവസ്ഥയുണ്ട്.

പഞ്ചായത്തിൽ പൊതുവായി അറവു ശാല ഇല്ലാത്തതിനാൽ തെരുവ് തച്ചനടി,മണപ്പാടം എന്നീസ്ഥലങ്ങളിൽ നടത്തുന്ന അറവു ശാലകളുമായി ബന്ധപ്പെട്ട മാലിന്യങ്ങളും വേണ്ടവിധം സംസ്ക്കരിക്കപ്പെടാത്തതും ഒരു പ്രശ്നമായി ഭവിക്കുന്നു.

റോഡുകൾക്ക് പൊതുവെള്ളച്ചാലുകളും ഇല്ലാത്തതിനാൽ മഴക്കാലത്ത് മലിനജലം കെട്ടിനിന്ന് ഈച്ച, കൊതുക് എന്നിവയുടെ വംശവർദ്ധനവിന് വഴിയൊരുക്കുന്നതും പ്രശ്നമാണ്. വീടുകളിലെ ഖരദ്രവമാലിന്യങ്ങളും പൊതുനിരത്തിലേക്കും ഓടകളിലേക്കും തള്ളിവിടുന്നത് പരിസര മലിനീകരണത്തിന്റെ മുഖ്യഹേതുവാണ്.


ഗ്രാമസഭയിലെ അഭിപ്രായങ്ങളും,പ്രശ്നങ്ങളും

- X ഭൂരിപക്ഷം വീടുകളിലും കക്കൂസ് ഇല്ല.
- X പഞ്ചായത്ത് ശുചീകരണ പ്രവർത്തനം നടത്തുന്നില്ല.
- X ശാസ്ത്രീയമായ അറവുശാല ഇല്ല.
- X മത്സ്യ മാംസ മാർക്കറ്റുകളും ശാസ്ത്രീയമായി നടത്തുന്നവ ഇല്ല.
- X റോഡുകൾക്ക് വെള്ളച്ചാലുകളും ഇല്ല.
- X പൊതുസ്ഥലങ്ങളിൻ ചപ്പുചവറുകളും ഇടുന്നു.
- X പഞ്ചായത്തിലെ പ്രധാന സ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങളും ഇല്ല.
- X പരിസര ശുചീകരണത്തിന്റെ ആവശ്യകത സംബന്ധിച്ച ബോധവൽക്കരണം നടക്കുന്നില്ല.

നിർദ്ദേശങ്ങൾ:-

1. എല്ലാ വീടുകളിലും കക്കൂസുകളും ഉണ്ടാക്കുന്നതിനുള്ള തീവ്രയത്ന പരിപാടി സംഘടിപ്പിക്കുക.
2. പഞ്ചായത്ത് സ്വീപ്പർമാരെ നിയമിച്ച് പ്രധാനപ്പെട്ട സ്ഥലങ്ങളും ശുചീകരിക്കാൻ നടപടികളും സ്വീകരിക്കുക.
3. ആധുനിക സംവിധാനത്തോടുകൂടിയ അറവുശാല സ്ഥാപിക്കുക.
4. റോഡുകളുടെ വശങ്ങളിൽ വെള്ളച്ചാലുകളും ഉണ്ടാക്കുക.
5. പൊതുസ്ഥലങ്ങളിൽ വേസ്റ്റ് ബോക്സുകളും സ്ഥാപിക്കുക.
6. പുതുക്കോട്, തച്ചനടി, മണപ്പാടം പ്രദേശങ്ങളിൽ കംഫർട്ട് സ്റ്റേഷനുകളും സ്ഥാപിക്കുക.
7. പരിസര ശുചീകരണത്തിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്താൻ ആവശ്യമായ പ്രചരണ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുക.
8. പഞ്ചായത്തിലെ മുഴുവൻ വീടുകളെയും ബന്ധപ്പെടുത്തിക്കൊണ്ടുള്ള ശുചീകരണ പ്രവർത്തന ശൃംഖലക്കാവശ്യമായ പദ്ധതികളും തയ്യാറാക്കുക.
9. മാലിന്യ വസ്തുക്കളും സംസ്ക്കരിക്കാൻ കഴിയുന്ന രീതിയിൽ എല്ലാ വാർഡുകളിലും ജൈവവള നിർമ്മാണ യൂണിറ്റുകളും സംഘടിപ്പിക്കുക.





7. 10 വിദ്യാഭ്യാസം

എഴുതപ്പെടാത്തതെങ്കിലും നൂറാണ്ടുകളുടെ ചരിത്രമുള്ള ഈ പഞ്ചായത്തിലെ ആദ്യകാല വിദ്യാഭ്യാസ സ്ഥാപനങ്ങളും കുടിപ്പള്ളിക്കൂടങ്ങളും ആയിരുന്നു. ഇതിൽ പുതുക്കോട് തെരുവിൽ ഒരു മദ്രസ്സ പോലെ പ്രവർത്തിച്ചിരുന്ന കുടിപ്പള്ളിക്കൂടമാണ് പിന്നീട് G. M. L. P. സ്ക്കൂളായി തീർന്നത്. മണപ്പാടം കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന കുടിപ്പള്ളിക്കൂടം ഇന്നത്തെ നാരായണയു പി. സ്ക്കൂളായി പരിണമിച്ചു. പുതുക്കോട് ഗ്രാമത്തിൽ പ്രവർത്തിച്ചിരുന്ന സംസ്കൃത പഠനകേന്ദ്രം 1947 ൽ പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളായി ഉയർന്നു. എങ്കിലും കൂടുതൽ ചരിത്രം സൂചിപ്പിക്കുന്ന രേഖകളും ഉള്ളത് G.M.L.P. സ്ക്കൂളിനാണ്. ഇവിടെ 1892 മുതൽ ഉള്ള രേഖകളും സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. പുതുക്കോട് പ്രവർത്തിച്ചിരുന്ന ഗ്രാമപള്ളിക്കൂടം ഏറെ പഴക്കമുള്ളതാണെങ്കിലും ഇത് G A L P സ്ക്കൂളും, L V L P സ്ക്കൂളും എന്നീ പേരുകളിൽ ഇന്ന് കണ്ണമ്പ്ര പഞ്ചായത്തിന്റെ അതിർത്തിയിൽ പ്രവർത്തിക്കുന്നു.

ഇതിൽ G M L P സ്ക്കൂളും ഒരു മദ്രസ്സ എന്നനിലയിലും സർവ്വജനാ ഹൈസ്ക്കൂളും ഒരു സംസ്കൃത വേദ–സംഗീത പഠനകേന്ദ്രം എന്ന നിലയിലും ആണ് പ്രവർത്തനം ആരംഭിച്ചത്. മറ്റു കുടിപ്പള്ളിക്കൂടങ്ങളും ജൻമികുടുംബങ്ങളുടേയും അവരുടെ പ്രധാന ആശ്രിതരുടേയും ആവശ്യാനുസരണം സ്ഥാപിക്കപ്പെട്ടവയായിരുന്നു. സാമൂഹ്യബന്ധങ്ങളിൽ വന്ന മാറ്റം പിന്നീട് ഈ സ്ഥാപനങ്ങളെ പൊതു വിദ്യാഭ്യാസ കേന്ദ്രങ്ങളായി ഉയർത്തി പൊതു വിദ്യാഭ്യാസം വ്യാപകമാക്കുന്നതിനും അതുവഴി ജനങ്ങളുടെ സാമൂഹ്യ–സാംസ്ക്കാരിക ഉന്നമനത്തിനും ഈ സ്ഥാപനങ്ങൾ മഹത്തായ പങ്കുവഹിച്ചു പോരുന്നു. ഇങ്ങിനെയൊക്കെയാണെങ്കിലും പിന്നോക്ക വിഭാഗങ്ങൾ പൊതു വിദ്യാഭ്യാസ ധാരയിലേക്ക് വന്നിട്ട് ഏതാണ്ട് 50വർഷത്തോളമേആയിട്ടുള്ളു. ഈപഞ്ചായത്തിൽ ആദ്യമായി സ്ക്കൂൾ പ്രവേശനം നേടിയ പട്ടികജാതി വിഭാഗക്കാർ ശ്രീ തെയ്യൻ, വടക്കേപള്ളം, ശ്രീ പഴനി മല കളയംകുന്ന്, എന്നിവരാണ്. ആദ്യമായി ഈ പഞ്ചായത്തിൽ 1961–ൽ SSLC പാസ്സായപട്ടികജാതിവിഭാഗക്കാരൻ ഇന്ന് ഫ്രൈം ബ്രാഞ്ച് സർക്കിൾ ഇൻസ്പെക്ടർ ആയി സേവനമനുഷ്ഠിക്കുന്നശ്രീ അപ്പു (പാട്ടോല) ആണ്.

പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന L P, U P, H S, നഴ്സറി, പാരലൽ കോളേജ്, സാങ്കേതിക വിദ്യഭ്യാസ സ്ഥാപനങ്ങൾ എന്നിവ തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

പഞ്ചായത്തിൽ പൊതുവായി അറവു ശാല ഇല്ലാത്തതിനാൽ തെരുവ് തച്ചനടി, മണപ്പാടം എന്നീസ്ഥലങ്ങളിൽ നടത്തുന്ന അറവു ശാലകളുമായി ബന്ധപ്പെട്ട മാലിന്യങ്ങൾവേണ്ടവിധം സംസ്ക്കരിക്കപ്പെടാത്തതും ഒരു പ്രശ്നമായി ഭവിക്കുന്നു.

റോഡുകൾക്ക് പൊതുവെള്ളച്ചാലുകൾ ഇല്ലാത്തതിനാൽ മഴക്കാലത്ത് മലിനജലം കെട്ടിനിന്ന് ഈച്ച, കൊതുക് എന്നിവയുടെ വംശവർദ്ധനവിന് വഴിയൊരുക്കുന്നതും പ്രശ്നമാണ്. വീടുകളിലെ ഖരദ്രാവകമാലിന്യങ്ങൾ പൊതുനിരത്തിലേക്കും ഓടകളിലേക്കും തള്ളിവിടുന്നത് പരിസര മലിനീകരണത്തിന്റെ മുഖ്യഹേതുവാണ്.


ഗ്രാമസഭയിലെഅഭിപ്രായങ്ങൾ,പ്രശ്നങ്ങൾ

- X ഭൂരിപക്ഷം വീടുകളിലും കക്കൂസ് ഇല്ല.
- X പഞ്ചായത്ത് ശുചീകരണ പ്രവർത്തനം നടത്തുന്നില്ല.
- X ശാസ്ത്രീയമായ അറവുശാല ഇല്ല.
- X മത്സ്യ മാംസ മാർക്കറ്റുകൾ ശാസ്ത്രീയമായി നടത്തുന്നവ ഇല്ല.
- X റോഡുകൾക്ക് വെള്ളച്ചാലുകൾ ഇല്ല.
- X പൊതുസ്ഥലങ്ങളിൽ ചപ്പുചവറുകൾ ഇടുന്നു.
- X പഞ്ചായത്തിലെ പ്രധാന സ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഇല്ല.
- X പരിസര ശുചീകരണത്തിന്റെ ആവശ്യകത സംബന്ധിച്ച ബോധവൽക്കരണം നടക്കുന്നില്ല.

നിർദ്ദേശങ്ങൾ:-

1. എല്ലാ വീടുകളിലും കക്കൂസുകൾ ഉണ്ടാക്കാനുള്ള തീവ്രയത്ന പരിപാടി സംഘടിപ്പിക്കുക.
2. പഞ്ചായത്ത് സ്വീപ്പർമാരെ നിയമിച്ച് പ്രധാനപ്പെട്ട സ്ഥലങ്ങൾ ശുചീകരിക്കാൻ നടപടികൾ സ്വീകരിക്കുക.
3. ആധുനിക സംവിധാനത്തോടുകൂടിയ അറവുശാല സ്ഥാപിക്കുക.
4. റോഡുകളുടെ വശങ്ങളിൽ വെള്ളച്ചാലുകൾ ഉണ്ടാക്കുക.
5. പൊതുസ്ഥലങ്ങളിൽ വേസ്റ്റ് ബോക്സുകൾ സ്ഥാപിക്കുക;
6. പുതുക്കോട്, തച്ചനടി, മണപ്പാടം പ്രദേശങ്ങളിൽ കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കുക.
7. പരിസര ശുചീകരണത്തിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്താൻ ആവശ്യമായ പ്രചരണ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
8. പഞ്ചായത്തിലെ മുഴുവൻ വീടുകളെയും ബന്ധപ്പെടുത്തിക്കൊണ്ടുള്ള ശുചീകരണ പ്രവർത്തന ശൃംഖലക്കാവശ്യമായ പദ്ധതികൾ തയ്യാറാക്കുക.
9. മാലിന്യ വസ്തുക്കൾ സംസ്ക്കരിക്കാൻ കഴിയുന്ന രീതിയിൽ എല്ലാ വാർഡുകളിലും ജൈവവള നിർമ്മാണ യൂണിറ്റുകൾ സംഘടിപ്പിക്കുക.





7. 10 വിദ്യാഭ്യാസം

എഴുതപ്പെടാത്തതെങ്കിലും നൂറ്റാണ്ടുകളുടെ ചരിത്രമുള്ള ഈ പഞ്ചായത്തിലെ ആദ്യകാല വിദ്യാഭ്യാസ സ്ഥാപനങ്ങളും കുടിപ്പള്ളിക്കൂടങ്ങളും ആയിരുന്നു. ഇതിൽ പുതുക്കോട് തെരുവിൽ ഒരു മദ്രസ്സ പോലെ പ്രവർത്തിച്ചിരുന്ന കുടിപ്പള്ളിക്കൂടമാണ് പിന്നീട് G. M. L. P. സ്ക്കൂളായി തീർന്നത്. മണപ്പാടം കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന കുടിപ്പള്ളിക്കൂടം ഇന്നത്തെ നാരായണയ്യ പി. സ്ക്കൂളായി പരിണമിച്ചു. പുതുക്കോട് ഗ്രാമത്തിൽ പ്രവർത്തിച്ചിരുന്ന സംസ്കൃത പഠനകേന്ദ്രം 1947 ൽ പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളായി ഉയർന്നു. എങ്കിലും കൂടുതൽ ചരിത്രം സൂചിപ്പിക്കുന്ന രേഖകളും ഉള്ളത് G.M.L.P. സ്ക്കൂളിനാണ്. ഇവിടെ 1892 മുതൽ ഉള്ള രേഖകളും സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. പുതുക്കോട് പ്രവർത്തിച്ചിരുന്ന ഗ്രാമപള്ളിക്കൂടം ഏറെ പഴക്കമുള്ളതാണെങ്കിലും ഇത് G A L P സ്ക്കൂളും, L V L P സ്ക്കൂളും എന്നീ പേരുകളിൽ ഇന്ന് കണ്ണമ്പ്ര പഞ്ചായത്തിന്റെ അതിർത്തിയിൽ പ്രവർത്തിക്കുന്നു.

ഇതിൽ G M L P സ്ക്കൂളും ഒരു മദ്രസ്സ എന്നനിലയിലും സർവ്വജനാ ഹൈസ്ക്കൂളും ഒരു സംസ്കൃത വേദ–സംഗീത പഠനകേന്ദ്രം എന്ന നിലയിലും ആണ് പ്രവർത്തനം ആരംഭിച്ചത്. മറ്റു കുടിപ്പള്ളിക്കൂടങ്ങളും ജൻമികുടുംബങ്ങളുടേയും അവരുടെ പ്രധാന ആശ്രിതരുടേയും ആവശ്യാനുസരണം സ്ഥാപിക്കപ്പെട്ടവയായിരുന്നു. സാമൂഹ്യബന്ധങ്ങളിൽ വന്ന മാറ്റം പിന്നീട് ഈ സ്ഥാപനങ്ങളെ പൊതു വിദ്യാഭ്യാസ കേന്ദ്രങ്ങളായി ഉയർത്തി പൊതു വിദ്യാഭ്യാസം വ്യാപകമാക്കുന്നതിനും അതുവഴി ജനങ്ങളുടെ സാമൂഹ്യ–സാംസ്ക്കാരിക ഉന്നമനത്തിനും ഈ സ്ഥാപനങ്ങളും മഹത്തായ പങ്കുവഹിച്ചു പോരുന്നു. ഇങ്ങിനെയൊക്കെയാണെങ്കിലും പിന്നോക്ക വിഭാഗങ്ങളും പൊതു വിദ്യാഭ്യാസ ധാരയിലേക്ക് വന്നിട്ട് ഏതാണ്ട് 50വർഷത്തോളമേ ആയിട്ടുള്ളു. ഈപഞ്ചായത്തിൽ ആദ്യമായി സ്ക്കൂളിൽ പ്രവേശനം നേടിയ പട്ടികജാതി വിഭാഗക്കാർ ശ്രീ തെയ്യൻ, വടക്കേപള്ളം, ശ്രീ പഴനി മല കളയംകുന്ന്, എന്നിവരാണ്. ആദ്യമായി ഈ പഞ്ചായത്തിൽ 1961–ൽ SSLC പാസ്സായപട്ടികജാതിവിഭാഗക്കാരൻ ഇന്ന് ലൈംബ്രാഞ്ച് സർക്കിളിൽ ഇൻസ്പെക്ടർ ആയി സേവനമനുഷ്ഠിക്കുന്നശ്രീ അപ്പു (പാട്ടോല) ആണ്.

പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന L P, U P, H S, നഴ്സറി, പാരലൽ കോളേജ്, സാങ്കേതിക വിദ്യഭ്യാസ സ്ഥാപനങ്ങളും എന്നിവ തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

ഇനം	Govt	Aided	Unaided	UnRecognised	Total	വിദ്യാലയത്തിന്റെ പേര്
ഹൈസ്ക്കൂൾ	—	1	—	—	1	S J H S പുതുക്കോട്
യു. പി സ്ക്കൂൾ	—	2	—	—	2	NUPസ്ക്കൂൾമണപ്പാടം A U P സ്ക്കൂൾ വടക്കെപ്പൊറ
എൽ. പി സ്ക്കൂൾ	1	2	—	—	3	G M L P സ്ക്കൂൾ പുതുക്കോട് A L P സ്ക്കൂൾ കണക്കന്നൂർ A L P സ്ക്കൂൾ കൊട്ടാരശ്ശേരി
ആകെ	1	5	—	—	6	
മറ്റുള്ളവ						
നഴ്സറി	—	—	—	4	4	ക്രൈസ്റ്റ് നഴ്സറി തച്ചനടി ബാപ്പുജി നഴ്സറി അഞ്ചുമുറി അനശ്വര നഴ്സറി കിഴക്കെഗ്രാമം കേരളനഴ്സറി മണപ്പാടം
പാരലൽ കോളേജ്	—	—	—	1	1	നവോദയ പാരലൽ കോളേജ്, പുതുക്കോട്
ടൈലറിങ് സ്ക്കൂൾ	—	—	—	2	2	ക്രൈസ്റ്റ് ടൈലറിങ് സ്ക്കൂൾ തച്ചനടി അനശ്വര ടൈലറിങ് സ്ക്കൂൾ കിഴക്കെഗ്രാമം
ആകെ	—	—		7	7	

1947 നു ശേഷം LP, UP, HS വിഭാഗത്തിൽ പുതിയ വിദ്യാലയങ്ങളൊ ഉണ്ടായിട്ടില്ല. നിലവിൽ ഇപ്പോൾ പഞ്ചായത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം താഴെ കൊടുക്കുന്നു.

Std	ആകെ			SC		
	B	G	Total	B	G	Total
1	210	183	393	11	13	24
2	197	209	406	26	17	43
3	239	192	431	20	19	39
4	233	229	462	19	20	39
5	315	292	607	31	26	57
6	309	307	616	26	18	44
7	310	293	603	34	28	62
8	334	229	663	33	25	58
9	240	274	514	15	23	38
10	162	209	371	18	14	32
ആകെ	2549	2487	5036	233	203	436

വിദ്യാലയങ്ങളിൽ നിന്നുള്ള കുട്ടികളുടെ കണക്കുകൾ പരിശോധിച്ചതിൽ കഴിഞ്ഞ അഞ്ചുവർഷക്കാലമായി കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു. പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വരേണ്ട മുഴുവൻ വിദ്യാർത്ഥികളും എത്തുന്നില്ല. പഞ്ചായത്തിലെ ജനനനിരക്ക് കുറഞ്ഞുവരുന്നു.

അദ്ധ്യാപകരുടെ സ്ഥിതിവിവരകണക്കുകൾ:–

നമ്പർ	സ്കൂളിന്റെപേര്	ആൺ	പെൺ	ആകെ	പട്ടികജാതി ആൺ	പട്ടികജാതി പെൺ	അദ്ധ്യാപകേതരം ആൺ	അദ്ധ്യാപകേതരം പെൺ	അദ്ധ്യാപകേതരം ആകെ
1	SJHS പുതുക്കോട്	27	60	87			6	1	7
2	NUPS മണപ്പാടം	6	24	30			1	–	1
3	GMLPS പുതുക്കോട്	1	10	11			1	–	1
4	ALPS കൊട്ടാരശ്ശേരി	7	5	12			–	–	–
5	AUPS വടക്കേപ്പൊറ	7	14	21			1	–	1
6	ALPS കണക്കന്നൂർ	2	4	6			–	–	–
	ആകെ	50	117	167			9	1	10

പഞ്ചായത്തതിർത്തിയിൽ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 167 അദ്ധ്യാപകരും 10 അനദ്ധ്യാപകരും ഉണ്ടായിട്ടുകൂടി പട്ടികജാതിക്കാരായ ഒരാളെങ്കിലും ഇല്ല എന്നത് പ്രത്യേകം പ്രസ്താവ്യമാണ്,

ഹൈസ്ക്കൂൾ ഒഴികെ മറ്റു വിദ്യാലയങ്ങളിൽ ആവശ്യമായ കെട്ടിട്ടങ്ങൾ ഉണ്ട്. എന്നാൽ പ്രത്യേക ക്ലാസ്സ്മുറികൾ ഇല്ല. ഹൈസ്ക്കൂളിൽ 57 ഡിവിഷൻ ഉണ്ടെങ്കിലും 54 ക്ലാസ്സ്മുറികളേ ഉള്ളു. 4 ക്ലാസ്സ്മുറികളുടെ അപര്യാപ്തതയുണ്ട്. അതുകൊണ്ട് ഹൈസ്ക്കൂൾ സെഷണൽ സമ്പ്രദായത്തിലാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെ പല സ്ക്കൂളുകളിലും കുട്ടികളുടെ എണ്ണത്തിനനുസരിച്ചും ആൺ–പെൺ വേർതിരിച്ചും ആവശ്യത്തിനു മൂത്രപ്പുരകളും കക്കൂസുകളും ഇല്ല. എല്ലാ വിദ്യാലയങ്ങളിലും ചുരുങ്ങിയത് 2 മൂത്രപ്പുരകളും, 2 കക്കൂസുകളും ഉടനെ അനുവദിക്കേണ്ടതാണ്. 2 വിദ്യാലയങ്ങളിൽ വൈദ്യുതീകരണം നടത്തിയിട്ടുണ്ട്. മറ്റു വിദ്യാലയങ്ങളിൽ വൈദ്യുതീകരണം നടത്തിയിട്ടില്ല. 3 വിദ്യാലയങ്ങളിൽ താൽക്കാല കപാചക മുറികളാണുള്ളത്. 3 LP സ്ക്കൂളിലും ഒരു UP സ്ക്കൂളിലും സ്റ്റാഫ് റൂമില്ല. ഫർണീച്ചറുകൾ ആവശ്യത്തിനനുസരിച്ച് ഇല്ലാത്ത സ്ക്കൂളാണ് എല്ലാം.

പഞ്ചായത്ത് അതിർത്തിയിലെ വിദ്യാലയങ്ങളിൽ അദ്ധ്യാപക രക്ഷാകർത്തൃസമിതി സജീവമല്ല. നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ PTA നടത്തിയതായിട്ട് അറിവില്ല. പല വിദ്യാലയങ്ങളിലും മാതൃസംഗമം ഇല്ല എന്നുതന്നെ പറയാം. എല്ലാ വിദ്യാലയങ്ങളിലും പരിമിതമായ തോതിൽ ലൈബ്രറി പുസ്തകങ്ങൾ ഉണ്ട്. ലൈബ്രേറിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. ഹൈസ്ക്കൂൾ, യു. പി. സ്ക്കൂൾ വിദ്യാലയങ്ങളിൽ പരിമിതമായ സൗകര്യങ്ങളോടെ ലബോറട്ടറികൾഉണ്ട് L. P വിഭാഗത്തിൽ സയൻസ് കോർണർഉണ്ട് ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ കൈമാറുന്നതിന് ലബോറട്ടറികൾക്ക് കൂടുതൽ സൗകര്യങ്ങൾ ആവശ്യമായിരിക്കുന്നു. എല്ലാ വിദ്യാലയങ്ങളിലും പഠനോപകരണങ്ങൾ വേണ്ടത്രയില്ല. ഹൈസ്കൂളിൽ ഒരു സിനിമാ പ്രൊജക്ടർ, ഒരു റേഡിയോ എന്നിവ ഉണ്ട്. മറ്റുവിദ്യാലയങ്ങളിൽ ദൃശ്യ–ശ്രാവ്യ ഉപകരണങ്ങൾ ഇല്ല. Black Boardകൾ ആവശ്യത്തിന് ഇല്ല ഇനിയും 100–ൽപ്പരം ബോർഡുകൾ ആവശ്യമാണ്.

വിദ്യാഭ്യാസനിലവാരം:–

പഞ്ചായത്ത് അതിർത്തിയിലെ പൊതുവിദ്യാഭ്യാസ നിലവാരത്തെകുറിച്ച് 2 പട്ടികകൾ താഴെ കൊടുക്കുന്നു.

ക്ലാസ്സ്	ആകെ	കുട്ടികളുടെ പൊതുനിലവാരം				
		30% താഴെമാർക്ക്	30–40%	40–50%	50–60%	60% കൂടുതൽ മാർക്ക് നേടുന്നവർ
3	432	224	60	53	45	50
4	452	192	61	62	59	78
5	597	231	85	100	95	82
6	591	264	133	84	65	45
7	588	296	103	87	59	31
8	597	356	90	54	60	37
9	476	203	97	85	74	17
10	360	201	64	40	40	15

S S L C വിജയശതമാനം

വർഷം	ആകെ പരീക്ഷ എഴുതിയവർ	വിജയശതമാനം
91–92	243	30%
92–93	284	33%
93–94	320	23%
94–95	319	26%
95–96	355	27%

പട്ടികകൾ പരിശോധിക്കുമ്പോൾ 10-ാം ക്ലാസ്സുവരെയുള്ള നിലവാരവും S. S. L. C. നിലവാരവും ഒട്ടും ആശാവഹമല്ല.

കലാ–കായിക–ശാസ്ത്ര മത്സരങ്ങളിലും മറ്റു പാഠ്യേതര മത്സര രംഗങ്ങളിലും നിലവിലുള്ള ഭൗതിക സൗകര്യങ്ങളുപയോഗിച്ച് ഒരു പരിധിവരെ പ്രതിഭകളെ വളർത്തുവാൻ വിദ്യാലയങ്ങൾ ശ്രമിക്കുന്നുണ്ടെങ്കിലും ഒരു മുന്നേറ്റം ഈ രംഗത്ത് കാണാൻ കഴിയുന്നില്ല കായിക രംഗത്ത് സംസ്ഥാനതലം വരെ കുതിച്ചെത്തിയവർ ചിലർ മാത്രം. അവരും വിദ്യാലയങ്ങളോട് വിടപറയുന്നതോടെ ആ രംഗത്തുനിന്നും പിൻതള്ളപ്പെടുന്നു.

ഈ പഞ്ചായത്തിൽ ഹയർസെക്കൻറിയോ മറ്റു ഉപരിപഠനത്തിനുള്ള സൗകര്യങ്ങളോ ഇല്ലെന്നുതന്നെ പറയാം. എന്നാൽ Arts വിഷയങ്ങളിൽ Pree – Degree, Degree എന്നിവക്കുള്ള ഉപരിപഠനത്തിൽ ഒരു സ്വകാര്യ പാരലൽ കോളേജ് പ്രവർത്തിക്കുന്നു. രണ്ട് തയ്യൽ പരിശീലന കേന്ദ്രങ്ങളും നാല് ശിശു വിദ്യാലയങ്ങളും പഞ്ചായത്തതിർത്തിയിൽ ഉണ്ട്. അവയും സ്വകാര്യമേഖലയിൽ തന്നെയാണ്. അവയുടെ നിലവാരവും സൗകര്യങ്ങളും തൃപ്തികരമല്ല.

ഒന്നാം ഘട്ട സാക്ഷരതാപ്രവർത്തനം പഞ്ചായത്തിൽ വമ്പിച്ച ജനപങ്കാളിത്തത്തോടെ വിജയകരമായി നടന്നു. എന്നാൽ രണ്ടാംഘട്ട സാക്ഷരതാപ്രവർത്തനവും തുടർവിദ്യാഭ്യാസ പ്രവർത്തനവും വേണ്ടത്ര വിജയിച്ചിരുന്നില്ല

വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ കാരണങ്ങൾ:–

1 വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്

ഒന്നാം ക്ലാസ്സിൽ ചേർന്ന മുഴുവൻ കുട്ടികളും 10 –ാം ക്ലാസ്സുവരേയും അതിനുശേഷമുള്ള തുടർ പഠനരംഗത്ത് ഉറച്ചു നിൽക്കുന്നില്ല എന്നതാണ് പട്ടികകൾ നൽകിയ പഠനങ്ങൾ സൂചിപ്പിക്കുന്നത്. പ്രൈമറി വിദ്യാഭ്യാസ രംഗത്തെക്കാൾ കൂടുതൽ ഹൈസ്ക്കൂൾ രംഗത്തേക്കുവരുമ്പോഴാണ് ഈ കൊഴിഞ്ഞുപോക്ക് കൂടുതൽ കാണുന്നത്. ഹൈസ്ക്കൂൾ രംഗത്തേക്കുവരുന്ന

പലരും ഇടക്കുവെച്ച് പഠനം നിർത്തിമറ്റു തൊഴിലുകൾ തേടിപ്പോകുന്നു. സാമ്പത്തികമായ പിന്നോക്കാവസ്ഥ, വിദ്യാഭ്യാസംനേടുന്നതിന്റെ ആവശ്യകതയെക്കുറിച്ചുള്ള അറിവില്ലായ്മ, വിദ്യാഭ്യാസത്തോട് കുട്ടികൾക്കുള്ള താൽപ്പര്യക്കുറവ് എന്നിവയെല്ലാം ഇതിന് കാരണമാകാം. ഈ പഞ്ചായത്തിലെ താളിക്കോട്, കീഴ ഭാഗത്തുനിന്നും പ്രാഥമിക വിദ്യാഭ്യാസം നേടുന്നതിന് ഉദ്ദേശം 4 കി. മീറ്റർ താണ്ടിയാണ് എത്തുന്നത്. ആ പ്രദേശത്തെ കൊഴിഞ്ഞു പോക്കിനിടയാക്കുന്നു.

2 സ്കൂളിന്റെ ഭൗതിക സാഹചര്യക്കുറവ്

പട്ടികകളും പഠനങ്ങളും നൽകുന്ന ഒരു പ്രധാന വസ്തുത മിക്കവാറും വിദ്യാലയങ്ങളിൽ നിലവിലുള്ള ഭൗതീക സാഹചര്യങ്ങൾ തീരെ അപര്യാപ്തമാണ് എന്നതാണ്. സ്കൂളിലേക്കാവശ്യമായ ബെഞ്ച്, ഡസ്ക്, ബ്ലാക്ക്ബോർഡ്, മേശ,കസേര തുടങ്ങിയ ഫർണീച്ചർ സാമഗ്രികൾ ആവശ്യത്തിന് ഇല്ലാതെ പ്രയാസപ്പെടുന്നു. അതുപോലെ ക്ലാസ്സ് മുറികളുടെ എണ്ണക്കുറവ്,മതിയായ ക്ലാസ്സ്മുറികൾ മിക്കവാറും വിദ്യാലയങ്ങളിൽ ഇല്ല. ഉള്ളവതന്നെപലതും വേണ്ടത്ര സൗകര്യങ്ങളോടു കൂടിയവയുമല്ല. തട്ടികകളോ, ചുമരുകളോ വച്ച് ക്ലാസ്സ് മുറികൾ വേർതിരിക്കുക, മഴ ചോരാത്ത വിധത്തിൽ മേൽക്കൂരകളെ സുദൃഢമാക്കുക, ആവശ്യത്തിന് വെൻറിലേഷൻ സൗകര്യങ്ങൾ ഉണ്ടാക്കുക, ക്ലാസ്സ് മുറികളെ വൃത്തിയായും മനോഹരമായും ആക്കിത്തീർക്കുക തുടങ്ങിയവ ശാന്തമായ അദ്ധ്യാപനത്തെ വളരെ സഹായിക്കുന്നു.
സ്ഥല സൗകര്യങ്ങളുടെ പരിമിതിമൂലം മാത്രമാണ് പഞ്ചായത്തിലെ ഏകഹൈസ്ക്കൂൾ ആയ സർവ്വജന ഹൈസ്ക്കൂൾ ഇന്നും സെഷണൽ സമ്പ്രദായത്തിൽ തുടരുന്നത്.

3 മറ്റ് അക്കാഡമിക് സൗകര്യക്കുറവ്;—

സ്കൂൾ ലൈബ്രറികൾ, ലബോറട്ടറികൾ, സയൻസ് കോർണറുകൾ എന്നിവ ഫലപ്രദമാകുന്നില്ല. അവ കൂടുതൽ സൗകര്യമുള്ളവയായിരിക്കണം. സ്വന്തമായി കളിസ്ഥലം ഉള്ള ഒരേയൊരു വിദ്യാലയം പഞ്ചായത്തിലെ ഹൈസ്ക്കൂൾ മാത്രമാണ്. അവിടെയും കായിക പരിശീലനത്തിനുള്ള സാമഗ്രികളുടെ ദൗർലഭ്യം അനുഭവപ്പെടുന്നു. മറ്റ് വിദ്യാലയങ്ങളിൽ കളിസ്ഥലം പോലുമില്ലാത്ത അവസ്ഥയാണ്.

4 വിദ്യാർത്ഥികളുടെ ആരോഗ്യ ശുചീകരണം:—

മിക്കവാറും വിദ്യാലയങ്ങളിൽ അവശ്യമായത്ര മൂത്രപ്പുരയോ, കക്കൂസോ ഇല്ല. പ്രൈമറി വിദ്യാലയങ്ങളിൽ പലയിടത്തും കക്കൂസ് പോലും ഇല്ല. ശുചിത്വം കൂടുതൽ ശീലിക്കേണ്ടത് പ്രൈമറി രംഗത്താണ്. എന്നിരിക്കെ പഞ്ചായത്തിലെ പ്രൈമറി വിദ്യാലയങ്ങളിൽ അതിനുള്ള സൗകര്യങ്ങൾ തീരെ ഇല്ല എന്നത് പ്രത്യേകം ചിന്തിക്കേണ്ടതാണ്. അതുപോലെ ശുദ്ധജല വിതരണം. പൊതുവിൽ ശുദ്ധജല ദൗർലഭ്യം രൂക്ഷമായി അനുഭവിക്കുന്ന ഒരു പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. വർഷക്കാലമൊഴിച്ച് മറ്റുകാലങ്ങളിൽ മുഴുവൻ തന്റെ വീട്ടിലേക്കാവശ്യമായ വെള്ളം മുഴുവൻ കിലോമീറ്ററുകളോളം താണ്ടി എത്തിച്ചതിനു ശേഷമാണ് മിക്കവാറും കുട്ടികൾ സഞ്ചിയുമെടുത്ത് സ്കൂളിലേക്കെത്തുന്നത്. അവിടെയാകട്ടെ ആ കുട്ടികൾ തന്നെ കുടിക്കാനും പാത്രം കഴുകാനും വെള്ളംകിട്ടാതെ ബുദ്ധിമുട്ടുന്നു സ്വന്തമായി ഒരു വാട്ടർടാങ്ക് ഉള്ളത് ഹൈസ്ക്കൂളിൽ മാത്രമാണ്. അവിടെയും ആവശ്യകത നോക്കുമ്പോൾ പരിമിതമാണ്. വ്യക്തി ശുചിത്വം പരിസര ശുചിത്വം കൂടിവെള്ളക്ഷാമം തുടങ്ങിയവ വിദ്യാർത്ഥികളെ പലവിധ രോഗങ്ങൾക്കും കാരണമാക്കുന്നു. പ്രത്യേകിച്ചും വേനൽക്കാലത്ത് കൂടുതലായി കാണുന്ന വയറിളക്കം, ഛർദ്ദി തുടങ്ങിയ പകർച്ച വ്യാധികൾ.

സ്കൂളിന്റെപേര്	SJHS പുതുക്കോട്	NUPS മണപ്പാടം	AUPS വടക്കേ പ്പൊറ	GMLPS പുതുക്കോട്	ALPS കണക്ക ന്നൂർ	ALPS കൊട്ടാര ശ്ശേരി
ആകെഡിവിഷൻ	57	24	18	9	5	10
കെട്ടിടങ്ങളുടെ						
1 സ്ഥിരം	14	6	4	3	2	40
2 അസ്ഥിരം	—	6	—	—	—	—
3 താത്ക്കാലികം	—	—	—	—	—	—
മുറികളുടെ എണ്ണം						
1 സ്ഥിരം	53	27	18	11	—	12
2 അസ്ഥിരം	—	—	7	—	—	—
3 താത്കാലികം	—	—	—	—	—	—
ആവശ്യമുള്ളമുറികം	4	—	—	6	5	—
കെട്ടിടത്തിനുള്ള സ്ഥലംഉണ്ടോ	ഉണ്ട്	—	—	ഉണ്ട്	—	—
മൂത്രപുരകം	3	3	2	2	—	1
ഒരേസമയത്ത് എത്രകുട്ടി കം‌ക്ക് ഉപയോഗിക്കാം	15	25	5	25	—	5
ഇനിആവശ്യമുള്ളമൂത്ര പുരകളുടെഎണ്ണം	3	2	2	2	—	2
നിലവിലുള്ളകക്കൂസി ന്റെഎണ്ണം	4	1	1	1	—	—
ഉപയോഗശൂന്യമായ കക്കൂസിന്റെഎണ്ണം	ഇല്ല	ഇല്ല	ഇല്ല	1	—	—
കുടിവെള്ളസംവിധാനം	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	—
വൈദ്യുതി	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	—
പാചകമുറി	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	—
സ്റ്റാഫ്റൂം	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	—
നിലവിലുള്ളഫർണ്ണീച്ചറുകളുടെലഭ്യത	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	—
ഇനിആവശ്യമായവ						
ഡസ്ക്	230	10	19	46	40	10
ബഞ്ച്	23	10	19	46	40	15
മേശ	25	2	2	6	6	5
കസേര	25	2	3	6	9	5
ഓഫീസ്ഫർണ്ണീച്ചർ	ഉണ്ട്	ഇല്ല	വേണം	വേണം	വേണം	വേണം

5 വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുന്നില്ല. പഞ്ചായത്തിലെ പൊതു വിദ്യാഭ്യാസരംഗത്ത് പുരോഗതിയുണ്ടാകുന്നില്ല എന്നത് ബന്ധപ്പെട്ട പട്ടികകൾ പരിശോധിക്കുമ്പോൾ നമുക്ക് മനസ്സിലാകും. SSLC വിജയ ശതമാനം മാത്രമല്ല അതിനുതാഴെ ക്ലാസ്സുകളിൽത്തന്നെ വിദ്യാർത്ഥികളുടെയിടയിലെ നിരക്ഷരത വലിയ പ്രശ്നമാണ്. ഓരോക്ലാസ്സുകളിൽ നിന്നും അവശ്യം അറിഞ്ഞിരിക്കേണ്ട അറിവ് വേണ്ടത്രനേടാതെയാണ് മിക്കവാറും കുട്ടികൾ തുടർന്നുള്ള ക്ലാസ്സുകളിൽ എത്തുന്നത്. 10-ാം ക്ലാസ്സുകളിൽ എത്തുമ്പോഴെക്കും നിരക്ഷരതയുടെ കറുത്തമുഖം തന്റെ കണ്ണാടിയിലൂടെ അവർ നോക്കികാണുന്നു. ഇത്തരം ബഹുഭൂരിപക്ഷത്തിനും പഠനത്തോട് വിരക്തി തോന്നുന്നു. രക്ഷിതാക്കളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ കുട്ടികളുടെ പഠനകാര്യങ്ങളിൽ ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ഉൾക്കാഴ്ചയില്ലായ്മ എന്നിവ ഇതിനുള്ള ചില കാരണങ്ങളാണ്. മറെറാന്ന് വിരസമായ ബോധനരീതി. മാറി മാറി വരുന്ന സിലബസ് പരിഷ്ക്കരണങ്ങളും നൂതനമായ ബോധനരീതികളും. അദ്ധ്യാപകരിലെത്തുവാൻ In Service Courseകൾ നടത്താറില്ല എന്നത് അദ്ധ്യാപനം വിരസമാക്കിത്തീർക്കുന്നു. Teaching aids അദ്ധ്യാപകർക്കുള്ള Handbooks എന്നിവ ലഭ്യമാകുന്നില്ല. പൊതുവിൽ അദ്ധ്യാപകന്റെ കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതുണ്ട്. സ്കൂൾ പാഠപുസ്തകങ്ങൾ വർഷാരംഭത്തിൽത്തന്നെ മുഴുവൻ വിദ്യാർത്ഥികൾക്കും കിട്ടുന്നില്ല സമയത്ത് പാഠപുസ്തകങ്ങൾ മുഴുവൻ അച്ചടിച്ചുകഴിയുന്നില്ല തയ്യാറായത് വേണ്ട വിധത്തിൽ വിതരണം നടക്കുന്നില്ല. എന്നിവയൊക്കെ പുസ്തകങ്ങൾ കുട്ടികളുടെ കൈകളിലെത്താൻ വൈകുന്നു. അദ്ധ്യാപക രക്ഷാകർത്തൃ ബന്ധം ഊട്ടിയുറപ്പിക്കുവാൻ പലവിദ്യാലയങ്ങളിലും ഇന്ന് അദ്ധ്യാപക രക്ഷാകർത്തൃ സമിതി–മാതൃസംഗമം എന്നിവ ചലനാത്മകമല്ല ഹൈസ്ക്കൂളിലെ നിലവാരം മെച്ചപ്പെടുത്തുന്നതിന് നിലവിലുള്ള സെഷണൽ സമ്പ്രദായം ഒരു തടസ്സമായി നിൽക്കുന്നു. SSLC ക്കുശേഷമുള്ള ഉപരിവിദ്യാഭ്യാസത്തിന് കോളേജ് വിദ്യാഭ്യാസമായാലും സാങ്കേതിക വിദ്യാഭ്യാസമായാലും വിദ്യാർത്ഥികൾ വളരെ ക്ലേശിക്കുന്നു. അതുപോലെ പ്രീപ്രൈമറി വിദ്യാഭ്യാസസൗകര്യവും വളരെ കുറവാണ്.

പരിഹാര നിർദ്ദേശങ്ങൾ:–


1 നിലവിലുള്ള സ്ക്കൂൾകോംപ്ലക്സുകൾ കൂടുതൽ ഗുണപരമായ വിധത്തിൽ ശക്തിപ്പെടുത്തുക.
2 പഞ്ചായത്ത് തലത്തിൽ ഒരു വിദ്യാഭ്യാസ സമിതി രൂപീകരിക്കുക. നമ്മുടെ പഞ്ചായത്തിൽ വിദ്യാഭ്യാസ രംഗത്ത് ഒരു മുന്നേറ്റം ഉണ്ടാക്കത്തക്ക വിധത്തിൽ അതിന്റെ പ്രവർത്തനം ക്രിയാത്മകമാക്കുക. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനും അദ്ധ്യാപക രക്ഷാകർതൃ സമിതിയുടെയും മാതൃസംഗമത്തിന്റെയും, പ്രവർത്തനം ശക്തിപ്പെടുത്തുക. കഴിയുമെങ്കിൽ എല്ലാ വിദ്യാലയങ്ങളിലും ക്ലാസ്സ് PTA മാസത്തിലൊരിക്കൽ കൂടുക. അദ്ധ്യാപക രക്ഷാകർതൃ സമിതിയുടെ ആഭിമുഖ്യത്തിൽ ഇടക്കിടെ വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക.
4 സ്ക്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുക. പ്രത്യേകിച്ച് ശുദ്ധജലവിതരണം, മൂത്രപ്പുര, കക്കൂസ് എന്നിവയുടെ കാര്യത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
5 പഞ്ചായത്തിലെ ഏക ഗവൺമെൻറ് സ്ക്കൂളായ G. M. L. P. സ്ക്കൂൾ Up grade ചെയ്യുന്നതിനുള്ള ശ്രമം ഊർജ്ജിതപ്പെടുത്തുക.
6 കീഴ പ്രദേശത്ത് പ്രാഥമിക വിദ്യാഭ്യാസ സൗകര്യത്തിന് ഒരു L. P. സ്ക്കൂൾ അനുവദിക്കുന്നതിന് ശ്രമിക്കുക.
7 നിലവിലുള്ള സർവ്വജനാ ഹൈസ്ക്കൂളിലെ സെഷണൽ സമ്പ്രദായം അവസാനിപ്പിക്കുക.


8 ഉപരിപഠന സൗകര്യങ്ങൾക്കായി പഞ്ചായത്തിൽ ഒരു Higher Secondary School അനുവദിക്കുക

Pre Primary Education ശക്തിപ്പെടുത്തുന്നതിനുവേണ്ടി ആവശ്യമുള്ളിടത്തും ചുരുങ്ങിയത് ഒരു വാർഡിൽ ഒന്ന് എന്ന വിധത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടെയുള്ള ശിശു നിലയങ്ങൾ സ്ഥാപിക്കുക. നിലവിലുള്ളവയുടെ അപര്യാപ്തതകൾ പരിഹരിക്കുക.

10 വിദ്യാലയങ്ങളിൽ വർഷത്തിലൊരിക്കലെങ്കിലും വൈദ്യ പരിശോധന നടത്തുക. പ്രത്യേകിച്ച് പ്രൈമറി സ്കൂളുകളിൽ കൂടാതെ വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ആരോഗ്യവിദ്യാഭ്യാസം നടത്തുന്നതിന് ഇടക്കിടക്ക് ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

11 സ്കൂൾ തുറക്കുന്ന മുറക്കുതന്നെ പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നത് ഉറപ്പ് വരുത്തുക.





7.11 സംസ്കാരം

സാംസ്കാരികമായ പ്രവർത്തനങ്ങൾ അൻപത് വർഷങ്ങൾക്ക് മുൻപ് തന്നെ പഞ്ചായത്തതൃത്തിയിൽ ഉണ്ടായിരുന്നു. പുതുക്കോട് ഗ്രാമ സമൂഹത്തിൽ ഉണ്ടായിരുന്ന രണ്ട് നാടക സമിതികൾ മീനാക്ഷി നാടകസംഘവും, പുരാണകഥാ നാടക സംഘവും പ്രചുര പ്രചാരം സിദ്ധിച്ചതായിരുന്നു. ദക്ഷിണേന്ത്യയിലെ പല പുരാണ നാടകസംഘങ്ങളും ഇവിടെ വന്ന് നാടകം അഭിനയിച്ചതായി മനസ്സിലാക്കുന്നുണ്ട്.

അനുഷ്ഠാന കലകളായ പരിചമുട്ടുകളി പൂരക്കളി, ആയ്യപ്പൻപാട്ട്, തോററൻ പാട്ട്, പൊറാട്ടുനാടകം, തങ്ങളുവാദ്യം, ആര്യമലാ നാടകം എന്നിവ പഞ്ചായത്ത് അതൃത്തിയിൽ പ്രചരിച്ചിരുന്നതാണ്. ഇവയെല്ലാം ഇന്ന് നാശോൻമുഖമായിരിക്കുന്നു. പഴമക്കാരുടെ ഓർമ്മകളിൽ മാത്രം തങ്ങിനിൽക്കുന്ന ഒന്നായി മാറിയിരിക്കുന്നു പ്രസ്തുത കലകൾ എല്ലാം.

മത സൗഹാർദ്ദത്തിന്റെ ഉത്തമ ദൃഷ്ടാന്തമാണ് നമ്മുടെ പഞ്ചായത്ത് എന്നു പറയാം. മൊത്തം ജനസംഖ്യയുടെ 40% മുസ്ലീങ്ങളും, 0.5% കൃസ്ത്യാനികളും, 59.5% ഹിന്ദുക്കളും പാർക്കുന്ന പഞ്ചായത്താണ് പുതുക്കോട്

ആരാധനാലയങ്ങൾ:–

അമ്പലങ്ങൾ	മുസ്ലീം പള്ളികൾ	കൃസ്ത്യൻ പള്ളി
14	14	1

ധാരാളം കൊച്ചുകൊച്ചു ദൈവപ്പുരകളും പഞ്ചായത്തതൃത്തിയിൽ ഉണ്ട്. എല്ലാ അമ്പലങ്ങളോടനുബന്ധിച്ചും ഉത്സവങ്ങൾ നടക്കാറുണ്ട്. പുതുക്കോട് അമ്പലത്തിൽ നടക്കുന്ന നവരാത്രി ഉത്സവം ആഴ്ചകളോളം നടക്കുന്ന പഞ്ചായത്തിന്റെ തന്നെ ഉത്സവങ്ങളാണ്. മണപ്പാടം കാർത്യായനി ഭഗവതി ക്ഷേത്രത്തിൽ നടക്കുന്ന കാർത്തിക വിളക്ക്, കണക്കന്നൂർ, തിരുവടി ക്ഷേത്രങ്ങളിൽ നടക്കുന്ന ശിവരാത്രി ഉത്സവങ്ങൾ, പുതുക്കോട്, കീഴ, ചൂങ്കം, പാറപ്പുറം, പാട്ടോല എന്നീ പ്രദേശങ്ങളിൽ നടക്കുന്ന വിഷുവിനോടനുബന്ധിച്ച വേലകൾ കൂടാതെ പഞ്ചായത്ത് അതൃത്തിയിൽ നടക്കുന്ന ചെറുതും, വലുതുമായ വേലകളും, പൂരങ്ങളും ജനങ്ങളുടെ ഉത്സവങ്ങളായി മാറാറുണ്ട്. പ്രസ്തുത ആഘോഷങ്ങളോടനുബന്ധിച്ച് കലാ സാംസ്കാരിക പ്രകടനങ്ങളും സംഘടിപ്പിക്കാറുണ്ട്.

ആനകളുടെ മത്സരം നടക്കുന്ന പുതുക്കോട് ചന്ദനക്കുടം നേർച്ച കാണാൻ അന്യ

സംസ്ഥാനങ്ങളിൽ നിന്നും ധാരാളം ആളുകൾ വരാറുണ്ട്. തച്ചനടി–മണപ്പാടം പ്രദേശങ്ങളിലും, കൂടാതെ പുത്തിരിപ്പാടം–പൊറ്റ എന്നീ മുസ്ലീം ദേവാലയങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന നേർച്ചകളും സംഘടിപ്പിക്കുന്നതിൽ ജാതിമത ചിന്തകൾക്ക് അതീതമായ ഒരു കൂട്ടായ്മ ഉണ്ടാകാറുണ്ട്.

മൂന്ന് വർഷങ്ങൾക്ക് മുൻപ് മാത്രം തച്ചനടിയിൽ സ്ഥാപിച്ച ക്രിസ്ത്യൻ പള്ളിയിൽ നടക്കുന്ന പെരുന്നാളും ഗ്രാമത്തിന്റെ ഉത്സവം തന്നെയായി മാറിയിരിക്കുന്നു.

അമ്പലങ്ങളോടനുബന്ധിച്ച് നടക്കുന്ന ഉത്സവങ്ങളും, പള്ളികളോടനുബന്ധിച്ച് നടക്കുന്ന നേർച്ചകളും ജാതിമത ഭേതമന്യേ മുഴുവൻ ആളുകളും കൂടി സംഘടിപ്പിക്കപ്പെടുന്ന ജനകീയ ഉത്സവങ്ങളായാണ് നടത്തപ്പെടുന്നത്. മത സൗഹാർദ്ദം വർദ്ധിക്കാൻ പ്രസ്തുത ആഘോഷങ്ങൾ കാരണമാകുന്നുണ്ട് എന്ന വസ്തുത എടുത്തു പറയത്തക്കതാണ്.

ഹിന്ദു മതസ്ഥരിൽ, ബ്രാഹ്മണർ, നായർ, എഴുത്തച്ഛൻ, ഈഴുവ, തണ്ടാൻ, കുറുക്കൾ, ചെട്ടി, ആശാരി, കരുവാൻ, തട്ടാൻ, കുംഭാരൻ, ചൊവ്വൻ, പാണർ, മണ്ണാൻ, കവര എന്നീ ജാതി വിഭാഗങ്ങളും വിഭാഗക്കാരാണ്, മുസ്ലീങ്ങളിൽ, മാപ്പിള, രാവുത്തർ എന്നീ വിഭാഗക്കാരും ക്രിസ്ത്യാനികളിൽ റോമൻ കത്തോലിക്കർ, ജാക്കോബിറ്റസ് വിഭാഗക്കാരുമാണ് പഞ്ചായത്ത് അതൃത്തിയിൽ ഉള്ളത് അയിത്തത്തിനും അമ്പല പ്രവേശനത്തിനും വേണ്ടി നടന്ന സമരങ്ങൾ, സംഘടിത പ്രവർത്തനങ്ങൾ എന്നിവയുടെയെല്ലാം ഫലമായി ജാതിമത ചിന്തകൾക്കതീതമായ ഒരു സാംസ്കാരിക മുന്നേറ്റം മൊത്തം ജനതയിൽ ഉണ്ടായിട്ടുണ്ട് എന്ന കാര്യം പഞ്ചായത്തതൃത്തിയിൽ നടക്കുന്ന പൊതുപ്രവർത്തനങ്ങളിലും, സാമൂഹ്യ പ്രവർത്തനങ്ങളിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ കഴിയുന്നുണ്ട്. എല്ലാ മതസ്ഥരുടെയും വിവാഹ ചടങ്ങുകൾ ആർഭാടമായാണ് സംഘടിപ്പിക്കുന്നത്.

പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾ:–

പേര്	സ്ഥാപിച്ച വർഷം	ഗ്രേഡ്	പുസ്തകങ്ങളുടെഎണ്ണം	ശരാശരിമാസ വിതരണം	ആനുകാലി കങ്ങളുടെഎണ്ണം	മറ്റ്ആരംഭ പ്രവർത്തനം
ഗ്രാമദീപം വായനശാല പാട്ടോല Reg No. 2713	1959	C	4317	400	15	—
വിജ്ഞാനദീപ സമിതിവായനശാല തിരുവടി Reg No: 3779	1970	D	2081	300	7	—
പഞ്ചായത്ത് ഗ്രന്ഥശാല മണപ്പാടം	1990	—	717	150	8	—
പുതുക്കോട് റൂറൽലൈബ്രറി (LLA)	1967	—	2674	100	—	—

കൂടാതെ ഗ്രന്ഥശാലാ സംഘത്തിന്റെ അഫിലിയേഷൻഉള്ള ഒരു ഗ്രന്ഥശാലയായിരുന്ന ജനകീയ വായനശാല കീഴ, പൂരത്തറ ഇപ്പോഴും പ്രവർത്തനം ഇല്ല. കേൽ സൂചിപ്പിച്ച വായന ശാലകളും വേണ്ട ശുഷ്കാന്തിയോടുകൂടി പ്രവർത്തിക്കുന്നവയല്ല. വായനക്കാരുടെ എണ്ണം കുറഞ്ഞുകൊണ്ടുവരുകയാണ്. ജനങ്ങൾക്ക് ഗ്രന്ഥശാലകളോടുള്ള ആഭിമുഖ്യം കുറഞ്ഞുവരുന്നു. പുസ്തകങ്ങളുടെ താങ്ങാൻ കഴിയാത്ത വിലക്കയറ്റം ഗ്രന്ഥശാലകളുടെ പുസ്തകശേഖരം വർദ്ധിപ്പിക്കാൻ കഴിയുന്നില്ല സർക്കാർ ഗ്രാന്റിനെ മാത്രം ആശ്രയിച്ചാണ് പുസ്തകങ്ങൾ വാങ്ങുന്നത്. വായനക്കാരിൽ തന്നെ സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ തള്ളിക്കയറ്റം വായനശീലം കുറയാൻ കാരണമായിരിക്കുന്നു. പഞ്ചായത്തിന്റെ സമ്പത്തിക ശേഷിക്കുറവ് മൂലം പഞ്ചായത്ത് ഗ്രന്ഥശാലയുടേതടക്കം പുസ്തകങ്ങളും എണ്ണം വർദ്ധിപ്പിക്കാൻ കഴിയുന്നില്ല. പത്രമാസികകളുടെ വിലക്കയറ്റം ഗ്രന്ഥശാലകളെ ബാധിക്കുന്ന പ്രശ്നമാണ്. ലോക്കൽ ലൈബ്രറിയിലുള്ള ജീവനക്കാർ വർഷങ്ങളോളമായി ശമ്പളം ലഭിക്കാത്തതിനാൽ കാര്യമായി തുറക്കുന്നില്ല.

പഞ്ചായത്ത് അതൃത്തിയിൽ താഴെ കാണും വിധം പത്ര പ്രസിദ്ധീകരണങ്ങൾ വിറ്റഴിക്കപ്പെടുന്നുണ്ട്:—

പത്രങ്ങൾ:—

മലയാളമനോരമ	397
മാതൃഭൂമി	401
ദേശാഭിമാനി	80
കേരളകൗമുദി	50
മാധ്യമം	50
മലയാളംഎക്സ്പ്രസ്സ്	5
ദീപിക	6
മംഗളം	2
ഹിന്ദു	6
ഇന്ത്യൻഎക്സ്പ്രസ്സ്	2

വാരിക-മാസികൾ:—

മാതൃഭൂമി	2+16
മനോരമ	25+20+125
കലാകൗമുദി	20
കേരളശബ്ദം	25
നാന	15
സിനിമ	15
മംഗളം	50
ഗൃഹലക്ഷ്മി	15
ബാലഭൂമി	40
മലർവാടി	15
ആരാമം	15
പ്രബോധനം	7
ബാലരമ	25
വനിത	28

ക്ലബ്ബുകൾ—കലാസമിതികൾ:—

പഞ്ചായത്ത് അതൃത്തിയിൽ വലുതും ചെറുതുമായ 23 കലാ സമിതികളും പ്രവർത്തിക്കുന്നുണ്ട്.

1	ചെന്താര കലാ സാംസ്ക്കാരികവേദി	തച്ചനടി
2	മിജാസ് സോഷ്യൽ സർവ്വീസ് ക്ലബ്ബ്	തെരുവ്
3	സൗഹൃദസംഘം	അപ്പക്കാട്
4	ദാസ് ബ്രദേഴ്സ്	പുതുക്കോട്
5	യുവധാനി	അപ്പക്കാട്
6	സംഗം ആർട്സ് ക്ലബ്ബ്	പുതുക്കോട്
7	രംഗീലാസ് ക്ലബ്ബ്	പുതുക്കോട്
8	അന്നപൂർണ്ണ ആർട്സ് & സ്പോർട്സ് ക്ലബ്ബ്	പുതുക്കോട്
9	ശിൽപി ആർട്സ് & സ്പോർട്സ് ക്ലബ്ബ്	പുതുക്കോട്
10	കേരള കൗമുദി റീഡേഴ്സ് ഫോറം	പുതുക്കോട്
11	യുവശക്തി ക്ലബ്ബ്	കീഴ
12	പുലരി ആർട്സ് ക്ലബ്ബ്	താളിക്കോട്
13	നാഷണൽ ക്ലബ്ബ്	കീഴ

14 ചിലങ്ക ആർട്സ് ക്ലബ്ബ് താളിക്കോട്
15 യുവധാര ആർട്സ് ക്ലബ്ബ് താളിക്കോട്
16 നേതാജി ആർട്സ് ക്ലബ്ബ് ചൂലിപ്പാടം
17 അക്ഷയ ആർട്സ് ക്ലബ്ബ് തെക്കെപ്പൊറ
18 ഫ്രൻസ് ക്ലബ്ബ് തിരുവടി
19 ഷൈൻ സ്റ്റാർ ആർട്സ് ക്ലബ്ബ് ചുങ്കം
20 ഉദയ ആർട്സ് ക്ലബ്ബ് ഉളികുത്താംപാടം
21 പ്രിയദർശിനി ആർട്സ് ക്ലബ്ബ് പാട്ടോല
22 യുവജന ആർട്സ് ക്ലബ്ബ് തെക്കെക്കര
23 സൂര്യ ആർട്സ് ക്ലബ്ബ് പാട്ടോല
24 യുവശക്തി ആർട്സ് & സ്പോർട്സ് ക്ലബ്ബ് കണക്കന്നൂർ
25 അരോമ ആർട്സ് ക്ലബ്ബ് മണപ്പാടം

ഇതിൽ വളരെ കുറച്ചു കലാസമിതികളും മാത്രമെ റജിസ്റ്റർ ചെയ്തിട്ടുള്ളു. കായിക രംഗത്ത് ശ്രദ്ധിക്കുന്ന ക്ലബ്ബുകളുടെയും എണ്ണം കുറവാണ്. അപ്പക്കാട് സൗഹൃദസംഘത്തിനു മാത്രമാണ് സ്വന്തമായി കെട്ടിടം ഉള്ളത്. ചിട്ടപ്പെടുത്തിയ പ്രവർത്തനം നടക്കുന്ന ക്ലബ്ബുകളുടെ എണ്ണവും കുറവാണ്.

പഞ്ചായത്ത് കെട്ടി പണി പൂർത്തീകരിച്ച 2, 5 വാർഡുകളിലെ ജന ശിക്ഷണ നിലയങ്ങളും പ്രവർത്തനക്ഷമമാക്കിയിട്ടില്ല. പഞ്ചായത്ത് അതിർത്തിയിലെ 310 വീടുകളിൽ ടി. വി സെറ്റുകളും ഉണ്ട്. 3 സ്വകാര്യ കേബിൾ ടി. വി നെറ്റ് വർക്ക് പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലുള്ള ഏക സിനിമാശാലയിൽ അവതരിപ്പിക്കുന്ന സിനിമകളിൽ അധികവും കച്ചവടമൂല്യ സിനിമകളാണ്. കണക്കന്നൂർ അംബേദ്കർ കോളനിയിൽ സ്ഥാപിച്ച ടി. വി കിയോസ്കി സെൻറർ പ്രവർത്തിക്കുന്നില്ല. കീഴ മുതയംകോട് ഹരിജൻ കോളനിയിൽ ടി. വി സെൻറർ ഉണ്ട്

ക്ലബുകളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കായിക രംഗത്തും ചില പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. ജില്ലാ നിലവാരത്തിൽ തന്നെഅംഗീകാരം കിട്ടിക്കൊണ്ടിരുന്ന വോളിബാളും താരങ്ങളും ഉണ്ടായ പഞ്ചായത്തായിരുന്നു നമ്മുടേത്. എന്നാൽ പരിശീലനം കൃത്യമായിനടക്കാത്തതുകൊണ്ട് ആ രംഗത്ത് നമ്മളും പിൻതള്ളപ്പെട്ടിരിക്കുന്നു. പഞ്ചായത്ത് അതൃത്തിയിലെ വിദ്യഭ്യാസ സ്ഥാപനങ്ങളിൽസർവ്വജനാ ഹൈസ്ക്കൂളിൽ മാത്രമാണ് കളിസ്ഥലംഉള്ളത്. പ്രൈമറി വിദ്യാലയം തൊട്ട് കായിക പരിശീലനം നേടാൻ കഴിയുന്നില്ല. അപ്പക്കാട് പ്രവർത്തിക്കുന്ന സൗഹൃദ സംഘത്തിൽ ജിംനേഷ്യം പ്രവർത്തിക്കുന്നുണ്ടെങ്കിലും പരിശീലനം നേടുന്നവർ വളരെ ചുരുക്കമാണ്. പഞ്ചായത്തിൻെറ കളിസ്ഥലം ചന്തപ്പുരയിൽ സ്ഥിതിചെയ്യുന്നതിലും വേണ്ടത്ര സൗകര്യം ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടില്ല. വിദ്യാഭ്യാസ കാലത്ത് അല്ലാതെ സ്ത്രീകളും കായികരംഗത്ത് ശ്രദ്ധിക്കുന്നില്ല

പ്രശ്നങ്ങൾ– ഗ്രാമസഭാ നിർദ്ദേശങ്ങളും:–

1 ഒന്നാം വാർഡിൽ പഞ്ചായത്ത് മുൻ കൈയെടുത്ത് ഗ്രന്ഥശാല സ്ഥാപിക്കണം.
2 പഞ്ചായത്ത് കളി സ്ഥലത്തിൻെറ അപര്യാപ്തത പരിഹരിക്കുകയും ആധുനികവൽക്കരിച്ച് എല്ലാ സൗകര്യങ്ങളുമുള്ള സ്റ്റേഡിയം നിർമ്മിക്കണം.
3 പുതുക്കോടുള്ള ലോക്കൽ ലൈബ്രറി കൃത്യമായി തുറന്ന് പ്രവർത്തിക്കുന്നില്ല.
4 രണ്ട്, അഞ്ച് വാർഡുകളിൽ കെട്ടിയിട്ട ജന ശിക്ഷണ നിലയങ്ങളും പ്രവർത്തിക്കുന്നില്ല.
5 തിരുവടി വിജ്ഞാന ദീപസമിതി വായനശാലക്ക് സ്വന്തം കെട്ടിടം ഇല്ല,
6 പാട്ടോല വായന ശാലയോടനുബന്ധിച്ച് ഒരു സാംസ്ക്കാരിക കേന്ദ്രത്തിൻെറ അഭാവം ഉണ്ട്.
7 മണപ്പാടത്തുള്ള മഹിളാസമാജം പ്രവർത്തിക്കുന്നില്ല
8 അറളാകോട് ടി വി സെൻറർ പണിപൂർത്തികരിച്ചിട്ടില്ല. അംബേദ്കർ കോളനിയിലെ ടി വി കിയോക്സി പ്രവർത്തിക്കുന്നില്ല.
9 ഗ്രന്ഥശാലകളിൽ വായനക്കാരുടെ എണ്ണം കുറയുന്നു. സ്ത്രീകളുടെ വായനാശീലം വർദ്ധിക്കുന്നില്ല
10 വായനയേക്കാളും ഇലക്ട്രോണിക്സ് മാധ്യമങ്ങളെയാണ്ന ആളുകളും കൂടുതൽ

ഇഷ്ടപ്പെടുന്നത്.

11 വായനശാലകൾക്കും ക്ലബുകൾക്കും ആനുകാലിക പ്രസിദ്ധീകരണങ്ങൾ വിലവർദ്ധന മൂലം വാങ്ങാൻ കഴിയുന്നില്ല.

12 വിവാഹാദിചടങ്ങുകളിൽ ആർഭാടം വർദ്ധിച്ചു വരുന്നു.

13 നിലവിലുള്ള ക്ലബുകളിൽ ഭൂരിപക്ഷം എണ്ണവും റജിസ്റ്റർ ചെയ്തിട്ടില്ല– ധനസഹായം കിട്ടുന്നവയല്ല

14 കായിക വിനോദത്തിനും പരിശീലനത്തിനുമുള്ള സൗകര്യങ്ങൾ ഇല്ല.

15 നാടൻ കലകൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു,

സാദ്ധ്യതകൾ:–

1 പഞ്ചായത്ത് ലൈബ്രറി നവീകരിക്കണം

2 പുതുക്കോട് ലോക്കൽ ലൈബ്രറി അതോറിറ്റിയുടെ ഗ്രന്ഥശാല പ്രവർത്തനക്ഷമമാക്കണം.

3 കെട്ടിട സൗകര്യമില്ലാത്ത തിരുവടി വിജ്ഞാന ദീപസമിതി ഗ്രന്ഥശാലക്ക് സ്വന്തം കെട്ടിടവും പാട്ടോല ഗ്രാമദീപം വായനശാലക്ക് സാംസ്ക്കാരിക കേന്ദ്രവും നിർമ്മിക്കുക.

4 ഗ്രന്ഥശാലകൾക്ക് പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങൾ നൽകാൻ ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യണം.

5 വായനാശീലംവർദ്ധിപ്പിക്കാനായി എല്ലാ ഗ്രന്ഥശാലകളോടനുബന്ധിച്ച്യും സഞ്ചരിക്കുന്ന പുസ്തക വിതരണ പദ്ധതി ആവിഷ്ക്കരിക്കുക.

6 നിലവിൽ ഗ്രന്ഥശാലകൾ ഇല്ലാത്ത വാർഡുകളിൽ ഗ്രന്ഥശാലകൾസ്ഥാപിക്കണം

7 പ്രാദേശിക ഉൽസവങ്ങളേയും ആഘോഷങ്ങളേയും പ്രോൽസാഹിപ്പിക്കുക.

8 കായിക വിനോദ സൗകര്യത്തിനും പരിശീലനത്തിനുമായി പഞ്ചായത്ത് കളിസ്ഥലം നവീകരിക്കണം.

9 വാർഡിൽ ഓരോ കുളം തിരഞ്ഞെടുത്ത് നീന്തൽ പരിശീലനത്തിനുള്ള സൗകര്യം ഉണ്ടാക്കുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു നീന്തൽ ക്ലബ് രൂപീകരിക്കുകയും ചെയ്യുക.

10 എല്ലാ വിദ്യാലയങ്ങളോടനുബന്ധിച്ചും കായിക പരിശീലനത്തിനുള്ള സൗകര്യമുണ്ടാക്കുകയും പരിശീലനം സംഘടിപ്പിക്കുകയും ചെയ്യുക.

11 പഞ്ചായത്ത് അതൃത്തിയിലെ കലാകായിക പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താൻ കലാ സാംസ്ക്കാരിക പ്രവർത്തനങ്ങളുടെ വാർഷിക കലണ്ടർ പഞ്ചായത്ത് അടിസ്ഥാനത്തിൽ തയ്യാറാക്കുക

12 പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു വീഡിയോ ക്ലബ് സംഘടിപ്പിക്കുക.

13 പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ഫിലിം സൊസൈറ്റി രൂപീകരിക്കുക

14 എല്ലാ കലാസമിതികളെയും റജിസ്റ്റർ ചെയ്യിപ്പിക്കുകയും വിവിധ ഗ്രാൻറുകൾ ലഭ്യമാക്കുകയും ചെയ്യുക.

15 കലാസമിതികൾക്ക് പത്ര പ്രസിദ്ധീകരണങ്ങൾ വിതരണം ചെയ്യുക.

16 കലാ സമിതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു കേന്ദ്ര കലാസമിതി പ്രവർത്തനം ആരംഭിക്കുക

17 എല്ലാ വർഷവും പഞ്ചായത്ത് അടിസ്ഥാനത്തിൽ കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുക.

18 കലാസമിതികൾ–ഗ്രന്ഥശാലകൾ–പട്ടികജാതികോളനികൾ എന്നിവക്ക് ടി. വി സെറ്റുകൾ ലഭ്യമാക്കുകയും സ്വകാര്യ ടി. വികളെയും ബന്ധപ്പെടുത്തി ഒരുകേന്ദ്രീകൃത ടി വി നൈറ് വർക്ക് ആരംഭിക്കുക.

19 പഞ്ചായത്തിൽ ഒരു ജിംനേഷ്യം ആരംഭിക്കുക.


20 വിവിധ തുറകളിലുള്ള കായിക വിനോദ ക്ലബ്ബുകൾ രൂപീകരിക്കുക.

21 അനാചാരങ്ങൾക്കുംആർഭാടരഹിതവുമായ വിവാഹങ്ങളെ പ്രോൽസാഹിപ്പിക്കാനും കഴിയുന്ന രീതിയിലുള്ള പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക.

22 ആനുകാലിക പ്രസിദ്ധീകരണ വിതരണ ശൃംഖലക്കാവശ്യമായ പദ്ധതി തയ്യാറാക്കുക

23 വിദ്യാലയങ്ങളിൽ നടക്കുന്ന കലാകായിക പ്രവർത്തനങ്ങളെ സഹായിക്കുക.

24 നാടൻ കലകളെ പരിപോഷിപ്പിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ ടീമുകൾ ഉണ്ടാക്കുക



7.12 വനിത

സാമൂഹ്യനിർമ്മാണ പ്രക്രീയയിൽവനിതകളുടെ പങ്കാളിത്തക്കുറവ് നമ്മുടെ വികസനത്തിന്റെ പ്രധാന പോരായ്മയാണെന്ന് മനസ്സിലാക്കികഴിഞ്ഞല്ലോ. നമ്മുടെ പഞ്ചായത്ത് അതിർത്തിയിലും സ്ഥിതി ഇതിൽ നിന്നും വിഭിന്നമല്ല. വനിതകളെയാകെപങ്കെടുപ്പിക്കാൻ കഴിയുന്ന രീതിയിലുള്ള സംരംഭങ്ങൾ ഒന്നുംതന്നെ നമ്മുടെ പഞ്ചായത്തതിർത്തിയിൽ ഇല്ല. 1991 സെൻസസ് കണക്കു പ്രകാരം ജനസംഖ്യയിൽ 18683—ൽ 9614 സ്ത്രീകൾ ആണ് ഉള്ളത്. ജനസംഖ്യയുടെ 51.45 ശതമാനം സ്ത്രീകളാണ്.

സാക്ഷരതയുടെ കാര്യംപരിശോധിച്ചാൽ 12345 ആളുകൾ സാക്ഷരരായതിൽ 5818 പേരെ സ്ത്രീകൾ ഉള്ളു. അത് 47.12 ശതമാനമാണ്. പഞ്ചായത്ത് അതൃത്തിയിലെ സ്ക്കൂൾ വിദ്യാർത്ഥികളുടെ എണ്ണം പരിശോധിച്ചാൽ 5036 കുട്ടികളിൽ ആൺകുട്ടികൾ 2549ഉം പെൺകുട്ടികൾ 2487ഉം ആണ്. അത് മൊത്തം കുട്ടികളുടെ 49.38% ആണ്. മൊത്തം ജനസംഖ്യയിൽ കൂടുതൽ സ്ത്രീകളായിട്ടും സാക്ഷരതയിലും വിദ്യാഭ്യാസ കാര്യത്തിലും സ്ത്രീ പുരുഷ അനുപാതത്തിൽ വന്നിട്ടുള്ള അന്തരം സ്ത്രീകളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയെയാണ് കാണിക്കുന്നത്.

പഞ്ചായത്ത് അതിർത്തിയിലെ ജനനനിരക്ക് 13 ആണ്. പഞ്ചായത്ത് അതിർത്തിയിലെ പി. എച്ച്., സി., ആയൂർവ്വേദം അലോപ്പതി ആശുപത്രികളിലെ കണക്കുകൾ കാണിക്കുന്നത് ആശുപത്രികളിൽ എത്തുന്ന രോഗികളിൽ 70% ത്തോളം സ്ത്രീകളാണ്എന്നാണ്. കുടുംബസംവിധാനത്തിന്റെ കാര്യത്തിൽ വളരെയേറെ നേട്ടങ്ങൾ കൈവരിച്ച പഞ്ചായത്താണ് നമ്മുടേത് എങ്കിലും 1399 സ്ത്രീകളാണ് കുടുംബ സംവിധാന മാർഗ്ഗം സ്വീകരിച്ചിരിക്കുന്നത്.

തൊഴിൽ നിരക്ക്:—

1991 സെൻസസ് കണക്കു പ്രകാരം

	പുരുഷൻ	സ്ത്രീ	ആകെ
പ്രധാനതൊഴിൽ	4124 (22.07%)	2210 (11.82%)	6334 (33.90%)
നാമമാത്രതൊഴിൽ	132 (0.70%)	418 (2.23%)	550 (2.94%)
തൊഴിൽ ഇല്ലാത്തവർ	4813 (25.76%)	6986 (37.39%)	11799 (63.15%)

മേൽ കാണിച്ചപട്ടികയിൽ നിന്നും

പ്രധാന തൊഴിൽ രംഗങ്ങളിൽ സ്ത്രീ പുരുഷ അന്തരം 10.25%വും തൊഴിൽ ഇല്ലാത്തവരുടെ സ്ത്രീ പുരുഷ അന്തരം 11.63% മാണ്.

സ്ത്രീ തൊഴിലാളികളുടെ പ്രധാനപ്പെട്ട തൊഴിൽ മേഖല കാർഷിക രംഗമാണ്. ആകർഷകമായ കൂലി ലഭിക്കുന്ന തൊഴിൽ രംഗമായ നിർമ്മാണ തൊഴിൽ രംഗത്തേക്ക് സ്ത്രീ തൊഴിലാളികളുടെ മാറ്റം കാർഷിക മേഖലയിലെ ഒരു പ്രതിസന്ധി സൃഷ്ടിക്കുന്ന പ്രശ്നമാണ്. തൊഴിലെടുക്കുന്ന സ്ത്രീകളുടെ എണ്ണം കുറയുന്നതിനുള്ള പ്രധാന കാരണം വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയാണ്. തൊഴിൽ ഇല്ലാത്തവരുടെ 59.20% സ്ത്രീകളുടെ മേഖലയിലാണ്. കാർഷികമേഖല, നിർമ്മാണരംഗം, പുളിസംസ്കരണം, ഇഷ്ടികനിർമ്മാണം, നെയ്ത്ത് എന്നീ രംഗങ്ങളിലാണ് പ്രധാനമായും സ്ത്രീകൾ തൊഴിൽ ചെയ്യുന്നത്. കൂടാതെ, സ്വതന്ത്രമായ തൈലറിങ്, നൂൽനൂൽപ് എന്നീ രംഗങ്ങളിലും സ്ത്രീകൾ പണിയെടുക്കുന്നുണ്ട്. പ്രധാന മേഖലകളിൽ കൂലിയിൽ സ്ത്രീപുരുഷ അന്തരം ഉണ്ട്.

തൊഴിൽരംഗം	കൂലിനിരക്ക് പുരുഷൻ	സ്ത്രീ
കാർഷികമേഖല	70	35
നിർമ്മാണരംഗം	100	50
പുളിസംസ്കരണം	60	30
ഇഷ്ടിക നിർമ്മാണം	100	50
നെയ്ത്	55	55

പ്രധാന തൊഴിൽ മേഖലകളിൽ കൂലി നിരക്കിൽ സ്ത്രീ പുരുഷ അന്തരം നിലനിൽക്കുന്നുണ്ട്. സാങ്കേതിക വൈദഗ്ധ്യം ഉള്ള തൊഴിൽ മേഖലയിലും സർവ്വീസ് മേഖലകളിലും മാത്രമാണ് വേതന നിരക്കിൽ തുല്യതയുള്ളത്.

തൊഴിലില്ലാത്ത സ്ത്രീകളിൽ ഭൂരിപക്ഷവും വീടുകളിലെ പണികളിൽ ഏർപ്പെടുന്നവരാണ്. കുട്ടികളുടെ പരിചരണം പാചകം വീടുകളിലുള്ള മൃഗസംരക്ഷണം എന്നീ പ്രവർത്തികളും നടത്തുന്നുണ്ട്. ഇടത്തരക്കാരും കർഷകത്തൊഴിലാളികളുമായ സ്ത്രീകളുടേയും തൊഴിലില്ലാത്ത സ്ത്രീകളുടേയും പ്രധാനപ്പെട്ട തൊഴിൽ ആണ് പാചകത്തിന്ന് ആവശ്യമായ വിറകു സംഭരിക്കൽ. വിറകു സംഭരിക്കാൻ വേണ്ടി കിലോമീറ്ററോളം പോകേണ്ടഅവസ്ഥയുണ്ട്. ചുരുക്കത്തിൽ വിറകു സംഭരിക്കൽ ഒരു പ്രധാന ജോലിയായിത്തന്നെ കണക്കാക്കാം. റേഷൻകടകൾ, ചന്തകൾ. പീടികകൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ പോകുന്നവർ അധികവും സ്ത്രീകളാണ്.

പഞ്ചായത്ത് അതിർത്തിയിലെ കുടുംബങ്ങളിൽ 40% ത്തോളം സ്ത്രീകളുടെ നിയന്ത്രണത്തിൽ കഴിയുന്നവയാണ്. പണിഎടുക്കുന്ന സ്ത്രീകളുടെ വരുമാനം കൃത്യമായി വീട്ടിൽ എത്തുന്നുണ്ട്. അനാവശ്യ ചിലവുകൾ ഒഴിവാക്കി കുടുംബത്തിന്റെ സാമ്പത്തിക തുലനാവസ്ഥ കൈകാര്യം ചെയ്യുന്നതിൽ വനിതകൾ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. പഞ്ചായത്ത് അതിർത്തിയിലെ 155പേർക്ക് വിധവ പെൻഷൻ ലഭിക്കുന്നുണ്ട്. അർഹർക്ക് പലർക്കും ലഭിക്കാത്ത പ്രശ്നവും ഉണ്ട്. വിധവ പെൻഷൻ ഗഡുക്കൾ കൃത്യമായി വിതരണം ചെയ്യുന്നില്ല.

സ്ത്രീകൾ ക്ഷേമ പ്രവർത്തനങ്ങൾ കുറെയെങ്കിലും ഏറെറടുത്ത് നടത്തുന്നത് അങ്കൺവാടികളിലാണ്. പഞ്ചായത്തതൃത്തയിൽ 10 അങ്കൺവാടികളുണ്ട്.

അങ്കൺവാടികളുടെ പ്രവർത്തനം

നമ്പർ	അംഗൺവാടി നമ്പർ	പേര്	കെട്ടിടം	അടുക്കള	കളിക്കോപ്പ്	പ്രാധമിക സൗകര്യം
1	40	തച്ചനടി	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
2	41	മാർലാട്	ഇല്ല	ഇല്ല	,,	,,
3	111	തെരുവ്	ഉണ്ട്	,,	,,	,,
4	42	കീഴ	ഇല്ല	,,	',	,,
5	43	തെക്കെപ്പൊറ	ഉണ്ട്	ഉണ്ട്	.,	,,
6	134	ഉളികുത്താംപാടം	ഇല്ല	ഇല്ല	,,	,,
7	44	തിരുവടി	ഉണ്ട്	ഉണ്ട്	,,	,,
8	45	പാട്ടോല	ഇല്ല	ഇല്ല	,,	.,
9	110	കണക്കന്നൂർ	ഇല്ല	,,	,,	,,
10	46	മണപ്പാടം	ഉണ്ട്	ഉണ്ട്	,,	,,

അങ്കൺവാടികളിൽ മാർലാട്, കീഴ, ഉളികുത്താംപാടം, പാട്ടോല, കണക്കനൂർ എന്നിവക്ക് സ്വന്തം കെട്ടിടം ഇല്ല. പ്രാഥമിക സൗകര്യം ഒരു അങ്കൺവാടിക്കും ഇല്ല. അങ്കൺവാടികളിലൊന്നും കളിക്കോപ്പുകളും ഇല്ല. കുടിവെള്ള സൗകര്യവും അങ്കൺവാടികൾക്ക് ഇല്ല. എല്ലാ അങ്കൺവാടികളിലും 1 വർക്കറും ഒരു ഹെൽപ്പറും ഉണ്ട്. ആകെ 10 വർക്കർ 10 ഹെൽപ്പർ— എല്ലാ ഗ്രാമസഭകളിലും വാർഡുകളിൽ ഓരോ അങ്കൺവാടികളുകൂടി ആവശ്യമാണ് എന്ന അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്.

പഞ്ചായത്തിലുള്ള ഗർഭിണികൾ	പ്രത്യേക പരിഷ്കരണം ആവശ്യമുള്ളവർ
115	33

മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം 106

അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം 47

പഞ്ചായത്ത് അതൃത്തിയിൽ DWCRAയുടെ 2 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്

സ്ഥലം	വിഭാഗം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങൾ
കുന്നു തെരുവ്	നെയ്ത്	1983–84	19
പുതുക്കോട്	,,	1992–93	12

ചർക്കാഗ്രാമപദ്ധതിയിലൂടെ50വനിതകൾക്ക് നൂൽനൂപ്പ് പരിശീലനം ലഭിച്ചിട്ടുണ്ട്. പരിശീലനത്തിനുശേഷം വീടുകളിൽ കൊണ്ടുപോയി നൂൽനൂറ് കലക്ഷൻ സെൻറുകളിൽ എത്തിക്കുകയാണ്. ജോലിക്കനുസരിച്ച് കൂലി ലഭിക്കാത്തതും യന്ത്രങ്ങളുടെ തകരാറുനിമിത്തം പരിശീലനം ലഭിച്ചവർതന്നെ പ്രവർത്തിക്കാത്ത സ്ഥിതിയും ഉണ്ട്.

50 സ്ത്രീകൾ ടൈലറിങ് പരിശീലനം ലഭിച്ച് വീടുകളിൽ തയ്യൽപണി ചെയ്യുന്നുണ്ട് ജോലി ചെയ്യുന്നതിനനുസരിച്ച് കൂലിമാത്രമേ അവർക്ക് ലഭിക്കുന്നുള്ളു.

ബഹുജന സംഘടനകളിൽ വനിതകളുടെ പ്രാതിനിത്യം വളരെ കുറവാണ്. വനി

തകം കൂടുതലായി പൊതുരംഗത്തേക്ക് കടന്നുവരുന്നില്ല. പൊതുരംഗത്തേക്ക് വരുന്ന സ്ത്രീകളെ അവജ്ഞയോടെ സമൂഹംകാണുന്നു സ്ത്രീകളുടെ പൊതു പ്രവർത്തനത്തെക്കുറിച്ച് മോശമായ അഭിപ്രായം സമൂഹത്തിൽ നിലനിൽക്കുന്നത് മാറിയെടുത്താൽ മാത്രമെ സ്ത്രീകൾ പൊതുരംഗത്തേക്ക് വരികയുള്ളു.

മണപ്പാടം, പുതുക്കോട് കേന്ദ്രീകരിച്ച് ഒരു മഹിളാസമാജം ഉണ്ടെങ്കിലും ഇപ്പോൾ അത് പ്രവർത്തിക്കുന്നില്ല. സ്ത്രീധനത്തിന്റെ പേരിൽ പീഡനമനുഭവിക്കുന്നവർ വളരെയേറെ ഉണ്ട് എന്നാണ് ഗ്രാമസഭകളിൽ വന്ന അഭിപ്രായം. പക്ഷെ പല കാരണങ്ങൾ കൊണ്ടും പുറത്തുവരുന്നില്ല. വനിതകളുടെ നേരെയുള്ള ആക്രമണങ്ങൾ ഒന്നും പ്രകടമായി വന്നിട്ടില്ലെങ്കിലും പൊതു സ്ഥലങ്ങളിലും, തൊഴിൽ ശാലകളോട് അനുബന്ധിച്ച പ്രദേശങ്ങളിലും സ്ത്രീകളുടെ നേരെ അവഹേളനങ്ങൾ ഉണ്ടാകാറുണ്ട് എന്നാണ് ഗ്രാമസഭകളിൽ വന്ന അഭിപ്രായം. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്ററുകളും ചില സ്ഥലങ്ങളിൽ പ്രത്യക്ഷപ്പെടാറുണ്ട്. മദ്യപാനം കൊണ്ട് ദുരിതമനുഭവിക്കുന്ന ധാരാളം കുടുംബങ്ങളും പഞ്ചായത്ത് അതൃത്തിയിലുണ്ട്. ചാരായ നിരോധനം കൊണ്ട് ഉദ്ദേശിച്ച ഫലങ്ങൾ ഉണ്ടായിട്ടില്ല എന്നാണ് ഗ്രാമസഭകളിൽ വന്ന അഭിപ്രായം. ബോധവൽക്കരണവും, സമ്പൂർണ്ണ മദ്യനിരോധനവും ആവശ്യമാണ് എന്നാണ് ഗ്രാമസഭകളിലെ നിഗമനം. സ്ത്രീകൾ കൂടുതൽ തൊഴിലെടുക്കുന്ന സ്ഥാപനങ്ങൾ, വ്യവസായ ശാലകൾ എന്നിവ പ്രാഥമിക ആവശ്യങ്ങൾ നിറവേറാൻ വേണ്ടത്ര സൗകര്യങ്ങളും ഇല്ല.

പ്രശ്നങ്ങൾ:-

1 സ്ത്രീകളുടെ തൊഴിലില്ലായ്മ രൂക്ഷമാണ്
2 തൊഴിൽമേഖലയിൽ സ്ത്രീ പുരുഷ അന്തരം നിലനിൽക്കുന്നു.
3 സ്ത്രീകൾ പണിയെടുക്കുന്ന സ്ഥാപനങ്ങൾ പ്രാഥമികആവശ്യം നിർവഹിക്കാനാവശ്യമായ സൗകര്യങ്ങൾ ഇല്ല.
4 പൊതു രംഗങ്ങളിൽ സ്ത്രീകൾ പങ്കെടുക്കുന്നില്ല.
5 സ്ത്രീ പീഡനം അനുഭവിക്കുന്ന ധാരാളം പേർ ഉണ്ട്. പല കാരണങ്ങൾകൊണ്ടും പുറത്തുവരുന്നില്ല.
6 5 അങ്കൺവാടികൾക്ക് കെട്ടിടമില്ല.
7 അങ്കൺവാടികളിൽ ഒന്നും പ്രാഥമികസൗകര്യവും കുടിവെള്ള ലഭ്യതയും ഇല്ല.
8 അങ്കൺവാടികളിൽ ഒന്നും കളിക്കോപ്പുകൾ ഇല്ല.

സാധ്യതകൾ:-

1 സ്ത്രീകൾക്ക് മുൻഗണന ലഭിക്കുമാറ് പരമ്പരാഗതവ്യവസായങ്ങളെ നവീകരിക്കുന്ന പദ്ധതി നടപ്പിലാക്കുക.
2 പുരയിട കൃഷിയുമായി ബന്ധപ്പെടുത്തി സ്ത്രീകൾക്ക് നേതൃത്വം കൊടുക്കാൻ കഴിയുന്ന രീതിയിൽ സർവ്വീസ് സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കുക.
3 റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ് സഹകരണാടിസ്ഥാനത്തിൽ തുടങ്ങുക
4 ചർക്ക, നൂൽനൂൽപ് കേന്ദ്രീകരിച്ച് പരിശീലനം തുടർന്ന് നടത്തുക.
5 വാർഡ് അടിസ്ഥാനത്തിൽ സ്ത്രീകളെ സംഘടിപ്പിച്ച് ഭക്ഷണ സാധനങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കാനുള്ള യൂണിറ് തുടങ്ങുക.
6 അങ്കൺവാടികളുടെ പ്രവർത്തനം ചിട്ടപ്പെടുത്തുകയും സ്ത്രീകളുടെ ഒത്തുചേരുന്ന കേന്ദ്രങ്ങളാക്കി മാറ്റുക
7 കെട്ടിടമില്ലാത്ത അങ്കൺവാടികൾക്ക് കെട്ടിടം ഉണ്ടാക്കുകയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക, എല്ലാ വാർഡുകളിലും ഓരോ അങ്കൺവാടികൂടി ആരംഭിക്കുക.
8 എല്ലാ വാർഡുകളിലും മഹിളാസമാജങ്ങൾ ഉണ്ടാക്കുകയും പഞ്ചായത്ത് അടിസ്ഥാനത്തിൽ കേന്ദ്രീകൃത പ്രവർത്തനം നടത്തുകയും ചെയ്യുക
9 എല്ലാ അങ്കൺവാടികൾക്കും കളിക്കോപ്പുകൾ വിതരണം ചെയ്യുക.
10 സ്ത്രീകൾ നാഥരായ കുടുംബങ്ങൾക്ക് പ്രാധാന്യം നൽകികൊണ്ടുള്ള ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുക.

11 അർഹരായ മുഴുവൻ വിധവകൾക്കും പെൻഷൻ കൊടുക്കുക.

12 അന്ധവിശ്വാസത്തിനും അനാചാരത്തിനുമെതിരെ ബോധവൽക്കരണം.


13 സ്ത്രീ പുരുഷ സമത്വബോധം വളർത്താൻ ഉപകരിക്കുന്ന രീതിയിൽ വിദ്യാഭ്യാസ മേഖലയിലെ ഇടപെടലുകൾ നടത്താൻ കഴിയുന്ന രീതിയിലുള്ള പദ്ധതികൾ ആവിഷ്കരിക്കുക.


14 സ്ത്രീകൾക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ട് പച്ചക്കറികൃഷി വ്യാപനം നടത്താൻ ആവശ്യമായ പദ്ധതികൾ.

15 മദ്യത്തിനെതിരെ ബോധവൽക്കരണപ്രവർത്തനം നടത്താൻ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക.

16 അങ്കൺവാടികളോടനുബന്ധിച്ച് പോഷകാഹാര വിതരണപരിപാടികൾ ചിട്ടയായി സംഘടിപ്പിക്കാൻ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക.

17 മൃഗസംരക്ഷണരംഗത്ത് സ്ത്രീകൾക്ക് കൂടുതൽ പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കുക.





7.13 സാമൂഹ്യക്ഷേമം

മെമ്പ ആർ. ഡി. പി. സർവ്വെ ലിസ്റ്റ് അനുസരിച്ച് ദാരിദ്ര രേഖക്ക് താഴെയുള്ള ആളുകളുടെ എണ്ണം 1363 ആണ്. ഇതിൽ പട്ടികജാതി കുടുംബങ്ങൾ 120 ആണ്. പരമ്പരാഗത മേഖലകളിൽ പണിയെടുക്കുന്ന ആളുകൾ താമസിക്കുന്ന പ്രദേശങ്ങളിലാണ് കൂടുതൽ പിന്നോക്കാവസ്ഥ. നിർമ്മാണമേഖലകളിൽ പണിയെടുക്കുന്ന സ്ഥലങ്ങളിലും പിന്നണിയിൽ കിടക്കുന്നവയാണ്. നെയ്ത്ത് തൊഴിലാളി കേന്ദ്രങ്ങളായ പുതുക്കോട് തെരുവുകൾ. കളിമൺ പാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന കണക്കന്നൂർ കുമ്പാരത്തറയിലെ മൺപാത്രതൊഴിലാളികൾ, കൊട്ട, വട്ടി നെയ്ത്ത് തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന പാട്ടോലയിലെ കോളനി നിവാസികൾ, പാറമടകളിൽ പണിയെടുക്കുന്ന മണപ്പാടത്തെ കരിങ്കൽതൊഴിലാളികൾ, ഹരിജൻകോളനികൾ എന്നിവിടങ്ങളിലാണ് കൂടുതൽ ദരിദ്ര ജനവിഭാഗങ്ങൾ താമസിക്കുന്നത്. ഇവരെ സാമൂഹ്യനിർമ്മാണ പ്രക്രിയയിലേക്ക് കൊണ്ടുവരേണ്ട ബാധ്യത ഉണ്ട്.

IRDP സഹായം ലഭിച്ചവർ

വർഷം	പട്ടികജാതി	ജനറൽ	ആകെ
92–93	7	20	27
93–94	13	12	25
94–95	9	20	29
95–96	7	19	26
ആകെ	30	71	107

IRDP ലിസ്റ്റും സഹായം ലഭിച്ചവരുടെ കണക്കും പരിശോധിച്ചാൽ ലിസ്റ്റിലുള്ള 5.20% മാത്രമേ ധന സഹായം ലഭിച്ചിട്ടുണ്ട്. IRDP ലിസ്റ്റ് അപൂർണ്ണമാണ്. ഇപ്പോഴത്തെ തോതനുസരിച്ച് ലിസ്റ്റിലുള്ളവരെ മുഴുവൻ പദ്ധതിക്ക് കൊണ്ടുവരണമെങ്കിൽ 20 വർഷമെങ്കിലും വേണ്ടിവരും.

ട്രൈസം പരിശീലനം നേടിയവർ:–

94–95 — 1
95–96 — 3
96–97 — 11
ആകെ 14

നെയ്ത്ത്രംഗത്താണ് പരിശീലനം ലഭിച്ചിരിക്കുന്നത്. പ്രസ്തുത 14 പേരിൽ 13പേർ പരിശീലനത്തിനുശേഷം സ്വയംതൊഴിൽ കണ്ടെത്തിയിട്ടുണ്ട്.

DWCR യൂണിറ്റുപ്രകാരം 83–84 ൽ 19 പേരും 92–93 ൽ 12 പേരും പരിശീലനം നേടിയവർ രണ്ടുയൂണിറ്റുകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് പണിയായുധങ്ങൾ നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 93–94 ൽ 4 പേർക്കും 94-95ൽ ഒരാൾക്കും 95–96 ൽ 10 പേർക്കും പണിയായുധങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത ക്ഷേമ പദ്ധതികൾപ്രകാരം അനുവദിച്ച യൂണിറ്റുകൾ ഉദ്ദേശിച്ച ഫലങ്ങൾ ലഭിച്ചില്ല.

പെൻഷനുകൾ:–

വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾ പ്രകാരം താഴെ കാണുംവിധം പെൻഷനുകൾ ലഭിക്കുന്നുണ്ട്.

1	വാർധക്യകാല പെൻഷൻ	68
2	വികലാംഗ പെൻഷൻ	121
3	ക്ഷയരോഗി പെൻഷൻ	7
4	കുഷ്ഠരോഗി പെൻഷൻ	2
5	കാൻസർരോഗി പെൻഷൻ	3
6	കർഷകത്തൊഴിലാളി പെൻഷൻ	288
7	തൊഴിലില്ലായ്മ വേതനം	52
8	വിധവാ പെൻഷൻ	155

അർഹരായ മുഴുവൻപേർക്കും ആനുകൂല്യം ലഭിക്കുന്നില്ല, അപേക്ഷിച്ചവർക്ക് മുഴുവൻ സമയത്തിന് തീർപ്പ്കൽപിച്ച് കൊടുക്കുന്നില്ല. അനുവദിച്ചുകൊടുത്ത ആനുകൂല്യങ്ങൾ കൃത്യമായി വിതരണം നടക്കുന്നില്ല.

വികലാംഗർക്കുള്ള യാത്രാ ആനുകൂല്യം ലഭിക്കുന്ന ആളുകളും പഞ്ചായത്ത് അതൃത്തിയിൽ ഉണ്ട്.

വിധവകളുടെ മക്കളുടെ വിവാഹധനസഹായത്തിന്ന് ഉള്ള അപേക്ഷകളിലും തീരുമാനമെടുക്കുന്നതിൽ വർഷങ്ങളുടെ കാലതാമസം വരുന്നുണ്ട്. മിശ്രവിവാഹിതർക്കുള്ള ധനസഹായങ്ങളും പട്ടികജാതി പെൺകുട്ടികളുടെ വിവാഹധന സഹായങ്ങൾക്കും തീർപ്പുകൽപ്പിക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. സാമൂഹ്യ ക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മഹിളാസമാജങ്ങൾബാലവാടികൾ എന്നിവയൊന്നും തന്നെ പഞ്ചായത്ത് അതിർത്തിയിൽ ഇല്ല.

പ്രശ്നങ്ങൾ:–

1 ദാരിദ്ര നിർമ്മാർജ്ജന പദ്ധതികൾ വളരെ കുറച്ച് കുടുംബങ്ങൾക്ക് മാത്രമെ പ്രയോജനപ്പെടുന്നുള്ളൂ.
2 ഐ. ആർ. ഡി. പി. ലിസ്റ്റിൽ അർഹർ മുഴുവൻ ഉൾപ്പെട്ടിട്ടില്ല.
3 ഐ. ആർ. ഡി. പി. ധനസഹായം വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നുണ്ട്.
4 ഐ. ആർ. ഡി. പി. ലോണുകൾ കൊടുക്കുന്നതിൽ ബാങ്കുകൾ വിമുഖത കാണിക്കുന്നു.
5 സാമൂഹ്യ ക്ഷേമ പദ്ധതികളെകുറിച്ച് വേണ്ടത്ര അറിവ് പൊതുജനങ്ങൾക്ക് ഇല്ല. വിവരങ്ങൾ ആവശ്യക്കാർക്ക് എത്തിക്കാൻ കഴിയുന്നില്ല.
6 അർഹർക്ക് മുഴുവൻ പെൻഷനുകൾ ലഭിക്കുന്നില്ല.
7 പെൻഷൻ ഗഡുക്കൾ യഥാസമയം വിതരണം ചെയ്യുന്നില്ല.
8 ക്ഷേമപദ്ധതികളുടെ തീർപ്പുകൽപ്പിക്കുന്നതിൽ കാലതാമസം വരുന്നു.
9 പഞ്ചായത്ത് അതിർത്തിയിൽ ശിശു മന്ദിരങ്ങൾ ഒന്നുംതന്നെ ഇല്ല.
10 മഹിളാസമാജങ്ങൾ പ്രവർത്തിക്കുന്നില്ല.

സാധ്യതകൾ:–

1 IRDP സർവ്വെലിസ്റ്റ് പരിഗണിച്ച് അർഹരായവരിൽ അനുകൂല്യം ലഭിക്കാത്തവർക്ക് സഹായം ലഭിക്കാനുള്ളപദ്ധതികൾ തയ്യാറാക്കുക.
2 IRDP സർവ്വെലിസ്റ്റ് സമഗ്രമാക്കാൻ ആവശ്യമായ സർവ്വെ സംഘടിപ്പിക്കേണ്ടതാണ്.
3 വനിതകൾക്കായി എല്ലാ വാർഡുകളിലും പുതിയ DWCRA യൂണിറ്റുകൾ സ്ഥാപിക്കണം.

4 ട്രൈസം പരിശീലനം കഴിഞ്ഞവർക്ക് തൊഴിൽ സാധ്യതയുണ്ടാക്കാനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുക.

5 അർഹരായവർക്കു മുഴുവൻ വിവിധ ധന സഹായപെൻഷനുകൾ അനുവദിച്ചുകൊടുക്കുക.

6 ഗുണഭോക്താക്കളെ കണ്ടെത്തുന്നതിൽ ഗ്രാമസഭകളുടെ സേവനം ഉപയോഗപ്പെടുത്തുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുക.

7 മഹിളാസമാജങ്ങൾ എല്ലാവാർഡുകളിലും രൂപീകരിക്കുക.

8 മഹിളാ സമാജങ്ങളോടും, അംഗൺവാടികളോടും ബന്ധപ്പെടുത്തി പോഷകാഹാര–പ്രതിരോധ ചികിത്സാസംവിധാനങ്ങൾ നടപ്പാക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.


9 വിവിധ ധനസഹായ പദ്ധതികളെക്കുറിച്ചും ക്ഷേമ പദ്ധതികളെ കുറിച്ചും പൊതുജനങ്ങൾക്ക് വിവരം നൽകുവാനും സഹായങ്ങൾ നൽകാനും പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ഇൻഫർമേഷൻ & സർവ്വീസ് സെൻറർ ആരംഭിക്കുക.

10 മഹിളാ സമാജങ്ങളോടനുബന്ധിച്ച് ക്രഷേകൾ ആരംഭിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കുക.

11 പഞ്ചായത്ത് അടിസ്ഥാനത്തിൽ വൃദ്ധമന്ദിരം ആരംഭിക്കുക.

12 വനിതകൾക്കായുള്ള സ്വയം തൊഴിൽ സംരഭങ്ങൾ ആരംഭിക്കുക.





7. 14 പട്ടികജാതി

പട്ടികവർഗ്ഗ ക്ഷേമം

1991 സെൻസസ് കണക്കുപ്രകാരം പഞ്ചായത്തിലെ ജനസംഖ്യയിൽ 18683 ൽ 3507 പട്ടികജാതിക്കാരാണ്. മൊത്തം ജനസംഖ്യയുടെ 18.77 ശതമാനമാണ് ഇത്.

പഞ്ചായത്ത് അതിർത്തിയിലെ ഹരിജനങ്ങളം കൂട്ടമായി താമസിക്കുന്ന 14 ഹരിജൻ കോളനികളം ഉണ്ട്.

1 വെട്ടുകാട് ഹരിജൻ കോളനി — 27 കുടുംബങ്ങളം.
2 അയിത്താപറമ്പ് — 15 കുടുംബങ്ങളം
3 ചെറുകാഞ്ഞിരക്കോട് — 10 ,,
4 പൂരത്തറ ഹരിജൻകോളനി — 15 ,,
5 മുതയംകോട് — 25 ,,
6 കരിമ്പൻചിറ ,, — 11 ,,
7 ചക്കിങ്കൽ കോളനി ചുങ്കം — 10 ,,
8 പാട്ടോല കവറത്തറ — 23 ,,
9 കിഴക്കേക്കര കുമ്പാരത്തറ — 11 ,,
10 കുതിരം പറമ്പ് കോളനി കണക്കനൂർ — 84 ,,
11 അംബേദ്കർ കോളനി കണക്കനൂർ — 48 ,,
12 അറളാക്കോട് ഐ എച്ച് ഡിപി കോളനി — 22 ,,
13 മണപ്പാടം വടക്കേക്കളം കോളനി — 8 ,,
14 ചോഴിയൻപാറ ഹരിജൻ കോളനി കണക്കന്നൂർ — 6 ,,

കൂടാതെ എല്ലാ വാർഡുകളിലും ഒറ്റപ്പെട്ടു കിടക്കുന്ന ഹരിജൻ കുടുംബങ്ങളും ഉണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ചെറുമൻ, മണ്ണാൻ, കവറ, പാണർ തുടങ്ങിയവരാണ് കൂടുതൽ പേരും.

27 കുടുംബങ്ങളം താമസിക്കുന്ന വെട്ടുകാട് ഹരിജൻ കോളനിയിൽ ഭൂരിപക്ഷം പേർക്കും വീടുകളം ഉണ്ട്. സർക്കാറിന്റെ പദ്ധതിയിലൂടെ നിർമ്മിച്ച വീടുകളം അറ്റകുറ്റപ്പണികളം നടത്താൻ കഴിയുന്നില്ല. വെള്ളവും എത്തിയിട്ടില്ല. പഞ്ചായത്ത് മുഖാന്തിരം വൈദ്യുതി വയറിങ് പൂർത്തീകരിച്ച വീടുകൾക്ക് രണ്ടുവർഷമായി കണക്ഷൻ ലഭിച്ചിട്ടില്ല. ഭൂരിപക്ഷവും കർഷകതൊഴിലാളികളാണ്

15 കുടുംബങ്ങളം താമസിക്കുന്ന അയിത്താപറമ്പ് ഹരിജൻ കോളനിയിൽ കർഷകതൊഴിലാളികളാണ് ഭൂരിപക്ഷം. വൈദ്യുതി എത്തിയെങ്കിലും വീടുകളുടെ വൈദ്യുതീകരണം പൂർത്തിയായിട്ടില്ല. കുടിവെള്ളം എത്തിയിട്ടില്ല.

10 കുടുംബങ്ങളം താമസിക്കുന്ന ചെറുകാഞ്ഞിരക്കോട് ഹരിജൻകോളനിയിൽ വെള്ളം എത്തിയിട്ടില്ല. വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും വീടുകളം മുഴുവൻ വൈദ്യുതീകരിച്ചിട്ടില്ല. വീടുകളം പണി പൂർത്തീകരിച്ചിട്ടുണ്ട്.

15 കുടുംബങ്ങളം താമസിക്കുന്ന പൂരത്തറ, ഹരിജൻ കോളനിയിൽ വീടുകളം മുഴുവൻ ആളുകൾക്കുമുണ്ട്. വീടുകളം അറ്റകുറ്റപണികളം നടത്തിയിട്ടില്ല. കർഷക തൊഴിലാളികളാണ് ഭൂരിപക്ഷം പേരും. വെള്ളം വെളിച്ചം എന്നിവ എത്തിയിട്ടില്ല.

25 കുടുംബങ്ങളം താമസിക്കുന്ന മുതയംകോട് ഹരിജൻകോളനിയിൽ വൈദ്യുതി എത്തിയിട്ടുണ്ട്. വീടുകളം മുഴുവൻ വൈദ്യുതീകരിച്ചിട്ടില്ല. കർഷക തൊഴിലാളികളാണ് ഭൂരിപക്ഷം പേരും. വെള്ളം എത്തിയിട്ടില്ല.

11 കുടുംബങ്ങളം താമസിക്കുന്ന കരിമ്പൻചിറ കോളനിയിൽ വെള്ളവും വെളിച്ചവും എത്തിയിട്ടില്ല. തലപ്പള്ളി താലൂക്ക് അതിർത്തിയിൽ കിടക്കുന്ന കോളനിയിൽ പഴയന്നൂർ ഇലക്ട്രിസിറ്റി സെക്ഷനിൽ നിന്ന്വൈദ്യുതി എത്തിക്കുന്നതാണ് പ്രായോഗികം.

10 കുടുംബങ്ങളം താമസിക്കുന്ന ചക്കിങ്ങൽ ഹരിജൻ കോളനിയിൽ വെള്ളവും വെളിച്ചവും എത്തിയിട്ടില്ല വീടുകളം എല്ലാവർക്കും ഉണ്ട്.

23 കുടുംബങ്ങളം താമസിക്കുന്ന പാട്ടോലകവറത്തറ ഹരിജൻകോളനിയിൽ വട്ടി, കുട്ട, പനമ്പ്നെയ്ത്തിൽ ഏർപ്പെട്ട കുടുംബങ്ങളാണ് ഭൂരിപക്ഷം. അവർക്ക് പണിചെയ്യാൻ ആവശ്യമായ ഈറ കിട്ടുന്നില്ല. ഉൽപ്പന്നങ്ങൾക്ക്വിപണികണ്ടെത്താൻ പ്രയാസപ്പെടുന്നു. വീടുകളം എല്ലാ കുടുംബങ്ങൾക്കും ഉണ്ടെങ്കിലും അറ്റകുറ്റപണികളം നടക്കുന്നില്ല. വെള്ളവും വെളിച്ചവും എത്തിയിട്ടുണ്ട്. ഭൂരിപക്ഷം വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ട്

11 കുടുംബങ്ങളം താമസിക്കുന്ന കിഴക്കെര കുമ്പാരത്തറ ഹരിജൻ കോളനിയിൽ 10 കുടുംബങ്ങൾക്ക് സ്വന്തമായി വീടുണ്ട്. വെള്ളവും വെളിച്ചവും എത്തിയിട്ടില്ല. കർഷകതൊഴിലാളികളാണ് ഭൂരിപക്ഷം പേരും.

84 കുടുംബങ്ങളം താമസിക്കുന്ന കുതിരംപറമ്പ് കോളനിയിൽ, കുതിരംപറമ്പ്, കണ്ണനൂർ എന്നീ രണ്ടു പ്രദേശങ്ങളം ഉണ്ട്. കർഷകത്തൊഴിലാളികളാണ് ഭൂരിപക്ഷം പേരും വീടുകളം എല്ലാവർക്കും ഉണ്ട്. വെള്ളവും വെളിച്ചവും എത്തിയിട്ടുണ്ട് വീട് വൈദ്യുതീകരണം പൂർത്തിയായിട്ടില്ല. കോളനികളുടെ റോഡിന്റെ സ്ഥിതി മോശമാണ്.

48 കുടുംബങ്ങളം താമസിക്കുന്ന അംബേദ്ക്കർ കോളനിയിൽ വടക്കെപ്പള്ളം കിഴക്കേപള്ളം വരിക്കുണ്ട് എന്നീ മൂന്ന് പ്രദേശങ്ങളം ഉണ്ട്. അംബേദ്ക്കർ ഗ്രാമം പദ്ധതിയുടെ ഭാഗമായി നടത്തിയ വികസന പ്രവർത്തനത്തിന്റെ ഭാഗമായും വീടും, വൈദ്യുതിയും റോഡ് സൗകര്യവും ഉണ്ടായിട്ടുണ്ട്. കുടിവെള്ളം എത്തിയിട്ടില്ല. വീടുകളുടെ വൈദ്യുതീകരണം പൂർത്തിയായിട്ടില്ല.

6 കുടുംബങ്ങളം താമസിക്കുന്ന ചോഴിയൻപാറ ഹരിജൻ കോളനിയിൽ വീട് ഉണ്ടെങ്കിലും വെള്ളം, വെളിച്ചം, റോഡ് എന്നിവ എത്തിയിട്ടില്ല. കുടുംബങ്ങളുടെ എണ്ണക്കുറവുകൊണ്ട് ഒരു ഘടക പദ്ധതിയിലും ഉൾപെടുത്താൻ കഴിയുന്നില്ല.

22 കുടുംബങ്ങളം താമസിക്കുന്ന അറളാക്കോട് ഐ എച്ച് ഡി പി ഹരിജൻ കോളനിയിൽ 1995–ലെ ഐ എച്ച് ഡി പി കോളനി പദ്ധതിയിൽ ഉൾപ്പെടുത്തി വെള്ളം വെളിച്ചം, റോഡ് എന്നീ സൗകര്യങ്ങളം എത്തിയിട്ടുണ്ട്. മുഴുവൻ കുടുംബങ്ങൾക്കും വീട് ഉണ്ട്.

8 കുടുംബങ്ങളം താമസിക്കുന്ന മണപ്പാടം വടക്കേക്കളം ഹരിജൻ കോളനിയിൽ വീടുകളം എല്ലാവർക്കും ഉണ്ടെങ്കിലും വെള്ളം, വെളിച്ചം, റോഡ് എന്നീ സൗകര്യങ്ങളം ഇല്ല.

പഞ്ചായത്ത് അതിർത്തിയിലെ ഭൂരിപക്ഷം ഹരിജൻ കുടുംബങ്ങൾക്കും വീടുനിർമ്മിച്ചിട്ടുണ്ടെങ്കിലും വീടിനോട് അനുബന്ധിച്ച് നിർമ്മിക്കേണ്ട കക്കൂസുകളുടെ പണി പൂർത്തീകരിക്കുന്നില്ല. 95% കുടുംബങ്ങൾക്കും കക്കൂസ് സൗകര്യം ഇല്ല സ്വന്തമായിവീടില്ലാത്ത ഹരിജനങ്ങൾക്ക് വീട് വെക്കാൻ സഹായം ലഭിക്കുന്നതിനുവേണ്ടി കൈവശരേഖകൾ ഇല്ലാത്ത പ്രശ്നവും ഉണ്ട്. വൈദ്യുതീകരണം പൂർത്തീകരിച്ച വീടുകളിൽ കണക്ഷൻ ലഭിക്കാൻ താമസം നേരിടുന്നു.

പട്ടികജാതിക്കാരായ ഭൂരിപക്ഷംപേരും കർഷകതൊഴിലാളികൾ ആണ്. പരമ്പരാഗത തൊഴിലാളികളായ കുറച്ചുപേരും ഉണ്ട്. വർഷത്തിൽ ശരാശരി 100 ദിവസങ്ങളിലെ അവർക്ക് തൊഴിൽ ലഭിക്കുന്നുള്ളു. തൊഴിലില്ലായ്മ പട്ടികജാതിക്കാരുടെ പ്രധാന പ്രശ്നമാണ്.

പട്ടികജാതി വിദ്യാർത്ഥികളുടെ പഠനം

ക്ലാസ്സ്	ആൺ	പെൺ	ആകെ
1	11	13	24
2	26	17	43
3	20	19	39
4	19	20	39
5	31	26	57
6	26	18	44
7	34	28	62
8	33	25	58
9	15	23	38
10	18	14	32
ആകെ	233	203	436

ഹരിജൻ വിഭാഗത്തിൽ പെട്ടവർ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയിലാണ്. 10-ാം ക്ലാസ്സോടുകൂടി വിദ്യാഭ്യാസം അവസാനിക്കുന്നു. S. S L C. ജയിക്കുന്ന കുട്ടികൾ എണ്ണത്തിൽ കുറവാണ്. കോളേജ് വിദ്യാഭ്യാസ രംഗത്ത് നാമമാത്രമായേ എത്തുന്നുള്ളു. ഇപ്പോഴും ഹരിജൻ വിഭാഗത്തിൽ ബിരുദം നേടിയവർ പഞ്ചായത്തിൽ ഇല്ല.

വിദ്യാർത്ഥികളിൽ തോറ്റു പഠിക്കുന്നവർ 44
കഴിഞ്ഞവർഷം പഠനം നിർത്തിയവർ 12

ഹരിജൻ കുട്ടികളിൽ ഭൂരിപക്ഷം പേരും സ്ക്കൂൾ വിദ്യാഭ്യാസ രംഗത്ത് എത്തുന്നുണ്ട്. കൊഴിഞ്ഞുപോക്കും കുറവാണ്. എന്നാൽ വിദ്യാലയങ്ങളിൽ കൃത്യമായി വരാത്ത പ്രശ്നം ഉണ്ട്. കുടുംബത്തിന്റെ തൊഴിലില്ലായ്മയും സീസനുകളിൽ വീടുകളിൽ സഹായിക്കാൻ നിറുത്തുന്നതുകൊണ്ടാണ് കൃത്യമായി സ്ക്കൂളിൽ പഠിക്കാതിരിക്കുന്നത്.

വൈദ്യുതീകരണം പൂർത്തീകരിച്ച കോളനികൾ:—

	കോളനിയുടെ പേര്	വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ
1	കുതിരംപറമ്പ്	12
2	അറളാക്കോട്	8
3	അയിത്താപറമ്പ്	10
4	വെട്ടുകാട്	10
5	മൊതയംകോട്	19
6	ചെറുകാഞ്ഞിരക്കോട്	10
7	അംബേദ്ക്കർകോളനി	20
8	പാട്ടോല ഹരിജൻ കോളനി	18

IRDP പദ്ധതിപ്രകാരം സർവ്വെ ലിസ്റ്റിലുള്ള പട്ടികജാതി കുടുംബങ്ങൾ 120 ആണ്.

IRDP		സഹായം ലഭിച്ചവർ
92 – 93	—	7
93 – 94	—	13
94 – 95	—	9
95 – 96	—	7
ആകെ	—	36

വിവിധ വകുപ്പുകളിൽനിന്ന് അനുവദിക്കുന്ന ധനസഹായ വിതരണം ഭൂരിപക്ഷം കുടുംബങ്ങൾക്കും ലഭിക്കുന്നില്ല. പഞ്ചായ

ത്ത് അതിർത്തിയിൽ നടക്കുന്നസാമൂഹ്യമായ പ്രവർത്തനങ്ങളിലും ബഹുജന സംഘടനകളിലും ഹരിജൻ വിഭാഗക്കാർ പങ്കെടുക്കുന്നുണ്ട്. ജാതിപരമായ ഉച്ചനീചത്വം തീരെ ഇല്ല എന്നുതന്നെ പറയാം. ജാതി പറഞ്ഞു വിളിക്കുന്ന രീതിയും പഞ്ചായത്ത് അതിർത്തിയിൽ ഇല്ല. പട്ടികജാതി വിഭാഗക്കാരുടെ വീടുകളിൽ നടക്കുന്ന വിവാഹ–മരണ ചടങ്ങുകളിൽ മറ്റു സമുദായക്കാർ പങ്കെടുക്കാറുണ്ട്. ഇവരുടെ വീടുകളിൽ നിന്നും ഭക്ഷണം കഴിക്കുന്ന പതിവുകളും ഉണ്ട്.

പ്രശ്നങ്ങൾ ഗ്രാമസഭാ നിർദേശങ്ങൾ:–

1 പട്ടികജാതി കോളനികളിൽ അടിസ്ഥാന സൗകര്യങ്ങളായ് വെള്ളം, വെളിച്ചം, കക്കൂസ് എന്നിവയില്ല.

2 ഹരിജനങ്ങളുടെ ഇടയിൽ തൊഴിലില്ലായ്മയുണ്ട്.

3 വിദ്യാർത്ഥികൾ കൃത്യമായി സ്കൂളുകളിൽ പോകുന്നില്ല.

4 അലക്കുതൊഴിലിൽ ഏർപ്പെട്ടവർക്ക് പരമ്പരാഗത രീതികളാണ് പിൻതുടരുന്നത്.

5 കൈവശ ഭൂമിക്ക് കൃത്യമായ രേഖകൾ ഇല്ലാത്തതിനാൽ ആനുകൂല്യങ്ങളും വീടും ലഭിക്കാൻ പ്രയാസം നേരിടുന്നു.

6 അർഹമായ ആനുകൂല്യങ്ങൾ നേടാൻ പ്രയാസം നേരിടുന്നുണ്ട്.

7 ഈറ തൊഴിലിൽ ഏർപ്പെട്ടവർക്ക് അസംസ്കൃത പദാർത്ഥങ്ങൾ ലഭിക്കാനും വിപണനത്തിനും പ്രയാസങ്ങൾ നേരിടുന്നു.

8 പട്ടികജാതി സഹകരണ സംഘം പ്രവർത്തിക്കുന്നില്ല.

9 വൈദ്യുതീകരണം പൂർത്തീകരിച്ച വീടുകളിൽ വൈദ്യുതി കണക്ഷൻ ലഭിക്കാൻ പ്രയാസങ്ങൾ നേരിടുന്നു.

10 സ്വന്തമായി വീടുള്ളവർക്ക് വീടുകളുടെ അറ്റകുറ്റപണികൾ നടത്താൽ കഴിയുന്നില്ല.

11 ഹരിജൻ വിദ്യാർത്ഥികളിൽ ഭൂരിപക്ഷം പേരും 10 ാം ക്ലാസ്സ് ജയിക്കുന്നില്ല.

സാധ്യതകൾ:–

1 ജനസംഖ്യാനുപാതികമായി വികസന പദ്ധതികൾക്കുള്ള തുക നീക്കി വെക്കുക

2 കൈത്തൊഴിലുകാരായ ഹരിജനങ്ങൾക്ക് കുടുംബാടിസ്ഥാനത്തിലുള്ള സ്കീമുകൾ ഉണ്ടാക്കണം.

3 എല്ലാ പട്ടികജാതി കോളനികളും അടിസ്ഥാന സൗകര്യങ്ങളായ വെള്ളം, വെളിച്ചം എന്നിവ എത്തിക്കുക.

4 ചെറുകിട ജലസേചനം. ഗ്രാമീണ വൈദ്യുതീകരണം, മണ്ണ് സംരക്ഷണം തുടങ്ങിയ സ്കീമുകൾ ആവശ്യമാണ്.

5 വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തണം

6 അലക്കുതൊഴിലാളികൾക്കുള്ള പ്രത്യേക സ്കീമുകൾ ആവിഷ്കരിക്കണം.

7 പട്ടികജാതി കോളനികളിൽ പ്രത്യേക ആരോഗ്യരക്ഷാ പ്രവർത്തനങ്ങൾ ആവശ്യമാണ്.

8 പട്ടികജാതിക്കാർക്കുള്ള നടപ്പുക്ഷേമ പദ്ധതികൾ എല്ലാം വിപുലീകരിച്ചു നടപ്പിലാക്കാൻ ആവശ്യമായ പദ്ധതികൾ ആവശ്യമാണ്.

9 ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ ഭാഗമായി ഹരിജനങ്ങൾക്കും കൈത്തൊഴിലുകാർക്കും ധാരാളം തൊഴിൽ സാധ്യതകൾ ഉണ്ടാകുന്ന രീതിയിൽ നിർമ്മാണപ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

10 പട്ടികജാതി സഹകരണ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം.


11 പട്ടികജാതിക്കാരുടെ കൈവശ ഭൂമിക്ക് രേഖ ഉണ്ടാക്കാൻ ആവശ്യമായ സംവിധാനം വേണം.

12 നിലവിലുള്ള ക്ഷേമ പദ്ധതികളെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം.

13 തുടർ സാക്ഷരതാ പ്രവർത്തനം പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച് സംഘടിപ്പിക്കണം.

14 എല്ലാ പട്ടികജാതി കോളനികളിലും ടി.വി സെറ്റ് നൽകണം.

15 പട്ടികജാതിക്കാരെ സംബന്ധിച്ച് സമഗ്രമായ പഠനം നടത്തുകയും അതിനനുസരിച്ച് ഒരു ഡയറക്ടറി തയ്യാറാക്കി തുടർ ക്ഷേമ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യണം.



7.15 സഹകരണമേഖല

പുതുക്കോട് ഗ്രാമ പഞ്ചായത്തിൽ സഹകരണമേഖലക്ക് ഭൂരിഭാഗം ജനങ്ങളുടേയും പ്രസ്ഥാനമായി ഉയർന്നുവരാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധിവരെ ജനങ്ങളുടെയിടയിലേക്ക് ഇറങ്ങിച്ചെല്ലാൻ സഹകരണരംഗത്തിന്ന് കഴിഞ്ഞിട്ടുണ്ട് എന്ന് പറയാതെ വയ്യ. കാർഷികം, നെയ്ത്ത്, ക്ഷീരം എന്നീ മേഖലകളിലാണ് നമ്മുടെ പഞ്ചായത്തിൽ സംഘങ്ങൾ രൂപം കൊണ്ടിട്ടുള്ളത്.

കേരളത്തിന്റെ നെല്ലറകളിലൊന്നായ പാലക്കാട് ജില്ലയിലെ കർഷകരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ജില്ലയിൽ സഹകരണ സംഘങ്ങളുടെ രൂപീകരണത്തിന്റെ ആരംഭം എന്ന നിലയിൽ, മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന കാലത്ത് കേരളത്തിൽ ആദ്യമായി രൂപം കൊണ്ട വിവിധോദ്ദേശ സഹകരണസംഘങ്ങളിലൊന്നാണ് പിൽക്കാലത്ത് കണ്ണമ്പ്ര സഹകരണബാങ്കായി രൂപാന്തരപ്പെട്ടത്. പ്രസ്തുത ബാങ്കിന്റെഒരു ശാഖ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

പുതുക്കോട് തെരുവ് പ്രദേശം കേന്ദ്രീകരിച്ചാണ് പഞ്ചായത്തിൽ നെയ്ത്തുകാർ ഉള്ളത്. എല്ലാവരുംതന്നെ മുസ്ലീം സമുദായത്തിൽ പെട്ടവരാണ്. പണ്ട് നെയ്ത്തുകാർ വീടുകളിൽ നെയ്യുകയും അവർക്കാവശ്യമായ നൂല് ചില ഏജൻസികൾ എത്തിച്ചു കൊടുക്കുകയുമായിരുന്നു പതിവ്. ഈ ഏജൻസികൾക്ക് സർക്കാരിൽ നിന്നും ചൂരുങ്ങിയ വിലക്ക് നൂല് ലഭിക്കുന്നതിനുള്ള ഏർപ്പാടുണ്ടായിരുന്നു. പോരാത്തത് അയൽപ്രദേശമായ കോയമ്പത്തൂരിൽ നിന്ന് കൊണ്ടുവന്നിരുന്നു. എന്നാൽ ഇവരുടെ നൂൽ ഉപയോഗിച്ച് നെയ്യുന്ന തുണികൾ നെയ്ത്തുകാർക്ക് വിൽപ്പന നടത്താൻ അവകാശമുണ്ടായിരുന്നില്ല. നാമമാത്രമായ പ്രതിഫലം നൽകി പ്രസ്തുത ഏജൻസികൾ തന്നെ തുണികൾ സംഭരിക്കുകയും വീടുകളിലും വസ്ത്രവ്യാപാര സ്ഥാപനങ്ങളിലും വിൽപന നടത്തി നല്ല ലാഭം നേടിയിരുന്നു. ഇത്തരം തുണിത്തരങ്ങളുടെ വിൽപ്പന ഭൂരിഭാഗവും നടന്നിരുന്നത് കോഴിക്കോടാണ്. ഇത്തരത്തിൽ ചൂഷിതരായ നെയ്ത്തുകാർ തങ്ങളുടെ ജോലി സ്ഥിരതക്കും മെച്ചപ്പെട്ട വേതനത്തിനും വേണ്ടി ഈ മേഖലയിൽ സംഘങ്ങൾ ഉണ്ടാക്കി പ്രവർത്തനം തുടങ്ങി. അങ്ങനെ 1952 ൽ പുതുക്കോട് വീവേഴ്സും, 1956ൽ മാർലാട് വീവേഴ്സും പ്രവർത്തനമാരംഭിച്ചു.

താഴെ പറയുന്ന സഹകരണ സംഘങ്ങളാണ് പഞ്ചായത്തിൽ നിലവിലുള്ളത്.

---

1 കണ്ണമ്പ്ര സേവന സഹകരണബാങ്ക് (പുതുക്കോട് ശാഖ)

2 മാർലാട് വീവേഴ്സ് കോ-ഓപ്പ്: സൊസൈറ്റി.

3 പുതുക്കോട് വീവേഴ്സ് കോ–ഓപ്പ്: സൊസൈറ്റി.

4 പുതുക്കോട് ഹരിജൻ വെൽഫെയർ വീവേഴ്സ് സൊസൈറ്റി.

5 പുതുക്കോട് ക്ഷീര വ്യവസായ സഹ:സംഘം

6 പുതുക്കോട് ഹരിജൻ സഹ: സംഘം (പ്രവർത്തനക്ഷമമല്ല.)

7 സ്ക്കൂൾ സഹകരണ സംഘങ്ങൾ.

1961 ൽ പ്രവർത്തനമാരംഭിച്ച കണ്ണമ്പ്ര സേവന സഹകരണ ബാങ്കിന്റെ ശാഖ 1973 ൽ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ചു. പഞ്ചായത്തിലെ 2897 പേർ അംഗങ്ങളായുണ്ട്. മാർലാട് വീവേഴ്സ് സൊസൈറ്റിയിൽ കൂടുതൽ തൊഴിലാളികൾക്ക് ജോലി നൽകുവാൻ പുതിയ സംരംഭങ്ങൾ തുടങ്ങിക്കാണുന്നത് ആശാവഹമാണ്. പാലക്കാട് ജില്ലയിൽ പട്ടുനെയ്ത്ത് പരിശീലന / ഉൽപാദനകേന്ദ്രം ആരംഭിച്ചത് ഇവിടെയാണ്. 529 പേർ സംഘത്തിൽ അംഗങ്ങളാണ്. പുതുക്കോട് കൈത്തറി നെയ്ത്ത് സഹ:സംഘത്തിൽ 815 പേർ അംഗങ്ങളായിട്ടുണ്ട്. പുതുക്കോട് ക്ഷീരവ്യവസായ സഹ;സംഘത്തിൽ 463 പേർ അംഗങ്ങളായുണ്ട്. ഇവരിൽ 30% സ്ത്രീകളാണ്. പുതുക്കോട് ഹരിജൻ വെൽഫയർ വീവേഴ്സ് സഹ:സംഘത്തിൽ 59പേർ അംഗങ്ങളായുണ്ട്.

സഹകരണസംഘങ്ങളെ സംബന്ധിച്ച സ്ഥിതിവിവരങ്ങൾ ഇതോടനുബന്ധിച്ച പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഏറ്റവും കൂടുതൽ പേർ അംഗങ്ങളായവർ കണ്ണമ്പ്ര സേവന സർവ്വീസ് ബാങ്കിലാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏക ക്രഡിറ്റ് സഹ:സംഘമാണിത്. സംഘം 16.55 ലക്ഷം രൂപ കാർഷിക വായ്പ നൽകിയിട്ടുണ്ട്. ഏറ്റവും കൂടുതൽ വായ്പ അനുവദിച്ചത് മരച്ചീനി, നെല്ല് തുടങ്ങിയ വിളകൾക്കാണ്. നാണ്യവിളകളായ തെങ്ങ്, റബ്ബർ എന്നിവക്ക് നാമമാത്രവായ്പയേ നൽകപ്പെട്ടിട്ടുള്ളു. കാർഷിക വികസനത്തിനു വേണ്ടി പ്രവർത്തിക്കുന്ന ബാങ്ക് 65.97 ലക്ഷം രൂപ സ്വർണ്ണപണയ വായ്പകൾ നൽകിയിരിക്കുന്നു. പിരിഞ്ഞുകിട്ടുവാനുള്ള വായ്പകളിൽ ഗോൾഡ് ലോൺ 10.29 ലക്ഷവും. കാർഷിക വായ്പകൾ 5.78 ലക്ഷവുമാണ്. സംഘത്തിന് പൊതുജനങ്ങളിൽ നിന്നും സ്ഥിരമായി 40.11 ലക്ഷം രൂപയും, ഹ്രസ്വമായി 10.53 ലക്ഷം രൂപയും നിക്ഷേപം ലഭിച്ചിട്ടുണ്ട്. പ്രമുഖ കൈത്തറി നെയ്ത്ത് സഹകരണ സ്ഥാപനങ്ങളായ പുതുക്കോട്, മാറലാട് സംഘങ്ങൾക്ക് NABARDഉം PDC ബാങ്കും വായ്പ നൽകിയിരിക്കുന്നു. മാറലാട് സംഘത്തിന് 45.65 ലക്ഷം രൂപ വായ്പ ലഭിച്ചപ്പോൾ(ക്യാഷ് ക്രെഡിറ്റ്)പുതുക്കോട് സംഘത്തിന് 15.04 ലക്ഷംരൂപ മാത്രമാണ്. ഹരിജൻ വെൽഫെയർ സഹ:സംഘത്തിനും, ക്ഷീര വ്യവസായ സഹ:സംഘത്തിനും യാതൊരുവിധ വായ്പയും ലഭിച്ചിട്ടില്ല

സഹ: സംഘങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ:–

1 സഹകരണ മേഖലയുടെ ആവശ്യകത, പ്രത്യേകത, പ്രാധാന്യം ഇവയെ സംബന്ധിച്ചുള്ള അറിവ് ജനങ്ങൾക്ക് വളരെ കുറവാണ്.

2 പഞ്ചായത്തിൽ 22% ആളുകൾ മാത്രമെ സഹകരണ സംഘങ്ങളിൽ അംഗത്വം നേടിയിട്ടുള്ളൂ. മേഖലയുടെ പുരോഗതിക്ക് ഇത് തടസ്സമാണ്.

3 ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള മൂലധന ലഭ്യത സംഘങ്ങൾക്കില്ല.

4 പഞ്ചായത്തിലെ നിക്ഷേപങ്ങളുടെ സിംഹഭാഗവും വാണിജ്യ ബാങ്കുകളിലേക്ക് ഒഴുകുന്നു. ഇതുമൂലം ധനം പഞ്ചായത്തിൽ നിക്ഷേപിക്കപ്പെടുന്നില്ല.

5 സഹകരണ മേഖലയിൽ അഴിമതിയും, ധൂർത്തും നിലനിൽക്കുന്നു.

6 കാർഷിക കടാവശ്യങ്ങൾ പൂർണ്ണമായി നിറവേറ്റാൻ സഹകരണ മേഖലക്ക് കഴിയുന്നില്ല.

7 കക്ഷി രാഷ്ട്രീയാടിസ്ഥാനത്തിൽ സംഘത്തിൽ അംഗത്വവിതരണം നടത്തപ്പെടുന്നു

8 ധന സഹായങ്ങളും മറ്റു ആനുകൂല്യങ്ങ

സഹകരണ സംഘങ്ങൾ സംബന്ധിച്ച വിവരങ്ങൾ

സ്ഥാപനത്തിന്റെപേര്	പ്രവർത്തന പരിധി	ക്രഡിറ്റ് നോൺ ക്രഡിറ്റ്	ആരംഭിച്ച വർഷം	അംഗങ്ങം	ഓഹരി വില രൂപ	അംഗീകൃത ഓഹരി മൂലധനം	പിരിഞ്ഞു കിട്ടിയഓഹരിമൂലധനം	സർക്കാർ ഓഹരി	പരമാവധി കടം എടുക്കാവുന്ന തുക	പൊതുജനങ്ങളിൽ നിന്നുംസ്വീകരിച്ച നിക്ഷേപങ്ങം സ്ഥിരം	ഹ്രസ്വകാലം
പുതുക്കോട് കൈത്തറി നെയ്ത്ത് സഹ സംഘം	പുതുക്കോട്	നോൺക്രെഡിറ്റ്, ഉത്പാദന / വിപണന സംഘം	1952	815	200	15 ലക്ഷം	2.71 ലക്ഷം	8.5 ലക്ഷം	118.33 ലക്ഷം	ഇല്ല	ഇല്ല
മാർലാട് കൈത്തറി നെയ്ത്ത് സഹ:സംഘം	മാർലാട് തെരുവ് ചെറിയമാർലാട്, ചീനിക്ക, കുന്നിശ്ശേരി, കണ്ണമ്പപഞ്ചായത്ത്	നോൺക്രഡിറ്റ്, ഉൽപ്പാദന/ വിപണന സംഘം	1956	529	200	50 ,,	36.71 ,,	26.41 ,,	758 ,,	—	—
ഹരിജൻ വെൽ ഫയർ വീവേഴ്സ് സഹ:സംഘം പുതുക്കോട്	പുതുക്കോട്, കണ്ണമ്പ, ആലത്തൂർ, കാവശ്ശേരി കിഴക്കഞ്ചേരി	നോൺ ക്രഡിറ്റ്	1983	59	200	5 ,,	0.83 ,,	0.65 ,,	25ഇരട്ടി	—	—
കണ്ണമ്പ കോ: സർവ്വീസ് ബാങ്ക്	കണ്ണമ്പ പുതുക്കോട്	ക്രഡിറ്റ്	1961	2897	5	25 ,,	11.99 ,,	25 ,,	35 ,,	40.11 ലക്ഷം	10.53 ലക്ഷം

പുതുക്കോട് ക്ഷീരവ്യവസായ സഹ.സംഘം	പുതുക്കോട്	നോൺ ക്രെഡിറ്റ്	1975	463	10	0.22 ,,	0.04 ,,	—	—	—	—
പുതുക്കോട് പഞ്ചായത്ത് പട്ടികജാതിസഹ കരണസംഘം	മണപ്പാടം	ക്രെഡിറ്റ്	1982	487	10	3 ,,	0.48 ,,	0.50 ,,	20 ,,	—	...

നൽകിയിട്ടുള്ള വായ്പകൾ

കാർഷികവായ്പകം	മറ്റുവായ്പകം	പ്രത്യേക വായ്പകം	സ്ഥാപനങ്ങളിൽനിന്നും സ്വീകരിച്ചവായ്പകം	കിട്ടാനുള്ളവായ്പകം
——		—	NABARD – Cash Credit 11.18 ലക്ഷം PDC Bank Cash Credit 3.86ലക്ഷം	——
——		—	NABARD – CashCredit 30.65 ലക്ഷം PDC Bank Cash Credit 15 ലക്ഷം	——
——	Share loan Rs. 4050	—		——
നെല്ല് 5.76 ലക്ഷം, തെങ്ങ് 0.09ലക്ഷം കപ്പ 7.91 ,, വാഴ 1.6 ,, റബർ 0.04 ,, ഇഞ്ചി 1.69 ,,	Gold loan Rs.65.97 ലക്ഷം	—		കാർഷികം 5.78 ലക്ഷം ഗോൾഡ് 10.29 ലക്ഷം ലോൺ
——	——	—		
——	0.11810ലക്ഷം			0.11810 ലക്ഷം

ളും യഥാസമയം കിട്ടുന്നില്ല.

9 രാസവളം കീടനാശിനി തുടങ്ങിയവ കൃത്യസമയത്ത് ലഭിക്കുന്നില്ല.

10 മുഴുവൻ ക്ഷീരോത്പാദകർക്കും തങ്ങളുടെ ഉത്പന്നം വിപണനം നടത്താൻ സഹകരണ സംഘത്തിന്റെ പ്രവർത്തനം വിപുലമല്ല.

11 വായ്പകളും വകമാറി ചിലവഴിക്കപ്പെടുകയും കൃത്യസമയത്ത് തിരിച്ചടക്കാതിരിക്കുകയും ചെയ്യുന്നു.

12 കൈത്തറി സഹ:സംഘങ്ങൾക്ക് മെച്ചപ്പെട്ട വ്യാവസായിക മാനേജ്മെന്റ് ലഭ്യമല്ല.

13 ഉത്പാദനവും വിപണനവും ആധുനികവത്ക്കരിക്കാൻ മൂലധനം ലഭിക്കുന്നില്ല.

ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന നിർദേശങ്ങൾ:–

1 എല്ലാ വാർഡുകളിലും പാലുൽപ്പാദന/വിപണന സഹകരണസംഘങ്ങളും സ്ഥാപിക്കുകയോ, പ്രവർത്തന ബ്രാഞ്ചുകളും തുടങ്ങുകയോ ചെയ്യണം.

2 ക്ഷീര സഹകരണസംഘത്തിൽ കാലിത്തീറ്റയും, കാലികളും ഉപഭോക്താക്കൾക്ക് ലഭിക്കുവാൻ സൗകര്യമുണ്ടാവണം.

3 ക്ഷീര സഹ:സംഘം വിപുലീകരിച്ച് പാൽ സംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കണം.

4 പുതുക്കോട് നെയ്ത്ത് സഹ:സംഘത്തിന് മൂലധന ലഭ്യത ഉറപ്പുവരുത്തണം, ആധുനിക തൊഴിലുപകരണങ്ങളും, തൊഴിൽ പരിശീലനം എന്നിവ ലഭ്യമാക്കണം.

5 ഉൽപ്പന്ന വിലയിൽ വിവിധ സംഘങ്ങളും തമ്മിൽ ഏകീകരണം സാധ്യമാവണം.

6 മൂലധന ലഭ്യത വർദ്ധിപ്പിച്ചാൽ മാറലാട് സഹ:സംഘത്തിന് കൂടുതൽ പുരോഗതി കൈവരിക്കാൻ കഴിയും.

7 ഹരിജൻ വെൽഫയർ –നെയ്ത്ത് സഹ: സംഘത്തിന് മൂലധന ലഭ്യതയും. ആധുനിക വത്ക്കരണവും സാധ്യമാവണം.

8 കാർഷികോൽപ്പന്നം / ബീഡിവ്യവസായം കളിമൺ / പനമ്പ്നെയ്ത്ത്/ കോഴി–കോഴിമുട്ട/ ഖാദി/പൂകൃഷി/പപ്പടം തുടങ്ങിയ മേഖലയിൽ സഹകരണ സംഘങ്ങൾരൂപീകരിക്കണം.

9 സഹകരണ മാവേലിസ്റ്റോർ ആരംഭിക്കണം.

10 സഹകരണ പച്ചക്കറിചന്ത ആരംഭിക്കണം.

11 പൊതു ജനങ്ങൾക്ക് സഹകരണസ്ഥാപനങ്ങളുടെ ആവശ്യകതയെ കുറിച്ച് ബോധവൽക്കരണവും, പഠന ക്ലാസ്സുകളും നടത്തണം.

12 സംഘങ്ങൾക്ക് കുറഞ്ഞ ബാങ്ക് നിരക്കിൽ വായ്പ ലഭ്യമാക്കണം.

13 സംഘങ്ങളുടെ ലാഭം ഉപയോഗിച്ച് ജനക്ഷേമ പ്രവർത്തനങ്ങളും നടത്തണം.

14 കണ്ണമ്പ്ര സേവന ബാങ്കിന്റെ പ്രവർത്തന പരിധി വർദ്ധിപ്പിക്കണം.

15 പുതുക്കോട് പഞ്ചായത്തിനുമാത്രമായൊരു സേവന ബാങ്ക് ഉണ്ടാവണം.

16 സഹകരണ സംഘങ്ങൾ രാഷ്ട്രീയത്തിനതീതമായി പ്രവർത്തിക്കണം, ബ്ലേഡുകമ്പനികളെപ്പോലെ തരം താഴരുത്.

ചില പ്രായോഗിക നിർദ്ദേശങ്ങൾ/ സാധ്യതകൾ:–

1 സഹകരണ പ്രസ്ഥാനത്തിന്റെ പ്രാധാന്യത്തെയും, ആവശ്യകതയെയും സംബന്ധിച്ച് വ്യാപകമായ ബോധവൽക്കരണം നടത്തണം.

2 പഞ്ചായത്തിലെ മുഴുവൻനിക്ഷേപങ്ങളും സഹകരണ സ്ഥാപനങ്ങൾക്ക് ലഭ്യമാവാൻ നിക്ഷേപ സമാഹരണം വിപുലമാക്കണം.

3 കാർഷികാവശ്യങ്ങൾക്ക് ആവശ്യമായ രാസവളം, കീടനാശിനി എന്നിവ കൃത്യസമയത്ത് ലഭ്യമാക്കുക.

4 അഴിമതിയും ധൂർത്തുമില്ലാതെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളും നിസ്വാർത്ഥമായ സേവനം ഉറപ്പുവരുത്തണം.

5 കാർഷിക കടാവശ്യം പൂർത്തീകരിക്കാൻ പുതിയ പദ്ധതികളും ആവിഷ്ക്കരിക്കണം

6 അർഹതയുള്ള മുഴുവൻപേർക്കും സഹകരണ സ്ഥാപനങ്ങളിൽ അംഗത്വം നൽകണം.

7 വായ്പകളും യഥാർത്ഥ ആവശ്യങ്ങൾക്കുപയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്തുക.

8 വായ്പകളും കൃത്യമായി തിരിച്ചടക്കാൻ കർഷകരെ പ്രേരിപ്പിക്കുകയും, ബോധവൽക്കരിക്കുകയും ചെയ്യുക.

9 കർഷകരുടെ ഉത്പന്നങ്ങൾ ശേഖരിക്കുന്നതിനും, അവ സംസ്ക്കരിച്ച് വിപണനം നടത്തുന്നതിനും ഒരു മാർക്കറ്റ് സംഘം സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിഗണിക്കണം.

10 പഞ്ചായത്തിൽ പുതിയതായി സഹകരണ ബാങ്ക് രൂപീകരിക്കാൻ പദ്ധതിആവിഷ്ക്കരിക്കണം.

11 പഞ്ചായത്തിൽ പഴം, പച്ചക്കറി, പൂ, കോഴി–കോഴിമുട്ട എന്നീ കാർഷിക ഉൽപ്പന്നങ്ങൾക്ക് സഹ:സംഘംരൂപീകരിക്കണം

12 ഹരിജൻ വെൽഫയർ സഹകരണസംഘം പുനരുജ്ജീവിപ്പിക്കാനുള്ള പദ്ധതി ആവിഷ്ക്കരിക്കണം.

13 എല്ലാ സഹ:സംഘങ്ങൾക്കും മൂലധനലഭ്യത ഉറപ്പുവരുത്തുക.

14 ക്ഷീരോത്പാദന സഹ:സംഘത്തിന്റെ പ്രവർത്തനം പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും വ്യാപിപ്പിക്കുകയോ, പുതിയ സംഘം ആരംഭിക്കുകയോ ചെയ്യുക.

15 കൈത്തറി സഹ:സംഘങ്ങളിൽ ആധുനികവത്ക്കരണവും, മൂലധന ലഭ്യതയും മെച്ചപ്പെട്ട വ്യാവസായിക മാനേജ്മെൻറും ലഭ്യമാവുവാൻ പദ്ധതി ആവിഷ്ക്കരിക്കണം.

16 ഉത്പന്ന വില ഏകീകരിക്കുവാനുള്ള സാധ്യതകൾ പരിഗണിക്കണം.

17 ബീഡി/ ഖാദി/ കളിമൺ പാത്രം/ പനമ്പ് നെയ്ത്ത്/ പപ്പടം തുടങ്ങിയ വ്യവസായിക സഹകരണ സംഘങ്ങൾ ആരംഭിക്കുവാനുള്ള സാധ്യതകൾ പരിഗണിക്കണം.

18 സഹകരണ പച്ചക്കറി ചന്ത, മാവേലി സ്റ്റോറുകൾ എന്നിവ ആരംഭിക്കുവാൻ പദ്ധതി ആവിഷ്ക്കരിക്കണം.

19 നിലവിലുള്ള പട്ടികജാതി സഹ:സംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കണം.

20 സ്ക്കൂൾ സഹകരണങ്ങൾ വിദ്യാർത്ഥികൾക്കാവശ്യമായ മുഴുവൻ പഠനോപകരണങ്ങളും മിതമായ വിലക്ക് വിതരണം ചെയ്യുവാനുള്ള പദ്ധതി ആവിഷ്ക്കരിക്കണം.

21 സ്ക്കൂൾ സഹ:സംഘങ്ങളുടെ ആഭിമുഖ്യത്തിൽ നോട്ടുപുസ്തകം/ കുട എന്നിവ നിർമ്മിക്കുവാനുള്ള യൂണിറ്റുകൾ ആരംഭിക്കണം.


22 സഹകരണ മേഖലയിൽ കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുക.

23 പുളി, മരച്ചീനി എന്നിവ സംസ്ക്കരിച്ച് വിപണനം നടത്താൻ ആവശ്യമായ സഹ:സംഘം ആരംഭിക്കുക.

24 വനിതാ വ്യവസായ സംരംഭങ്ങൾ സഹകരണ മേഖലയിൽ ആരംഭിച്ച് തീപ്പെട്ടി, ചന്ദനത്തിരി, മെഴുകുതിരി, ഭക്ഷണ സാധനങ്ങൾ, റെഡിമെയ്ഡ്വസ്ത്രങ്ങൾ എന്നിവ ഉൽപാദിപ്പിക്കാനുള്ള സംരംഭങ്ങൾ ആരംഭിക്കുക.

25 ചെറുകിട കച്ചവടക്കാരുടെ സഹ:സംഘം ആരംഭിക്കുക.





7.16 വിഭവസമാഹരണം

സാമ്പത്തികമായി പിന്നണിയിലുള്ള പഞ്ചായത്താണ് നമ്മുടേത്. വികസന പ്രവർത്തനങ്ങൾ സർക്കാർ ഗ്രാൻറുകളെആശ്രയിച്ചു മാത്രമേ സംഘടിപ്പിക്കാൻ കഴിയുന്നുള്ളു. സ്വന്തമായ പ്രവർത്തനങ്ങൾ ഒന്നും തന്നെ ഏറ്റെടുക്കാൻ പഞ്ചായത്ത് ഭരണസമിതിക്കു കഴിയുന്നില്ല. വരുമാനക്കുറവുകൊണ്ട് വർഷങ്ങളായി ഫണ്ട് നിയന്ത്രണം ഏർപ്പെടുത്തി കൊണ്ടിരിക്കയാണ്. പഞ്ചായത്തിൽ പ്രധാന വരുമാന മാർഗ്ഗം കെട്ടിടനികുതിയും, തൊഴിൽ നികുതിയും, വിനോദ നികുതിയുമാണ്. ലൈസൻസ്ഫീ ഇനത്തിൽ വളരെ നാമമാത്രമായ സംഖ്യ മാത്രമെ പിരിഞ്ഞു കിട്ടുന്നുള്ളു. സർക്കാർ നികുതി വിഹിതങ്ങളായി വസ്തു കൈമാറ്റ നികുതി വിഹിതം പാഹന്നികുതി വിഹിതം എന്നിവയാണ്.കൂടാതെ വിവിധ സർക്കാർ ഗ്രാൻറുകളായ ഗ്രാമീണറോഡ് സംരക്ഷണ ഗ്രാൻറ്, അൺടൈഡ് ഫണ്ട് ജെ, ആർ. വൈ വിഹിതം എന്നിവയാണ്. കഴിഞ്ഞ മൂന്ന് വർഷങ്ങളായി നമ്മുടെ പഞ്ചായത്തിനെ സ്വാശ്രയഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തിയതിനാൽ ആ ഇനത്തിലുള്ള ഗ്രാൻറുകൂടി ലഭിക്കുകയുണ്ടായി.

വരവിൻെയും ചിലവിൻെയും പൊതുസ്വഭാവം:-

തനതു വരുമാനങ്ങളായ കെട്ടിടനികുതി തൊഴിൽ നികുതി, വിനോദ നികുതി എന്നിവയിൽ കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് നാമമാത്രമായവർദ്ധനവ് ഉണ്ടായിട്ടുണ്ട് എങ്കിലും സർക്കാർ നികുതിയുടെയും ഗ്രാൻറിൻെറയും വർദ്ധനവിനനുസരിച്ച് ഉയരാത്തതിനാൽ ആനുപാതിക പരിശോധനയിൽ കുറഞ്ഞു കാണുന്നതായി മനസ്സിലാക്കാൻ കഴിയും. വിനോദ നികുതി വരവിൽ കാലാനുസൃതമായ പുരോഗതിയില്ല. പഞ്ചായത്തിലെ കെട്ടിട നികുതി ശാസ്ത്രീയമായല്ല ചുമത്തിയിരിക്കുന്നത്. കെട്ടിട നികുതിയിലും വിനോദ നികുതിയിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന കുറവ് നികത്തി ശാസ്ത്രീയമാക്കിയാൽ തന്നെ പഞ്ചായത്തിൻറ വരുമാനം വർദ്ധിക്കും. ലൈസൻസ് ഫീ ഇനത്തിൽ വളരെ കുറച്ചു തുക മാത്രമെ പിരിഞ്ഞു കിട്ടുന്നുള്ളു. ലൈസൻസിങ്ങിൽ കൊണ്ടുവരേണ്ട മുഴുവൻ തുറകളെയും കൊണ്ടു വന്നിട്ടില്ല. തനതുവരുമാനം വർദ്ധിപ്പിച്ചില്ലെങ്കിൽ പുതിയ പഞ്ചായത്ത് രാജ് സംവിധാനത്തിൽ മുന്നേറാൻ കഴിയാത്ത അവസ്ഥ പഞ്ചായത്തിന് ഉണ്ട്.

ചിലവുകൾ പരിശോധിച്ചാൽ ഭരണച്ചിലവ് വർഷംതോറും കൂടിക്കൊണ്ടുവരികയാണ്. പൊതുമരാമത്ത് പണികൾക്ക് വരുന്ന ചിലവിന് ആനുപാതികമായി പൊതുജനാരോഗ്യ രംഗത്തും വിദ്യാഭ്യാസ രംഗത്തും ചിലവുകൾ ചെയ്യുന്നില്ല. ഉൽപ്പാദന മേഖലക

ളിൽ ചിവുകം ഒന്നും തന്നെ നടക്കുന്നില്ല എന്നു മനസ്സിലാക്കാം. ഉൽപ്പാദനമേഖലകളിൽ ഉന്നിയ ചിലവുകംക്ക് മുൻതൂക്കം കൊടുക്കേണ്ടതാണ്. വർദ്ധിച്ചുവരുന്ന വൈദ്യുതി ചാർജ്ജും, വെള്ളക്കരവും കൃത്യമായി കൊടുത്തുതീർക്കാൻ കഴിയുന്നില്ല. വെള്ളക്കരയിനത്തിൽ വൻതുക കുടിശ്ശികയായിരിക്കുകയാണ്. വരവിൻെറയും ചിലവിൻെറയും കാര്യത്തിൽ കുറച്ചുകൂടി പ്രായോഗികമായ പരിശോധനകളും നടപടികളും കൈക്കൊള്ളേണ്ടതായിട്ടുണ്ട്.

പഞ്ചായത്തിൻെറ പ്രധാന വരവുകൾ (കഴിഞ്ഞ 5 വർഷത്തിൽ)

നമ്പർ	ഇനം	91–92	92–93	93–94	94–95	95–96	
1	കെട്ടിട നികുതി	94436	71180	54742	109089	119662	30
2	തൊഴിൽ നികുതി	66231	53935	55721	77630	50170	
3	വിനോദ നികുതി	33922	35194	39923	39539	44324	01
4	അഡി.വിനോദ നികുതി	20338	21090	24422	24222	26828	76
5	പ്രദർശന നികുതി	906	891	1441	2129	2172	
6	പ്രദർശന നികുതി സർച്ചാർജ്	226	219	360	530	543	
7	ലൈബ്രറിസെസ്സ്	2740	2073	2603	5366	5869	70
8	ലൈസൻസ്ഫീ	7232	5282	3920	4958	4729	75
9	വസ്തുകൈമാറ്റ നികുതി 75 %	65685	56989	99257	70263	51357	
10	വസ്തുകൈമാറ്റ നികുതി 25 %	—	—	...	47099	29283	
11	സർക്കാർഗ്രാൻറുകം	366545	364734	655105	677540	1085015	
12	ഡെപ്പോസിറ്	5295	3574	3726	...	9170	
13	മറ്റുള്ളവ					5	58
ആകെ.		663556	615261	941220	1058365	1429130	.70

പഞ്ചായത്തിൻെറ വിവിധ ഇനങ്ങളിലുള്ള വരുമാനം മൊത്തവരുമാനത്തിൻെറ തോതിൽ പരിശോധിച്ചാൽ താഴെകാണും വിധമാണ്

വരുമാനം – മൊത്തവരുമാനത്തിൻെറ അനുമാനത്തിൽ [ശതമാനത്തിൽ]

നമ്പർ	ഇനം	91–92	92–93	93–94	94–95	95–96
1	കെട്ടിട നികുതി	14.23	11.56	5.81	10.30	8.37
2	തൊഴിൽ നികുതി	9 98	8.76	5.92	7.33	3 51
3	വിനോദ നികുതിയിനത്തിൽ ആകെ	8.34	9.32	7.02	6.27	5.16
4	ലൈബ്രറിസെസ്സ്	0 41	0.33	0.27	0.50	0.41
5	ലൈസൻസ്ഫി	1.08	0.85	0.41	0.46	0.33
6	വസ്തുകൈമാറ്റനികുതി ആകെ	9.89	9.26	10.54	11.08	5.64

7	സർക്കാർഗ്രാൻറ്	55.23	59.28	69.60	64.03	75.92
8	ഡിപ്പോസിറ്റ്	0.84	0.64	0.43	—	0.64
9	മറ്റുള്ളവ	...	—	—	—	0.02

തനത് വരുമാനം–സർക്കാർ വരുമാനം അനുപാതം ശതമാനത്തിൽ

നമ്പർ	ഇനം	91–92	92–93	93-94	94–95	95–96
1	തനതു വരുമാന വിഹിതം കെട്ടിടനികുതി, തൊഴിൽനികുതി, വിനോദനികുതി	32 55	29.64	18.75	23.90	17.04
2	സർക്കാർനികുതിവിഹിതം	9.89	9.26	10.54	11.08	5.64
3	സർക്കാർഗ്രാൻറ്	55.23	59.28	69.60	64.03	75.92
4	നികുതിയേതര വരുമാനം	2.33	1.82	1.11	0.99	1.40

JRY വിഹിതം

വർഷം	തുക
1991–92	314000
1992–93	481700
1993–94	619100
1994–95	478987
1995–96	477800

പഞ്ചായത്തിന്റെ പ്രധാന ചിലവുകൾ (കഴിഞ്ഞ 5 വർഷം)

നമ്പർ	ഇനം	1991–92	92–93	93–94	94–95	95–96
1	ഭരണം	239956	238786	298023	244772	318772
2	പൊതുമരാമത്ത്	14639	41459	510727	238131	338126
3	വിദ്യാഭ്യാസം	17134	26225	16569	27346	32046
4	ജലവിതരണം ഓടകൾ പൊതു ജനാരോഗ്യം	67931	10160	2295	12100	6360
5	തെരുവുവിളക്കുകൾ കുത്തിക്കൽ	53266	41372	41274	74621	57180
6	മറ്റുള്ളവ	441110	120547	9176	99543	919737
	ആകെ	834036	478549	878064	696513	1672221

പ്രധാന ചിലവുകൾ മൊത്തം ചിലവുകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ [ശതമാനത്തിൽ]

നമ്പർ	ഇനം	91–92	92–93	93–94	94–95	95–96
1	ഭരണം	28.77	49.89	33.94	35.14	19.06
2	പൊതുമരാമത്ത്	1.75	8.59	58.16	34.18	20.22
3	വിദ്യാഭ്യാസം	2.05	5.48	1.88	3.92	1.91
4	ജലവിതരണം ഓടകൾ പൊതുജനാരോഗ്യം	8.14	2.19	0.28	1.73	0.38
5	തെരുവ് വിളക്കുകൾ	6.38	8.66	4.70	10.74	3.41
6	മറ്റുള്ളവ	52.88	25.19	1.04	14.29	55.02

കേരളവാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഇനത്തിൽ 573469 രൂപ കൊടുത്തു തീർക്കാനുണ്ട്.

ധനകാര്യസ്ഥാപനങ്ങൾ

വാണിജ്യ ബാങ്കുകൾ:—

നമ്മുടെ പഞ്ചായത്ത് അതിർത്തിയിൽ 3 വാണിജ്യ ബാങ്കുകളുണ്ട്. ഇന്ത്യൻ ഓവർസീസ് ബാങ്ക്, സൌത്ത് ഇന്ത്യൻ ബാങ്ക് ലോർഡ് കൃഷ്ണ ബാങ്ക്. പ്രസ്തുത ബാങ്കുകളുടെ പ്രവർത്തനം പരിശോധിച്ചാൽ താഴെകാണുന്ന നിഗമനത്തിൽ എത്തിച്ചേരാൻ കഴിയുന്നു.

ബാങ്ക്	നിക്ഷേപം ലക്ഷത്തിൽ	വായ്പ ലക്ഷത്തിൽ
ഇന്ത്യൻ ഓവർസീസ് ബാങ്ക്	233	96
സൌത്ത് ഇൻഡ്യൻ ബാങ്ക്	157.08	131.16
ലോർഡ് കൃഷ്ണ ബാങ്ക്	90	22
ആകെ	480.08	249.16

ബാങ്ക്	റേഷ്യോ	സംസ്ഥാന ശരാശരി
ഇൻഡ്യൻ ഓവർസീസ് ബാങ്ക്	1:041	1:0.40
സൌത്ത് ഇൻഡ്യൻ ബാങ്ക്	1:0.84	1:0.40
ലോർഡ് കൃഷ്ണ ബാങ്ക്	1:025	1:040
ആകെ	1:0.50	1;0.40

പഞ്ചായത്തിലെ വാണിജ്യ ബാങ്കുകളുടെ നിക്ഷേപം വർഷംതോറും കൂടികൊണ്ടു വരികയാണ്. ക്രഡിറ്റ് ഡിപ്പോസിറ്റ് റേഷ്യോ അനുസരിച്ച് സൌത്ത് ഇന്ത്യൻ ബാങ്കും ഇന്ത്യൻ ഓവർസീസ് ബാങ്കുംസംസ്ഥാന ശരാശരിയിലേക്ക് ഉയർന്നു നിൽക്കുന്നുണ്ടെങ്കിലും സൌത്ത് ഇന്ത്യൻ ബാങ്കിന്റെ അനുപാതത്തിലേക്ക് ഇന്ത്യൻ ഓവർസീസ് ബാങ്ക് എത്തിയിട്ടില്ല. ലോർഡ് കൃഷ്ണാ ബാങ്ക് സംസ്ഥാന ശരാശരിയോട് അടുത്ത് എത്താൻ തന്നെ ഇനിയും ഉദാരമായി വായ്പ നൽകേണ്ടതായ ട്യുണ്ട്. പഞ്ചായത്ത് അതിർത്തിയിലെ വരുമാനത്തിന്റെ ഭൂരിപക്ഷവും നിക്ഷേപമായി സ്വീകരിക്കുന്ന വാണിജ്യ ബാങ്കുകളിൽ സൌത്ത് ഇന്ത്യൻബാങ്കിന്റെ മാതൃകയിലക്ക് വായ്പാ വിതരണ കാര്യത്തിൽ ഉയരാൻ മറ്റു രണ്ടു ബാങ്കുകളും ശ്രമിക്കേണ്ടതാണ്. പഞ്ചായത്ത് അതിർത്തിയിലെ സമ്പത്ത് നിക്ഷേപമായി വാണിജ്യ ബാങ്കുകളിൽ എത്തുന്നത് ഉത്പാദനമേഖലയിലേക്കും കാർഷിക വ്യവസായിക മേഖലകളിലേക്കും ഉപയോഗിക്കാൻ കഴിയുന്ന രീതിയിലുള്ള പദ്ധതികൾ ആസൂത്രണംചെയ്ത് പ്രസ്തുത പദ്ധതികൾക്ക് വായ്പയനുവദിക്കാൻ വാണിജ്യ ബാങ്കുകൾ തയ്യാറായാൽ വികസന രംഗത്ത് വൻ മുന്നേറ്റം ഉണ്ടാക്കിയെടുക്കാൻ പഞ്ചായ

ത്ത് അതിർത്തിയിൽ കഴിയും.

വാണിജ്യബാങ്കുകൾ ഇപ്പോൾ കാർഷിക രംഗത്തും കാർഷികേതര രംഗത്തും ആണ് വായ്പ കൂടുതൽ അനുവദിക്കുന്നത് നാമമാത്രമായി വ്യാവസായിക രംഗത്തും ഐ. ആർ. ഡി. പി. വായ്പ്പകളും അനുവദിക്കുന്നുണ്ടെങ്കിലും കൃത്യമായി തിരിച്ചടവ് വരാത്തതും വാണിജ്യ ബാങ്കുകളെ ഉദാരവായ്പ്പാ നയത്തിൽ നിന്നും പിൻതിരിപ്പിക്കുന്ന ഘടകങ്ങൾ ആണ്.

സഹകരണബാങ്ക്:—

നമ്മുടെ പഞ്ചായത്ത് അതിർത്തിയിൽ ബാങ്കിങ്ങ് പ്രവർത്തനം നടത്തുന്ന സർവ്വീസ് സഹകരണബാങ്ക് കണ്ണമ്പ്ര സർവ്വീസ് സഹകരണ ബാങ്കിന്റെ പുതുക്കോട് ശാഖയാണ്.

ഡിപ്പോസിറ്റ്

ഇനം	തുകലക്ഷത്തിൽ
സ്ഥിരനിക്ഷേപം	40.11
ഹൃസ്വകാലനിക്ഷേപം	10.53
ആകെ	50.64

വായ്പകൾ

ഇനം	തുക ലക്ഷത്തിൽ
കാർഷികവായ്പ	16.55
ഗോൾഡ്‌ലോൺ	65.97
ആകെ	82.52

ഡിപ്പോസിറ്റ് ക്രഡിറ്റ് റേഷ്യോ

1:1 62

വാണിജ്യ ബാങ്കുകളുടെ ക്രഡിറ്റ് ഡിപ്പോസിറ്റ് റേഷ്യോ 1:0.50 ആണെങ്കിൽ സർവ്വീസ് ബാങ്കിന്റെ ക്രഡിറ്റ് ഡിപ്പോസിറ്റ് റേഷ്യോ 1:1.62 ആണ്. ആയതുകൊണ്ടുതന്നെ സാധാരണക്കാരന്റെ ആവശ്യങ്ങൾ കൂടുതൽ നിറവേറ്റുന്ന ധനകാര്യ സ്ഥാപനം സർവ്വീസ് സഹകരണ ബാങ്ക് ആണ് എന്നു കാണാൻ കഴിയുമെങ്കിലും തനതുസ്വതമായ വർദ്ധന ഡിപ്പോസിറ്റിന്റെ കാര്യത്തിൽ ഉണ്ടാകുന്നില്ല.

വായ്പ നൽകിയതിൽ കാർഷിക വായ്പ 5 78 ലക്ഷവും സ്വർണ്ണപ്പണ്ട ലോൺ 10 29 ലക്ഷവും അവധി ബാക്കിയായത് പിരിഞ്ഞു കിട്ടാനുണ്ട്.

കൂടാതെ പഞ്ചായത്ത് അതൃത്തിയിൽ പണം പലിശക്ക് കൊടുക്കുന്നതും പണയമെടുക്കുന്നതുമായ ഒരു ലൈസൻസ് എടുത്ത ഫൈനാൻസിങ്ങ് ഏജൻസിയുണ്ട്. തെരുവ് മേഖലയിലുള്ള നെയ്ത്തുകാരാണ് ഭൂരിഭാഗവും ഇവിടത്തെ ഇടപാടുകാർ. നൂൽ പണയം മുതൽ ഉള്ള ഇടപാടുകൾ നടക്കുന്നുണ്ട്. ബാങ്ക് നിരക്കിനേക്കാൾ കൂടുതലാണ് പലിശ ഈടാക്കുന്നത്. കൂടാതെ വ്യക്തികളും ക്ലബ്ബുകളും, അമ്പലക്കമ്മറ്റികളും, നേർച്ചക്കമ്മറ്റികളും നടത്തുന്ന നിരവധി സാമ്പത്തിക പ്രവർത്തനങ്ങൾ ഉണ്ട്. ഉയർന്ന പലിശ നിരക്കിൽ പണം പലിശക്ക് കൊടുത്ത്—സാധാരണക്കാരും തൊഴിലാളികളുമാണ് ഇതിലെ ഇടപാടുകാരിൽ ഭൂരിപക്ഷവും. ഉണ്ടാക്കുന്ന പണം സ്വകാര്യ വ്യക്തികൾ സ്വന്തം അഭിവൃദ്ധിക്കും മറ്റുള്ളവർ ഉത്സവ ചടങ്ങുകൾക്കും വേണ്ടി ചിലവഴിക്കുന്നു. ധാരാളം നറുക്കുകളും ചിട്ടിഫണ്ടുകളും പഞ്ചായത്തതൃത്തിയിൽ നടക്കുന്നുണ്ട്. വളരെ അടുത്തകാലത്തായി വായ്പാ വിതരണത്തിനു വേണ്ടി വീടുകളെ ബന്ധപ്പെടുത്തി തമിഴ്നാട്ടിലെ ധാരാളം സംഘം പഞ്ചായത്ത് അതൃത്തിയിൽ പ്രവർത്തിക്കുന്നുണ്ട്. ഒട്ടുമിക്ക തൊഴിലാളികളും, ഗ്രാമീണ കൈത്തൊഴിലുകാരും ഇവരുടെ നീരാളിപിടുത്തത്തിൽ അകപ്പെട്ട് ബുദ്ധിമുട്ടിക്കൊണ്ടിരിക്കുകയാണ്. പുത്തൻ സാമ്പത്തികനയത്തിന്റെ ഭാഗമായിട്ടുള്ള സാമ്പത്തിക പ്രതിസന്ധി സമർത്ഥമായി ഉപയോഗപ്പെടുത്തി നാട്ടിലെ സമ്പത്ത് ചോർത്തികൊണ്ടുപോകുന്ന തമിഴൻമാരുടെ ശൃംഘല എല്ലാദിവസവും പഞ്ചായത്ത് അതൃത്തിയിൽ സഞ്ചരിക്കുന്ന കാഴ്ച നമുക്കു കാണാൻ കഴിയും.

പഞ്ചായത്ത് അതിർത്തിയിലെ 337പേർ വിദേശത്ത് ജോലിചെയ്യുന്നുണ്ട്. ഇവരിൽ ഭൂരിപക്ഷം പേരും ഗൾഫ് രാജ്യങ്ങളിലാണ്. കൈത്തൊഴിലുകാരും സാധാരണപണിക്കാരുമാണ് കൂടുതൽ പേർ. അതുകൊണ്ടുതന്നെ ഗൾഫ് കുടിയിറക്കൂ പ്രശ്നം സമീപ ഭാവിയിൽതന്നെ ഇവരെല്ലാം തിരിച്ചെത്താൻ സാധ്യതയുണ്ട്. 100 പേർ ഗൾഫിൽനിന്നും തിരിച്ചെത്തിയിട്ടുള്ളവരായി പഞ്ചായത്തിൽ ഉണ്ട്. ഇവർ കൃഷി, കച്ചവടം, ചെറുകിട വ്യവസായം എന്നീ മേഖലകളിൽ പണിയെടുക്കുന്നു. ഗൾഫിലുള്ള ആളുകളുടെ സമ്പാദ്യംമുഴുവനായും സ്ഥലം വാങ്ങുന്നതിലും കെട്ടിടനിർമ്മാണ രംഗത്തുമാണ് വിനിയോഗിക്കുന്നത്. ഉൽപ്പാദന മേഖലകളിൽ വളരെ ചെറിയ ഒരു ശതമാനം മാത്രമേ നിക്ഷേപിച്ചിട്ടുള്ളു. വാണിജ്യ ബാങ്കുകളിലെ നിക്ഷേപത്തിന്റെ സിംഹഭാഗവും ഗൾഫുകാരുടേതാണ്. ഇവരുടെ സമ്പാദ്യം ഉൽപ്പാദന മേഖലകളിലേക്ക് തിരിച്ചുവിടാൻ ബോധപൂർവ്വമായ പ്രവർത്തനം ആവശ്യമാണ്.

പഞ്ചായത്ത് അതിർത്തിയിൽ അടുത്ത കാലത്തൊന്നും സന്നദ്ധ പ്രവർത്തനം വഴിയുള്ള വലിയ നിർമ്മാണപ്രവർത്തനങ്ങൾ ഒന്നും തന്നെനടത്തിയിട്ടില്ല. പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ വന്നതിനുശേഷം റോഡു നിർമ്മാണം സന്നദ്ധാടിസ്ഥാനത്തിൽ നടന്നിട്ടുണ്ട്. ക്ലബ്ബുകളും പൊതു പ്രവർത്തകരും മുൻകൈ എടുത്ത് സംഘടിപ്പിക്കുന്നനിർമ്മാണപ്രവർത്തനങ്ങളും അങ്ങിങ്ങായി നടന്നിട്ടുണ്ട്. പഞ്ചായത്ത് അതിർത്തിയിലെ വിദ്യാലയങ്ങളിലെ പി ടി എ കൾ മുൻകൈ എടുത്ത് വിദ്യാലയങ്ങളിൽ ഉച്ചഭക്ഷണപരിപാടി കാര്യക്ഷമമായി സംഘടിപ്പിക്കാനും കലാകായിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും ആവശ്യമായ സാമ്പത്തിക സ്വരൂപണം നടത്താറുണ്ട്. തെരുവ് ഗവൺമെൻറ് മാപ്പിള സ്കൂളിന്റെ വിപുലീകരണവുമായിബന്ധപ്പെട്ട് രക്ഷിതാക്കളും നാട്ടുകാരും കൂടി അമ്പത്തിഅയ്യായിരം രൂപ സംഭരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

പഞ്ചായത്ത് അതൃത്തിയിലെ ഉത്സവങ്ങൾക്കും ആഘോഷങ്ങൾക്കും, സാമുദായിക സംരംഭങ്ങൾക്കും വേണ്ടി സമ്പത്ത് ശേഖരിക്കുന്നതു പോലെയുള്ള പ്രവർത്തനം വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി ചെയ്യാൻ കഴിഞ്ഞാൽ വികസന രംഗത്ത് വൻമുന്നേറ്റം ഉണ്ടാക്കാൻ കഴിയും.

പ്രശ്നങ്ങൾ:-

1 പഞ്ചായത്തിലെ വരുമാന സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

2 ഭരണച്ചിലവ് വർദ്ധിച്ചുകൊണ്ടിരിക്കുന്നു

3 മരാമത്തുപണികളിൽ കോൺട്രാക്ടർമാരുടേയും ഇടത്തട്ടുകാരുടേയും ലാഭംമൂലം പണികൾകൊണ്ട് കാര്യക്ഷമമായ പ്രയോജനം ലഭിക്കുന്നില്ല.

4 ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ വിതരണം കൃത്യമായി നടക്കുന്നില്ല.

5 ക്രഡിറ്റ് ഡിപ്പോസിറ്റ് റേഷ്യോ പാലിക്കാൻ വാണിജ്യ ബാങ്കുകൾ മുഴുവൻ തയ്യാറാകുന്നില്ല.

6 സന്നദ്ധ പ്രവർത്തനത്തിന് താൽപര്യ കുറവ് ഉണ്ട്.

7 ഗൾഫ് മേഖലയിൽനിന്നുള്ള സമ്പാദ്യത്തെ ഉൽപ്പാദന മേഖലയിലേക്ക് കൊണ്ടുവരാൻ കഴിയുന്നില്ല.

8 പദ്ധതികളുടെയും നിർമ്മാണ പ്രവർത്തനങ്ങളുടെയും നടത്തിപ്പിൽ ജനങ്ങൾക്ക് വിശ്വാസ്യത ഇല്ലായ്മ കൂടക്കൂടി വരുന്നു.

9 സ്വകാര്യ പണമിടപാടുകാരുടെ വൻതോതിലുള്ള കടന്നുകയറ്റം സാധാരണക്കാരന്റെ സമ്പാദ്യത്തെ ചോർത്തികൊണ്ടു പോകുന്നു.

10 പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് പദ്ധതികൾ ഉണ്ടാക്കാൻ കഴിയുന്നില്ല

സാധ്യതകൾ:-

1 നികുതി ചുമത്തലിൽ ശാസ്ത്രീയത കൈകൊള്ളുകയും വെട്ടിപ്പ് തടഞ്ഞ് കാര്യക്ഷമമാക്കുകയും ചെയ്യുക.

2 പുതിയ ലൈസൻസിങ്ങ് നിയമം കൊണ്ടു വന്ന് ചാർജ് ഈടാക്കുക.

3 പുതിയ സേവന സംരംഭങ്ങൾ തുടങ്ങി ചാർജ് ഈടാക്കുക.

4 നികുതിയുടെ മിനിമം നിരക്ക് ഉയർത്താനുള്ള നടപടികൾ സ്വീകരിക്കുക.

5 പഞ്ചായത്ത് രാജ് നിയമം അനുവദിക്കുന്ന പുതിയനികുതിയധികാരങ്ങൾ ഉപയോഗപ്പെടുത്തണം.

6 സന്നദ്ധ പ്രവർത്തനം സംഘടിപ്പിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളണം.

7 ധനകാര്യ സ്ഥാപനങ്ങൾക്ക് മുതൽ മുടക്കാൻ കഴിയാവുന്ന പുതിയ സ്കീമുകൾ രൂപീകരിക്കണം.

8 പഞ്ചായത്തിന് ഒരു ക്രെഡിറ്റ് പ്ലാൻതയ്യാറാക്കുക.

9 പഞ്ചായത്ത് കണക്കുകൾ അച്ചടിച്ച് ഗ്രാമസഭയിൽ വിതരണം ചെയ്യണം.

10 നിർമ്മാണ പ്രവർത്തനങ്ങൾ പൊതുജന പങ്കാളിത്തത്തോടുകൂടി സംഘടിപ്പിക്കണം.


11 സന്നദ്ധ സംഘടനകൾക്ക് സഹായധന പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്താനുള്ള പദ്ധതി തയ്യാറാക്കുക.

12 നിർമ്മിച്ചു കൊണ്ടിരിക്കുന്ന കല്യാണമണ്ഡപത്തിൽ ഡൈനിങ്ങ് ഹാൾ അടക്കമുള്ള ആധുനിക സജ്ജീകരണങ്ങൾ ഉണ്ടാക്കി വരുമാനം വർദ്ധിപ്പിക്കാം.

13 പഞ്ചായത്ത് ബസ്റ്റാന്റ് നിർമ്മിച്ച് വരുമാനം കൂട്ടാനുള്ള നടപടി സ്വീകരിക്കുക.


14 പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മിച്ച് വരുമാനം വർദ്ധിപ്പിക്കാം.

15 പഞ്ചായത്തിന്റെ വരവു ചിലവുകളും നിർമ്മാണപ്രവർത്തനങ്ങളും നിരീക്ഷിക്കാനും വിലയിരുത്താനുമായി ഒരു മൂല്യനിർണ്ണയ സമിതി രൂപീകരിക്കുക.




PUDUCODE PANCHAYAT
LANDUSE

m125 0 125 250 375 500 m




PUDUCODE PANCHAYAT
RELIEF


m125 0 125 250 375 500m



PUDUCODE PANCHAYAT
LANDFORM

m125 0 125 250 375 500 m





PUDUCODE PANCHAYAT
ENVIRONMENTAL APPRAISAL
=125 0 125 250 375 500 m
Panchayat office
Drainage divide
Tar road
Canal
Puzha
INDEX
Ridge crest
Hill crest
Flat surface to side slope gentle
Side slope, gentle
Side slope, moderate
Side slope, moderately steep
Side slope, steep
Side slope, very steep
Valley floor
Terraces
Variable shallow soil
Residium
Alluvium
Laterite soil

PUDUCODE PANCHAYAT

WATER AVAILABILITY


m125 0 125 250 375 500 m



PUDUCODE PANCHAYAT

SURFACE MATERIAL

m125 0 125 250 375 500 m



ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയ

ജില്ലാ തലപരിശീലകർ

1 കെ. എൻ സുകുമാരൻ മാസ്റ്റർ കൺവീനർ (സ്റ്റിയറിങ്ങ് കമ്മറ്റി ചെയർമാൻ)

2 ആർ. സുകുമാരക്കുറുപ്പ്, റിട്ടയേർഡ് അദ്ധ്യാപകൻ മണപ്പാടം.

3 എം. മുഹമ്മദ് ഹുസൈൻ, റിട്ടയേർഡ് സീനിയർ സൂപ്രണ്ട് പഞ്ചായത്തുവകുപ്പ്
പള്ളിതെരുവ്, പുതുക്കോട്.

4 വി. എം. മുഹമ്മദ് റഫീക്ക്, ക്ലർക്ക്, അഗ്രികൾച്ചറൽ ഇൻകംടാക്സ്
പള്ളിതെരുവ്, പുതുക്കോട്

5 കെ. കെ. രാജേന്ദ്രൻ മാസ്റ്റർ, മണപ്പാടം

6 കെ. ശങ്കരൻകുട്ടി ശാസ്ത്ര സാഹിത്യ പരിഷത്ത് പ്രവർത്തകൻ

7 എസ്. സുബൈദ ബിരുദാനന്തര കംപ്യൂട്ടർ കോഴ്സ് വിദ്യാർത്ഥി
കണക്കനൂർ.

8 എൻ. രവീന്ദ്രൻ ബ്ലോക്ക് ഹൌസിങ്ങ് ഓഫീസർ, കിഴക്കേഗ്രാമം
പുതുക്കോട്.



ഉപസംഹാരം

ജനകീയ പദ്ധതിയുടെ പ്രവർത്തനം മുന്നേറിക്കൊണ്ടിരിക്കയാണല്ലോ. വികേന്ദ്രീകൃതാസൂത്രണ പദ്ധതിയുടെ തുടക്കത്തിലുണ്ടായിരുന്ന സംശയങ്ങളെല്ലാം ദൂരീകരിച്ച് വൻ ജനമുന്നേറ്റമായിത്തീർന്നിരിക്കുകയാണ്. നമ്മുടെ പഞ്ചായത്തിലും പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങളിൽ കക്ഷി രാഷ്ട്രീയ ജാതി മത ഭേദമന്യേ മുഴുവൻ ജനങ്ങളുടേയും പിന്തുണ ആർജ്ജിക്കാൻ കഴിഞ്ഞിട്ടുണ്ട്. ജനങ്ങളിൽ ഉണ്ടായിട്ടുള്ള ആവേശവും പ്രതീക്ഷയും ജനകീയ പദ്ധതിയുടെ വിജയം വിളിച്ചോതുന്നു.

മൂന്നു പതിറ്റാണ്ടുകളുടെ പഞ്ചായത്ത് ഭരണം വികസന രംഗത്ത് കുറെയേറെ മുന്നേറാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ജനങ്ങളുടെ പ്രതീക്ഷക്കൊത്ത് ഉയരാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും ഗതാഗത സൗകര്യവും കുടിവെള്ളവും എത്തിക്കാൻ കഴിഞ്ഞിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസ രംഗങ്ങളിൽ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു എന്ന് അഭിമാനിക്കാമെങ്കിലും പ്രാഥമിക വിദ്യാഭ്യാസം നേടാൻ നാലുകിലോമീറ്റർ ദൂരം പോകേണ്ട. കീഴ പോലുള്ള പ്രദേശങ്ങളും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ഉൽപ്പാദന മേഖലകളിൽ മാന്ദ്യത്തിന്റെ തോത് ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കാർഷിക വ്യവസായ മേഖലകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പുറകോട്ടടി നമ്മുടെ പഞ്ചായത്തിന്റെ സാമ്പത്തിക ഘടനയെത്തന്നെ സ്വാധീനിച്ചിട്ടുണ്ട്. വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മയും ചെറുകിട നാമമാത്ര തൊഴിലുകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളും പഞ്ചായത്തിന്റെ സാമ്പത്തിക വളർച്ചയെ ബാധിച്ചിരിക്കയാണ്. ആരോഗ്യ വിദ്യാഭ്യാസരംഗങ്ങളിൽ ജനങ്ങളുടെ പ്രതീക്ഷക്കൊത്ത് സേവനം ലഭിക്കാതിരിക്കുന്നതുകൊണ്ടുതന്നെ മെച്ചപ്പെട്ട സേവനങ്ങൾ അന്വേഷിച്ചു പോകുന്ന അവസ്ഥയും സംജാതമായിരിക്കുകയാണ്.

മേൽ സൂചിപ്പിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ആവശ്യമായപ്രവർത്തനങ്ങൾ ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ പ്രവർത്തനത്തിലൂടെ സംഘടിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത കാര്യങ്ങളിൽ ജനാഭിലാഷം ഗ്രാമസഭകളിലൂടെ പ്രകടിപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ ആസൂത്രണ വശങ്ങൾ പരിശോധിക്കുമ്പോൾ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും എന്ന പ്രതീക്ഷയും ഉണ്ടായിട്ടുണ്ട്. എന്നാൽ പ്രസ്തുത സംരംഭങ്ങൾ ഏറ്റെടുക്കാനും പൂർത്തീകരിക്കാനും ആവശ്യമായ ഒരു കൂട്ടായ്മയും അവബോധവും ഉണ്ടാകേണ്ടിയിരിക്കുന്നു. വികസന കാര്യങ്ങളിൽ അഭിപ്രായ പ്രകടനത്തിനുകാണിച്ച താൽപര്യം പദ്ധതിയുടെ നടത്തിപ്പിൽ ഉണ്ടാക്കിയെടുക്കാൻ കഴിയണം. കഴിയും എന്ന പ്രതീക്ഷയാണ് ഞങ്ങൾക്ക് ഉള്ളത്. 1996 നവംബർ ഒന്നാംതിയ്യതി പുനരർപ്പണ ദിനത്തോടനുബന്ധിച്ചു നടത്തിയ സന്നദ്ധസേവന പ്രവർത്തനം ഈദിശയിലേക്കുള്ള ചൂണ്ടുപലകയാണ്. അറുപതോളം സന്നദ്ധ പ്രവർത്തകർ നടത്തിയ പ്രവർത്തനത്തിന്റെ ഫലമായി മണിക്കൂറുകൾക്കകം അപ്പക്കാട് ഹൈസ്ക്കൂൾ റോഡ് അറ്റകുറ്റപണികൾ നടത്തി ഗതാഗതയോഗ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത മാതൃക തുടർന്നുള്ള വികസനസംരംഭങ്ങളിൽ ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞാൽ വൻ നേട്ടങ്ങൾ നമുക്ക് കൈവരിക്കാൻ കഴിയും. ജനകീയഐക്യം ഊട്ടി ഉറപ്പിച്ചുകൊണ്ട് നമുക്ക് മുന്നേറാം.

എന്ന്,
ഭരണസമിതിക്കുവേണ്ടി

കെ. സി. ഹനീഫ
പ്രസിഡൻറ്.


ഭരണ സമിതി അംഗങ്ങൾ



ഇരിക്കുന്നവർ (L to R) - മണികണ്ഠൻ, എ.എ. ഇസ്മയിൽ, കെ.സി.ഹനീഫ (പ്രസിഡൻറ്)
കെ.എൻ. സുകുമാരൻ മാസ്റ്ററർ (സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ)
ടി.എ. അബ്ദുൾഷുക്കൂർ,

നിൽക്കുന്നവർ (L to R) - എ.രാധ, വി.വിജയം, എം.സൈനബ.

ജീവനക്കാർ



നിൽക്കുന്നവർ (L to R)- കെ.പൊന്നു, എ.ആർ. അജയൻ, എം.ജബ്ബർ, സ്വീനത്ത്.
ഇരിക്കുന്നവർ (L to R) - എം. മുരളീധരൻ, എൻ.സുദേവൻ (സെക്രട്ടറി),
സി.വിജയൻ, കെ.ഗോപി.

റിപ്പോർട്ട് തയ്യാറാക്കിയ കോർഗ്രൂപ്പുകൾ

ആമുഖം-ചരിത്രം

ആർ. സുകുമാരക്കുറുപ്പ് മാസ്റ്റർ
കെ. കെ. രാജേന്ദ്രൻമാസ്റ്റർ
സന്തോഷ് ബാബു
വി. സുരേഷ് ഇടശ്ശേരി
എൻ. രവീന്ദ്രൻ
പി. എ. ഇസ്മയിൽ
കെ. സി. ഹനീഫ
എ. കെ. രാധാകൃഷ്ണൻ
ആർ. മണികണ്ഠൻ മാസ്റ്റർ

പ്രാഥമിക മേഖല

എം മുഹമ്മദ് ഹുസൈൻ
കെ. ഗംഗാധരൻ
എ. കെ. സെയ്തുമുഹമ്മദ്
ആർ. കുട്ടിനാരായണൻ
കെ. ശങ്കരൻകുട്ടി
ഡി. സേതുമാധവൻ

ദ്വിതീയ മേഖല

വി. എം. മുഹമ്മദ് റഫീക്ക്
ഹനീഫ കുന്നുതെരുവ്
പി. എം അബ്ദുൽ കലാം
പി. എം. മോഹനൻ
കെ രാമസ്വാമി
കെ. സതീശൻ
എൻ. ബാബുരാജ്

തൃതീയമേഖല

കെ. എൻ. സുകുമാരൻ മാസ്റ്റർ
എസ്. സുബൈദ
എം. ആർ. അജയൻ
എം. കെ. പരമേശ്വരൻ മാസ്റ്റർ
എ. നാരായണൻ മാസ്റ്റർ
എം. ഐ ഡാഡ്സ് മാസ്റ്റർ
എ. എം. മുഹമ്മദ്ഷാജഹാൻ മാസ്റ്റർ

